2025 JANUARY 4

emalayalee.com


# The Weekly

WEEKLY NEWSPAPER

Contact: editor@emalayalee.com | Phone: 917 324 [illegible]007; 917 662 1122



# വീണ്ടും ഭീകരാക്രമണ ഭീതിയിൽ രാജ്യം




emalayalee.com
മൂന്നു പതിറ്റാണ്ടിന്റെ
മാധ്യമ പാരമ്പര്യവുമായി
അമേരിക്കയിൽ നിന്ന്
ഇ–മലയാളി ഇന്ത്യയിലേക്ക്
INDIA LAUNCH
&
Honors
Night
ഇ–മലയാളിയുടെ
ഇന്ത്യാ പ്രവർത്തനോൽഘാടനവും
അംഗീകാര രാവും
Saturday, Jan.11th, 2025 - 5 pm
Gokulam Convention Center
Kaloor, Kochi, India
CHIEF GUEST
MK Raghavan MP
More info:
George Joseph 1-917-324-4907
eMail editor@emalayalee.com
Subodh Manikoth 91 999 561 1116
Sudheesh Mathew 91720 455 6553

# വീണ്ടും ഭീകരാക്രമണ ഭീതിയിൽ രാജ്യം



ഇരുപത്തി മൂന്നു വർഷങ്ങളുടെ ഇടവേളയ്ക്കു ശേഷം അമേരിക്കയെ ഞെട്ടിച്ചു ഭീകരാക്രമണം വീണ്ടും. 2001 സെപ്റ്റംബർ 11നു അൽ ഖായിദ നടത്തിയ ആക്രമണങ്ങളുടെ നടുക്കം ഇന്നും വിട്ടു മാറാത്ത രാജ്യത്തു സുപ്രധാന രാഷ്ട്രീയ-ഭരണ മാറ്റങ്ങളുടെ വർഷത്തിലേക്കു പ്രവേശിക്കുമ്പോൾ വീണ്ടും ഭീതിയുടെ പ്രഭാതം.

ന്യൂ ഓർലിയൻസിലെ പ്രസിദ്ധമായ ബർബൺ സ്ട്രീറ്റിൽ പുതുവത്സര പിറവി ആഘോഷിക്കുന്ന ജനക്കൂട്ടത്തിലേക്കു ഇസ്‌ലാമിക ഭീകരൻ ട്രക്ക് ഓടിച്ചു കയറ്റി കൊന്നത് 15 പേരെയാണ്. 23 വർഷം അമേരിക്കൻ മണ്ണിൽ ഭീകര സംഘടനകൾക്കു ചെയ്യാൻ കഴിയാതിരുന്നത് യു എസ് ആർമി ഉദ്യോഗസ്ഥൻ ആയിരുന്ന പൗരൻ ചെയ്തു.

ഷംസുദീൻ ജബ്ബാറിനെ (42) നയിച്ചത് മതമല്ല മതഭ്രാന്താണെന്നു സഹോദരൻ തന്നെപറഞ്ഞു. നന്നേ ചെറുപ്പത്തിൽ ക്രിസ്തു മതം ഉപേക്ഷിച്ചു ഇസ്ലാം സ്വീകരിച്ച അയാൾ അല്ലാഹുവിന്റെ ശത്രുക്കളെ കൊന്നൊടുക്കാനുള്ള ദൗത്യം ന്യായീകരിക്കുന്ന ഖുർആൻ ഭാഗം ഹ്യുസ്റ്റന്റെ പരിസരത്തുള്ള വീട്ടിൽ തുറന്നു വച്ചിരുന്നു എന്നാണ് റിപ്പോർട്ട്.




ബോംബുണ്ടാക്കാനുള്ള രാസവസ്തുക്കളും വൃത്തിഹീനമായ വീട്ടിൽ കണ്ടെത്തി. പാക്കിസ്ഥാന്റെ ദേശീയ ഭാഷയായ ഉർദുവാണ് അയാൾ സംസാരിച്ചിരുന്നതെന്നു അയൽവാസികൾ പറയുന്നു. ടെക്സസിൽ ജനിച്ചു വളർന്ന ജബ്ബാറിനു പാക്ക് ബന്ധം എങ്ങിനെ ഉണ്ടായി എന്നു വ്യക്തമല്ല.

ലാസ് വെഗാസിൽ നിയുക്ത പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ ഹോട്ടലിനു പുറത്തുണ്ടായ സ്ഫോടനവും ന്യൂയോർക്ക് ക്വീൻസിൽ നൈറ്റ് ക്ലബ്ബിനു പുറത്തുണ്ടായ വെടിവയ്പും ഉല്ലാസത്തിന്റെ നവവത്സര ദിനമല്ല ഇതെന്ന് അമേരിക്കയെ ഓർമിപ്പിക്കുന്നു. ന്യൂ ഓർലിയൻസ്, ലാസ് വെഗാസ് ആക്രമണങ്ങൾ ബന്ധപ്പെട്ടു കിടക്കുന്നു എന്ന അടിസ്ഥാനത്തിലുള്ള അന്വേഷണം നടക്കുമ്പോഴും പക്ഷെ ട്രക്കിലെ സ്ഫോടനത്തിനു പിന്നാലെ സ്വന്തം തലയിൽ വെടിവച്ചു മരിച്ച യുവ സൈനികൻ ഭീകരൻ ആയിരുന്നില്ലെന്നാണ് ഇപ്പോൾ എഫ് ബി ഐ പറയുന്നത്. കുടുംബകലഹം മൂലം



മനോനില തെറ്റിയതാണു ആ ദുരന്തത്തിലേക്കു നയിച്ചതെന്നാണ് നിഗമനം.



ബുധനാഴ്ച്ച തന്നെ ന്യൂയോർക്കിലെ ക്വീൻസിൽ നെറ്റ്ക്ലബ്ബിനു പുറത്തുണ്ടായ വെടിവയ്പ്പിനു ഭീകര ബന്ധ സൂചന കണ്ടില്ലെന്നാണ് പ്രാഥമിക റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. എന്നാൽ പത്തിലേറെ ചെറുപ്പക്കാർക്ക് വെടിയേറ്റു പരുക്കുപറ്റിയ ആക്രമണവും പുതുവത്സരത്തിന്റെ ആഘോഷങ്ങളിൽ കരിനിഴൽ വീഴ്ത്തുന്നു.

അപ്പോൾ ഭീകരാക്രമണം എന്ന അടിസ്ഥാനത്തിലുള്ള അന്വേഷണം ജബ്ബാറിലേക്കു കേന്ദ്രീകരിക്കുന്നു.



## ജീവിതം അരക്ഷിതമാക്കുന്ന ഭീതി


2001 സെപ്റ്റംബറിൽ ന്യൂയോർക്ക് ടിൻ ടവറുകൾ ഉൾപ്പെടെ അൽ ഖായിദ അടിച്ചു തകർത്ത ശേഷം 23 വർഷം ഭീതി അകന്നു നിന്ന അമേരിക്കയുടെ മണ്ണിൽ വീണ്ടും ഒരു ഭീകരാക്രമണം ഉണ്ടായി എന്നത് ജനജീവിതത്തെ തന്നെ ബാധിക്കുന്ന ഭീഷണിയാണ്.

സാങ്കേതിക വിദ്യയും ഒരു പക്ഷെ ഇന്റലിജൻസും കൊണ്ടുവന്ന മെച്ചപ്പെട്ട സുരക്ഷയിൽ ആശ്വാസം കൊണ്ടിരുന്ന രാജ്യത്തിനു മുന്നിൽ ഇനിയെന്ത് എന്ന ചോദ്യം ഉയരുകയായി.

വാഹനങ്ങൾ ഉപയോഗിച്ച് ഈ രീതിയിലുള്ള ആക്രമണങ്ങൾ നടത്താൻ മറ്റു പലരും ശ്രമിക്കാനുള്ള സാധ്യത കണക്കിലെടുത്തു എഫ് ബി ഐയും ഹോംലാൻഡ് സെക്യൂരിറ്റിയും ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്.

ഐ എസ് ഭീകരർ 2014 മുതൽ വാഹനങ്ങൾ ഉപയോഗിച്ചുള്ള ആക്രമണത്തെ





പ്രോത്സാഹിപ്പിക്കുന്നുണ്ടെന്നും അവർ ചൂണ്ടിക്കാട്ടി. യുഎസ് പൗരനും മുൻ സൈനിക ഉദ്യോഗസ്ഥനുമായ ഷംസുദ്ദിൻ ജബ്ബാർ വലിയൊരു ജനക്കൂട്ടത്തെ കശാപ്പു ചെയ്യണം എന്ന ചിന്തയുമായാണ് എത്തിയതെന്നു അധികൃതർ പറയുന്നു.

സംഭവ സ്ഥലത്തു ഉപേക്ഷിക്കപ്പെട്ട സ്ഫോടകവസ്തുക്കൾ എഫ് ബി ഐ പരിശോധിക്കുന്നു. കൂട്ടക്കൊല നടത്താൻ 'ഉറച്ചു തന്നെ' എത്തിയ കൊലയാളിയെ പോലീസ് വെടിവച്ചു കൊന്നുവെന്നു മാധ്യമങ്ങൾ പറഞ്ഞു.

ഫ്രഞ്ച് ക്വാർട്ടറിൽ ബർബൺ, കനാൽ സ്ട്രീറ്റുകൾക്കിടയിൽ ബാരിക്കേഡുകൾ തകർത്തു അതിവേഗത്തിൽ പാഞ്ഞ ട്രക്ക് ഡ്രൈവറുടെ ലക്ഷ്യം പരമാവധി ആളുകളെ കൊല്ലുക എന്നതായിരുന്നുവെന്നു ന്യൂ ഓർലിയൻസ് പോലീസ് ചീഫ് ആൻ കിർക്പാട്രിക്ക് പറയുന്നു.

# INDIA LAUNCH & Honors Night

## Chief Guest



MK Raghavan MP

## Invited Guests



Gururathnam Jnjanathpasvi



Mohan Kumar KV IAS



Rekha K



Dr. Deepa Nishanth



Sajimon Antorny
President, FOKANA



Baby Manakkunnel
President, FOMAA



Sunil Thymattam
Advisory Board Chairman, India Press Club of North America



Varkey Abraham
Director Hanover Bank, CEO, Pravasi Channel USA


India Press Club of North America
IPCNA
Special EDITION
സാജൻ &
മിനി സാജൻ



# സംരംഭകർക്കൊരു വിജയമന്ത്രം:
## മിനി സാജൻ

മീട്ടു റഹ്മത്ത് കലാം

ആഗോള സാമ്പത്തികമാന്ദ്യ കാലത്തും പ്രളയാനന്തരവും പ്രതിസന്ധികളെ അതിജീവിച്ച് സ്വന്തം ബ്രാൻഡ്നെയിം ലോകമലയാളികൾക്കിടയിൽ അരക്കിട്ടുറപ്പിക്കാൻ സാജ് ഹോൾഡിങ്സ് എന്ന ലിമിറ്റഡ് കമ്പനിക്ക് സാധിച്ചത് തനതായ നിലവാരം നിലനിർത്തിയതുകൊണ്ടാണെന്ന് അതിന്റെ സാരഥികളായ സാജൻ വർഗീസും പത്നി മിനി സാജനും പറയുന്നു. സത്യസന്ധത കൈവെടിയാതെയും നൈതികത ചോരാതെയും സൂക്ഷിച്ചാൽ ഏതു പ്രതികൂല അവസ്ഥയിലും ഫീനിക്സ് പക്ഷിയെപ്പോലെ പറന്നുയരാനാകുമെന്നതിന് ഉദാഹരണമാണ് ഈ വിജയഗാഥ. സാജ് എർത്ത് റിസോർട്ട്, സാജ് വാഗമൺ ഹൈഡ് ഔട്ട്, സാജ് ലൂസിയ എന്നിങ്ങനെ കൈവച്ചതിലൊക്കെയും വെന്നിക്കൊടി പാറിക്കാൻ ഈ ദമ്പതികൾക്ക് സാധിച്ചത് അത്യധ്വാനത്തിലൂടെയും കഠിനപ്രയത്നത്തിലൂടെയുമാണ്. ട്രാവൽ ആൻഡ് ഹോസ്പിറ്റാലിറ്റി രംഗത്ത് ശ്രദ്ധേയമായ സംഭാവനകൾ നൽകിയതിന്റെ പേരിൽ നിരവധി അംഗീകാരങ്ങളും സാജ് ഗ്രൂപ്പിനെ തേടിയെത്തിയിട്ടുണ്ട്. ജനാല തുറന്നാൽ കായലും കടലും സംഗമിക്കുന്ന മനോഹരദൃശ്യം കാണാവുന്ന മറൈൻ ഡ്രൈവിലെ പുതുവസതിയിലിരുന്ന് കാൽനൂറ്റാണ്ടിന്റെ ബിസിനസ് അനുഭവങ്ങൾ സാജ് ഹോൾഡിങ്സ് ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ മിനി സാജൻ പങ്കുവയ്ക്കുന്നു...





**തൊണ്ണൂറുകളിൽ കേരളത്തിൽ ബിസിനസ് നടത്തി ശോഭിച്ച സ്ത്രീകൾ ബിസിനസ് പാരമ്പര്യമുള്ളവരാണ്. അങ്ങനെ യാതൊരു പശ്ചാത്തലവുമില്ലാത്ത ഒരാളെ ഈ മേഖലയിൽ കൂടെ കൂട്ടാൻ സാജൻ വർഗീസ് എന്ന ഭർത്താവ് കാണിച്ച ധൈര്യത്തെ എങ്ങനെ നോക്കിക്കാണുന്നു?**

26 വയസ്സുള്ളപ്പോൾ സിനിമാനിർമ്മാണ രംഗത്ത് സ്വന്തമായ ഇരിപ്പിടം നേടിയ വ്യക്തിയാണ് സാജൻ വർഗീസ്. 80–90 കാലഘട്ടത്തിൽ സാജ് പ്രൊഡക്ഷൻസ് എന്ന ബാനറിൽ അദ്ദേഹം സിനിമകൾ നിർമ്മിച്ചിരുന്നു. മമ്മൂട്ടിയുടെ ബ്ലോക്ക്ബസ്റ്റർ ചിത്രമായ ആവനാഴി, മോഹൻലാലിന്റെ കടത്തനാടൻ അമ്പാടി എന്നിങ്ങനെ 29 സിനിമകൾ ആ ബാനറിൽ പിറവികൊണ്ടു. പിന്നീടാണ് കേരളത്തിലെ ആദ്യത്തെ ഫ്ലൈറ്റ് കാറ്ററിംഗ് സ്ഥാപനമായ സാജ് ഫ്ലൈറ്റ് കാറ്ററിങ്ങിന് തുടക്കംകുറിച്ചത് . തിരുവനന്തപുരത്ത് ആരംഭിച്ച് ക്രമേണ കൊച്ചി,കോഴിക്കോട്,ചെന്നൈ,ബാംഗ്ലൂർ,ഡൽഹി എന്നീ സ്ഥലങ്ങളിലെ എയർപോർട്ടുകളിലും യൂണിറ്റ് തുടങ്ങി. 98 ൽ വിവാഹത്തോടെ ബാങ്കിലെ ജോലി രാജിവച്ച് ഒരുവർഷം പിന്നിട്ടപ്പോൾ ബാങ്കിങ് രംഗത്തെ എന്റെ പ്രവർത്തനപരിചയം വച്ച് സാജ് ഫ്ലൈറ്റ്




കാറ്ററിങ്ങിന്റെ അക്കൗണ്ടന്റായി പ്രവർത്തിച്ചുകൂടേ എന്നുള്ള ഭർത്താവിന്റെ ചോദ്യമാണ് ജീവിതം മാറ്റിമറിച്ചത്. സാജ് ഗ്രൂപ്പിന്റെ ചെയർമാന്റെ ഭാര്യ ആയതുകൊണ്ട് നേരേ സിഇഒ കസേരയിൽ എത്തിയ ആളല്ല ഞാൻ. അക്കൗണ്ടന്റായിത്തുടങ്ങി പടിപടിയായാണ് ഈ സ്ഥാനത്തെത്തിയത്.

## സാജ് ഫ്‌ളൈറ്റ് കാറ്ററിങ്ങിന്റെ ഭാഗമായപ്പോഴുള്ള അനുഭവം?

നമ്മുടെ മേൽ ഒരാൾ പ്രതീക്ഷ അർപ്പിക്കുമ്പോൾ അതിനോട് നൂറുശതമാനം നീതി പുലർത്തണമെന്ന് വിശ്വസിക്കുന്ന ആളാണ് ഞാൻ. ഇന്റർനെറ്റും ഗൂഗിളും ഒന്നും പ്രചാരത്തിലായിട്ടില്ല. യാതൊരു അനുഭവപരിജ്ഞാനവുമില്ലാത്ത മേഖലയെക്കുറിച്ച് പുസ്തകങ്ങൾ വായിച്ചാണ് കാര്യങ്ങൾ മനസ്സിലാക്കിയത്. എയർപോർട്ട് എൻട്രി പാസെടുത്ത് ഫ്‌ളൈറ്റിൽപോയി, ഇന്റീരിയർ മനസ്സിലാക്കി, സ്വന്തമായി ഡയഗ്രമൊക്കെ വരച്ച് ലോഡിങ് പ്ലാൻ പഠിച്ചു. അടിസ്ഥാനം തൊട്ട് എല്ലാക്കാര്യങ്ങളും അറിഞ്ഞെങ്കിൽ മാത്രമേ ആ രംഗത്ത് നിലനിൽപ്പുണ്ടാകൂ എന്ന ബോധ്യത്തോടെ അത്യധ്വാനത്തിലൂടെ ആഴത്തിൽ തന്നെ അറിവുനേടി. ഒരു ടീമിനെ നയിക്കണമെങ്കിലും കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകണമെങ്കിലും ഒരുമാത്ര ചിന്തിച്ചുപോലും സമയംപാഴാക്കാതെ സംശയങ്ങൾക്ക് പരിഹാരം നമ്മുടെ പക്കൽ ഉണ്ടായിരിക്കണമെന്ന നിർബന്ധബുദ്ധി അന്നുമിന്നുമുണ്ട്.

## എന്തുകൊണ്ടാണ് ഫ്‌ളൈറ്റ് കാറ്ററിങ് മേഖലയിൽ നിന്ന് പിന്മാറിയത്?

2008ൽ ആഗോളതലത്തിൽ സാമ്പത്തികമാന്ദ്യം വന്നത് എയർലൈൻ വ്യവസായത്തെ സാരമായി ബാധിച്ചു. എയർ ഡെക്കാൻ, കിങ്ഫിഷർ, സ്‌പൈസ്‌ജെറ്റ് പോലുള്ള ലോ-കോസ്റ്റ് എയർലൈനുകളുടെ ആവിർഭാവവും ആ സമയത്താണ്. ബൈ ഓൺ ബോർഡ് എന്ന ആശയം വന്നതും കാറ്ററിങ് രംഗത്തുനിന്നുള്ള വരുമാനം കുറയാൻ കാരണമായി. മറ്റൊരു രംഗത്തേക്ക് ചുവടുമാറിയത് എന്നെ സംബന്ധിച്ച് ഹൃദയഭേദകമായിരുന്നു. പത്തുവർഷംകൊണ്ട് രാപകലില്ലാതെ കഷ്ടപ്പെട്ട് പഠിച്ച പാഠങ്ങളും ആർജ്ജിച്ച അറിവും പെട്ടെന്ന് ഉപയോഗശൂന്യമാകുന്നത് ചിന്തിക്കാൻ പോലും സാധിക്കുമായിരുന്നില്ല. 2002 ൽ തുടക്കം കുറിച്ച റിസോർട്ട് ബിസിനസ് അപ്പോഴേക്കും നല്ല നിലയിലായി. ബിസിനസിൽ ദീർഘവീക്ഷണവും ദൈവാനുഗ്രഹവും ഒരേപോലെ പ്രധാനമാണെന്ന് മനസ്സിലാക്കിത്തന്ന ഒരനുഭവമാണത്.





### റിസോർട്ടിന്റെ മേൽനോട്ടം ഏറ്റെടുത്തപ്പോൾ?

റിസോർട്ടിലെ ഫുഡ് പ്രൊഡക്ഷൻ ഏരിയയിലെ പ്രവർത്തനരീതികൾ ഫ്ലൈറ്റ് കാറ്ററിങ്ങിലേതിന് സമാനമാണെന്ന് മനസ്സിലായതോടെ ഈ രംഗത്ത് പ്രവർത്തിക്കാൻ ധൈര്യമായി. ഹോട്ടലിലെയും ഫ്ലൈറ്റ് കിച്ചണിലെയും രീതികൾ രണ്ടാണെന്ന് പറഞ്ഞ് എന്നെ മാറ്റിനിർത്താനും തർക്കിക്കാനും ചുറ്റും ആളുകൾ നിന്നിട്ടും എന്റെ ചിന്ത ശരിയാണെന്ന ബോധ്യമാണ് മുന്നോട്ടുനയിച്ചത്. ടീം അംഗങ്ങളുടെ വിശ്വാസവും ആദരവും നേടാൻ കഴിഞ്ഞതും ഭാഗ്യമായി കാണുന്നു. വേഗത്തിൽ തീരുമാനങ്ങൾ കൈക്കൊള്ളാനും കാര്യക്ഷമമായ തന്ത്രങ്ങൾ നടപ്പിലാക്കാനും സാധിക്കുന്നതാണ് ഞാൻ എന്നിൽ ക്കാണുന്ന മെറിറ്റ്.

ഭക്ഷ്യസുരക്ഷയിലും ക്വാളിറ്റി കൺട്രോളിലുമുള്ള എന്റെ അറിവ് ഹോട്ടൽ വ്യവസായത്തിലേക്ക് കൊണ്ടുവന്ന്, സമാനമായ പ്രക്രിയകൾ അവിടത്തെ പ്രവർത്തനങ്ങളിൽ പ്രയോഗിച്ചത് ഫലവത്തായി.



സ്റ്റോറുകളും പർച്ചേസുകളും സംബന്ധിച്ച എന്റെ വൈദഗ്ധ്യവും  ഇത്തരം പ്രയോഗങ്ങൾക്ക് സഹായകമായി.  ഹൗസ് കീപ്പിംഗ്, ഫ്രണ്ട് ഓഫീസ് ഓപ്പറേഷൻസ് മുതലായ വിഷയങ്ങളിൽ പ്രാവീണ്യം  നേടിയെടുക്കുന്നതിനായി ഹോട്ടൽ മാനേജ്മെന്റ് പാഠപുസ്തകങ്ങൾ വീണ്ടും പഠിച്ചു.  ക്ലാസിഫിക്കേഷൻ ഓഡിറ്റായാലും  ഫുഡ് സേഫ്റ്റി ഓഡിറ്റായാലും ഒന്നിനും പുറത്തുനിന്നൊരു കൺസൾട്ടന്റിന്റെ സേവനം തേടേണ്ടി വന്നിട്ടില്ലെന്നത് അഭിമാനകരമായി കാണുന്നു.കേരളത്തിൽ ഈ അവകാശവാദം ഉന്നയിക്കാൻ മറ്റൊരു ഹോട്ടൽ ശ്യംഖലയ്ക്കും സാധിക്കില്ല.

## സാജ് ഗ്രൂപ്പിന്റെ ആതിഥേയത്വതേക്കുറിച്ചെന്നപോലെ ഭക്ഷണത്തെപറ്റിയും കസ്റ്റമേഴ്സ് വാചാലരാകുന്നതിന്റെ രഹസ്യം?

വീട്ടിലായാലും ഞങ്ങളുടെ സ്ഥാപനങ്ങളിലായാലും തീൻമേശയിലെത്തുന്ന വിഭവങ്ങളുടെ കാര്യത്തിൽ എനിക്ക് ചില നിഷ്കർഷകളുണ്ട്.  ഓരോ ഭക്ഷണത്തിനും ആവശ്യമായ ചേരുവകൾ എവിടെനിന്ന് വാങ്ങണം എന്ന കാര്യത്തിൽപോലും വിട്ടുവീഴ്ച ചെയ്യില്ല.തനിനാടൻ വിഭവങ്ങൾക്കാണ് ഡിമാൻഡ് എങ്കിലും മൾട്ടി– ക്യൂസീനാണ് ഒരുക്കുന്നത്.  ബോർഡ് മീറ്റിംഗിനായും വിവാഹ പാർട്ടികൾക്കായും എത്തിച്ചേരുന്നവർക്ക് ഭക്ഷണകാര്യത്തിൽ വ്യത്യസ്ത താല്പര്യങ്ങളായിരിക്കുമല്ലോ.ചൈനീസ്,നോർത്ത് ഇന്ത്യൻ എന്നിങ്ങനെ എല്ലാം ഉണ്ടായിരിക്കും.  ബാങ്ക്വെറ്റ് മെനു കസ്റ്റമൈസ് ചെയ്താണ് കൊടുക്കുന്നത്.റെഡിമെയ്ഡ് മെനുവിൽ ടിക്ക് ചെയ്യിക്കുന്ന ഏർപ്പാടില്ല.  ആവശ്യം അറിഞ്ഞ് വിളമ്പുമ്പോൾ മാത്രമേ കൂടുതൽ സംതൃപ്തി ഉണ്ടാകൂ. ചെറുപ്പക്കാർ,കുട്ടികൾ എന്നിങ്ങനെ ഓരോ വിഭാഗത്തിന്റെയും ഇഷ്ടങ്ങൾ പരിഗണിക്കും.

ബേക്കറി ആൻഡ് കൺഫെക്ഷനറിയിൽ ഞാൻ ഡിപ്ലോമ  ചെയ്തിട്ടുണ്ട്.സിംഗപ്പൂർ നിന്ന് അതിന്റെ അഡ്വാൻസ്ഡ് കോഴ്സും പഠിച്ചു.  ബ്രിട്ടീഷ് പ്ലം കേക്കാണ് മാസ്റ്റർപീസ്.  ഫുഡ് സയൻസ്,  മൈക്രോബയോളജി, എൻറോംടോളജി എന്നിവയിലുള്ള ശക്തമായ അടിസ്ഥാനവും ഈ രംഗത്ത് നിലയുറപ്പിക്കാൻ ആത്മവിശ്വാസം പകർന്ന  ഘടകങ്ങളാണ്.



ഭക്ഷ്യ സുരക്ഷയും ഗുണനിലവാരവും മനസിലാക്കുന്നതിനും ഷെഫുമാർക്ക് കൃത്യമായ നിർദ്ദേശങ്ങൾ നൽകാനും പോരായ്മകൾ ചൂണ്ടിക്കാണിക്കാനുമൊക്കെ ഈ  അറിവുകൾ സഹായകമാകുന്നുണ്ട്. ഞാൻ മുൻപ് സൂചിപ്പിച്ചതുപോലെ അറിയാത്തൊരു കാര്യത്തിൽ അഭിപ്രായം പറയാൻ ശ്രമിക്കാറില്ല. കഞ്ഞിയും ചമ്മന്തിയും ആയാല്പോലും സാജിൽ നിന്ന് കഴിച്ചതിന്റെ രുചി ആളുകൾ എടുത്തുപറയണമെന്ന മുൻവിധിയോടെ മികച്ച ഷെഫുമാരെയാണ് ഞങ്ങൾ നിയമിച്ചിരിക്കുന്നത്.

## തിരക്കുകൾ എങ്ങനെയാണ് ബാലൻസ് ചെയ്യുന്നത്?

കംപ്യൂട്ടറൈസ് ചെയ്ത് അണുവിടമാറാതെ കൃത്യമായി കാര്യങ്ങൾ നടപ്പാക്കാൻ ആർക്കും സാധിക്കില്ല. ആഗ്രഹവും നിശ്ചയദാർഢ്യവുമാണ് മുന്നോട്ടു നയിക്കുന്നത്. തിരക്കുകൾക്കിടയിൽ നമ്മുടെ ഇഷ്ടങ്ങൾക്കായി സമയം ലഭിക്കുന്നതല്ല,കണ്ടെത്തുന്നതാണ്. കുടുംബാംഗങ്ങൾ, സുഹൃത്തുക്കൾ, എന്റെ നായ്ക്കുട്ടികളായ റോക്കി,റോമിയോ എന്നിങ്ങനെ എല്ലാവർക്കുവേണ്ടിയും സമയം നീക്കിവയ്ക്കാറുണ്ട്.  മിനി ടോക്ക്സ്  എന്ന പേരിൽ എനിക്കൊരു യൂട്യൂബ് ചാനലുമുണ്ട്. തീന്മേശയിൽ ശ്രദ്ധിക്കേണ്ട അടിസ്ഥാനകാര്യങ്ങൾ മുതൽ ദൈനംദിനജീവിതത്തിൽ ഉപകാരപ്രദമായ മൂന്ന് മിനിറ്റ് ദൈർഘ്യമുള്ള വീഡിയോകളാണ് അതിൽ പങ്കുവച്ചിട്ടുള്ളത്.

## സ്വയം വിശ്വസിക്കാൻ കഴിയാത്ത എന്തെങ്കിലും മാറ്റം ജീവിതത്തിൽ സംഭവിച്ചിട്ടുണ്ടോ?

നായ്ക്കളെ വളർത്തുന്നവരുടെ വീടുകൾ സന്ദർശിക്കാൻ പോലും ഭയമായിരുന്നു എനിക്ക്. മുൻ ഡിജിപി രമൺ ശ്രീവാസ്തവ സാർ ആണ് ഒരു നായ്കുട്ടിയെ വാങ്ങി വളർത്തുക എന്ന ആഗ്രഹം ജനിപ്പിച്ചത്. ലാബ്രഡോർ






ആയിരിക്കും അനുയോജ്യം എന്ന് നിർദ്ദേശിച്ചതും അദ്ദേഹമാണ്.റോക്കിയാണ് ആദ്യം ഞങ്ങളുടെ ജീവിതത്തിന്റെ ഭാഗമായത്. മൂന്നുനാലു വർഷങ്ങൾകൊണ്ട് അതിന്റെ ഡയറ്റ്,വ്യായാമം എന്നിങ്ങനെയുള്ള കാര്യങ്ങൾ പഠിച്ചശേഷമാണ് ഒരാൾകൂടി വേണമെന്ന മോഹമുണ്ടായത്. വേറൊന്നിനെ വാങ്ങാൻ തോന്നിയില്ല. കൊച്ചിൻ എയർപോർട്ടിലെ സിഎസ്എഫ് കമാണ്ടർ വളർത്തുന്ന വിന്ററുമായി റോക്കിയെ ബ്രീഡ് ചെയ്ത് ജനിച്ച ഒൻപത് കുഞ്ഞുങ്ങളിൽ ഒന്നിനെ ഞാനിങ്ങെടുത്തു.അതാണ് റോമിയോ. എന്റെ മടിയിൽ മറ്റൊരാളെ കണ്ട് ആദ്യം റോക്കി അസ്വാരസ്യം പ്രകടിപ്പിച്ചെങ്കിലും ഇപ്പോൾ രണ്ടു പേരും വലിയ കൂട്ടാണ്. റോമിയോ തന്റെ മകനാണെന്ന് റോക്കി തിരിച്ചറിയുമോ എന്ന് ഇടയ്ക്ക് ചിന്തിക്കാറുണ്ട്. നിയമങ്ങളോ നിബന്ധനകളോ ഇല്ലാതെ നിഷ്കളങ്കമായി സ്നേഹിക്കാൻ കഴിയുന്നു എന്നതാണ് എന്നെ അവരിലേക്ക് അടുപ്പിച്ചത്. ഇപ്പോൾ എത്ര തിരക്കായാലും അവരുടെ അടുത്തേക്ക് ഓടിയെത്തണമെന്നാണ് മനസ്സിൽ.

## കോവിഡിന് ശേഷം ടൂറിസം മേഖലയിൽ പുത്തനുണർവ്വ് വന്നിരിക്കുകയാണല്ലോ,മഹാമാരിയുടെ പ്രാരംഭഘട്ടം ഓർത്തെടുക്കാമോ?

കോവിഡ് എല്ലാവരുടെ ജീവിതത്തെയും ബാധിച്ചതുപോലെ ഞങ്ങൾക്കും കനത്ത പ്രഹരമായിത്തന്നെയാണ് അനുഭവപ്പെട്ടത്. ഇനിയെന്ത് ചെയ്യും എന്ന ചോദ്യം വല്ലാതെ കുഴപ്പിച്ചു.

ലോക്ഡൗണിന്റെ ഇളവുകൾ കൊച്ചിയിൽ വന്നപ്പോൾ തെല്ല് ആശ്വാസമായി.മറ്റു റിസോർട്ടുകൾക്കില്ലാത്ത എന്ത് സവിശേഷതയാണ് ആളുകളെ സാജ് ഗ്രൂപ്പിലേക്ക് ആകർഷിക്കുക എന്ന് ചിന്തിച്ചു. സെൻട്രലൈസ്ഡ് എസി ആയാൽ വൈറസ് പടരാനുള്ള സാധ്യത കൂടുതലാണെന്ന് അറിഞ്ഞു. പ്രത്യേകം വില്ലകളാക്കി തിരിച്ചിട്ടുള്ളതും തുറസ്സായ ഇടം കൂടുതൽ ഉള്ളതുമായ ഞങ്ങളുടെ റിസോർട്ടിന്റെ ആ പ്രത്യേകത ചൂണ്ടിക്കാണിച്ചുകൊണ്ട് മാർക്കറ്റ് ചെയ്യാമെന്നുള്ള തീരുമാനം ഫലംകണ്ടു. എറണാകുളം,തൃശൂർ–ചാലക്കുടി ഭാഗത്തുനിന്ന് ധാരാളം പേർ എത്തിച്ചേരുകയും നെടുമ്പാശ്ശേരിയിലെ റിസോർട്ടിനൊരു ഉണർവ്വ് വരികയും ചെയ്തു.





## രൂപകല്പനയിലും സാജ് ഗ്രൂപ്പിന് തനതായ ഐഡന്റിറ്റി ഉണ്ടല്ലോ?

ഇന്റീരിയർ ഡിസൈനറായിരുന്നതുകൊണ്ടു തന്നെ കൺസ്ട്രക്ഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ അച്ചായന്റെ (സാജൻ വർഗീസ്) ഡിപ്പാർട്മെന്റാണ്. റിസോർട്ട് ബിസിനസ് പൊതുവെ പുരുഷന്മാരുടെ കുത്തക ആയതുകൊണ്ട് സ്ത്രീകളുടെ പല ആവശ്യങ്ങളും പരിഗണിക്കാത്തതായി മുൻപ് സന്ദർശിച്ച പലയിടങ്ങളിൽ നിന്നും അനുഭവപ്പെട്ടിട്ടുണ്ട്. അതിന് മാറ്റം വരാനുള്ള നിർദ്ദേശങ്ങൾ ഞാൻ മുന്നോട്ടുവയ്ക്കുകയും അത് അദ്ദേഹം നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ഉദാഹരണത്തിന്, സ്വിമ്മിങ് പൂൾ ഉപയോഗിക്കാൻ ഞങ്ങളുടെ തലമുറയിൽപ്പെട്ട മലയാളി സ്ത്രീകൾക്കൊരു വിമുഖതയുണ്ട്.

കേരളത്തിലെ തന്നെ ഏറ്റവും വലിയ പൂളാണ് സാജ് എർത്തിലേത്. ഏത് തലമുറയ്ക്കും ആസ്വദിക്കാവുന്ന തരത്തിൽ സ്വകാര്യതയെ മാനിച്ചുകൊണ്ടാണ് അതിന്റെ രൂപകൽപന. കുളക്കടവിലേക്ക് ഇറങ്ങുന്ന മാതൃകയിൽ മുറിയിൽ നിന്നുതന്നെ പടിയിറങ്ങി പൂളിലെത്താം എന്നത് എല്ലാവർക്കും സൗകര്യപ്രദമാണ്.





## സമീപകാലത്ത് ചർച്ചയായ തൊഴിലിടങ്ങളിലെ സ്ത്രീ-സുരക്ഷയുമായി ബന്ധപ്പെട്ട് ഒന്നരപ്പതിറ്റാണ്ട് മുൻപ് ധീരമായ നിലപാട് എടുത്ത സംരംഭക എന്ന നിലയിൽ എന്ത് തോന്നുന്നു?

ഞങ്ങളുടെ റിസോർട്ടിലാണ് സ്ത്രീകൾ ആദ്യമായി നൈറ്റ് ഷിഫ്റ്റിന് ജോലി ചെയ്തുതുടങ്ങിയ





ത്. സ്ത്രീകളെ ഹൗസ് കീപ്പിംഗിനും റിസെപ്ഷനും രാത്രി നിർത്തുന്നത് റിസ്ക്കാണെന്ന് ചിന്തിച്ചിരുന്ന 2009 –10 കാലത്ത് അത് ധീരമായ തീരുമാനം തന്നെയായിരുന്നു. സ്ത്രീയായ ഞാൻ നേതൃത്വം നൽകുന്ന സ്ഥാപനത്തിൽ വനിതാജീവനക്കാർക്ക് സുരക്ഷ ഉറപ്പാക്കാൻ സാധിച്ചില്ലെങ്കിൽ അതെന്റെ വീഴ്ച ആയിരിക്കുമെന്ന് വിശ്വസിച്ചുകൊണ്ടാണ് മുന്നോട്ടു പോയത്. വനിതാ സെക്യൂരിറ്റി സ്റ്റാഫിനെയും ഏർപ്പെടുത്തി. നൈറ്റ് ഷിഫ്റ്റ് ജോലി ചെയ്യുന്നതുകൊണ്ട് വീട്ടിലെ മറ്റുജോലികൾ പകൽ ചെയ്യാനാകുന്നുണ്ടെന്നും ഇതാണ് കൂടുതൽ സൗകര്യമെന്നും ജീവനക്കാർ നേരിട്ട് പറഞ്ഞത് മനസ്സ് നിറച്ച അനുഭവങ്ങളിലൊന്നാണ്. രാത്രിയെന്നോ പകലെന്നോ വ്യത്യാസമില്ലാതെ സ്ത്രീ ജീവനക്കാർക്ക് സുരക്ഷിതമായി തൊഴിൽ ചെയ്യാൻ സാധിക്കുന്ന അന്തരീക്ഷം സൃഷ്ടിക്കാൻ എല്ലാവരും ബാധ്യസ്ഥരാണ്. ഒറ്റയ്ക്ക് യാത്ര ചെയ്യുന്ന സ്ത്രീകൾ അവർ തങ്ങുന്ന സ്ഥലങ്ങളിൽ അപകടം ഉണ്ടാകുമോ എന്ന് ആശങ്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ട ശേഷമാണ് ഞങ്ങളുടെ റിസോർട്ടിൽ അത്തരക്കാർ സേഫ് ആയിരിക്കുമെന്ന ഉറപ്പ് വാഗ്ദാനം ചെയ്യുകയും അത് അക്ഷരംപ്രതി പാലിക്കുകയും ചെയ്തത്. അവരെ പിക്ക് ചെയ്യാൻ പോകുന്ന വണ്ടിയിൽ ഒരു ലേഡി സ്റ്റാഫ് ഉണ്ടായിരിക്കും.ഹൗസ് കീപ്പിങ്ങിനും സ്ത്രീകൾ തന്നെയായിരിക്കും.



അവർ താമസിക്കുന്ന മുറിക്ക് അടുത്ത ബാച്ചിലേഴ്സിനെ താമസിപ്പിക്കാതിരിക്കാനും ശ്രദ്ധിക്കും.ഒരു ടിപ്പിക്കൽ ഇന്ത്യൻ സ്ത്രീയുടെ ആകുലതകളും ആവശ്യങ്ങളും പരിഗണിച്ചുകൊണ്ടുള്ള സേവനങ്ങൾ നല്കുന്നതുകൊണ്ടുതന്നെ ഒരിക്കൽ വരുന്നവർ പിന്നീട് മറ്റൊരിടം തേടിപ്പോകില്ല. എന്തുവന്നാലും ഒപ്പമുണ്ടായിരിക്കും എന്ന വിശ്വാസം കസ്റ്റമേഴ്സിന് ഞങ്ങളുടെമേലുണ്ട്.









## സാജ് ഗ്രൂപ്പിന്റെ സ്ഥാപനങ്ങൾ?

തിരുവനന്തപുരത്ത് സിറ്റി സെന്ററിൽ പ്രവർത്തിക്കുന്ന കോർപ്പറേറ്റ് അതിഥികൾക്കായുള്ള ബിസിനസ് ഹോട്ടലാണ് സാജ് ലൂസിയ. കൊച്ചിൻ അന്താരാഷ്ട്ര വിമാനത്താവളത്തിന് സമീപമുള്ള 5-സ്റ്റാർ ലക്ഷ്വറി ഡെസ്റ്റിനേഷനാണ് സാജ് എർത് റിസോർട്ട്. മിനി സ്വിറ്റ്സർലാന്റ് എന്നറിയപ്പെടുന്ന വാഗമണിൽ സ്ഥിതി ചെയ്യുന്ന സാജ് വാഗമൺ ഹൈഡ് ഔട്ട് മോഡേൺ ലക്ഷ്വറി ആഗ്രഹിക്കാത്തവർക്ക് വേണ്ടിയുള്ളതാണ്.



## സാജ് വാഗമൺ ഹൈഡ് ഔട്ടിന്റെ സവിശേഷതകൾ?


20 ഏക്കർ തേയിലത്തോട്ടത്തിന് ഇടയ്ക്കൂടെയുള്ള പുഴ നിലനിർത്തിയിട്ടുണ്ട്. 16 മുറികൾ മാത്രമേ റിസോർട്ടിലുള്ളു. ഇരുവശത്തും രണ്ടുകുന്നുകളാണ്. ഒരുമല കയറിയാൽ സൂര്യോദയവും മറ്റേത് കയറിയാൽ സൂര്യാസ്തമയവും കാണാം. രണ്ടും ഒന്നിനൊന്ന് മെച്ചമായ ദൃശ്യാനുഭവങ്ങളാണ്. കിളികളുടെ കളകളനാദത്തിനും ചീവീട് ചിലയ്ക്കുന്നതിനും കാതോർക്കുമ്പോൾ മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടവും കൂട്ടായെത്തും. പാറയുടെ അടിയിൽ നിന്നുള്ള നീരുറവയിൽ നിന്ന് തെളിനീരുപോലത്തെ വെള്ളം കുടിക്കാം. ഞങ്ങളുടെ തന്നെ പച്ചക്കറിത്തോട്ടവുമുണ്ട്. കഴിവതും അവിടെനിന്ന് വിളവെടുക്കുന്നവയാണ് തീന്മേശയിൽ വിളമ്പുക. പുഴവക്കിലിരുന്ന് ചൂണ്ടയിടുന്നതും മീൻ പിടിക്കുന്നതും കോഴിയുടെയും മുയലിന്റെയും കൂടെ കളിക്കുന്നതുമൊക്കെ നല്ല രസമാണ്. ഹൈ പ്രൊഫൈൽ ആളുകളെ ഉദ്ദേശിച്ചാണ് ഈ റിസോർട്ടിന്റെ രൂപകൽപന. മോഡേൺ ലക്ഷ്വറി ഇല്ലാത്തതുകൊണ്ട് മിഡിൽ ക്ലാസിനോ അതിൽ താഴെയോ ഉള്ളവർക്ക്





അത് ആസ്വദിക്കാൻ സാധിക്കണമെന്നില്ല. ചിലവഴിക്കുന്ന പണത്തിന് തക്കമായ ആഡംബരമാണ് ആ വിഭാഗം പ്രതീക്ഷിക്കുന്നത്. എന്നാൽ, സ്ഥിരം ലക്ഷ്വറി അനുഭവിക്കുന്നവർക്ക് അതിൽ നിന്നൊരു മാറ്റം വേറിട്ട സുഖം പകരും.

വാഗമണിലെ റിസോർട്ടിൽ പഴയകാല ഗ്രാമാന്തരീക്ഷം പുനഃസൃഷ്ടിച്ചിരിക്കുകയാണ്.എസി,ടിവി,ഫ്രിഡ്ജ് പോലെ ആധുനികതയുടെയാതൊന്നും അവിടെയില്ല. കോളിംഗ് ബെല്ലിന്റെ സ്ഥാനത്ത് വലിയൊരു മണി കെട്ടിൽതൂക്കിയിട്ടുണ്ട്. കുളിമുറിയിൽ പ്ലാസ്റ്റിക് ബക്കറ്റിനുപകരം വലിയൊരു ചെമ്പുപാത്രവും ഓടിന്റെ മഗ്ഗുമാണ് വച്ചിട്ടുള്ളത്. അത്യാധുനിക ലക്ഷ്വറി ആഗ്രഹിക്കുന്നവരെ നെടുമ്പാശ്ശേരിയിലെ റിസോർട്ടും പഴയകാല നാട്ടിൻപുറത്തിന്റെ ആംബിയൻസ് ആസ്വദിക്കുന്നവരെ വാഗമൺ ഹൈഡ്ഔട്ടും ഒരുപോലെ തൃപ്തിപ്പെടുത്തും.




## എന്താണ് വിജയരഹസ്യം? സംരംഭകരാകാൻ ആഗ്രഹിക്കുന്നവർക്ക് നൽകാനുള്ള ഉപദേശം?

പ്രാരംഭ ബാങ്കിങ് അനുഭവം സാമ്പത്തിക മാനേജ്മെന്റിൽ ശക്തമായ അടിത്തറ നൽകിയിട്ടുണ്ട്. സ്വയംപഠനവും, ഭർത്താവുമായി നടത്തുന്ന സ്ഥിരമായ ചർച്ചകളുമാണ് ഇന്നുകാണുന്ന മിനി സാജനെ വാർത്തെടുത്തത്. ബോസ് മാത്രമല്ല, ഒരു മികച്ച മെന്ററുമാണ് സാജൻ വർഗീസ്.

ടൂറിസം മേഖലയിലെ ട്രെൻഡുകൾ ഒരു വിദ്യാർത്ഥിയുടെ മനോഭാവത്തോടെ വീക്ഷിക്കുകയും കസ്റ്റമേഴ്സിനെ ഫീഡ്ബാക്കുകൾക്ക് വിലമതിക്കുകയും ചെയ്യുന്നതാണ് ഞങ്ങളുടെ വിജയരഹസ്യം. തിരിച്ചടികളെ മറികടക്കാനും പുതിയ ലക്ഷ്യങ്ങൾ നേടിയെടുക്കാനും ഒന്നിച്ചുനിൽക്കുന്ന ടീമാണ് സാജിന്റെ ശക്തി.

അവനവന്റെ കഴിവുകൾക്കും അഭിരുചി








കൾക്കും അനുയോജ്യമായ ബിസിനസ് മേഖല തിരഞ്ഞെടുക്കുക എന്നതാണ് പ്രധാനം. ആരെയും അനുകരിക്കാതെ തനതായ ഒരു നിബന്ധന കണ്ടെത്തി മുന്നേറുന്നവർ വിജയിക്കും. ബിസിനസ് രംഗം സ്ഥിരമായി മാറിക്കൊണ്ടിരിക്കുന്നതു കൊണ്ട്,കൂടുതൽ പഠിക്കുവാനും പുതുമകൾ കൊണ്ടുവരാനും സജ്ജരായിരിക്കണം.

## അംഗീകാരങ്ങൾ?

ഫ്ലോർസ് ഫൗണ്ടേഷന്റെ വിമൻ എക്സലൻസ് അവാർഡ്(2018),ഇന്ത്യാസ് ട്രാവൽ ആൻഡ് ഹോസ്പിറ്റാലിറ്റി അവാർഡ്(2018),വനിതാ രത്ന അവാർഡ്(2018),ബിസിനസ് ബ്ലിസ് അവാർഡ്(2018) ഫോർ ഇന്നവേറ്റീവ് ബിസിനസ് ഐഡിയാസ് ഇൻ റിസോർട്ട് മാനേജ്മെന്റ്(2018),വിപിൻ ഐബിഇ ഇന്റർനാഷനലിന്റെ പ്രൊഫഷണൽ എക്സലൻസി അവാർഡ് ഇൻ ഹോസ്പിറ്റാലിറ്റി , ഫോമായുടെ വനിതാ സംരംഭകയ്ക്കുള്ള പുരസ്കാരം(2019),മണപ്പുറം യൂണിക് ടൈംസ് ബിസിനസ് എക്സലൻസ് അവാർഡ് (2024)എന്നിങ്ങനെയുള്ള പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.




## റിട്ടയർമെന്റ് സ്വപ്നങ്ങൾ?

പെൻഷൻ ആകുന്നതോടെ പ്രായമായി എന്നും ഇനി വിശ്രമിക്കാമെന്നും കരുതുന്ന ഒരുപാട് സർക്കാർ ഉദ്യോഗസ്ഥരെ പരിചയമുണ്ട്. അവരുടെ അതേ പ്രായമുള്ള സ്വകാര്യ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ അപ്പോഴും ജോലി തുടരാറുണ്ട്. ഇനി ഒന്നും ചെയ്യാനില്ല എന്ന ചിന്ത മനസ്സിനെ കീഴ്പ്പെടുത്തുന്നതോടെ ആരോഗ്യം മോശമാകുമെന്ന് എനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്. കഴിവുള്ള കാലത്തോളം എന്തെങ്കിലും ജോലി ചെയ്തുകൊണ്ടിരിക്കുന്നത് നമ്മെ ഊർജ്ജസ്വലരാക്കും. അതുകൊണ്ട് ഒരിക്കലും റിട്ടയർ ചെയ്യാതെ ഇഷ്ടമുള്ള കാര്യങ്ങൾ ചെയ്തുകൊണ്ടേ ഇരിക്കാൻ സാധിക്കട്ടെ എന്നാണ് ആഗ്രഹിക്കുന്നത്.


India Press Club of North America
MADHYAMASREE
MADHYAMARATNA
MEDIA EXCELLENCE
Awards
Jan 10th, 2025
PLATINUM
EVENT SPONSOR
SAJ GROUP
HOTELS & RESORTS
SAJAN & MINI SAJAN
GOKULAM PARK
Convention Center
KOCHI
India Press Club of North America
IPCNA
മാധ്യമശ്രീ
മാധ്യമരത്ന
മീഡിയ
എക്സലൻസ്
പുരസ്കാര സന്ധ്യ
ജനുവരി 10ന്
കൊച്ചിയിൽ
സാമൂഹിക-
സാംസ്കാരിക-രാഷ്ട്രീയ-
മാധ്യമ രംഗത്തെ പ്രമുഖർ
പങ്കെടുക്കുന്ന സമ്മേളനം!
Sunil Tristar (Samuel Easo) National President
Shijo Poulose National Secretary
Vishakh Cherian National Treasurer
Anil Kumar Aranmula National Vice President
Asha Mathew Joint Secretary
Roy Mulakunnam Joint Treasurer
Sunil Thymattam Advisory Board Chairman
Raju Pallath President Elect 2026-27
Sunil Tristar 1-917-662-1122
Shijo Poulose 1-201-238-9654
Vishakh Cherian 1-757-756-7374
www.indiapressclub.org
eMail: indiapressclubofna@gmail.com

# ഹ്യൂസ്റ്റനിൽ ഭക്തിനിർഭരമായ മദ്ബഹ വെഞ്ചരിപ്പ്



**ബിബി തെക്കനാട്ട്**

ഹ്യൂസ്റ്റൺ: ഹ്യൂസ്റ്റൺ സെന്റ്.മേരീസ് ക്നാനായ കത്തോലിക്ക ഫൊറോനാ ദൈവാലയത്തിലെ പുതുക്കി നിർമിച്ച മദ്ബഹായുടെ വെഞ്ചരിപ്പ് കർമ്മം നിർവഹിക്കപ്പെട്ടു.

വികാരി.ഫാ.ഏബ്രഹാം മുത്തോലത്ത് ഡിസംബർ 24 ലാം തിയതി പാതിരാ കുർബാനയ്ക്കു മുൻപായി നടന്ന ചടങ്ങിൽ വച്ച് ആശിർവാദ കർമ്മം നിർവഹിച്ചു.

അസിസ്റ്റന്റ് വികാരി ഫാ.ജോഷി വലിയവീട്ടിൽ സഹകാർമ്മികനായിരുന്നു. പുതിയതായി നിർമിക്കപ്പെട്ട മദ്ബഹായും അൾത്താരയും അതിമനോഹരമായും വർണ്ണാഭവുമായിരുന്നു.

ഭക്തിസാന്ദ്രമായ വെഞ്ചരിപ്പ് കർമത്തിൽ ദൈവാലയം തിങ്ങി നിറഞ്ഞ ഇടവകാംഗങ്ങളുടെ സാന്നിധ്യവും ഉണ്ടായിരുന്നു.

മനോഹരമായ മദ്ബഹ നിർമാണത്തിന് കൈക്കാരൻമാരായ ജായിച്ചൻ തയ്യിൽപുത്തൻപുരയിൽ, ഷാജുമോൻ മുകളേൽ, ബാബു പറയംകാലയിൽ, ജോപ്പൻ പൂവപ്പാടത്ത്,പാരിഷ് എസ്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവരുടെ സജീവ സാന്നിധ്യം ശ്രദ്ധേയമായിരുന്നു.

അജി വർഗീസ് ശങ്കരമംഗലം,നെൽസൺ ഗോമസ്, ബിജി കണ്ടോത്ത്,ജെയിംസ് കുന്നാംപടവിൽ, സ്റ്റീവ് കുന്നാംപടവിൽ (വോൾഗ ഗ്രൂപ്പ് ഹഹര ) , ബിബി തെക്കനാട്ട് എന്നിവരാണ് നിര്മാണപ്രവർത്തനങ്ങൾക്കു നേതൃത്വം നൽകിയത്.

ഇവർക്ക് ചടങ്ങിൽ വച്ച് ഫാ. ഏബ്രഹാം മുത്തോലത്ത് പാരിതോഷികങ്ങൾ സമ്മാനിച്ചു.

ഈ പ്രോജക്ടിന് പിന്തുണയും സാമ്പത്തിക സഹായവും നൽകിയ എല്ലാവരെയും ഫാ.മുത്തോലത്ത് പ്രസംഗമദ്ധ്യേ സ്മരിക്കുകയും എല്ലാവർക്കും നന്ദി പറയുകയും ചെയ്തു.











India Press Club of North America
Jan 10th 2025
GOKULAM PARK
Convention Center
KOCHI
MADHYAMASREE
MADHYAMARATNA
MEDIA EXCELLENCE
Awards
PLATINUM EVENT SPONSOR
SAJ GROUP
HOTELS & RESORTS
SAJAN & MINI SAJAN
ELITE SPONSORS
India Press Club of North America
IPCNA
BABY URALIL
VARKEY ABRHAAM
JOHN TITUS
JOY NEDIYAKALAYIL
മാധ്യമശ്രീ
മാധ്യമരത്ന
മീഡിയ
എക്സലൻസ്
പുരസ്കാര സന്ധ്യ
ജനുവരി 10ന്
കൊച്ചിയിൽ
സാമൂഹിക-
സാംസ്കാരിക-രാഷ്ട്രീയ-
മാധ്യമ രംഗത്തെ പ്രമുഖർ
പങ്കെടുക്കുന്ന സമ്മേളനം!
Sunil Tristar (Samuel Easo) National President
Shijo Poulose National Secretary
Vishakh Cherian National Treasurer
Anil Kumar Aranmula National Vice President
Asha Mathew Joint Secretary
Roy Mulakunnam Joint Treasurer
Sunil Thymattam Advisory Board Chairman
Raju Pallath President Elect 2026-27
Sunil Tristar 1-917-662-1122
Shijo Poulose 1-201-238-9654
Vishakh Cherian 1-757-756-7374
www.indiapressclub.org
eMail: indiapressclubofna@gmail.com

# കേരള അസോസിയേഷൻ ഓഫ് ഗ്രെയ്റ്റർ വാഷിംഗ്ടൺ സുവർണ്ണ ജൂബിലി ആഘോഷ പരിപാടികൾക്ക് വർണ്ണാഭമായ തുടക്കം



**മനോജ് മാത്യു**

വാഷിംഗങ്ടൻ ഡിസി മലയാളികളുടെ ആദ്യ സംഘടനയായ KAGW (Kerala Association of Greater washington ) അൻപതിന്റെ നിറവിൽ – സുവർണ്ണ ജൂബിലി വർഷത്തെ പരിപാടികൾക്ക് വർണ്ണാഭമായ തുടക്കം.




അമേരിക്കൻ മലയാളികളുടെ ആദ്യകാല സംഘടനകളിൽ പ്രധാനപ്പെട്ടതും വാഷിങ്ഡൺ ഡിസി മലയാളികളുടെ പ്രഥമ സംഘടനയുമായ ഗഅഏണ ന്റെ സുവർണ്ണ ജൂബിലി വർഷത്തിലെ പ്രവർത്തന പരിപാടികളുടെ ഉൽഘാടനം 2024 ഡിസംബർ 15ന് ക്രിസ്ത്മസ് നവവത്സര പരിപാടിയോടൊപ്പം തുടക്കം കുറിച്ചു.

ക്രിസ്മസിന്റെ വരവറിയിച്ച് കുട്ടികൾ നടത്തിയ തിരുപ്പിറവിയുടെ ദൃശ്യാവിഷ്കാരത്തോടെ തുടങ്ങിയ ആഘോഷങ്ങൾ നിരവധി സംഗീത നൃത്ത പരിപാടികളോടെ സമാപിച്ചു.

സമാപന സമ്മേളനത്തിൽ 2025 ലെ പുതിയ കമ്മിറ്റിയെ പ്രസിഡന്റ് ജെൻസൺ ജോസ് സദസിന് പരിചയപ്പെടുത്തി. ജൂബിലി വർഷത്തിൽ നടത്തുന്ന പരിപാടികളുടെ രൂപരേഖ പ്രസിഡന്റ് തന്റെ സന്ദേശത്തിൽ വിവരിച്ചു.

1975 തുടങ്ങിയ സംഘടനയുടെ മുൻ പ്രസിഡന്റ് മാരെയും നേതാക്കളെയും അനുസ്മരിച്ചുകൊണ്ട് സന്നിഹിതരായിരുന്ന മുൻ പ്രസിഡന്റ് മാരുടെ സാന്നിധ്യത്തിൽ രജത




ജൂബിലി വർഷമായിരുന്ന 2001 ലെ പ്രസിഡന്റ് എബ്രഹാം സാമുവേലും 2025 ലെ പ്രസിഡന്റ് ജെൻസൺ ജോസും ചേർന്ന് ജൂബിലിയുടെ ലോഗോ പ്രകാശനം നടത്തി ഒരു വർഷം നീളുന്ന പരിപാടികൾക്ക് വർണാഭമായ തുടക്കം കുറിച്ചു.

തുടർന്ന് 2024 ലെ പ്രസിഡണ്ട് സുഷമ പ്രവീണിനും എല്ലാ കമ്മിറ്റി അംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തി ഉപഹാരം നൽകി.കലയെയും കലാകാരേയും പ്രോത്സാഹിപ്പിക്കുന്ന KAGW വർഷം തോറും നടത്തുന്ന ഓരോ പരിപാടികളും നടത്തിപ്പിന്റ സൂഷ്മത കൊണ്ടും കലാമേന്മകൊണ്ടും ഇതിനോടകം ഏവരുടെയും പ്രശംസ നേടിയിട്ടുണ്ട്.

കുട്ടികളുടെ സർഗ്ഗവാസനകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനായി വർഷം തോറും നടത്തുന്ന ടാലെന്റ് ടൈം നൂറു കണക്കിന് കുട്ടികൾ പങ്കെടുക്കുന്ന ദിവസങ്ങൾ നീളുന്ന കലാമേള കേരളത്തിലെ സ്കൂൾ കലോത്സവത്തിന്റെ ഒരു നേർകാഴ്ച്ചയാണ്.

എല്ലാ പരിപാടികളിലും പുതുമ കണ്ടെത്തി നടത്തുന്നതിൽ ഗആഏണ എന്നും മറ്റെല്ലാ സംഘടനകൾക്കും മാതൃകയാണ്. സാമൂഹിക സേവന പ്രവർത്തനങ്ങൾ, ധനസഹായ പ്രവർത്തനം തുടങ്ങി നിരവധി പരിപാടികളും ഇതോടൊപ്പം നടത്തി വരുന്നുണ്ട്. പുതിയ തലമുറയെ ഭാഷയും സംസ്കാരവും പരിചയപ്പെടുത്തി വളർത്താനും അതിന്റെ പവിത്രത കാത്തുസൂഷിക്കുന്നതിനുമായി നിരവധി കർമ്മ പരിപാടികൾ തുടർച്ചയായി എല്ലാ വർഷവും നടത്തിവരുന്നു.

യുവജനങ്ങളുടെ പരിപാടികൾ ഏകോപ്പിക്കാൻ വളരെ കർമ്മനിരതരായ ഒരു യൂത്ത് ക്ലബ് കാലാകാലങ്ങളായി പ്രവർത്തിക്കുന്നു. എല്ലാ പരിപാടികൾക്കും ഉള്ള യുവജന പങ്കാളിത്തം വളരെ ശ്രദ്ധേയമാണ്.






India Press Club of North America
India Press Club of North America
IPCNA
Jan 10th
2025,
5.30pm
MADHYAMASREE
MADHYAMARATNA
MEDIA EXCELLENCE
Awards
GOKULAM
PARK
Convention Center
KOCHI
PLATINUM
EVENT SPONSOR
SAJ GROUP
HOTELS & RESORTS
SAJAN &
MINI SAJAN
SAJAN &
MINI SAJAN

# ഡിട്രോയിറ്റ് മലയാളി അസോസിയേഷന് പുതുനേതൃത്വം




ഡിട്രോയിറ്റ്: മിഷിഗണിലെ പ്രമുഖ സാമൂഹ്യസംസ്കാര സംഘടനയായ ഡിട്രോയിറ്റ് മലയാളി അസോസിയേഷൻറെ 2025 ലേക്കുള്ള ഭരണസമിതിയെ തിരഞ്ഞെടുത്തു. 2024 ഡിസംബർ 14 ന് നടന്ന വാർഷിക പൊതുയോഗത്തിൽ ഐക്യകണ്ഠമായാണ് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തത് ചീഫ് ഇലക്ഷൻ ഓഫീസറായി തിരഞ്ഞെടുപ്പ് പ്രക്രിയക്ക് മേൽനോട്ടം വഹിച്ചത് ബി ഒടി ചെയർമാൻ മോഹൻ പനങ്കാവിൽ ആയിരുന്നു.

ബിജു ജോസഫ് (പ്രസിഡൻറ്), ദിനേഷ് ലക്ഷ്മണൻ (വൈസ് പ്രസിഡൻറ്), നോബിൾ തോമസ് (ജനറൽ സെക്രട്ടറി), അശോക് ജോർഡൻ (ജോയിന്റ് സെക്രട്ടറി), പ്രവീൺ നായർ (ട്രഷറർ), സഞ്ജു കോയിത്തറ (ജോയിന്റ് ട്രഷറർ) എന്നിവരാണ് ഈ വർഷം ഡിഎംഎയുടെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുക.

വിമൻസ് ഫോറം പ്രസിഡണ്ടായി അനിമ അജിത്തിനെയും, സെക്രട്ടറിയായി സുമിനി ജോർഡനേയും, തിരഞ്ഞെടുത്തു. യൂത്ത് ഫോറം ചെയർമാനായി നിവേദ് പൈങ്ങോളിനെയും വൈസ് ചെയർമാൻ ആയി ജോഷാ മനോജിനേയുമാണ് തിരഞ്ഞെടുത്തിരിക്കുന്നത്.

ഡിഎംഎയുടെ ബോർഡ് ഓഫ് ട്രസ്റ്റി ചെയർമാനായി സുദർശന കുറുപ്പിനെ തെരഞ്ഞെടുത്തു. വൈസ് ചെയർമാനായി രാജേഷ് നായർ, സെക്രട്ടറി സൈജൻ കണിയോടിക്കൽ, പ്രിൻസ് എബ്രഹാം (എക്സ് ഒഫീഷ്യോ) എന്നിവരാണ് 2025ലെ ബോർഡ് ഓഫ് ട്രസ്റ്റീസ് അംഗങ്ങൾ.

ഡിഎംഎയുടെ 2024ലെ ക്രിസ്തുമസ് ആഘോഷമായ നക്ഷത്ര സന്ധ്യയുടെ ഭാഗമായി നടത്തിയ ചടങ്ങിൽ ബി.ഒ.ടി വൈസ് ചെയർമാൻ രാജേഷ് നായർ പുതിയ ഭാരവാഹികളെ സദസ്സിന് പരിചയപ്പെടുത്തി.

മലയാളികളുടെ സ്പന്ദനങ്ങളെ തൊട്ടറിഞ്ഞ് ഏവർക്കും പ്രയോജനപ്രദമായ പല പുതിയ പദ്ധതികൾ വിഭാവന ചെയ്യുമെന്നും, മലയാള സമൂഹത്തിന്റെ ഉന്നമനമാണ് ഡിഎംഎയുടെ ആത്യന്തിക ലക്ഷ്യം എന്നും അതിനായി തങ്ങളുടെ കഴിവിന്റെ പരമാവധി ശ്രമിക്കുമെന്നും പുതിയ ഭാരവാഹികൾ അറിയിച്ചു.

സാമൂഹ്യ സേവനത്തിന്റെയും പരസ്പര സഹായത്തിന്റെയും, സഹകരണത്തിന്റെയും 45 വർഷങ്ങൾ പിന്നിടുന്ന ഡിട്രോയിറ്റ് മലയാളി അസോസിയേഷന്റെ ധനസമാഹരണാർത്ഥം, മലയാള ചലച്ചിത്രരംഗത്ത് ആസ്വാദനത്തിന്റെ നവ തരംഗങ്ങൾ സൃഷ്ടിച്ച ഷാൻ റഹ്മാൻ, കെ എസ് ഹരിശങ്കർ, നിരഞ്ജ് സുരേഷ്, മിഥുൻ ജയരാജ്, സയനോര ഫിലിപ്പ്, നിത്യ മാമ്മൻ എന്നിവർ നേതൃത്വം നൽകുന്ന സംഗീത പരിപാടി മെയ് മൂന്നിന് വാറൻ സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടത്തുന്നതാണ്.ഈ പ്രോഗ്രാം കാണുവാനും അതുവഴി ഉ ങ അ ചെയ്തുകൊണ്ടിക്കുന്ന അനവധി ചാരിറ്റി പ്രവർത്തനങ്ങളുടെ ഭാഗമാകുവാനും പുതിയ ഭാരവാഹികൾ ഏവരേയും ക്ഷണിച്ചു.

**സൈജൻ കണിയോടിക്കൽ.**

# ഈ മന്ദസ്മിതം അഴകിന്റെ അടയാളം



Dr. George Kakkanatt

*മിസിസ് യുഎസ്എ സൗന്ദര്യ മത്സരങ്ങളിൽ ഒറ്റ വർഷം മൂന്ന് കിരീടം നേടിയ സ്മിത ഭാസി സഞ്ജീവിന്റെ ജീവിതം പ്രചോദനമേകുന്നത്*

ആ ചുവടുകളിൽ ഉണ്ട് ആത്മവിശ്വാസം. ആ മന്ദഹാസത്തിലുണ്ട് അഴകിന്റെ പനിനീർ സുമങ്ങൾ. ഇത് സ്മിത ഭാസി സഞ്ജീവ്. യുഎസിലെ സൗന്ദര്യ വേദികളിൽ അഗ്നി പടർത്തുന്ന മലയാളി യുവതി. ഒന്നും രണ്ടുമല്ല യുഎസിൽ ഒറ്റ വർഷം കൊണ്ട് മൂന്നു കിരീടങ്ങളാണ് സ്മിത ചൂടിയത്. മിസിസ് യുഎസ്എ സൗന്ദര്യ മത്സരത്തിലാണ് സ്മിതയുടെ മന്ദസ്മിതം കിരീടം ചാർത്തിയത്.

നോർത്ത് കരോലിനയിലെ റാലിഹിൽ മേയിൽ നടന്ന സൗന്ദര്യ മത്സരത്തിൽ മിസിസ് യുഎസ്എ എടിഎ നോർത്ത് കരോലിനയായി കിരീടം നേടിയാണ് സ്മിതയുടെ തുടക്കം. എടിഎ പ്രസിഡന്റ് മധു ബൊമ്മിനെനിയാണ് കിരീടം സമ്മാനിച്ചതെന്ന് സ്മിത അഭിമാനത്തോടെ പറയുന്നു. ജൂണിൽ അറ്റ്ലാന്റയിലെ ജോർജിയ വേൾഡ് കോൺഗ്രസ് സെന്ററിൽ നടന്ന മിസിസ് യുഎസ്എ എടിഎ നാഷണൽസിലും കിരീടം സ്മിതയുടെ ശിരസ്സിലെത്തി. സൂപ്പർതാരം വിജയ് ദേവരകൊണ്ടയാണ് അന്ന് സ്മിതയെ കിരീടമണിയിച്ചത്.

നവംബറിൽ ന്യൂ ജേഴ്സിയിൽ നടന്ന മത്സരത്തിൽ മിസിസ് യുഎസ്എ യൂണിവേഴ്സ് സൗത്ത് കരോലിനയായി തെരഞ്ഞെടുക്കപ്പെട്ടു. അതോടൊപ്പം കടുത്ത മത്സരം നടക്കുന്ന മിസിസ് യുഎസ്എ യൂണിവേഴ്സ് മത്സരത്തിലെ ടോപ് ഫൈവിൽ തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. സൗന്ദര്യമത്സര രംഗത്തെ നേട്ടങ്ങൾക്കപ്പുറം കുച്ചിപ്പുടി നർത്തകി കൂടിയാണ് സ്മിത. തനതായ ഇന്ത്യൻ പാരമ്പര്യവും സമകാലിക വിഷയങ്ങളും കോർത്തിണക്കിയാണ് സ്മിതയുടെ കുച്ചിപ്പൂടി നൃത്തം. വിവിധ സംസ്കാരിക പാരമ്പര്യമുള്ളവരും ഇഷ്ടപ്പെടുന്നതാണ് സ്മിതയുടെ നൃത്തനൃത്യങ്ങൾ.

***വേദനകളുടെ ആഴക്കടൽ താണ്ടി***

സ്മിതയുടെ നേട്ടങ്ങൾക്ക് പത്തരമാറ്റ് തിളക്കമുണ്ട്. കാരണം വേദനയുടെ ആഴക്കടൽ നീന്തിയാണ് അവർ വിജയ തീരത്ത് അണഞ്ഞത്. സഹോദരന്റെ ദുരന്തപൂർണമായ വേർപാടും തുടർന്നുണ്ടായ മാനസികാഘാതവും സ്മിതയെ കുറച്ചൊന്നുമല്ല തളർത്തിയത്. എല്ലാത്തിൽ നിന്നും ഒഴിഞ്ഞുമാറി ഏകാകിയായി പോയ അവസ്ഥ. തന്നിലുള്ള കലാകാരിയെപ്പോലും മറന്ന അവസ്ഥ.

എന്നാൽ ഇതിനെയെല്ലാം തരണം ചെയ്താണ് സ്മിത സൗന്ദര്യ മത്സരലോകത്തിലേക്ക് വീണ്ടും തിരിച്ചെത്തിയത്. അംഗീകാരങ്ങളെക്കാൾ കൂടുതലായി അവരുടെ അർപ്പണ മനോഭാവവും മറ്റുള്ളവരെക്കൂടി ഈ രംഗത്ത് കൈപിടിച്ചുയർത്താനുള്ള ആഗ്രഹവുമാണ് വീണ്ടും മത്സരരംഗത്തെത്താൻ കാരണമായത്. അതാകട്ടെ മൂന്നു കിരീട നേട്ടങ്ങളിലേക്ക് അവരെ കൈപിടിച്ചു നടത്തുകയും ചെയ്തു.

***കരുതലാണ് സ്നേഹം***

സൗന്ദര്യലോകത്തിന്റെ മാസ്മരികതയ്ക്കും വശ്യതയ്ക്കുമൊപ്പം വറ്റാത്ത മനുഷ്യസ്നേഹത്തിനുടമ കൂടിയാണ് സ്മിത. പെൺകുട്ടിക്കായി 'മൈ പ്രിൻസസ് ഫൗണ്ടേഷൻ' എന്നൊരു സംഘടനയുടെ ഭാഗമായി പ്രവർത്തിക്കുകയാണ് സ്മിത.

പലവിധ കാരണങ്ങളാൽ സമൂഹത്തിൽ നിന്ന് മാറ്റിനിർത്തപ്പെട്ടിരിക്കുന്ന പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിനൊപ്പം അവരെ സ്വയം പര്യാപ്തതരാക്കുന്നതിന് കഴിവുകൾ വികസിപ്പിക്കുന്നതിനും ലക്ഷ്യമിടുന്ന ഈ സംഘടനക്ക് ജന്മം നൽകിയത് നിഷ പിള്ള എന്ന മനുഷ്യ സ്നേഹിയാണ്.

emalayalee.com

സമൂഹത്തിൽ പിന്നാക്കം നിൽക്കുന്നവർക്ക് അവരുടെ കഴിവുകൾ വികസിപ്പിച്ച് അവരെ ശാക്തീകരിക്കുന്നതിലൂടെ ശാശ്വതമായ മാറ്റങ്ങൾ കൊണ്ടുവരാമെന്ന് സ്മിത വിശ്വസിക്കുന്നു. മറ്റുള്ളവർക്ക് പ്രചോദനമാകുന്നതിലൂടെ അവരിലുണ്ടാകുന്ന യഥാർഥ മാറ്റമാണ് തനിക്കു ലഭിക്കുന്ന ആദരവെന്ന് സ്മിത പറയുന്നു.



### *പിന്തുണയേകി കുടുംബം*

എല്ലാ നേട്ടങ്ങൾക്കും കാരണം കുടുംബത്തിന്റെ ശക്തമായ പിന്തുണയാണെന്ന് സ്മിത പറയുന്നു. ഭർത്താവ് സഞ്ജീവ് നായർ, മക്കളായ ആയുഷ്, ആര്യൻ, അയാൻഷ് എന്നിവരാണ് ശക്തിയുടെയും നേട്ടങ്ങളുടെയും പിന്നിലെ പ്രേരകശക്തിയെന്ന് സ്മിത ഉറച്ചുവിശ്വസിക്കുന്നു. തന്റെ ആഗ്രഹങ്ങൾക്കും ബോധ്യങ്ങൾക്കും പിന്നാലെ പോകുമ്പോഴും കുടംബത്തിന്റെ പ്രാധാന്യം ഒരിക്കലും മറക്കാറില്ല. വിവിധ ഭാഗങ്ങളിലുള്ള കുടുംബാംഗങ്ങളും സുഹൃത്തുക്കളും എന്നും പിന്തുണയേകുന്നതായി സ്മിത പറഞ്ഞു.

ഉറച്ച ബോധ്യങ്ങളും ദൈവാനുഗ്രഹവുമുണ്ടെങ്കിൽ, ഏതൊരു വ്യക്തിക്കും തന്റെ ദുരന്തങ്ങൾക്കിടയിൽനിന്നും മികവുറ്റ നേട്ടങ്ങളുണ്ടാക്കാമെന്ന് സ്മിത ഭാസി സഞ്ജീവിന്റെ ജീവിതം പഠിപ്പിക്കുന്നു. മൂന്നു കുട്ടികളുടെ അമ്മ, കലാരംഗത്തെ അംബാസഡർ, സ്ത്രീ ശാക്തീകരണത്തിന്റെ വക്താവ് എന്നീ നിലകളിൽ അവൾ പ്രത്യാശയുടെ അടയാളമാകുന്നു. തങ്ങളുടെ സ്വപ്ന സാക്ഷാത്കാരത്തിനും ജീവിതലക്ഷ്യങ്ങൾ പുനർ നിർവചിക്കുന്നതിനും അവർ മറ്റു സ്ത്രീകൾക്ക് ഒരു മാതൃകയാണ്. ജീവിതത്തിൽ പിന്നാക്കം പോയവർക്ക് അസാധാരണ നേട്ടങ്ങൾ കൈവരിക്കാൻ സ്മിതയുടെ ജീവിതം ഉത്തേജനമാണ്.










# കഥ അദ്ദേഹത്തിന്റെ, നമ്മളുടെയും


**സുധീർ പണിക്കവീട്ടിൽ**

ഒരാളുടെ ആത്മകഥയിലൂടെ നമ്മൾ അറിയുന്നത് ആ വ്യക്തിയെപ്പറ്റിയും അദ്ദേഹം ജീവിച്ചിരുന്ന സമൂഹത്തെപ്പറ്റിയും കാലത്തെപ്പറ്റിയുമായിരിക്കും. മലയാളത്തിൽ ഇരുപതാം നൂറ്റാണ്ടിലാണ് ആത്മകഥ ഒരു പുതിയ സാഹിത്യരൂപമായി വളർന്നത്. സാഹിത്യത്തിലെ ജനുസ്സുകളിൽ ഒന്നാണ് ആത്മകഥ.

നമുക്ക് പരിചയമില്ലാത്ത ഇന്നലെകളുടെ വിവരണം വായനക്കാരിൽ ജിജ്ഞാസയുളവാക്കുംവിധമായിരിക്കുക എന്നത് എഴുത്തുകാരന്റെ രചനാരീതിയും സാഹിത്യത്തിലുള്ള മികവുമനുസരിച്ചിരിക്കും. അതേപോലെ എഴുത്തുകാരൻ സത്യസന്ധത പാലിച്ചിരിക്കണം. ആത്മകഥകൾ ഒരു തരത്തിൽ കുമ്പസാരം




പോലെയാണ്. താൻ ജീവിച്ച സമൂഹത്തോട് ആത്മാർത്ഥതയോടെ പറയുന്ന കാര്യങ്ങൾ. അത് പലപ്പോഴും ഒരു വെല്ലുവിളിയാകാറുണ്ട്. അതിനെ വിജയിക്കുമ്പോൾ ആത്മകഥകളും സ്വീകരിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്യും. പാപങ്ങളിൽ നിന്നും മുക്തി കിട്ടാൻ വൈദികന്റെ മുന്നിൽ കുമ്പസരിക്കുന്നപോലെ ആത്മകഥയെഴുതുന്ന ആളിനും തന്റെ കഥ സഹൃദയസമക്ഷം മുന്നോട്ട് വയ്ക്കുമ്പോൾ അത് സത്യസന്ധമായിട്ടായിരിക്കണമെന്ന നിര്ബന്ധമുണ്ടായിരിക്കണം. പല ആത്മകഥകളും അതിഭാവുകത്വത്തോടെ ഇല്ലാത്തതൊക്കെ എഴുതി ചേർത്ത് പുറത്തു വിടുന്നുന്നുണ്ട്.




ശ്രീ മാത്യ ഡാനിയൽ തന്റെ ആത്മകഥക്ക് ''ആത്മകഥ ഒരു തുടർക്കഥ'' എന്നാണു പേരിട്ടിരിക്കുന്നത്. എല്ലാ ആത്മകഥകളും തുടർക്കഥകൾ തന്നെ. ഏതോ ഒന്നിൽ നിന്നും ആരംഭിക്കുന്നതാണ്. ഒരാളുടെ മാത്രമായിട്ടാണ് അത് അവതരിപ്പിക്കപ്പെടുന്നെങ്കിലും അതിൽ കലിപിത കഥകൾ പോലെ അനവധി കഥാപാത്രങ്ങളും സാഹചര്യങ്ങളുമുണ്ട്. വായനക്കാർക്ക് വളരെ പരിചിതമായ സംഭവങ്ങളും ജീവിതവും. ശ്രീ മാത്യു ഡാനിയൽ അമേരിക്കയിലേക്ക് കുടിയേറിയ ഒരു മലയാളിയാണ്. വിവാഹത്തിലൂടെ വിദേശത്തേക്ക് എന്നൊരു യോഗം കുറെ വർഷങ്ങൾക്ക് മുമ്പ് മലയാളികൾക്കുണ്ടായിരുന്നു.ശ്രീ മാത്യു ജീവിതമാർഗ്ഗം തേടി ആസാമിലെത്തുന്നതോടെ കഥ രൂപപ്പെടുന്നു. അതിനു മുൻപായി തന്റെ വീടും മാതാപിതാക്കളും സഹോദരന്മാരും അടങ്ങുന്ന ജീവിതവും വളർന്നുവന്ന സ്ഥലവും ഒക്കെ ചുരുക്കമായി വിശദീകരിക്കുന്നുണ്ട്. ധാരാളം ചിത്രങ്ങൾ അദ്ദേഹം പുസ്തകത്തിൽ കൊടുത്തിട്ടുണ്ട്. അനുഭവങ്ങളാണ് ആത്മകഥകളുടെ

ഉള്ളടക്കം. ഭൂതകാലത്തിൽ നിന്നും അവയെല്ലാം ഓർമ്മിച്ചെടുത്ത് എഴുതുക. അതിൽ ഒരു ആനന്ദവും എഴുത്തുകാരൻ ആസ്വദിക്കുന്നുണ്ടായിരിക്കും. ആത്മകഥകളുടെ സ്വഭാവവും ആഖ്യാനരീതിയും പലരും പല വിധത്തിൽ ഉപയോഗപ്പെടുത്തുമ്പോൾ ശ്രീ മാത്യു വളരെ സരളമായി നമ്മോട് നേരിട്ട് പറയുന്ന പോലെ എഴുതിയിട്ടുണ്ട്.

ആസ്സാമിലേക്കുള്ള വണ്ടിയിൽ കയറുമ്പോൾ അദ്ദേഹം സ്വയം മനസ്സിലാക്കുന്നു എത്ര എളുപ്പത്തിലാണ് സമയം കടന്നുപോകുന്നത്. താനിന്നു ഒരു യുവാവാണ്. ഉദ്യോഗാർത്ഥിയാണ്. ഓരോ ഇന്നലെകളും നമ്മെ മാറ്റിയാണ് മുന്നിലേക്ക് വിടുന്നത്. വണ്ടിയിലെ സഹയാത്രികൻ ചോദിക്കുന്നു. എങ്ങോട്ടാണ് കുഞ്ഞേ? അയാളോട് തന്റെ ബാല്യം മുതലുള്ള കഥകൾ, പറഞ്ഞു കേട്ടിട്ടുള്ള കഥകൾ എല്ലാം പറയുന്നു. അതാണ് കഥ, തുടർക്കഥ എന്ന് അദ്ദേഹം വിശേഷിപ്പിക്കുന്ന കഥ. ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ താലൂക്കിൽ വെണ്മണി വില്ലേജിൽ ഒരു സാധാരണ കുടുംബത്തിൽ ജനനം അച്ഛൻ സ്കൂൾ അധ്യാപകൻ. മൂന്നു സഹോദരങ്ങൾ. മിസ്റ്റർ കോളേജ് സ്ഥാനം നേടി. പതിനൊന്നു അദ്ധ്യായങ്ങളിലായി കഥകൾ പറഞ്ഞു തീർക്കുന്നു.

ആസ്സാമിൽ നിന്നുമുള്ള കഥാനായക്നറെ പ്രയാണങ്ങൾ, പ്രണയം വിവാഹം, സ്വച്ഛന്ദ ജീവിതം അങ്ങനെ ഒരു സാധാരണക്കാരന്റെ ജീവിതത്തിലെ സംഭവങ്ങളുടെ വിവരണം. വടക്കേ ഇന്ത്യയിലേക്ക് അക്കാലത്ത് നേഴ്സിംഗിനായി ചേക്കേറിയ ഒത്തിരി വെള്ളരിപ്രാവുകളിൽ ഒന്നിനെ അദ്ദേഹവും ഇണയാക്കി. പ്രണയത്തെക്കുറിച്ച് അദ്ദേഹത്തിന്റെ അഭിപ്രായം 'ദേഖിയെ ഏക് ദിൻ പ്യാർ ഹോ ജായേഗാ എന്നാണു' ജീവിതത്തിലെ ചില സത്യങ്ങൾ സ്വന്തം ജീവിതത്തിലൂടെ അദ്ദേഹം വെളിപ്പെടുത്തുന്നു. ജീവിതം സുഖകരം എന്ന് അദ്ദേഹം ആശ്വസിച്ചു തുടങ്ങിയപ്പോൾ ദുരന്തങ്ങൾ അദ്ദേഹത്തെ വേട്ടയാടി. കാൻസർ എന്ന ഭീകരൻ ഭാര്യയുടെ ജീവൻ അപഹരിച്ചു. രണ്ടും മക്കളുമായി ജീവിതം ആരംഭിച്ചപ്പോൾ വീണ്ടും ഒരു പങ്കാളിയെ കണ്ടെത്തി. അവരുടെ മക്കളും സ്വന്തം മക്കളുമായി രണ്ടാമതും ജീവിതം തുടരുമ്പോൾ സ്വന്തം മകളും കാൻസറിന് കീഴടങ്ങുന്നു.

ആദ്യഭാര്യയും മകളും നഷ്ടപ്പെട്ട ദുഃഖത്തിൽ നിന്നും അദ്ദേഹം ഒരു സത്യം മനസ്സിലാക്കിയതായി നമ്മുടെ അറിവിലേക്ക് നല്കുന്നുണ്ട്. മനസ്സിന്റെ മുറിവുകൾ കാലത്തിനു മായ്ക്കാൻ പറ്റുമെന്ന് പറയുന്നത് ശരിയല്ല. അദ്ദേഹം എഴുതുന്നു.

ചില വേദനകൾ, വേർപാടുകൾ, അപമാനങ്ങൾ ഒഴിവാക്കുകൾ മാറുന്നുവെന്ന് മറ്റുള്ളവരെ ബോധ്യപ്പെടുത്താൻ പറ്റിയേക്കും. പക്ഷെ അതങ്ങനെ ഉള്ളിൽ നീറി നീറി കിടക്കും മരിക്കുന്നത് വരെ. പ്രതിസന്ധികളിൽ തളരാതെ ജീവിതം മുന്നോട്ടു നയിക്കണമെന്ന സന്ദേശമാണ് അദ്ദേഹം നൽകുന്നത്. ആദ്യഭാര്യ കാൻസർ ബാധിതയായി മരണപ്പെട്ടപ്പോൾ അദ്ദേഹം അവരുടെ ഓർമ്മക്കായി ലോകപകാരപ്രദമായ ചികിത്സ സഹായ പദ്ധതി രൂപീകരിച്ച് ഇപ്പോൾ അത് വളരെ വിപുലമായ രീതിയിൽ നടത്തികൊണ്ടുപോകുന്നു. ശേഷിക്കുന്ന വർഷങ്ങളിലും സമൂഹത്തിന്റെ നന്മക്കായി പ്രവർത്തിക്കണമെന്ന സദുദ്ദേശത്തോടെ മുന്നോട്ട് ജീവിതം നയിക്കുന്നു.

സമൂഹത്തിലെ വളരെയധികം മനുഷ്യരുടെ ജീവിതത്തിന്റെ ഒരു നേർപതിപ്പായി ഈ രചനയെ കാണാം. പ്രത്യേകിച്ച് അമേരിക്കൻ മലയാളികൾക്ക് സുപരിചിതമായ അനുഭവങ്ങളും ജീവിതവും ഇതിൽ കാണാം.

ശ്രീ മാത്യു ഡാനിയലിനു ആയുരാരോഗ്യങ്ങൾ നേരുന്നു.

ശുഭം

(മാത്യു ഡാനിയലിന്റെ ''ആത്മകഥ അതൊരു തുടർക്കഥ'' എന്ന പുസ്തകത്തിന്റെ കോപ്പികൾക്കായി അദ്ദേഹവുമായി ബന്ധപെടുക. മാത്യു ഡാനിയൽ, 122 Straw, Irvine, CA 92618, email matdaniel@hotmail.com)




KALYAN JEWELLERS
PRESENTS
Exclusively on
pravasi CHANNEL HD
A 24 Hr Channel Available on All Streaming Devices and All Smart TV's
Jingle Bells ChoirFest
Every Day from Dec 20th, 2024 to Jan 30th, 2025
10am | 2 | 5 | 8 & 11pm US EST
India's Iconic Jewellery Brand KALYAN JEWELLERS
NOW IN NEW JERSEY
MUHURAT WEDDING COLLECTIONS
LARGEST COLLECTION IN GOLD, DIAMOND, POLKI, PRECIOUS & UNCUT JEWELLERY
SPACIOUS SHOWROOM
1339 OAK TREE ROAD, ISELIN, NJ 08830
380+ BRANCHES SPREAD ACROSS USA, INDIA & MIDDLE EAST
WWW.KALYANJEWELLERS.NET | FOLLOW US ON

# നമുക്ക് മുമ്പെ നടന്ന പിതാക്കന്മാരുടെ ദീർഘവീക്ഷണത്തിന്റെയും നിസ്വാർത്ഥസേവനങ്ങളുടെയും സമസ്ത ഫലങ്ങളാണ് നാമിന്ന് അനുഭവിക്കുന്നത് : മാർ നിക്കോളാവോസ്



(വർഗീസ് പോത്താനിക്കാട്)


ഡിസമ്പർ 14 ശനിയാഴ്ച ന്യൂയോർക്ക് ചെറിലൈൻ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്ൾസ് ദേവാലയത്തിൽ മാർ ബർണബാസ് മെത്രാപ്പോലീത്തയുടെയും വന്ദ്യ ഡോ. പിഎസ് സാമുവേൽ കോറെപ്പിസ്കോപ്പയുടെയും ഓർമ്മ കുർബാനയോടനുബന്ധിച്ചു നടന്ന അനുസ്മരണ സമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു അഭിവന്ദ്യ സെക്കറിയ മാർ നിക്കോളാവോസ് മെത്രാപ്പോലീത്താ. മലങ്കര ഓർത്തഡോക്ൾസ് സഭയുടെ അമേരിക്കൻ ഭദ്രാസനങ്ങളുടെ മെത്രപ്പോലീത്തയായിരുന്ന ഭാഗ്യസ്മരണാർഹനായ മാത്യൂസ് മാർ ബർണബാസ് തിരുമേനിയുടെ 12)0 ദുഖ്റോനയും, അമേരിക്കയിൽ പല പ്രദേശങ്ങളിലും ഓർത്തഡോക്ൾസ് ആരാധനാലയങ്ങൾ ആരംഭിക്കുന്നതിന് മുൻകൈ എടുക്കുകയും, അവയുടെ വളർച്ചക്ക് അക്ഷീണം അധ്വാനിക്കുകയും ചെയ്ത വന്ദ്യ ഡോക്ടർ പിസ് സാമുവേൽ കോറെപ്പിസ്കോപ്പയുടെ ഒന്നാം ചരമവാർഷീകവും സംയുക്തമായി കൊണ്ടാടുകയായിരുന്നു.

ബർണബാസ് തിരുമേനിയുടെ നിസ്വാർത്ഥമായ അധ്വാനവും, കാപട്യമില്ലാത്ത ആത്മീയ ജീവിതചര്യയും എക്കാലവും അദ്ദേഹത്തെ വേറിട്ട വ്യക്തിത്ത്വമാക്കി നിറുത്തിയിരുന്നു. തിരുമേനിയുടെ ദൈവസാന്നിത്യബോധവും, അവയെ പ്രതിഫലിപ്പിക്കുന്നതിലും, പ്രസരിപ്പിക്കുന്നതിലും കാണിച്ചിരുന്ന വ്യഗ്രതയും യുവജനങ്ങളെ വൈദീകവൃത്തിയിലേക്കു ആകർഷിക്കുന്നതിന് വഴിതെളിച്ചു.

അമേരിക്കൻ ഭദ്രാസനങ്ങളുടെ വളർച്ചക്കും ഉയർച്ചക്കും കരുത്തുറ്റ നേതൃത്വം വഹിക്കുകയും, ആത്മാർത്ഥമായി പ്രവർത്തിക്കുകയും, ഉദാരമായ സംഭാവനകൾ നൽകുകയും ചെയ്ത സാമുൽ അച്ചനെ നന്ദിയോടെ സ്മരിക്കുന്നു. സമകാലികരായ ഈ പിതാക്കന്മാരുടെ സത്കർമങ്ങൾ തലമുറകൾക്കു മാതൃകയും പ്രചോദനവും ആയിരിക്കും . ഇവരുടെയെല്ലാം പ്രാർഥനയുടെയും മധ്യസ്ഥതയുടെയും സത്ഫലങ്ങളാണ് നാമിന്ന് അനുഭവിക്കുന്നത് എന്നു മാർ നിക്കോളാവോസ് കൂട്ടിച്ചേർത്തു.

ചെറി ലൈൻ സെറ്റ് ഗ്രീഗോറിയോസ് പള്ളി വികാരി ഫാ. ഗ്രിഗറി വർഗീസ് നേതൃത്വം നൽകിയ യോഗത്തിൽ സ്റ്റാറ്റൻ ഐലൻഡ് സെൻറ് ജോർജ്ജ് പള്ളി വികാരി വന്ദ്യ പൗലോസ് ആദായി കോറെപ്പിസ്കോപ്പാ, സെൻറ് മേരീസ് പള്ളി വികാരി ഫാ. ജോൺ തോമസ്, ഡീക്കൻ റോബി ആന്റണി, കോശി ജേക്കബ്, ജിജോ കോശി, ആൻസി എബ്രഹാം, കെഎസ് വർഗീസ്, വർഗീസ് പോത്താനിക്കാട് എന്നിവർ മാർ ബർണബാസ് തിരുമേനിയെയും, പിഎസ് സാമുവേൽ

കോറെപ്പിസ്ക്കോപ്പായെയും അനുസ്മരിച്ചുകൊണ്ട് സംസാരിച്ചു.



## അഭി. മാത്യൂസ് മാര് ബര്ണബാസ് മെത്രാപ്പോലീത്ത

1992 മുതല് 2009 വരെയുള്ള കാലഘട്ടത്തില് അമേരിക്ക മെത്രാസനത്തിന്റെ സമഗ്രമായ വളര്ച്ചയ്ക്ക് മുഖ്യപങ്കാളിത്തം വഹിച്ചു. 2009 ഏപ്രിലില് ആരംഭിച്ച നോര്ത്ത് ഈസ്റ്റ് അമേരിക്ക മെത്രാസനത്തിന്റെയും പ്രഥമ മെത്രാപ്പോലീത്താ ആയിരുന്നു അഭിവന്ദ്യ തിരുമേനി. 2009-ല് മട്ടന്ടൗണില് 3 ഏക്കര് സ്ഥലം വാങ്ങുകയും 8000 സ്ക്വയര് ഫീറ്റില് അരമന പണിയുകയും ചെയ്തു. 2010 സെപ്റ്റംബറില് മെത്രാസന ആസ്ഥാനം പുതിയ അരമനയില് ആരംഭിച്ചു. അങ്കമാലി, കോട്ടയം മെത്രാസനങ്ങളുടെ സഹായ മെത്രാപ്പോലീത്തായായും പ്രവര്ത്തിച്ചിട്ടുണ്ട്. കേരളത്തിലെ വിവിധ മെത്രാസനങ്ങളിലായി 14 വര്ഷവും, അമേരിക്കന് മെത്രാസനത്തില് 19 വര്ഷവും ഇടയപരിപാലനം നടത്തി. ഇംഗ്ലീഷിലും മലയാളത്തിലുമായി 22-ല് അധികം ഗ്രന്ഥങ്ങള് പ്രസിദ്ധീകരിച്ചു. ''വി. കുര്ബ്ബാനയുടെ ലഘുപഠനം'' എന്ന കൃതിയാണ് ആദ്യഗ്രന്ഥം

പെരുമ്പാവൂര് വെങ്ങോല, തോമ്പ്രാ-കല്ലറയ്ക്കപറമ്പില് കുരുവിളയുടെയും മറിയാമ്മയുടെയും മകനായി 1924 ഓഗസ്റ്റ് 9-ന് കെ. കെ. മാത്തുക്കുട്ടി ജനിച്ചു. കുറുപ്പംപടി എം.ജി.എം. സ്കൂളില് ഹൈസ്കൂള് വിദ്യാഭ്യാസം പൂര്ത്തിയാക്കി. പണ്ഡിതനും പ്രസംഗകനുമായിരുന്ന പിതൃസഹോദരന് ഫാ. കെ. പി. പൗലോസിന്റെ പ്രേരണയാലും, സഹോദരിയും കിഴക്കമ്പലം ദയറാ അംഗവുമായിരുന്ന സിസ്റ്റര് മേരിയുടെ ജീവിതം പ്രചോദിപ്പിച്ചതിനാലും സന്യാസ ജീവിതം തിരഞ്ഞെടുത്തു. കോട്ടയം സി.എം.എസ്. കോളേജില് നിന്നും ഇന്റര്മീഡിയറ്റ് പാസായി. മദ്രാസ് ക്രിസ്ത്യന് കോളേജില് നിന്നും ബി.എസ്.സി-യും ഒസ്മാനിയാ സര്വ്വകലാശാലയില് നിന്നും എം.എ-യും സെറാമ്പൂര് സര്വ്വകലാശാലയില് നിന്നും ബി.ഡി-യും കരസ്ഥമാക്കി. ജബല്പൂര് ലീയോനാര്ഡ് തിയോളജിക്കല് കോളേജില് ഗ്രീക്കു ഭാഷയില് ഉപരിപഠനവും നടത്തി.

പ. ബസേലിയോസ് ഗീവറുഗീസ് ദ്വിതീയന് ബാവ തുരുത്തി സെന്റ് തോമസ് പള്ളിയില് വച്ച് 1943-ല് കോറൂയോ പട്ടം നല്കി. അഭി. ഔഗേന് മാര് തീമോത്തിയോസ് മെത്രാപ്പോലീത്താ മൂവാറ്റുപുഴ അരമന ചാപ്പലില് വച്ച് ശെമ്മാശുപട്ടവും, 1951-ല് കശ്ശീശ്ശാ പട്ടവും നല്കി. കടമറ്റം സെന്റ് ജോര്ജ് പള്ളിയില് പ്രഥമ ബലിയര്പ്പിച്ചു. കുറുപ്പംപടി എം.ജി.എം. ഹൈസ്കൂളിലും, കോട്ടയം എം.ഡി. ഹൈസ്കൂളിലും അദ്ധ്യാപകനായിരുന്നു. സെക്കന്തരാബാദ്, വളയംചിറങ്ങര, കല്ക്കട്ട, ജബല്പൂര്, വെല്ലൂര് എന്നിവിടങ്ങളില് വൈദിക ശുശ്രൂഷ നിര്വ്വഹിച്ചു. 1967 മുതല് 1972 വരെ ഓര്ത്തഡോക്സ് വൈദിക സെമിനാരിയില് ഗ്രീക്ക്, സഭാചരിത്രം, കൗണ്സലിംഗ് വിഷയങ്ങളില് അദ്ധ്യാപകനായും വാര്ഡനായും പ്രവര്ത്തിച്ചു. തുടര്ന്ന് 1972 മുതല് 1977 വരെ കോലഞ്ചേരി മെഡിക്കല് മിഷന് ആശുപത്രി ചാപ്ലയിനായി.

1977 മെയ് 16-ന് മാവേലിക്കരയില് നടന്ന അസ്സോസിയേഷന് 54-ാം വയസില് മേല്പട്ട സ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. 1977 ഓഗസ്റ്റില് റമ്പാനായി. 1978 മെയ് 15-ന് പഴഞ്ഞി പള്ളിയില് വച്ച് പ. ബസേലിയോസ് മാര്ത്തോമ്മാ മാത്യൂസ് പ്രഥമന് ബാവാ തിരുമേനി മാത്യൂസ് മാര് ബര്ണബാസ് എന്ന നാമത്തില് എപ്പിസ്കോപ്പയാക്കി. 1981 ഫെബ്രുവരിയില് മെത്രാപ്പോലീത്താ ആയി. 1982 ജൂണ് 1-ന് രൂപീകരിച്ച ഇടുക്കി മെത്രാസനത്തിന്റെ പ്രഥമ ഇടയനായി നിയമിതനായി. മെത്രാസനത്തിലെ എല്ലാ ഭവനങ്ങളും സന്ദര്ശിച്ചു. കുങ്കിരിപ്പെട്ടിയില് അരമന നിര്മ്മിച്ചു. നെറ്റിത്തൊഴുവില് ഒരു മെഡിക്കല് സെന്റര് ആരംഭിച്ചു. മര്ത്തമറിയം വനിതാ സമാജം, ബാലികാ സമാജം, മദ്യവര്ജ്ജന ധാര്മ്മികോന്നത സമിതി, മലങ്കര സഭാ മാസിക എന്നിവയുടെ പ്രസിഡന്റ്, ദിവ്യബോധനം വൈസ് പ്രസിഡന്റ്, കോര്പറേറ്റ് കോളേജുകളുടെ മാനേജര് എന്നീ നിലകളില് സേവനം അനുഷ്ഠിച്ചു.


മലങ്കരസഭാ ചരിത്രത്തില് നിര്ണ്ണായകമായ നാഴികക്കല്ലായിരുന്നു സ്ത്രീകള്ക്ക് ഇടവക പൊതുയോഗത്തില് സംബന്ധിക്കുന്നതിനും, ഇടവകയുടെ വിവിധ ചുമതലകളിലേക്ക് തെരഞ്ഞെടുക്കുന്നതിനുമുള്ള അവകാശം ലഭ്യമാക്കി എന്നത്. 2007 ഫെബ്രുവരിയില് നടന്ന പരിശുദ്ധ എപ്പിസ്കോപ്പല് സുന്നഹദോസില് ഈ വിഷയം അവതരിപ്പിച്ചത് അഭിവന്ദ്യ ബര്ണബാസ് തിരുമേനിയായിരുന്നു. ''മലങ്കര സഭയിലെ സ്ത്രീശാക്തീകരണത്തിന്റെ പ്രയോക്താവ്'' എന്ന് അഭിവന്ദ്യ പിതാവിനെ വിശേഷിപ്പിക്കുന്നതില് ഒട്ടും അതിശയോക്തിയില്ല.

മാത്യൂസ് മാര് ബര്ണബാസ് മെത്രാപ്പോലീത്തായുടെ ജീവിത ലാളിത്യവും വിശുദ്ധിയും അനേകരെ ആകര്ഷിച്ചു. സമ്പന്നതയില് വിരാജിക്കുന്ന അമേരിക്കന് നാടുകളില് ദീര്ഘകാലം താമസിച്ചിട്ടും തടിക്കുരിശും വടിയും പിടിച്ച് സ്നേഹത്തിന്റെ ദിവ്യദൂത് പകര്ന്ന അദ്ദേഹം അമേരിക്കയിലെ വിശ്വാസസമൂഹത്തിന്റെ ഹൃദയം കീഴടക്കി. പ്രത്യേകിച്ച് യുവാക്കളുടെ മനസുകളില് നിര്ണായകമായ സ്വാധീനം ചെലുത്തുകയും, നിരവധി ചെറുപ്പക്കാര് സഭയുടെ വൈദികരായി ശുശ്രൂഷയിലേക്ക് പ്രവേശിക്കുകയും ചെയ്തു. 2011-ല് അമേരിക്കയില് നിന്ന് തിരികെ പോരുമ്പോള് ശുശ്രൂഷാകാലത്ത് ലഭിച്ച മുഴുവന് തുകയും നോര്ത്ത് ഈസ്റ്റ് അമേരിക്ക

മെത്രാസനത്തിന് നല്കി. കേരളത്തിലെത്തിയ തിരുമേനി തന്റെ വിശ്രമജീവിതം ചെലവഴിക്കുവാന് കോട്ടയം പാമ്പാടി ദയറാ തെരഞ്ഞെടുത്തു. 2012 ഡിസംബർ 9-ന് 88-ാം വയസില് ഇഹലോകത്തില് നിന്നും യാത്രയായി.

## വെരി റവ. ഡോക്ടർ പി. എസ്. സാമുവൽ കോർ എപ്പിസ്കോപ്പാ

മലങ്കര ഓർത്തഡോക്സ് സഭയിലും മറ്റിതര മേഖലകളിലും തനതായ പ്രവർത്തന ശൈലി കൊണ്ട് വ്യക്തിമുദ്ര പതിപ്പിച്ച പി. എസ്. സാമുവൽ അച്ചൻറെ ജനനം 1927 ഫെബ്രുവരി 27ന് പത്തനംതിട്ടയിൽ മെഴുവേലി പെരുംകുന്നിൽ കുടുംബത്തിൽ ആയിരുന്നു. ചെറിയാൻ ശോശാമ്മ ദമ്പതികളുടെ മകനായി ജനിച്ച സാമുവൽ, പിന്നീട് അറിയപ്പെടുന്ന ഗവേഷകൻ, ഗ്രന്ഥകാരൻ, പ്രഭാഷകൻ, ആത്മീയ ഗുരു, സാമൂഹ്യ പ്രവർത്തകൻ എന്നീ നിലകളിൽ പ്രസിദ്ധിയാർജിച്ചു. മെഴുവേലി പ്രൈമറി സ്കൂൾ, P.E സ്കൂൾ എന്നിവിടങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസം, ചങ്ങനാശ്ശേരി സെന്റ് ബർഗ്മെൻറ് കോളേജിൽ ഇന്റർമീഡിയറ്റ്, മദ്രാസ് ക്രിസ്ത്യൻ കോളേജിൽ നിന്ന് ആടഇ, ന്യൂയോർക്ക് തിയോളജിക്കൽ സെമിനാരിയിൽ നിന്ന് തിയോളജിയിൽ മാസ്റ്റേഴ്സ്, ന്യൂയോർക്ക് യൂണിവേഴ്സിറ്റിയിൽ നിന്ന് ബയോളജിയിൽ മാസ്റ്റേഴ്സ് ഇവ നേടി. 1954 ൽ ആയിരുന്നു സാമുവൽ അച്ചൻ ആദ്യമായി ഉപരിപഠനാർത്ഥം അമേരിക്കയിൽ എത്തിയത്. തന്റെ 75മത്തെ വയസ്സിൽ ആണ് അച്ചൻ സെന്റ് വ്ലാദിമിർ സെമിനാരിയിൽ നിന്നും തിയോളജിയിൽ ഡോക്ടറേറ്റ് എടുത്തത്. പഠന കാര്യങ്ങളിൽ അതീവ തല്പരനായിരുന്ന അച്ചൻ, വിദ്യാഭ്യാസരംഗത്തെയും വിദ്യാർത്ഥികളെയും അമിതമായി സ്നേഹിച്ചിരുന്നു എന്നത് യാദൃശ്ചികം അല്ല. വിദ്യ അഭ്യസിക്കുന്നതിൽ എന്നപോലെ വിദ്യ അഭ്യസിപ്പിക്കുന്നതിലും അച്ചൻ മികവ് തെളിയിച്ചു. പത്തനംതിട്ട കാതോലിക്കേറ്റ് ഹൈസ്കൂൾ, കിഴവള്ളൂർ സെന്റ് ജോർജ് മിഡിൽ സ്കൂൾ, പത്തനംതിട്ട മെട്രോപോളിറ്റൻ ഹൈസ്കൂൾ എന്നിവിടങ്ങളിൽ അധ്യാപകനായി പ്രവർത്തിച്ചു. കൂടാതെ, 1956-57 കാലഘട്ടത്തിൽ കോട്ടയം ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയിൽ അധ്യാപകനായും, 1957-60 കാലഘട്ടത്തിൽ കാതോലിക്കേറ്റ് കോളജിൽ ലക്ചററായും, ബയോളജി ഡിപ്പാർട്ട്മെൻറ് മേധാവിയായും പ്രവർത്തിച്ചു. പിന്നീട് 1960ൽ നൈജീരിയയിലേക്ക് കുടിയേറിയ അച്ചൻ ഇബാഡം ഗ്രാമർ സ്കൂളിൽ സീനിയർ സയൻസ് മാസ്റ്റർ ആയി തുടങ്ങി, ഇബാഡം യൂണിവേഴ്സിറ്റിയിലെ ബയോളജി പ്രൊഫസറും, faculty ചെയർമാനും ഒക്കെയായി തീർന്നു.



അച്ചൻറെ നൈജീരിയയിലെ 25 വർഷത്തെ സജീവ പ്രവർത്തനകാലത്ത് തന്നെ ധാരാളം ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചു. ഈ സമയത്ത് ഓക്സ്ഫോർഡ്, മാക് മില്യൻ പ്രസിദ്ധീകരണങ്ങൾക്ക് വേണ്ടി 50ലേറെ ടെക്സ്റ്റ് ബുക്കുകൾ തയ്യാറാക്കി. ഇതിൽ നിന്നും റോയൽറ്റിയായി നല്ലൊരു തുക അച്ചന് ഇന്നും ലഭിച്ചുകൊണ്ടിരുന്നു.


അച്ചൻ ഡാനിയേൽ മാർ പീലക്സീനോസ് മെത്രാപ്പോലീത്തായിൽ നിന്നും 1954ൽ ശമ്മാശ പട്ടവും, പരിശുദ്ധ ഗീവർഗീസ് കാതോലിക്കാ ബാവായിൽ നിന്ന് 1963ൽ വൈദിക പട്ടവും സ്വീകരിച്ചു. പരിശുദ്ധ ബസേലിയോസ് മാർത്തോമ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവയിൽ നിന്ന് 1993ല് കോർ എപ്പിസ്കോപ്പാ സ്ഥാനവും ലഭിക്കുകയുണ്ടായി.

സാമുവൽ അച്ചൻറെ അമേരിക്കൻ ജീവിതം തികച്ചും സംഭവബഹുലമായ ഒരു തേരോട്ടം തന്നെ ആയിരുന്നു. 1985 മുതൽ അമേരിക്കയിലെ വിവിധ ദേവാലയങ്ങളിൽ സേവനം ആരംഭിച്ചു. അച്ചൻ മുൻകൈയെടുത്ത് പല സംസ്ഥാനങ്ങളിലായി പുതിയ ഇടവകകൾ രൂപീകരിക്കുകയും പിന്നീട് അവയെല്ലാം വലിയ ഇടവകകളായി മാറിയെന്നതും പ്രത്യേകം സ്മരിക്കേണ്ടിയിരിക്കുന്നു. ഒരേസമയം തന്നെ ഒന്നിൽ കൂടുതൽ ദേവാലയങ്ങളിൽ വികാരിയായി സേവനം അനുഷ്ഠിക്കാൻ കഴിഞ്ഞു എന്നത് സമൂഹത്തിൽ അച്ചൻറെ വൈവിധ്യമാർന്ന പ്രവർത്തനശേഷിയെ വിളിച്ചറിയിക്കുന്നു. ഭദ്രാസന കൗൺസിൽ അംഗം, സഭ മാനേജിംഗ് കമ്മിറ്റിയംഗം, ഭദ്രാസന പബ്ലിക് റിലേഷൻസ് ഓഫീസർ എന്നിങ്ങനെ അച്ചൻ പ്രവർത്തിക്കാത്ത മേഖലകളില്ല.

അവസാനമായി അച്ചൻ ന്യൂയോർക്കിലെ ചെറി ലൈനിലെ സെൻറ് ഗ്രിഗോറിയോസ് ചർച്ചിന്റെ വികാരിയായി തൻറെ ആത്മീയ ശുശ്രൂഷയും പൊതുപ്രവർത്തനവും അവസാനിപ്പിച്ചു. ചെറി ലൈൻ ഇടവകയുടെ രൂപീകരണം മുതൽ ഉണ്ടായിട്ടുള്ള ഉയർച്ചയിലും താഴ്ചയിലും എല്ലാം കൂടെ നിന്ന് ധീരമായ നേതൃത്വം നൽകി, അതിലെ വിശ്വാസികളുടെ ആത്മീയവും സാമൂഹികവുമായ വളർച്ചയ്ക്കും വഴിയൊരുക്കി എന്നത് ഓരോ ഇടവക അംഗത്തിന്റെയും സാക്ഷ്യം ആണ്.

ബഹുമാന്യനായ വന്ദ്യ സാമുവൽ കോർപ്പസ് കോപ്പ അച്ചൻറെ ജീവിതം, പ്രസ്ഥാനങ്ങളുടെ ഒരു സമാഹാരമായിരുന്നു എന്ന് പറയുന്നതിൽ തെറ്റില്ല. ഭൗതിക വീക്ഷണത്തിൽ വലിയ നേട്ടങ്ങൾ കൈവരിച്ചന്നോ, സ്ഥാനമാനങ്ങളും, അവാർഡുകളും, എല്ലാം വാരിക്കൂട്ടി എന്ന് പറയുമ്പോഴും, തന്റെ ശിഷ്ടായുസ്സ് ഒരു വൈദികനായി ജീവിച്ച് ദൈവ സന്നിധിയിലേക്ക് ചേരുവാൻ കാണിച്ച അച്ചൻറെ ദർശനവും സമർപ്പണവും ഏറ്റവും അനുകരണീയമാണ്. കുടുംബജീവിതത്തിനും ബന്ധങ്ങൾക്കും വളരെയധികം മുൻതൂക്കം കൊടുത്തിരുന്നു .


KALYAN
JEWELLERS
NEW JERSEY
KALYAN
JEWELLERS
INDIA'S ICONIC
JEWELLERY BRAND IS
NOW IN THE
USA
MUHURAT WEDDING
COLLECTIONS
LARGEST COLLECTION
IN
GOLD, DIAMOND, POLKI,
PRECIOUS & UNCUT JEWELLERY
SPACIOUS
SHOWROOM
OAK TREE ROAD, ISELIN, NJ 08830
380+ BRANCHES SPREAD ACROSS USA, INDIA & MIDDLE EAST
WWW.KALYANJEWELLERS.NET | FOLLOW US ON



MALABAR
GOLD & DIAMONDS
mine
DIAMOND
FESTIVAL
FREE
CASH VOUCHERS
FREE USD 50 CASH VOUCHER ON
EVERY USD 1,500 WORTH DIAMOND &
PRECIOUS GEM JEWELLERY PURCHASE
*T & C Apply
100%
100%
VALUE ON DIAMOND
EXCHANGE
Valid until 5th January, 2025
only
NATURAL
DIAMONDS
Natural Diamond Council




ഇ-മലയാളി സംഘടിപ്പിച്ച ആദ്യ കവിതമത്സരത്തിൽ ഒന്നാം സമ്മാനം രാധാകൃഷ്ണൻ കാര്യക്കുളവും ഷിനിൽ പുന്നൂരും പങ്കിട്ടു.

1. രാധാകൃഷ്ണൻ കാര്യക്കുളം: നിന്നോടെനിക്കിഷ്ടമാണ്
2. ഷിനിൽ പൂന്നൂർ: മുഖംമൂടി

രണ്ടാം സമ്മാനം രമ പ്രസന്ന പിഷാരടി: കോവഡ ഇരിയ'യിലെ ഇടയക്കുട്ടികൾ

**ജൂറി അവാർഡ് വിജയികൾ**

1. ശ്രീലേഖ: വീട്ടിലേക്കുള്ള വഴി
2. ആനന്ദവല്ലി ചന്ദ്രൻ: വൈഡൂര്യമാലകൾ
3. വേണുനമ്പ്യാർ: ഈ നിമിഷം
4. രാജരാജേശ്വരി: ഉഷസെ, സ്വസ്തി

ഒന്നാം സമ്മാനം 10,000 രൂപ രണ്ടു വിജയികൾക്കായി പങ്കിട്ട് നൽകും. രണ്ടാം സമ്മാനം 5000 രൂപ. എഴുത്തുകാരായ ജോസ് ചെരിപുറം, സരോജാ വർഗീസ് എന്നിവരാണ് അവാർഡ് സ്പോൺസർ ചെയ്തത്.

അവാർഡുകൾ ജനുവരി 11 നു കൊച്ചി ഗോകുലം പാർക്ക് കൺവൻഷൻ സെന്ററിൽ വൈകിട്ട് 5 മണിക്ക് നടക്കുന്ന സമ്മേളനത്തിൽ നൽകും.

ATTORNEY AT LAW
VINOD KEARKE



- Accident Cases
- Criminal matters
- Real Estate
- Matrimonial
- Landlord/Tenant
- Immigration
- Wills and Estates

1611 Hillside Ave, New Hyde Park, NY 11040
Phone: 516 326 3350; 516 621 5381
Fax: 516 326 3353, Cell: 616 633 5208

# ന്യൂ യോർക്ക് മലയാളി ലത്തീൻ കത്തോലിക്കർ ക്രിസ്തുമസ് – നവവത്സരം ആഘോഷിച്ചു



ന്യൂ യോർക്ക് – ലോങ്ങ് ഐലൻഡ് പ്രദേശത്തെ ലാറ്റിൻ ആരാധനക്രമം പിന്തുടരുന്ന മലയാളി കത്തോലിക്കർ ക്രിസ്തുമസ് – നവവത്സരം ആഘോഷിച്ചു. പോയ വർഷത്തെ നേട്ടങ്ങളെയും കോട്ടങ്ങളെയും നന്മ-തിന്മകളെയും പ്രതിബിംബനം ചെയ്യുന്നതിനും ലഭിച്ച അനുഗ്രഹങ്ങൾക്ക് സർവ്വശക്തനോട് നന്ദി പറയുന്നതിനും തുടർന്ന് കൂട്ടായ്മയുടെ സന്തോഷത്തോടെ, ശുഭപ്രതീക്ഷയോടെ പുതുവർഷത്തിനു വരവേൽക്കുവാനും ഈ ആഘോഷാവസരം വേദി നൽകി.

ഡിസംബർ മുപ്പത്തിയൊന്നിന് ക്യൂൻസിലെ ഫ്ലോറൽ പാർക്ക് ഔർ ലേഡി ഓഫ് ദി സ്നോസ് പള്ളിയിൽ വൈകീട്ട് ആറര മുതൽ തികച്ചും ആല്മസംയമനവും ധ്യാനനിഷ്ഠയും ആല്മപ്രതിഫലനവും നൽകുന്നതായിരുന്നു ബ്രുക്ലിൻ രൂപതയുടെ ഇന്ത്യൻ ലാറ്റിൻ മിനിസ്ട്രി കോഓർഡിനേറ്റർ ഫാ. റോബർട്ട് അമ്പലത്തിങ്കലും, അമേരിക്കയിലെ ഏക മലയാളി ഡീക്കനായ ടിം ഗ്ലാഡ്സണും ചേർന്ന് നയിച്ച ആരാധന. തുടർന്ന് ഫാ. റോബെർട്ടിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലി. ഔർ ലേഡി ഓഫ് ദി സ്നോസ് മലയാളി ഗായകസംഘത്തിനു, അറിയപ്പെടുന്ന ഇൻസ്ട്രുമെന്റൽ മ്യൂസിക് ഗുരു തങ്കകുട്ടൻ ക്ലെമെന്റും അലോഷ്യസ് ആറുകാട്ടിലും ഭക്തിനിർഭരമായ പാട്ടുകൾക്ക് നേതൃത്തം നൽകി. സമൂഹവിഭാഗത്തിലെ മൂന്നു വയസ്സു മുതലുള്ള കൊച്ചു കുട്ടികൾ പഠിച്ചു പ്രാക്ടീസ് ചെയ്ത 'ഒന്നു വിളിച്ചാൽ ഓടിയെന്റെ അരികിലെത്തും .....' എന്ന് തുടങ്ങുന്ന ഭക്തിഗാനം എല്ലാവരുടെയും അഭിനന്ദനങ്ങൾ പിടിച്ചുപറ്റി. 2024-ൽ രൂപതയുടെ കീഴിൽ കമ്മ്യൂണിറ്റിക്കു വേണ്ടി വളരെ ആല്മാർത്ഥമായും കാര്യക്ഷമമായും പ്രവർത്തിച്ച കമ്മിറ്റിയംഗങ്ങൾ പ്രീജിത് പൊയ്യത്തുരുത്തി, സജിത്ത് പനക്കൽ, ജൂഡ് കുറ്റിക്കാട്ട്, ടോം അജിത് ആന്റണി, ടിങ്കിൾ മരിയ ബെനെഡിക്റ്റ, വിനയ രാജുലാൽ, അലെൻ അലക്സ്, നിർമൽ മരക്കാശേരി എന്നിവർക്ക് ഫാ. റോബർട്ട് വിലമതിപ്പു പ്രകടിപ്പിക്കുകയും അഭിനന്ദിക്കുകയും ചെയ്തു.



തുടർന്നുള്ള സമയം പള്ളിയോടനുബന്ധിച്ചുള്ള ബിഷപ് ചപ്പേറ്റോ ഹാളിൽ നവവത്സരത്തെ സ്വാഗതം ചെയ്യുവാനുള്ള ആഘോഷകരമായ കാത്തിരിപ്പായിരുന്നു. സ്വാദിഷ്ടമായ അത്താഴ ഭക്ഷണശേഷം ഡീക്കൻ ടിം ഗ്ലാഡ്സന്റെ മോഡറേഷനിൽ, അലോഷ്യസ് ആട്ടുകട്ടിലിന്റെ പ്രാത്ഥനാഗാനത്തോടെ എല്ലാ തലമുറക്കാരുടെയും കലാപരിപാടികൾ നടന്നു. സിന്ധു, നിധിൻ, എന്നിവർ മേരി, ജോസഫ്മാരായും അവരുടെ കുഞ്ഞ് ഉണ്ണിയീശോ ആയും അവതരിപ്പിക്കപ്പെട്ട നേറ്റിവിറ്റി ടാബ്ലോ, ജോൺ പനക്കലിന്റെ വെൻട്രിലോകിസം, അലീന

ടോം-ടിങ്കിൾ മരിയ ബെനെഡിക്റ്റ-വിനയ രാജുലാൽ മാരുടെ നൃത്തവും, ഡോ. സെലിൻ പൗലോസിന്റെ ശാസ്ത്രീയ നൃത്തവും, നീതു പ്രീജിത്, ക്രിസ്റ്റീന റിജിത്, നിമി സജിത്, റോസ് പനക്കൽ, ഡോണ പനക്കൽ, ആൻ മേരി നിധിൻ, എന്നിവരുടെ ഗ്രൂപ് ഡാൻസും, ടോം അജിത് ആന്റണി-അലീന ടോം, ടിങ്കിൾ, വിനയ എന്നിവരുടെ ഗാനങ്ങളും ഗ്രേസ് പനക്കൽ, കെയ്റ്റ് പൊയ്യത്തുരുത്തി, ലിയാം ശങ്കൂരിക്കൽ, ഇഷാൽ പനക്കൽ, റോവൻ പനക്കൽ, ലൗറൽ പൊയ്യത്തുരുത്തി, ഹേസൽ പൊയ്യത്തുരുത്തി, ഏവ നിധിൻ, റേച്ചൽ പൊയ്യത്തുരുത്തി എന്നീ ബാലികാബാലന്മാരുടെ കൗതുകം നൽകിയ നൃത്തവും സദസ്സിനെ രസിപ്പിച്ചു. നിഷ ജൂഡിന്റെ മാർഗ്ഗനിർദ്ദേശത്തിൽ മേരി പനക്കൽ, സിലിയ നരികുളം, ബീറ്റാ അജിത്, റീറ്റ ജോയ്, ലിറ്റി അലക്സ്, മേയോ ഡേവിഡ്, സ്മിതാ സെൽവിൻ, സിതാര കൊടകുത്തുംപറമ്പിൽ, സുമി ടെറൻസ്, മെൽബ സേവ്യർ, ഷീബ ഗ്ലാഡ്സൺ, നിഷാ ജൂഡ്, ബിജി ആന്റണി,  എന്നിവരും ടെറൻസ് ജോസഫ്, രഞ്ജിത്ത് പനക്കൽ, അജിത് കുമാർ, നിധിൻ നരികുളം, നിർമൽ സെൽവിൻ, ശരത് ശങ്കൂരിക്കൽ, ബിജോയ് കോടകുത്തുംപറമ്പിൽ, റെഹാൻ പൊയ്യത്തുരുത്തി, പ്രീജിത് പൊയ്യത്തുരുത്തി, എബി പൗലോസ്, ഫാ. റോബർട്ട് അമ്പലത്തിങ്കൽ എന്നിവരും ഫാഷൻ പരേഡിൽ പങ്കെടുത്തു.  അലൻ അലക്സ് പരിപാടികളുടെ എം സി ആയിരുന്നു. കൃത്യം പന്ത്രണ്ടു മണിക്ക് പരസ്പരം പുതുവത്സരാശംസകൾ നൽകി സംഗീതത്തിന്റെയും ഡാന്സിന്റെയും അകമ്പടിയോടെ സമൂഹം പുതുവര്ഷത്തിലേക്കു നീങ്ങി.

ന്യൂ യോർക്ക്-ലോങ്ങ് ഐലൻഡ് പ്രദേശത്തെ ഇടവകകളിലെ ഇന്ത്യക്കാരുടെ ഭാഷാ-സാംസ്കാരിക പിന്തുണയ്ക്കു വേണ്ടി ബ്രുക്ലിൻ രൂപത രൂപീകരിച്ച ഇന്ത്യൻ ലാറ്റിൻ അപ്പോസ്തലേറ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന മലയാളി റോമൻ കത്തോലിക്കർ മൂന്നു ദശകത്തോളമായി ഔർ ലേഡി ഓഫ് ദി സ്നോസ് പള്ളിയിൽ സജീവമാണ്. ഇടവകയുടേതായി എല്ലാ ഞായറാഴ്ചകളിലും വൈകീട്ട് അഞ്ചു മണിക്ക് മലയാളം ദിവ്യബലിയും എല്ലാ രണ്ടാമത്തെ ശനിയാഴ്ചയും പുതുതായുണ്ടാക്കിയ ഈ പള്ളിയിൽ ദിവ്യബലിക്കുശേഷം ബിഷപ് ചപ്പേറ്റൊ ഹാൾ എന്നറിയപ്പെടുന്ന പാരിഷ് ഹാളിൽ സാമൂഹ്യ-സൗഹൃദ സമ്മേളനവും നിർവിഘ്നം നടക്കുന്നു. മുഖ്യധാരാ ആല്മീയ സമൂഹത്തിന്റെ ഭാഗമായി വളരുമ്പോളും തങ്ങളുടെ പൈതൃകവും ഭാഷ-സംസ്ക്കാര തനിമയെ കുട്ടികളിൽ ക്രമേണ പങ്കുവയ്ക്കുന്നതിനും ഈ കൂട്ടായ്മക്ക് കഴിയുന്നുണ്ട്.

പോൾ ഡി പനയ്ക്കൽ









DISCOVER
BRILLIANCE
At the
Joyalukkas
DIAMOND
FEST
Buy diamond jewellery worth
USD 1500 & ABOVE
GET 1 GM
22 KT GOLD COIN
Buy diamond jewellery worth
USD 1000 & ABOVE
GET 0.5 GM
22 KT GOLD COIN
100% VALUE
ON OLD GOLD EXCHANGE
100% VALUE
ON DIAMOND EXCHANGE
*Terms and Conditions Apply
Offer valid until 12th Jan. 2025
joyalukkas.com
Joyalukkas
World's favourite jeweller
ATLANTA
3155 PEACHTREE PKWY, SUWANEE GA 30024, USA, TEL: +1 470 835 6136
NEW JERSEY
1665 OAK TREE ROAD, SUIT #325, EDISON, NEW JERSEY. TEL: +1 732 515 9902
HOUSTON
5901 HILCROFT AVENUE, #C7-A, HOUSTON, TEXAS. TEL: +1 713 784 2992
CHICAGO
2642 WEST DEVON AVENUE, CHICAGO, ILLINOIS. TEL: +1 773 856 3013
DALLAS
7055 PRESTON ROAD FRISCO, DALLAS, TEXAS - 75034. TEL: +1 972 292 9936

# ഡോ. മൻമോഹൻ സിംഗിന്റെ നിര്യാണത്തിൽ ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് അനുശോചിച്ചു



**സതീശൻ നായർ**

ചിക്കാഗോ: ഇന്ത്യയിൽ സാമ്പത്തിക ഉദാരവത്കരണത്തിന് വാതിൽ തുറന്ന ധനകാര്യ വിദഗ്ധനും, മുൻ പ്രധാന മന്ത്രിയും, കോൺഗ്രസ് നേതാവുമായിരുന്ന ഡോ. മൻമോഹൻ സിംഗിന്റെ നിര്യാണത്തിൽ ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് യു.എസ്.എ കോരളാ ഘടകം അനുശോചനം അറിയിച്ചു.

പ്രസിഡന്റ് സതീശൻ നായരുടെ അദ്ധ്യക്ഷതയിൽ കൂടിയ അനുശോചന യോഗത്തിൽ ഐ.ഒ.സി ഭാരവാഹികളും, അനുഭാവികളും പങ്കെടുത്തു. നരസിംഹ റാവു സർക്കാരിൽ ധനമന്ത്രിയായിരുന്ന മൻമോഹൻ സിംഗ് സാമ്പത്തിക ഉദാരവത്കരണം, സ്വകാര്യവത്കരണം തുടങ്ങിയ പരിഷ്കാരങ്ങളിലൂടെ രാജ്യത്തിന്റെ സാമ്പത്തിക വ്യവസ്ഥ തന്നെ മാറ്റിമറിച്ചെന്ന് പ്രസിഡന്റ് തന്റെ അധ്യക്ഷ പ്രസംഗത്തിൽ എടുത്തുപറഞ്ഞു.

സാമ്പത്തിക വിദഗ്ധനിൽ നിന്നും രാഷ്ട്രീയ നേതാവായുള്ള ഡോ. മൻമോഹൻ സിംഗിന്റെ വളർച്ചയും വഴിമാറ്റവും ഇന്ത്യൻ രാഷ്ട്രീയത്തിന്റെ നാഴികകല്ലായിരുന്നുവെന്ന് ചെയർമാൻ തോമസ് മാത്യു പറഞ്ഞു.

കൂടാതെ തദവസരത്തിൽ മുൻ പ്രസിഡന്റ് ലീല മാരേട്ട്, മറ്റ് ഭാരവാഹികളും അനുഭാവികളുമായ ഡോ. ഈപ്പൻ ജേക്കബ്, ഉഷാ ജോർജ്, എം.വി. ജോർജ്, സന്തോഷ് കാപ്പിൽ, സതീഷ് നൈനാൻ, സജീവ്, ജോർജുകുട്ടി, ജോഫി മാത്യു, ചെറിയാൻ കോശി, ഏലിയാസ്, ജസ്റ്റിൻ ജേക്കബ്, ബാബു ചാക്കോ തുടങ്ങി നിരവധി പേർ അനുശോചനം അറിയിച്ചു.

ചടങ്ങിൽ ജനറൽ സെക്രട്ടറി സജി കരിമ്പന്നൂർ യോഗ നടപടികൾ ക്രമീകരിക്കുകയും, ഏവർക്കും നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

# ഇന്ത്യൻ ജേഴ്സി ലക്ഷ്യമിട്ട് ജിൻസിയും നജ്‌ലയും






**സനിൽ പി. തോമസ്**

ഞായറാഴ്ച ചെന്നൈയിൽ തുടങ്ങുന്ന ചാലഞ്ചർ ട്രോഫി വനിതാ ഏകദിന ക്രിക്കറ്റ് ടൂർണമെന്റ് രണ്ടു മലയാളി താരങ്ങൾക്കു നിർണ്ണായകമാണ്. ഇന്ത്യ 'ബി' ടീമിൽ കളിക്കുന്ന ജിൻസി ജോർജിനും ടീം 'സി' യിൽ കളിക്കുന്ന സി.എം.സി. നജ്‌ലയ്ക്കും. അഞ്ചു ടീമുകൾ പങ്കെടുക്കുന്ന ടൂർണ്ണമെന്റിൽ കേരളത്തിനു കളിക്കുന്ന ഇതര സംസ്ഥാന താരം അരുന്ധതി റെഡ്ഡി 'എ' ടീമിലുണ്ട്.

ദേശീയ ഏകദിന വനിതാ ക്രിക്കറ്റിൽ മധ്യപ്രദേശിനെ ചാമ്പ്യൻമാരാക്കുന്നതിൽ നിർണ്ണായ പങ്കുവഹിച്ച ഓപ്പണിങ്ങ് ബാറ്റർ ആണ് കൊല്ലം സ്വദേശിനി ജിൻസി. രണ്ടു സെഞ്ചുറികൾ(188, 109) ഉൾപ്പെടെ ഒൻപത് ഇന്നിംഗ്സിൽ നിന്ന് 454 റൺസ് നേടി ചാമ്പ്യൻഷിപ്പിലെ രണ്ടാമത്തെ മികച്ച ബാറ്റർ(ഷെഫലി വർമ 527 റൺസുമായി ഒന്നാമത്)ആയ ജിൻസിക്ക് ഇതു തിരിച്ചുവരവാണ്. 2019-20 ൽ തായ്‌ലൻഡും ബംഗ്ലാദേശും ഉൾപ്പെട്ട ക്വാഡ്രാങ്കുലറിൽ ഇന്ത്യ 'എ' യ്ക്കു കളിച്ച ശേഷം ആദ്യമായാണ് ജിൻസി ദേശീയ ശ്രദ്ധ നേടുന്നത്.

അണ്ടർ 16 തലം മുതൽ 17 വർഷം കേരളത്തിനു കളിച്ചശേഷമാണ് ജിൻസി മധ്യപ്രദേശിന്റെ അതിഥിതാരമായത്. ഈ മാറ്റം ഗുണം ചെയ്തു. മധ്യപ്രദേശ് ആദ്യമായി സീനിയർ(വനിതാ) തലത്തിൽ ക്രിക്കറ്റ് കിരീടം ചൂടി. നേരത്തെ അവർ അണ്ടർ 23, അണ്ടർ 19 വിഭാഗങ്ങളിലൊക്കെ മികവു കാട്ടിയിരുന്നു. ട്വന്റി 20 ടൂർണ്ണമെന്റിലും മധ്യപ്രദേശ് നിരയിൽ തിളങ്ങാൻ ജിൻസിക്കു സാധിച്ചു.

ബംഗാളിനെതിരെ നടന്ന കലാശപ്പോരാട്ടം ലിസ്റ്റ് എ വിഭാഗത്തിൽ ജിൻസിയുടെ നൂറാം മത്സരമായിരുന്നു. മുപ്പത്തിരണ്ടുകാരിയായ ജിൻസിയെ

സംബന്ധിച്ചിടത്തോളം ഇന്ത്യൻ ടീമിലെത്താൻ സുവർണ്ണാവസരമാണിത്.

ചാലഞ്ചേഴ്സ് കപ്പിൽ കൂടി മികവുകാട്ടിയാൽ ഈ ബാറ്ററെ തഴയാനാവില്ല.


ചെന്നൈയിൽ പാർട് ടൈം ജോലി ചെയ്ത് സൗത്ത് സോൺ അക്കാദമിയൽ പരിശീലനം നടത്തുന്ന ജിൻസിക്ക് ചെന്നൈ മത്സരവേദിയാകുന്നത് കൂടുതൽ ആത്മ വിശ്വാസം നൽകും.

മധ്യപ്രദേശിന്റെ ഹെഡ് കോച്ച് ചന്ദ്രകാന്ത് പണ്ഡിറ്റും കോച്ച് ശ്വേതയും തന്നിൽ അർപ്പിച്ച വിശ്വാസം കാത്തു സൂക്ഷിക്കുവാൻ ജിൻസിക്കു കഴിഞ്ഞു. കായികക്ഷമത മെച്ചപ്പെടുത്താൻ സഹായിച്ച സാൻഡി എൻ നായരോടും മെന്റർ നിതിൻ നാങ്ങോത്തിനോടും ചെന്നൈയിലെ അക്കാദമി ഉടമകളായ രാജീവിനോടും സുൽത്താനോടും കോച്ച് പ്രശാന്തിനോടും ജിൻസി നന്ദി പറയുന്നു.

മലപ്പുറം സ്വദേശിനി സി.എം.സി. നജ്‌ലയെ സംബന്ധിച്ചിടത്തോളം ഇത് സീനിയർ തലത്തിലേക്കുള്ള ചുവടു വയ്പാണ്. ദക്ഷിണാഫ്രിക്കയിൽ അണ്ടർ 19 ട്വന്റി 20 ലോക കപ്പ് വിജയിച്ച ഇന്ത്യൻ ടീമിൽ അംഗമായിരുന്നു നജ്‌ല. ഇപ്പോൾ അണ്ടർ 23 സംസ്ഥാന ടീം നായികയാണ്. പോയ വർഷം സീനിയർ ട്വന്റി 20 ചാലഞ്ചർ കളിച്ചിരുന്നു. ദേശീയ സീനിയർ ട്വന്റി 20യിൽ അസമിനെതിരെ നേടിയ 74 റൺസ് ശ്രദ്ധിക്കപ്പെട്ടു. 12 വിക്കറ്റും ലഭിച്ചു. അതുവഴി അന്തർ മേഖലാ മത്സരങ്ങളിലും പങ്കെടുത്തു. അണ്ടർ 23 ൽ ദേശീയ തലത്തിൽ അഞ്ചു മത്സരങ്ങളിൽ 220 റൺസും 11 വിക്കറ്റും നേടി. ഡബ്ള്യൂ പി.എൽ. ടീം ബംഗ്ലൂരു റോയൽ ചലഞ്ചേഴ്സിന്റെ നെറ്റ് ബൗളർ ആയിരുന്നു. സീനിയർ തലത്തിൽ ചാലഞ്ചർ ട്രോഫിയിൽ മത്സരിക്കാനുള്ള അവസരം ഇന്ത്യൻ ടീമിലേക്കുള്ള കാൽ വയ്പായി മാറട്ടെയെന്ന് ആശംസിക്കാം.

നജ്‌ലയ്ക്കു പിന്നാലെ അണ്ടർ 19 ഇന്ത്യൻ ടീമിൽ വി.ജെ.ജോഷിതയും സ്ഥാനം നേടി. ഏഷ്യാ കപ്പ് ജയിച്ച ഇന്ത്യൻ ടീമിൽ അംഗമായിരുന്ന ജോഷിത മലേഷ്യയിൽ അണ്ടർ 19 ലോകകപ്പിനുള്ള ഇന്ത്യൻ ടീമിലും സ്ഥാനം നേടിയിട്ടുണ്ട്. ട്രയാങ്കുലറിൽ ഇന്ത്യ 'എ' ക്കു കളിച്ച ഈ വയനാട്ടുകാരി അണ്ടർ 19 സംസ്ഥാന ടീം നായികയാണ്. നജ്‌ലയ്ക്കും ജോഷിതയ്ക്കും വർഷങ്ങൾ ഏറെ ബാക്കിയുണ്ട്. ജിൻസിക്ക് ഇനിയുള്ള ഏതാനും വർഷങ്ങൾ നിർണ്ണായകമാണ്. ജിൻസിയുടെ നിശ്ചയദാർഢ്യവും സമർപ്പണവും ഫലം കാണട്ടെ.


USA - CANADA TOUR
MAY-JUNE 2025
STAR
ENTERTAINMENT
PRESENTS
cine
Star
Nite
2025
www.starentertainment.world
CONTACT: JOSEPH IDICULA 201-421-5303
JAMES GEORGE 973-985-8432 | BOBBY VARGHESE 201-669-1477


LIVE
Television Channels
Streaming of Events
'VOD' Video On Demand
Movies | Shows | Photos
Event Tickets
MediaAppUSA
One App for All Media Outlets
amazon fireTV
Amazon fireTV
ROKU
ROKU TV
tv
Apple TV
Google TV
GoogleTV
Samsung SMART TV
Samsung TV
LG Life's Good
LGTV
Panasonic
Panasonic
VIZIO
VIZIO TV
iPhone
Android
Download on the App Store
ANDROID APP ON Google play
Available in App Store or Google Store
Scan the QR Code for instant download
Download
'MediaAppUSA'

# എക്സൈസിന് വേറേ പണിയൊന്നുമില്ലേ, മന്ത്രി സജി ചെറിയാന് പുകവലി ഒരു മഹാപരാധമല്ല




**എ.എസ് ശ്രീകുമാർ**

ഇന്ത്യയിലെ പരമോന്നത നിയമമായ ഭരണഘടന 'കുന്തവും കുടച്ചക്രവു'മാണെന്ന് പറഞ്ഞ് അവഹേളിച്ച സി.പി.എമ്മിന്റെ മന്ത്രി സജി ചെറിയാൻ ഇപ്പോൾ കേരളത്തിലെ നിയമ വ്യവസ്ഥയെയും വെല്ലുവിളിച്ചിരിക്കുന്നു. യു പ്രതിഭ എം.എൽ.എയുടെ മകനെതിരായ കഞ്ചാവ് കേസിൽ എക്സൈസിന് നേരെയാണ് മന്ത്രിയുടെ കലിതുള്ളൽ. ''കുട്ടികൾ പുകവലിച്ചതിന് ജാമ്യമില്ല വകുപ്പ് ചുമത്തി. എഫ്.ഐ.ആർ ഞാൻ വായിച്ചതാണ്. അതിൽ മോശപ്പെട്ടത് ഒന്നുമില്ല. കൂട്ടംകൂടി പുകവലിച്ചു എന്നാണ് എഫ്.ഐ.ആറിൽ പറയുന്നത്. മോശപ്പെട്ട കാര്യം ചെയ്തെന്ന് പറഞ്ഞിട്ടില്ല. പുകവലിക്കുന്നത് മഹാ അപരാധമാണോ. ഞാനും പുകവലിക്കുന്നയാളാണ്...'' മന്ത്രി പറഞ്ഞു.

''പുക വലിച്ചെന്ന് എഫ്.ഐ.ആറിൽ ഇട്ടു. അതിന് എന്തിനാണ് ജാമ്യമില്ലാത്ത വകുപ്പ് ഇടുന്നത്. കുഞ്ഞുങ്ങളല്ലേ..? അവർ വർത്തമാനം പറയും കമ്പനിയടിക്കും ചിലപ്പോൾ പുക വലിച്ചു. അതിനെന്താണ്..? വലിച്ചത് ശരിയാണെന്നല്ല. ചെയ്തെങ്കിൽ തെറ്റാണ്. പ്രതിഭയുടെ മകൻ ഇങ്ങനെ ഒരു കാര്യത്തിൽ കൂട്ടുകൂടി. അതിന് പ്രതിഭ എന്ത് വേണം. അവർ ഒരു സ്ത്രീയല്ലേ..? ആ പരിഗണന കൊടുക്കണ്ടേ..? അവരുടെ കുട്ടിയെപ്പറ്റി അനാവശ്യം പറഞ്ഞുകാണും. അതിന് പ്രതികരണം നടത്തിക്കാണും. അവര് ഒരു അമ്മയല്ലേ..? സ്വഭാവികമായി പറയും. ഒരു കെട്ട് ബീഡി വലിക്കുന്ന ആളാണ് എം.ടി വാസുദേവൻ നായർ...''

ഭരണഘടനയിൽ തൊട്ട് സത്യപ്രതിജ്ഞചെയ്ത് അധികാരമേറ്റ് ജനാധിപത്യ സംവിധാനത്തിൽ ഉത്തരവാദിത്തപ്പെട്ട സ്ഥാനത്തിരിക്കുന്ന ഒരു മന്ത്രി പറഞ്ഞ വാക്കുകളാണിത്. വായിൽ തോന്നുന്നത് വിളിച്ച് പറയുന്ന ഈ മന്ത്രി സി.പി.എമ്മിനും ഇടതുപക്ഷത്തിനും മാത്രമല്ല, കേരളത്തിലെ ജനങ്ങൾക്കും ജനാധിപത്യ സംവിധാനത്തിനും ഒരു ബാധ്യതയാണ്. യാതൊരു ലൈസൻസുമില്ലാതെ സി.പി.എമ്മുകാരൻ എന്ന ധാർഷ്ട്യത്തിൽ നാവാടുന്ന മന്ത്രി ഭരണഘടനാ വിരുദ്ധ പ്രസംഗം നടത്തിയതിന് നിയമനടപടികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഈ കേസ് ക്രൈംബ്രാഞ്ച് അന്വേഷിക്കണമെന്ന് ഹൈക്കോടതി കഴിഞ്ഞ നവംബറിൽ ഉത്തരവിട്ടിരുന്നു.

2022 ജൂലൈ മൂന്നിന് പത്തനംതിട്ടയിലെ

**ഇങ്ങനെ ബെല്ലും ബ്രേക്കുമില്ലാത്ത വർത്തമാനം പറയുന്ന മന്ത്രിയെ നിലയ്ക്കുനിർത്താൻ മുഖ്യമന്ത്രിയും സി.പി.എമ്മും തയ്യാറാകുമോയെന്ന് തോന്നുന്നില്ല. കാരണം സമീപകാല സംഭവങ്ങളിൽ ഇവർ വേട്ടക്കാർക്ക് വേണ്ടിയാണ് നിലകൊള്ളുന്നത് എന്ന് മനസിലാക്കാം. പക്ഷേ ഇരകളോടൊപ്പമാണെന്ന് വീരവാദം മുഴക്കുകയും ചെയ്യും.**

മല്ലപ്പള്ളിയിൽ സി.പി.എം മല്ലപ്പള്ളി ഏരിയാ കമ്മിറ്റി സംഘടിപ്പിച്ച 'പ്രതിവാര രാഷ്ട്രീയ നിരീക്ഷണം നൂറിന്റെ നിറവിൽ...' എന്ന പരിപാടി ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കവേ ആയിരുന്നു സജി ചെറിയാന്റെ വിവാദ പരാമർശം. തുടർന്ന് 2022 ജൂലൈ 6-ന് മന്ത്രിസ്ഥാനം രാജി വെച്ച സജി ചെറിയാൻ ആറ് മാസത്തെ ഇടവേളക്ക് ശേഷം 2023 ജനുവരി 4-ന് വീണ്ടും മന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു. ഭരണഘടനയെ തൊട്ട് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റ മന്ത്രി ഭരണഘടനയെത്തന്നെ അവഹേളിക്കുകയായിരുന്നു. ഭരണഘടനയോടുള്ള അനാദരവ് രാജ്യത്തോടും ജനാധിപത്യത്തോടുമുള്ള വെല്ലുവിളിയാണ്.

മന്ത്രിയെ കുരുക്കിലാക്കിയ വിവാദ പരാമർശങ്ങൾ ഇങ്ങനെയായിരുന്നു. ''ഇന്ത്യയിലെ ഏറ്റവും കൂടുതൽ ജനങ്ങളെ കൊള്ളയടിക്കാൻ പറ്റിയ ഭരണഘടനയാണ് എഴുതി വച്ചിരിക്കുന്നത്. ബ്രീട്ടീഷുകാരൻ പറഞ്ഞു തയാറാക്കി കൊടുത്ത ഒരു ഭരണഘടന ഇന്ത്യക്കാർ എഴുതിവച്ചു. അത് ഈ രാജ്യത്ത് 75 വർഷമായി നടപ്പാക്കുന്നതിന്റെ ഭാഗമായി രാജ്യത്ത് ഏതൊരാൾ പ്രസംഗിച്ചാലും ഞാൻ സമ്മതിക്കില്ല. ഈ രാജ്യത്ത് ഏറ്റവും കൂടുതൽ കൊള്ളയടിക്കാൻ പറ്റിയ ഏറ്റവും മനോഹരമായ ഭരണഘടനയെന്നു ഞാൻ പറയും. അതിൽ കുറച്ചു ഗുണങ്ങൾ ഇട്ടിട്ടുണ്ട്. മതേതരത്വം, ജനാധിപത്യം, കുന്തം, കുടച്ചക്രം എന്നൊക്കെ സൈഡിൽ എഴുതിയിട്ടുണ്ട്. പക്ഷേ കൃത്യമായി കൊള്ളയടിക്കാൻ പറ്റുന്ന ഭരണഘടനയാണിത്...''

അതേസമയം കായംകുളം എം.എൽ.എ യു പ്രതിഭയുടെ മകൻ കനിവും ലഹരി കൂട്ടുകാരും ഉൾപ്പെട്ട കേസിൽ പാർട്ടിയിൽ നിന്ന് ആദ്യമായി പ്രതികരിച്ചത് സജി ചെറിയാനാണ്. പുക വലിച്ചതിന് ജാമ്യമില്ല വകുപ്പ് ചുമത്തിയെന്നാണ് മന്ത്രി പറഞ്ഞത്. എന്നാൽ കാര്യങ്ങൾ അങ്ങനെയല്ല. മന്ത്രിക്ക് എല്ലാം അറിയാമെങ്കിലും ജനങ്ങളുടെ കണ്ണിൽ പൊടി വിതറാനുള്ള ബോധപൂർവമായ ശ്രമമാണ് അദ്ദേഹത്തിന്റെ ഭാഗത്തുനിന്നുണ്ടായിരിക്കുന്നത്. ഇത് അബദ്ധജഡിലവും അപലപനീയവുമാണ്.

കനിവ് ഉൾപ്പെടെ 9 പേരടങ്ങുന്ന സംഘത്തിൽ നിന്ന് മൂന്ന് ഗ്രാം കഞ്ചാവ്, കഞ്ചാവ് കലർന്ന 500 മില്ലീ ലിറ്റർ പുകയില മിശ്രിതം എന്നിവ കണ്ടെടുത്തതായി കുട്ടനാട് എക്സൈസ് സ്‌ക്വാഡിന്റെ റിപ്പോർട്ടിലുണ്ട്. കഞ്ചാവ് മിശ്രിതം ഉപയോഗിക്കുന്നതിന് തയാറാക്കിയ കുപ്പി, പപ്പായ തണ്ട് എന്നിവ കണ്ടെത്തിയെന്നും ക്രൈം ഒക്കറൻസ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. നാട്ടുകാരായ രണ്ടു പേരെ സാക്ഷികളായും ചേർത്തു. തകഴി പാലത്തിനടിയിൽ ആളൊഴിഞ്ഞ ഭാഗത്ത് നിന്നാണിവരെ പിടികൂടുന്നത്. സംഘം മദ്യപിക്കുമ്പോഴാണ് എക്സൈസ് പരിശോധന നടത്തിയത്.

മന്ത്രിയുടെ അഭിപ്രായത്തിൽ പുക കഞ്ചാവി വലിക്കുന്നതും മദ്യപിക്കുന്നതും വലിയ മഹാ അപരാധമൊന്നുമല്ല. അതിൽ മോശപ്പെട്ട ഒന്നുമില്ല താനും. എന്നാൽ ലഹരിക്കടിമയായി സന്താനങ്ങൾ വഴിപിഴച്ചുപോകുന്നതുകണ്ട് മാതാപിതാക്കൾ ഹൃദയം പൊട്ടി വിലപിക്കുന്ന ഒരു ദുരന്ത ഘട്ടത്തിലാണ് മന്ത്രിയുടെ ഉത്തരവാദിത്തമില്ലായ്മ അദ്ദേഹത്തിന്റെ വാക്കുകളിലൂടെ പ്രകടമാവുന്നത്.

കേരളത്തിലെ സ്കൂൾ കുട്ടികൾ മുതൽ മുതിർന്നവർ വരെ ഇന്ന് ലഹരി മാഫിയയുടെ പിടിയിലാണ്. നിയമംവഴി സ്ഥാപിതമായ എക്സൈസ് വകുപ്പ്, കഞ്ചാവും മാരകമായ പുകയില ഉൽപ്പന്നങ്ങക്കും മയക്കുമരുന്നിനെതിരെയും ശക്തമായ ശിക്ഷാ നടപടികളുമായി മുന്നോട്ടുപോകുമ്പോഴാണ് സജി ചെറിയാന്റെ പാഴ്‌വാക്കുകൾ നമ്മെ അസ്വസ്ഥരാക്കുന്നത്. കായംകുളത്ത് എസ് വാസുദേവൻ പിള്ള രക്തസാക്ഷിദിനം ഉദ്ഘാടനം ചെയ്ത് യു പ്രതിഭയും ഇ



രിക്കുന്ന വേദിയിലായിരുന്ന മന്ത്രിയുടെ വിടുവായത്തം.

ഇങ്ങനെ ബെല്ലും ബ്രേക്കുമില്ലാത്ത വർത്തമാനം പറയുന്ന മന്ത്രിയെ നിലയ്ക്കുനിർത്താൻ മുഖ്യമന്ത്രിയും സി.പി.എമ്മും തയ്യാറാകുമോയെന്ന് തോന്നുന്നില്ല. കാരണം സമീപകാല സംഭവങ്ങളിൽ ഇവർ വേട്ടക്കാർക്ക് വേണ്ടിയാണ് നിലകൊള്ളുന്നത് എന്ന് മനസിലാക്കാം. പക്ഷേ ഇരകളോടൊപ്പമാണെന്ന് വീരവാദം മുഴക്കുകയും ചെയ്യും.

ദാർശനികമേമ്പൊടിയുള്ള ഹ്രസ്വകവിതകളിലൂടെ ശ്രദ്ധേയനായ കുഞ്ഞുണ്ണി മാഷ്

ചൊല്ലിയപോലെ...

''ഒരു തീപ്പെട്ടിക്കൊള്ളി തരൂ

ഒരു ബീഡി തരൂ

ഒരു ചുണ്ടുതരൂ

ഞാനൊരു ബീഡി വലിച്ചു രസിക്കട്ടെ..!''



# Get local help with your Medicare questions.

I'm Philipose Samuel, a licensed sales agent in Queens, NY. When it comes to Medicare, it's important to consider all of your options. What works well for your neighbor may not be the best fit for you. I know the ins and outs of Medicare, and I'm ready to answer your questions and help you find a plan that fits your needs. **Take advantage of my knowledge and experience to:**

- **Take the confusion out of Medicare**
- **Get help comparing plans**
- **Receive one-on-one service**
- **Make enrolling in a plan easier**

I look forward to helping you explore your Medicare options so you can enroll in a plan with confidence.

## It's time to take advantage.



**Philipose Samuel**
Licensed Sales Agent
**516-312-2902**, TTY **711**
psamuel@financialguide.com
UHCMedicareSolutions.com

United Healthcare

Plans are insured through UnitedHealthcare Insurance Company or one of its affiliated companies, a Medicare Advantage organization with a Medicare contract. Enrollment in the plan depends on the plan's contract renewal with Medicare. ©2020 United HealthCare Services, Inc. All rights reserved.
Y0066_21SPRJ55189_C
SPRJ55189

# സോഫിയ മാത്യു കേരള അസോസിയേഷൻ ഓഫ് ന്യൂജേഴ്‌സി (കാൻജ്) പ്രസിഡന്റ്, ഖുർഷിദ് ബഷീർ സെക്രട്ടറി




**ജോസഫ് ഇടിക്കുള**

ന്യൂ ജേഴ്‌സി : നോർത്ത് അമേരിക്കയിലെ ഏറ്റവും വലിയ മലയാളി സംഘടനകളിലൊന്നായ കേരള അസോസിയേഷൻ ഓഫ് ന്യൂ ജേഴ്‌സി (കാൻജ്) യുടെ പുതിയ ഭാരവാഹികളെ പ്രഖ്യാപിച്ചു , സോഫിയ മാത്യു പ്രസിഡന്റ്.

2024 ഡിസംബർ പതിനാലിന് ന്യൂ ജേഴ്‌സി ടാഗോർ ഹാളിൽ ട്രസ്റ്റീ ബോർഡ് ചെയർ ദീപ്തി നായരുടെ അധ്യക്ഷതയിൽ ചേർന്ന ആനുവൽ ജനറൽ ബോഡിയിൽ ഇലക്ഷൻ കമ്മീഷൻ സ്വപ്ന രാജേഷാണ് 2025 ലേക്കുള്ള പുതിയ കമ്മറ്റി അംഗങ്ങളെ പ്രഖ്യാപിച്ചത്.

വിജയ് നമ്പ്യാർ ( വൈസ് പ്രസിഡന്റ്), ഖുർഷിദ് ബഷീർ (ജനറൽ സെക്രട്ടറി), ജോർജി സാമുവൽ ( ട്രഷറർ ), ദയ ശ്യാം ( ജോയിന്റ് സെക്രട്ടറി), കൃഷ്ണ പ്രസാദ് (ജോയിന്റ് ട്രഷറർ),സൂരജിത് കിഴക്കയിൽ (കൾച്ചറൽ അഫയേഴ്‌സ്), അസ്‌ലം ഹമീദ് (സ്പോർട്സ് അഫയേഴ്‌സ് ), നിധിൻ ജോയ് ആലപ്പാട്ട് ( ഐ ടി ഓഫീസർ ), അനൂപ് മാത്യൂസ് രാജു (മീഡിയ ആൻഡ് കമ്മ്യൂണിക്കേഷൻ), ജയകൃഷ്ണൻ എം മേനോൻ ( ചാരിറ്റി അഫയേഴ്‌സ്), ടോണി മാങ്ങൻ (പബ്ലിക് ആൻഡ് സോഷ്യൽ അഫയേഴ്‌സ്), രേഖ നായർ ( യൂത്ത് അഫയേഴ്‌സ്) എന്നിവരാണ് മറ്റു പുതിയ ഭാരവാഹികൾ.

സ്വപ്ന രാജേഷാണ് പുതിയ ട്രസ്റ്റീ ബോർഡ് ചെയർ, കാൻജിന്റെ വിവിധസ്ഥാനങ്ങൾ വഹിച്ചു നേതൃപാടവം തെളിയിച്ചിട്ടുള്ള സ്വപ്ന രാജേഷ് കാൻജിന്റെ മുൻ പ്രസിഡന്റ് കൂടിയാണ്, ജോൺ ജോർജ്, ജോസഫ് ഇടിക്കുള, വിജേഷ് കാരാട്ട്, സണ്ണി വാലിപ്ലാക്കൽ എന്നിവരാണ് ട്രസ്റ്റീ ബോർഡ് അംഗങ്ങൾ . ബൈജു വർഗീസ് എക്സ് ഓഫീഷ്യോ.

സോഫിയ മാത്യു (പ്രസിഡന്റ്) - പ്രസിഡന്റായി തെരെഞ്ഞെടുക്കപ്പെട്ട സോഫിയ മാത്യു, ന്യൂജേഴ്‌സിയിലെ മലയാളികൾക്ക് ഏറെ സുപരിചിതയാണ്. ഇരുപത്തിയഞ്ചു വർഷങ്ങൾക്ക് മുൻപ് കാഞ്ചിന്റെ ഓണാഘോഷങ്ങളിൽ ഡാൻസ് അവതരിപ്പിച്ചു കൊണ്ട് കാഞ്ചിന്റെ ഭാഗമായ സോഫിയ കഴിഞ്ഞ വിവിധ കമ്മറ്റികളിൽ സെക്രട്ടറിയായും കൾച്ചറൽ കോർഡിനേറ്ററായും ഒക്കെ പ്രവർത്തിച്ചു കൊണ്ട് കാൻജിന്റെ പ്രവർത്തനങ്ങളിൽ വളരെ സജീവമായി രംഗത്തുണ്ട്.



മിക്കേസ് ഇവെന്റ്സ് എന്ന ഇവന്റ് മാനേജ്മെന്റ് കമ്പനിയുടമയെന്ന നിലയിലും, ഫനസ്കൂൾ ഓഫ് ഡാൻസിന്റെ സ്ഥാപകയെന്ന നിലയിലും ഒരു മികച്ച സംരഭക കൂടിയാണ് സോഫിയ. ഫ്ലവേഴ്‌സ് ടിവി യുഎസ് എയുടെ നോർത്ത് ഈസ്റ്റേൺ മേഖല മാർക്കറ്റിംഗ് ഹെഡ്, പ്രോഗ്രാം കോർഡിനേറ്റർ, അവതാരക എന്നീ നിലകളിലും സോഫിയ സേവനമനുഷ്ഠിക്കുന്നു.

ഖുർഷിദ് ബഷീർ (ജനറൽ സെക്രട്ടറി) കാൻജ് ഗോട്ട് ടാലന്റിലൂടെ ന്യൂ ജേഴ്‌സി മലയാളികൾക്ക് സുപരിചിതനാണ് ഖുർഷിദ്. കാൻജിന്റെ മുൻ ജോയിന്റ് സെക്രട്ടറി, കൾച്ചറൽ അഫേയർസ് സെക്രട്ടറി തുടങ്ങി വിവിധ സ്ഥാനങ്ങൾ വഹിച്ചിട്ടുള്ള ഖുർഷിദ് യുണൈറ്റഡ് നേഷൻസിൽ ഐ ടി ഓഫീസർ ആയി ജോലി ചെയ്യുന്നു.

ജോർജി സാമുവേൽ ( ട്രഷറർ ) ട്രഷററായി ചുമതലയേൽക്കുന്ന ജോർജി കഴിഞ്ഞ രണ്ട് വർഷമായി കാൻജിന്റെ ചാരിറ്റി അഫയേഴ്‌സ് സെക്രട്ടറി ആയി വളരെ സാമൂഹിക പ്രതിബദ്ധ ഉള്ള പരിപാടികൾ വിജയകരമായി നടത്തി. രണ്ട് ബ്ലഡ് ഡ്രൈവുകൾ ഒരു വർഷം സംഘടിപ്പിക്കാനും, അമേരിക്കയിൽ സാമ്പത്തിക ബുദ്ധിമുട്ടുള്ള വീട്ടിലെ കുട്ടികൾക്ക് പഠനത്തിനാവശ്യമായ പുസ്തകവും, ഫുഡ് കളക്ഷൻ ഡ്രൈവും, ഇരുപതോളം അമേരിക്കൻ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും വളരെ അധികം സ്വീ

കാര്യത ലഭിച്ച പ്രവർത്തനങ്ങളായിരുന്നു. റാക്സ്പേസ് ടെക്നോളജിയിൽ അക്കൗണ്ട് എക്സിക്യൂട്ടീവ് ആയി ജോലി ചെയ്യുന്ന ജോർജി, ഈസ്റ്റ് ബ്രൺസ്വിക്ക് നിവാസിയാണ്,

വിജയ് നമ്പ്യാർ ( വൈസ് പ്രസിഡന്റ്) വിജയ് പുത്തൻ വീട്ടിൽ ആണ് കാൻജിന്റെ വൈസ് പ്രസിഡണ്ട് ആയി തിരഞ്ഞെടുക്കപ്പെട്ടത്.പതിനെട്ടു വർഷമായി ന്യൂ ജേഴ്സിയിൽ താമസിക്കുന്ന വിജയ് കാഞ്ചിന്റെ പല കമ്മറ്റികളിലും വിവിധ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്, സിറ്റി ബാങ്കിൽ സീനിയർ വൈസ് പ്രസിഡന്റ് ആയി സേവനം അനുഷ്ഠിക്കുന്നു . മുൻ ട്രഷറർ കൂടിയായ വിജയ് ഒരു മികച്ച ക്രിക്കറ്ററും ന്യൂജേഴ്സി ക്രിക്കറ്റ് ലീഗ് അംഗവും ആണ്.

ദയ ശ്യാം ( ജോയിന്റ് സെക്രട്ടറി) ബ്രിക്സ് 4 കിഡ്സിന്റെ ഫ്രാഞ്ചൈസിയുടെ ബിസിനസ്സ് ഉടമയായും ആശ 4 എഡ്യുക്കേഷൻ എന്ന ചാരിറ്റി ഓർഗനൈസേഷനു വേണ്ടി വാക്ക്/റൺ ഫണ്ട് റൈസർ സംഘടിപ്പിക്കുന്നതിൽ സജീവമായ സന്നദ്ധപ്രവർത്തകയായും ദയ വർഷങ്ങളായി പ്രാദേശിക സമൂഹത്തിന്റെ ഭാഗമാണ്. കഴിഞ്ഞ 2 വർഷമായി ദയ കാൻജിന്റെ മീഡിയ ആന്റ് കമ്മ്യൂണിക്കേഷൻസ് മുന്നോട്ടു നയിക്കുന്നു. കൊല്ലം സ്വദേശിയായ ദയ കുടുംബത്തോടൊപ്പം സൗത്ത് ബ്രൺസ്വിക്കിലാണ് താമസിക്കുന്നത്. സിബിആർഇ റിയൽ എസ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് കമ്പനിയിൽ ബിസിനസ് ഓപ്പറേഷൻസ് ലീഡായി ദയ പ്രവർത്തിക്കുന്നു.

കൃഷ്ണ പ്രസാദ് ജോയിന്റ് (ട്രഷറർ) ജോയിന്റ് ട്രഷററായി സ്ഥാനമേൽക്കുന്ന കൃഷ്ണ പ്രസാദ് (കെ.പി) കാലിഫോർണിയയിലുള്ള സ്മാർട് എനർജി വാട്ടർ എന്ന കമ്പനിയിൽ സീനിയർ ടെക്നോളജി ഡെലിവറി മാനേജർ ആയി പ്രവർത്തിക്കുന്നു . 2022 മുതൽ കാൻജ് അംഗമാണ്. 2024 കാൻജ് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അംഗവും ഐ ടി ഓഫിസർ ആയും പ്രവർത്തിച്ചുട്ടുണ്ട്.

അസ്ലം ഹമീദ് (സ്പോർട്സ് അഫയേഴ്സ് ). 2024 ലിൽ ആറോളം കായിക പരിപാടികൾ അഞ്ചു മാസത്തെ കാലയളവിൽ വിജയകരമായി നടത്തിയതിന്റെ ആത്മവിശ്വാസവുമായാണ് അസ്‌ലം സ്പോർട്സ് അഫയേഴ്സ് ചുമതലയിലേക്ക് വരുന്നത്. മികച്ച സാമൂഹിക സംഘാടകനായ അസ്ലം ഗോൾഡ്മാൻ സാക്സിൽ വൈസ് പ്രസിഡന്റ് എഞ്ചിനീയറിംഗ് ആണ്, കുടുംബ സമേതം പ്രിൻസ്റ്റണിൽ താമസം.

അനൂപ് മാത്യൂസ് രാജു(മീഡിയ ആൻഡ് കമ്മ്യൂണിക്കേഷൻ). 2024 ഇൽ കാൻജിന്റെ എല്ലാ പരിപാടികളിലും കേരള സമൂഹത്തിന്റെ യുവ പ്രാതിനിധ്യം ഉറപ്പാക്കിയ അനൂപ്, റട്ഗേഴ്സിൽ എച് ആറിൽ ജോലി ചെയ്യുന്ന അനൂപ് 2024 കമ്മറ്റിയിൽ കാൻജ് യൂത്ത് പ്രതിനിധി ആയിരുന്നു. കിങ്സ് ക്രിക്കറ്റ് ലീഗ് അംഗം കൂടിയായ അനൂപ് കുടുംബ സമേതം ബയോണിൽ താമസിക്കുന്നു.




സുരജിത് കിഴക്കയിൽ (കൾച്ചറൽ അഫയേഴ്സ്). കൾച്ചറൽ അഫയേഴ്സ് വിഭാഗത്തിന്റെ ചുമതലയേൽക്കുന്ന സുരജിത്ത് ഒരു അറിയപ്പെടുന്ന കലാകാരൻ കൂടിയാണ്, ഏതാനും വർഷങ്ങളായി ന്യൂജേഴ്സിയിലെ വിവിധ സംഘടനകളുടെ കല, സാംസ്കാരിക വേദികളിലെ സ്ഥിരം സാന്നിധ്യമാണ്. കഴിഞ്ഞ വർഷങ്ങളിലെ കാൻജ് നെക്സ്റ്റ് ജൻ ടീമിലെ പ്രവർത്തനമികവുമായാണ് ഈ സ്ഥാനത്തേക്ക് സുരജിത്ത് എത്തുന്നത്. ന്യൂയോർക്ക് ടൈംസിൽ എഞ്ചിനീറിംഗ് മാനേജരായി സേവനമനുഷ്ഠിക്കുന്ന ഇദ്ദേഹം നോർത്ത് എഡിസണിൽ താമസിക്കുന്നു.

നിതിൻ ജോയ് ആലപ്പാട്ട് (ഐ ടി ഓഫീസർ ). ഐ ടി വിഭാഗത്തിന്റെ ചുമതലയേൽക്കുന്ന നിതിൻ കഴിഞ്ഞ 3 വർഷമായി സ്പോർട്സ് ഫോക്കസ് ഗ്രൂപ്പിന്റെ പ്രവർത്തന മികവുമായി ആണ് കാൻജ് ഐ ടി വിങ്ങിന്റെ ചുമതലയേൽക്കുന്നത്, നോക്കിയയിൽ ഐ ടി ലീഡ് ആയി സേവനമനുഷ്ഠിക്കുന്ന ഇദ്ദേഹം ഓൾഡ് ബ്രിഡ്ജിൽ താമസിക്കുന്നു.

ജയകൃഷ്ണൻ എം മേനോൻ ( ചാരിറ്റി ആൻഡ് എൻവയ്റോൺമെന്റൽ അഫയേഴ്സ്) ചാരിറ്റി വിഭാഗത്തിന്റെ ചുമതല ഏൽക്കുന്ന ജയകൃഷ്ണൻ 2023 മുതൽ കാൻജ് കുടുംബത്തിന്റെ ഭാഗമാണ്. കാരുണ്യ പദ്ധതികളുടെ ചുമതലക്കാരനായി സ്ഥാനമേൽക്കുന്ന ജയകൃഷ്ണനെ കാത്തിരിക്കുന്നത് കാൻജിന്റെ നിരവധി സേവന പദ്ധതികളാണ് . ബ്രില്ലിയോ സർവിസസ് കമ്പനിയിൽ പ്രോഡക്റ്റ് ആൻഡ് ഡെലിവറി മാനേജർ ആയി ജോലി ചെയ്യുന്നു. ഫ്രാങ്ക്ളിൻ പാർക്കിൽ കുടുംബത്തോടൊപ്പം താമസിക്കുന്നു,

ടോണി മാംഗൻ (പബ്ലിക് ആൻഡ് സോഷ്യൽ അഫയേഴ്സ്) പബ്ലിക് & സോഷ്യൽ അഫയേഴ്സ് സ്ഥാനമേൽക്കുന്ന ടോണി ഒരു ടെക്നോളജി കൺസൾട്ടന്റും ചഥഇ ഛഠകയിലെ ഒരു ടെക്നോളജി ലീഡറാണ്. മുമ്പ് സോമർസെറ്റിലെ ഒരു നോൺ പ്രോഫിറ്റ് ഓർഗനൈസേഷന്റെ നേതൃത്വത്തിൽ സേവനമനുഷ്ഠിച്ചിരുന്നു , മോണ്ട്ഗോമറി ബാസ്കറ്റ്ബോൾ അസോസിയേഷന്റെ പരിശീലകനുമാണ്.

രേഖ നായർ ( യൂത്ത് അഫയേഴ്സ്). യുവജന പ്രതിനിധിയായി തെരെഞ്ഞെടുക്കപ്പെട്ട രേഖ, ഏതാനും വർഷങ്ങളായി കാൻജിന്റെ വിവിധ സബ് കമ്മറ്റികളിൽ പ്രവർത്തിച്ചു വരുന്നു. കാൻജ് ഓണം ഫോക്കസ് ഗ്രൂപ്പ് , ചാരിറ്റി ഫോക്കസ് ഗ്രൂപ്പ് തുടങ്ങിയ വിഭാഗങ്ങളിൽ സജീവ സാന്നിധ്യമാണ് രേഖ നായർ . ജോൺസൺ ആൻഡ് ജോൺസൺ ആർ ആൻഡ് ഡിയിൽ പ്രിൻസിപ്പൽ സയന്റിസ്റ്റായി ജോലി ചെയ്യുന്നു. കാൻജിന്റെ വിവിധ നേതാക്കൾ പുതിയ കമ്മറ്റിക്ക് ആശംസകൾ അറിയിച്ചു, കാഞ്ചിന്റെ വളർച്ചയ്ക്ക് ആവശ്യമായ എല്ലാവിധ പ്രവർത്തനങ്ങൾക്കും നിങ്ങളുടെ എല്ലാവരുടെയും പിന്തുണ ഉണ്ടാവണമെന്ന് നിയുക്ത പ്രസിഡന്റ് സോഫിയ മാത്യു അഭ്യർഥിച്ചു.

വിവരങ്ങൾക്ക് കടപ്പാട് - ജോർജി സാമുവൽ.

വാർത്ത - ജോസഫ് ഇടിക്കുള.

# ഷിക്കാഗോയിൽ ക്രിസ്തുമസ്, പുതുവത്സരാഘോഷം ഉജ്ജ്വലമായി




ഷിക്കാഗോ: കേരളം അസോസിയേഷൻ ഓഫ് ഷിക്കാഗോ/കേരള കൾച്ചറൽ സെന്റർ ചിക്കാഗോയുടെ ക്രിസ്തുമസ്, പുതുവത്സരാഘോഷം അക്ഷയന ബാങ്കറ്റ് ഹാളിൽ അതിഥികളുടെ സാന്നിദ്ധ്യം കൊണ്ടും സമയബന്ധിതമായി തയ്യാറാക്കിയ പരിപാടികളുടെ മികവുകൊണ്ടും ഭംഗിയായി. കെ.എ.സി പ്രസിഡന്റ് ആന്റോ കവലയ്ക്കലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ, സെറാഫിൻ ബിനോയ് അമേരിക്കൻ ദേശീയഗാനം ആലപിച്ചു. വിശിഷ്ടാതിഥികളായി ഇല്ലിനോയി അസംബ്ലിമാൻ കെവിൻ ഓലിക്കൽ, റവ. ഫാ. സിജു മുടിക്കോടിൽ, ഗ്ലാഡ്സൺ വർഗീസ്, രാജ് പിള്ളൈ, ശിവൻ മുഹമ്മ, പ്രോഗ്രാം കൺവീനർ ഹെറാൾഡ് ഫിഗ് രേദോ എന്നിവർ പങ്കെടുത്തു.

കലാപ്രതിഭകളായ മത്തായി & ടീം, ശോഭാ & ടീം, സെറാഫിൻ ബിനോയ് എന്നിവരുടെ ഗാന, ഡാൻസുകൾ സദസ്യർ ആസ്വദിച്ചു. പൊതുയോഗത്തിൽ പ്രോഗ്രാം കൺവീനർ ഹെറാൾഡ് ഫിഗ്രേദോ സ്വാഗതവും കെ.എ.സി പ്രസിഡന്റ് ആന്റോ കവലയ്ക്കൽ അദ്ധ്യക്ഷ പ്രസംഗവും നടത്തി. മുഖ്യാതിഥി റെപ്. കെവിൻ ഓലിക്കൽ ഉദ്ഘാടനാം ചെയ്തു. ഫാ. സിജു മുടിക്കോടിൽ ക്രിസ്തുമസ്/പുതുവത്സര സന്ദേശം നൽകി.

ആശംസാ പ്രസംഗങ്ങൾ നടത്തിയത് ഫോമാ സെൻട്രൽ റീജിയൻ ഞഢജ ജോൺസൻ കണ്ണൂക്കാടൻ, ഗ്ലാഡ്സൺ വർഗീസ്, രാജ് പിള്ളൈ, ശിവൻ മുഹമ്മ എന്നിവരാണ്. സെക്രട്ടറി സിബി പാത്തിക്കൽ നന്ദി പ്രകാശിപ്പിച്ചു

ബിസിനസ് എക്സലൻസ്, പ്രൊഫഷണൽ എക്സലൻസ്, മീഡിയ & പ്രിന്റിംഗ് എന്നീ വിഭാഗങ്ങളിലായി മൂന്നുപേർക്ക് ഫലകം നൽകി ആദരിച്ചു. ബിസിനസ് എക്സലൻസിനു ഡോ. ജോ പുത്തനും, സർവ്വീസ് പ്രൊഫഷണൽ എക്സലൻസിനു ഡോ. പോൾ ചെറിയാനും മീഡിയ & പ്രിന്റിംഗിനായി ജോസ് ചെന്നിക്കരയും അവാർഡിന് അർഹരായി.

മെഗാ സ്പോൺസറായി ഡോ. ജോ പുത്തനും, ഗ്രാൻഡ് സ്പോൺസറായി ഹുസൈൻ ആൻഡ് സാറാ മിർസയും, ഗോൾഡ് സ്പോൺസറായി ടോം സണ്ണി (Retirement Planner), സിൽവർ സ്പോൺസേർസായി അറ്റോർണി സ്റ്റീവ് ക്രിഫേസ്, പ്രമോദ് & ടിനോ സൈമൺ (സ്മാൾ ബിസിനസ് അക്കൗണ്ടിങ്), അറ്റോർണി ജിമ്മി വാച്ചാച്ചിറ, എലൻ സുരേന്ദ്രൻ (സീനിയർ മെഡി കെയർ സ്പെസിലിസ്റ്റ്) എന്നിവരും സഹകരിച്ചു

ഷിക്കാഗോയിലെ സഹോദര സംഘടനകളെയും നാഷണൽ സംഘടനകളെയും പ്രതിനിധികരിച്ച ഫൊക്കാന നാഷണൽ വൈസ് പ്രസിഡണ്ട് പ്രവീൺ തോമസ്, ഫോമാ സെൻട്രൽ റീജിയൻ RVP ജോൺസൻ കണ്ണൂക്കാടൻ, വേൾഡ് മലയാളീ കൗൺസിലിനെ പ്രതിനിധികരിച്ച ബെഞ്ചമിൻ തോമസ്, ജോസ് മണക്കാട്ട്, തോമസ് ഡീക്രോസ്സ്, ബിജോയ് & ഡെൽസി, ഗഅഇ യുടെ മുൻ പ്രെസിഡണ്ട്മാരായ Dr റോയ് തോമസ് , കോശിവൈദ്യൻ എന്നിവർക്കും എല്ലാ പൂർവകാല KAC പ്രവർത്തകർക്കും അവരുടെ സാന്നിധ്യത്തിനും സഹായ സഹകരണങ്ങൾക്കും പ്രസിഡണ്ട് ആന്റോ കവലക്കൽ നന്ദിയർപ്പിച്ചു. എം.സിമാരായി പ്രവർത്തിച്ച് യോഗ നടപടികൾ നിയന്ത്രിച്ചത് ജോസ് ചെന്നിക്കര, നിഷാ ജോസഫ്, ലിജി ജോസഫ് എന്നിവരായിരുന്നു


KERALA ASSOCIATION OF CHICAGO
KERALA CULTURAL CENTER
Merry Christmas AND HAPPY NEW YEAR


Merry Christmas AND HAPPY NEW YEAR



LAWSON
travel
Explore
THE WORLD
WITH US
PLAN YOUR VACATIONS NOW!
214-631-2458
www.LawsonTravel.com



# യുദ്ധങ്ങൾ അവസാനിക്കുമോ?



**ജോൺ വേറ്റം**

സമാധാനം അനുഭവവും, ജീവിതം സുരക്ഷിതവുമാകണമെന്ന് ആഗ്ര ഹിക്കുന്നവർ, യുദ്ധങ്ങളെ ഇഷ്ടപ്പെടുമോ? കഷ്ടനഷ്ടങ്ങളും ജീവഹാനിയും ദു:ഖദുരിതങ്ങളുമാണ് യുദ്ധങ്ങളുടെ ദുഷ്ഫലങ്ങളെന്ന് അറിയാത്തവരില്ല. വൻതോതിലുണ്ടായ ഭൂതകാലയുദ്ധങ്ങളുടെ പരിണതഫലങ്ങൾ ഇതിനു ഉദാഹരണങ്ങളാണ്. സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ തലങ്ങളിൽ ഉണ്ടായ ദുരന്തസംഭവങ്ങളെ ഓർക്കുന്നവരും, രാഷ്ട്രീയ സംഘർഷങ്ങളെ എങ്ങനെ പരിഹരിക്കാമെന്നു ജാഗ്രതയോടെ ചിന്തിക്കു ന്നവരും, അന്വേഷിക്കുന്നവരും വർദ്ധിച്ചു. അംഗഹീനതയോടും, അനാരോ ഗ്യത്തോടും, കഷ്ടതകളോടും കുടി, നിരാശരും ദുഖിതരുമായി ജീവിക്കേണ്ടി വരുന്ന വിമുക്ത ഭടന്മാരുടെ വസ്തുതാപരമായ തിക്താനുഭവങ്ങളും, രണഭൂമിയിലെ ദാരുണപീഡനങ്ങളും, മറ്റ് തകർച്ചകളും ആവർത്തിക്കപ്പെ ടരുതെന്നു ആഗ്രഹിക്കുന്നവർ, യുദ്ധങ്ങളെ പൂർണ്ണമായി വെറുക്കുന്നു.

ഇപ്പോൾ, ആയുധനിർമ്മാണരംഗങ്ങളിലുള്ള ചൂട്പിടിച്ച മത്സരങ്ങളും, യുദ്ധങ്ങൾക്കുവേണ്ടി നൽകപ്പെടുന്ന വമ്പിച്ച സാമ്പത്തികപിന്തുണയും, യുദ്ധഭീഷണിയും സമാധാനസ്നേഹികളെ അസ്വസ്ഥരാക്കുന്നുണ്ട്. എന്നിട്ടും, യുദ്ധങ്ങൾ ദൈവക്രോധപ്രകടനങ്ങളാണെന്നു കരുതുന്നവരും ജനകോടികളെ കൊന്നൊടുക്കിയ രക്തദാഹികളായ ദൈവങ്ങളുടെ വീരകഥകളെഴുതിയ മനുഷ്യനിർമ്മിത ഗ്രന്ഥങ്ങൾ വായിച്ചു പുളകംകൊള്ളുന്നവരും, ഇന്നത്തെ മനുഷ്യസമൂഹത്തിലുണ്ട്. യുദ്ധങ്ങൾ ദൈവേഷ്ടപ്രകാരം നടത്തപ്പെടുന്നുവെ ന്നു വിശ്വസിക്കുന്നവർ വേറിട്ടുനിൽക്കുന്നു. മനുഷ്യാവകാശങ്ങളെ ആംഗീകരിക്കുന്നതിനും, വിഭാഗീയത വെടിയുന്നതിനും, മറ്റുള്ളവരോട് സഹകരി ച്ചു പ്രവർത്തിക്കുന്നതിനും അവർക്ക് താൽപര്യവുമില്ല. തൽസമയം, ദേശീ യവിപത്ത് ഇഷ്ടപ്പെടാത്തവരും, മനുഷ്യജീവിതവും സംസ്ക്കാരങ്ങളും കാ ലാനുസൃതം നവീകരിക്കണമെന്നു ആവശ്യപ്പെടുന്നവരുമുണ്ട്. അഭ്യന്തരകല ഹങ്ങളെയും ലോകയുദ്ധങ്ങളെയും പൂർണ്ണഹൃദയത്തോടെ എതിർക്കുന്നവരും, ദൈനംദിനസംഭവങ്ങളെ ശ്രദ്ധിക്കാതെ ജീവിക്കുന്നവരും വർദ്ധിക്കുന്നു.

ഈ കാലഘട്ടത്തിൽ, അനിയന്ത്രിതമായി പ്രവർത്തിക്കുന്ന വിജ്ഞാത ശത്രുക്കൾ ഭീകരാക്രമണം നയിക്കുന്നവരാണ്. അവർ മതവിശ്വാസികളോ രാഷ്ട്രീയക്കാരോ ആവാം. ആവുന്നത്ര ആയുധങ്ങൾ ശേഖരിക്കുക, അങ്ങനെ പരമാവധി ശക്തിയാർജ്ജിക്കുക, മറ്റുള്ളവരെ നിയന്ത്രണത്തിൽ നിർത്തുക എന്നീ ഉദ്ദേശങ്ങളാണ് എല്ലാ രാജ്യങ്ങൾക്കും ഉള്ളതെന്നുകരുതാം. യുദ്ധങ്ങ ളിൽനിന്നു വിമുക്തവും, ലോകസമാധാനത്തിലും സ്വാതന്ത്ര്യത്തിലും അധി ഷ്ഠിതവും, നീതിനിഷ്ഠവുമായ ഗവൺമെൻറുകൾ സ്ഥാപിക്കപ്പെടണമെന്ന് ആത്മാർത്ഥമായി അഭിലഷിക്കുന്ന സഹൃദയരും ലോകമെങ്ങും വർദ്ധിക്കുന്നു. അതേസമയത്ത്, തലമുറകളിലൂടെ കടന്നുവന്ന യുദ്ധമുറകളെ നവീക രിച്ചു കൂടുതൽ മാരകമാക്കുന്ന വസ്തുത അറിയാത്തവരും ജീവിക്കുന്നു.

പണ്ട്, എപ്പോൾ എവിടെ യുദ്ധം ഉണ്ടാകുമെന്നു മുന്നറിയിപ്പുകൾ കൊടുക്കുന്നതിനു പ്രയാസങ്ങളുണ്ടായിരുന്നു. ഇപ്പോൾ, യുദ്ധസാഹചര്യങ്ങ ളെക്കുറിച്ച് മുൻകൂർ സന്ദേശം നൽകുവാനും, തൽക്ഷണം പ്രതിരോധനടപ ടികൾ സ്വീകരിക്കുന്നതിനും, അപകടസാധ്യത ഒഴിവാക്കുന്നതിനും ബൗദ്ധിക സാങ്കേതികവിദ്യയുണ്ട്. ഓരോ രാജ്യത്തിൻറെയും രഹസ്യവും പരസ്യവുമാ യ പ്രവർത്തനരീതികൾ, ആയുധശക്തി, സാമ്പത്തികശേഷി, രഹസ്യത്താവളങ്ങൾ, പിന്തുണക്കുന്ന സഖ്യരാജ്യങ്ങൾ തുടങ്ങിയ പല കാര്യങ്ങളും മനസ്സി ലാക്കാനുള്ള സാങ്കേതികമാർഗ്ഗങ്ങൾ, തുല്യമായിട്ടല്ലെങ്കിലും, എല്ലാ രാജ്യങ്ങ ളിലും എത്തിച്ചേർന്നിട്ടുണ്ട്. എങ്കിലും, നിവസിതഭൂമി ഒരു ദണ്ഡനസ്ഥലമായി മാറ്റപ്പെടാതിരിക്കാൻ ആഗ്രഹിക്കുന്നവരും, മനുഷ്യവർഗ്ഗത്തിനുവേണ്ടി പ്രാർത്ഥിക്കുന്നവരും കുറച്ചല്ല.

യുദ്ധം ചെയ്യുന്നതിന് ഉത്തരവ്നൽകുന്ന അധികാരികളും ഭരണകർത്താ ക്കളും, യുദ്ധം അഭ്യസിച്ചവരോ, യുദ്ധഭൂമിയിലെ രക്തചൊരിച്ചിലും കൂട്ട മരണവും മറ്റ് ദുരിതങ്ങളും കണ്ടിട്ടുള്ളവരോ ആയിരിക്കണമെന്നില്ല. ആധു നിക




യുദ്ധങ്ങളിൽ ആയുധങ്ങൾകൊണ്ടുമാത്രം വിജയിക്കാനാവില്ലെന്നും വ്യക്തമായിട്ടുണ്ട്. അതിനാൽ, പുതിയ യുദ്ധതന്ത്രങ്ങൾ നീതിയും ധർമ്മവുമില്ലാതെ ഉപയോഗിക്കുന്നുമുണ്ട്. അന്താരാഷ്ട്ര യുദ്ധനിയമങ്ങളും വേണ്ടവി ധം പാലിക്കപ്പെടുന്നില്ല. വിശ്വാസവഞ്ചനയും, വ്യാജവാർത്തകളും പുതിയ യുദ്ധമുറകളുടെ ഭാഗമായി.

അതിപുരാതന കാലങ്ങളിൽ നടത്തപ്പെട്ട പലയുദ്ധങ്ങളെയും ധർമ്മയു ദ്ധങ്ങൾ എന്ന് വിശേഷിപ്പിച്ചിരുന്നു. പക്ഷേ, അവയിൽ ധർമ്മവും, നീതി യും, നിഷ്പക്ഷതയും ഇല്ലായിരുന്നുവെന്നാണ് ആധുനിക അഭിപ്രായം. മതങ്ങളുടെയും രാഷ്ട്രങ്ങളുടെയും വിരുദ്ധവിശ്വാസങ്ങളും, സമാന്തരസിദ്ധാ ന്തങ്ങളും, നിലനിൽക്കുന്ന കാലത്തോളം; യുദ്ധങ്ങളെ ഒഴിവാക്കാൻ സാദ്ധ്യ മല്ലെന്ന് വാദിക്കുന്നവർ എല്ലാ ജനവിഭാഗങ്ങളിലുമുണ്ട്. പിതാവാം ദൈവം തൻറെ സൃഷ്ടിയായ മനുഷ്യനു നൽകിയ ഭുമിയാണ്, ചില ആധുനിക യുദ്ധ ങ്ങൾക്ക് കാരണമായതെന്ന് കരുതപ്പെടുന്നു. ഇത് തെളിയിക്കുന്നതിന്, ഒരു ആംഗീകൃത ദാനാധാരമൊ ധനനിച്ഛയാധാരമോ ഇല്ല. ഏതാനും മതങ്ങളുടെ, വിവർത്തനം ചെയ്ത വേദവചനങ്ങൾ മാത്രമാണ് ആശ്രയം. മനുഷ്യൻ ദൈവസൃഷ്ടിയും, അവൻറെ അധിവാസത്തിനു മുഴുഭൂമിയും നല്കപ്പെട്ടതു മാണെങ്കിൽ, സഹോദരങ്ങളെ കൊല്ലുന്നതും, അവരുടെ ഭുമി ആക്രമിച്ചു കൈവശപ്പെടുത്തുന്നതും മാപ്പ് കിട്ടാത്ത, അപരാധമല്ലേ?

ശക്തിരാഷ്ട്രങ്ങൾ, അവരവരുടെ സുരക്ഷക്കുവേണ്ടി, ആവശ്യമായ നുതനമാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ദേശീയദുരന്തങ്ങളും, യുദ്ധങ്ങളും മറ്റും ഉണ്ടാകുമ്പോൾ സേവനം ചെയ്യുന്നതിന്, യോഗ്യതയുള്ളവരെ തെരഞ്ഞെടു ത്തു പരിശീലനം നൽകി സന്നദ്ധരാക്കി നിർത്തുന്ന മുൻകരുതൽ, എല്ലാ രാജ്യങ്ങളിലുമെത്തി. നിർബന്ധസൈനിക സേവകർ, സന്നഗ്ധസൈനിക സേവകർ, ദേശീയ സേവകർ, രഹസ്യാന്വേഷകർ, ചാരസംഘങ്ങൾ എന്നി ങ്ങനെ പല വിഭാഗങ്ങൾ പ്രതിരോധവകുപ്പുകളിൽ പ്രവർത്തിക്കുന്നുണ്ട്. ഏത് ദുർഘട സാഹചര്യത്തിലും, അച്ചടക്കത്തോടും, പൗരധർമ്മബോധ ത്തോടും കുടി ജോലിചെയ്യാൻ, സന്നദ്ധതയുള്ളവരെയാണ് അധികാരികൾ തെരഞ്ഞെടുക്കുന്നത്. ആയുധനിർമ്മാണം നിർത്താനും, യുദ്ധങ്ങളെ ഒഴിവാക്കാനും ഒരു രാജ്യവും വേണ്ടത്ര പരിശ്രമിക്കുന്നുമില്ല.

യുദ്ധങ്ങളെ നേരിടുന്നതിനു എപ്പോഴും തയ്യാറായിനിൽക്കുന്ന നിലപാട് മാറ്റി, യുദ്ധങ്ങൾ ഉണ്ടാകാതിരിക്കുന്നതിനുവേണ്ട സത്വരനടപടികളെയാണ്, ശാശ്വതലോകസമാധാനം ആഗ്രഹിക്കുന്നവർ ആവശ്യപ്പെടുന്നത്. ഒരിക്കലും മാറ്റാനാവാത്ത, അപ്രതീക്ഷിതമായി പ്രത്യക്ഷപ്പെടുന്ന, ഒരു മാരകശത്രുവാ ണ് യുദ്ധമെന്ന് കരുതുന്നവരുണ്ട്. യുദ്ധദാഹികളും സ്വേച്ഛാധിപതികളുമായ രാഷ്ട്രനേതാക്കളെ, സംഘടിതശക്തിയാൽ ഒറ്റപ്പെടുത്തുകയും നിരായുധരാക്കുകയും ചെയ്യുന്നതിലൂടെ, നിത്യസമാധാനത്തിലും സന്തോഷത്തിലും എത്താ മെന്നാണ് അവരുടെ അഭിപ്രായം. ഐക്യരാഷ്ട്രസംഘടനയെ ശക്തിപ്പെടുത്തു ക, ആഗോളവ്യാപകമായി വ്യാപാരങ്ങളെ നിയന്ത്രിക്കുക, എല്ലാ രാജ്യങ്ങളുടെയും സൈനികശ ക്തി പരിമിതപ്പെടുത്തുക, അസമത്വം ജാതിചിന്ത ദാരിദ്ര്യം വംശഹത്യ എന്നിവ ഒഴിവാക്കുക, സകലർക്കും മെച്ചപ്പെട്ട ജീവി തസൗകര്യം നൽകുക, എന്നിവയിലൂടെ യുദ്ധരഹിതമായ ഭാവി കെട്ടിപ്പടു ക്കാമെന്നു വിശ്വസിക്കുന്നവരും പുതു തലമുറയിലുണ്ട്.

സകല മനുഷ്യർക്കും ഭൂമുഖത്ത് ജീവിക്കുവാൻ മൗലികാവകാശം ഉണ്ടായിരിക്കേ, മതാടിസ്ഥാനത്തിലോ, യുദ്ധശക്തി ഉപയോഗിച്ചോ, ക്ഷീണ രാജ്യങ്ങളെ അടിച്ചമർത്തി നിരാലമ്പരും അഭയാർത്ഥികളുമാക്കി, അവരുടെ അവകാശങ്ങളും ഭൂസ്വത്തും കവർന്നെടുക്കുവരെ പരാജയപ്പെടുത്തിയാൽ, മറ്റ് രാജ്യങ്ങൾക്ക് സമാധാനത്തിലും പരസ്പരസഹകരണത്തിലും, ഏകോപനത്തിലും എത്താൻ കഴിയുമത്രേ. ഇപ്പോൾ ജീവിച്ചിരിക്കുന്നവർ, അവ രുടെ പിൻതലമുറകൾക്കു കൈവശംവച്ച് അനുഭവിക്കുവാൻ കാത്തുസൂ ക്ഷിക്കുന്ന ഭൂമി, മറ്റുള്ളവർ അക്രമത്തിലൂടെ പിടിച്ചെടുക്കുന്ന രീതി, പൂർണ്ണമായി നിർത്തലാക്കണമെന്ന് ആഗ്രഹിക്കുന്നവരും, എല്ലാ ജനവിഭാഗ ങ്ങളിലും ഉണ്ട്. അത് മനുഷ്യത്വപരമായ നുതനപരിവർത്തനത്തിനുള്ള തുടക്കമാവാം. മടിപ്പില്ലാതെ, മനുഷ്യരക്തം ചൊരിഞ്ഞു ദുഷ്ടതയോടെ ജീവിക്കുന്നവർ, തങ്ങളുടെ മൃഗീയസ്വഭാവം വെടിഞ്ഞ്, ജീവരക്ഷാകരമായ പ്രവർത്തനങ്ങളിലേക്ക് മടങ്ങാൻ ആഹ്വാനം ചെയ്യുന്നുമുണ്ട്. ഇപ്രകാരം, അവിചാരിതമായ അനുകൂലഫലങ്ങൾ ഉണ്ടാകുന്നുവെങ്കിലും, ദേശീയചിന്ത യും, വിശ്വാസഭിന്നതയും, വംശീയവിദ്വേഷവും ഒഴുകിപ്പോകാതെ, അനീതിയും അക്രമവും വാഴുന്ന ജനസമൂഹത്തിൽ തളംകെട്ടി നിൽക്കുന്നു. ദൈവ നാമം മഹത്വപ്പെടുത്തിക്കൊണ്ടുതന്നെ, സഹോദരജനതയെ നിഷ്ക്കരുണം കൊന്നൊടുക്കുന്ന നാടകീയ കർമ്മങ്ങളും തുടരുന്നുണ്ട്. സകലരും സഹോദരങ്ങളാണെന്ന ആദരണീയസിദ്ധാന്ധം, ജാതിചിന്തയെ ന്ന ചാപല്യം ആംഗീകരിക്കുന്നില്ല. എന്നാലും, ലോകവിസ്ത്രിതിക്കുള്ളിൽ ജീവിക്കുന്ന വിവിധമതസ്ഥരുടെ ഉടമാവകാശങ്ങളും, ജീവിതാവശ്യങ്ങളും പിടിച്ചെടുത്ത് പുഷ്ടിപ്പെടുന്ന പ്രവണതയും അവസാനിപ്പിക്കണമെന്ന ആവശ്യബോധവും ജനങ്ങളിൽ പൂർവ്വാധികം ശക്തിപ്പെട്ടു. ഇന്നോളം നടത്തപ്പെട്ട ലോകയുദ്ധങ്ങളിൽ അധികവും, ദൈവജനത്തിനുവേണ്ടിയും ദൈവനേതൃത്വത്തിലും നടത്തപ്പെട്ടുവെന്നു വിശ്വസിക്കുന്നവർ, ഇപ്പോൾ ന്യൂനപക്ഷമായി.

ആഗോളവ്യാപകമായ സമാധാനം യാഥാർഥ്യമാക്കുന്നതു സംബന്ധിച്ചു, സർവ്വജനത്തിനും ചേർച്ചയുള്ള ഒരു മഹാപദ്ധതി ഉണ്ടാകണമെന്ന ആശയം പൊന്തിവന്നെങ്കിലും, ഫലിച്ചില്ല. മതപരപിന്തുണയുള്ള രാഷ്ട്രങ്ങളുടെ രഹ സ്യനീക്കം അതിനെ നിനിശ്ശബ്ദമാക്കിയത്രെ. ഇപ്പോൾ നിലവിലുള്ളതിനേ ക്കാൾ കൂടുതൽ നശീകരണശേഷിയുള്ള യുദ്ധായുധങ്ങളും, യുദ്ധതന്ത്രങ്ങളും കണ്ടെത്താനുള്ള നിഗൂഢനീക്കങ്ങളാണ് നിരവധി രാജ്യങ്ങളിൽ പുരോഗമി ക്കുന്നത്. അതിന് അവശ്യമുള്ള പിൻതാങ്ങൽ നല്കുന്നത് ശാസ്ത്രമാണെന്നു പരാതിയുണ്ട്. അത് ശരിയല്ലെന്നും, മതാധിഷ്ഠിത വീക്ഷണമാണെന്നും മറ്റൊരു അഭിപ്രായം. ജനനന്മക്കുവേണ്ടി പ്രവർത്തിക്കുന്ന സുപ്രധാന അനു കൂലശക്തി ശാസ്ത്രമാണെന്നും, അതിൽ സാങ്കൽപികദൈവങ്ങൾ ഇല്ലെന്നു മാണ് നിഷ്പക്ഷ നിഗമനം.

ആ യു ധ നി യ ന്ത്ര ണ ത്തി നു പ യോ ഗി ച്ച ആധുനികനയതന്ത്രങ്ങൾ പരാജയ പ്പെട്ടിട്ടുണ്ട്. അതുകൊണ്ടുതന്നെ, ആയുധനിർമ്മാണം ഉപേക്ഷിക്കുന്നതിന് എല്ലാ രാജ്യങ്ങളും ഇണങ്ങിച്ചേരണം. ആ നീക്കത്തിന്, അനുകൂലമായ ഉണർവ് സമയം ആസന്നമായെന്നും, 2700 വർഷങ്ങൾക്ക് മുമ്പ് ധ്വനിച്ച, ക്രിസ്തീയവേദപുസ്തക വചനം, (1മശേ1 വെമഹഹ 1ൗ ഹശള േൗ ു ഹെീൃറ മഴമശിെ 1മശേ1, 1ലശവേല്യ വെമഹഹ വേല്യ ഹലമൃി ംമൃ മി്യ ാീൃല കമെശമവ. 2 :4) നിറവേറുമെന്നും വിശ്വസിക്കപ്പെടുന്നു. എന്നിട്ടും, മതവിശ്വാസിങ്ങളായ ചില രാഷ്ട്രങ്ങൾ, അവരുടെ യുദ്ധക്കളങ്ങ ളിൽ, സഹോദരരക്തം ചൊരിയുന്നുണ്ട്.

ഒരിക്കലും യുദ്ധം ഉണ്ടാക്കാത്തതും, നിത്യനുതനമായ ലോകസമാധാ നം നിലനിർത്തുന്നതുമായ ഭാവിലോകമാണ് സ്ഥാപിക്കേണ്ടത്. അതിൽ, സഖിത്വത്തോടെ സന്തുഷ്ടരായി ജീവിക്കുന്നതിനു സർവ്വജനത്തിനും സാധിക്കണം. അധർമ്മപ്രവർത്തിയും, പകയും, പോരും, ശത്രുതയും ഉപേക്ഷിക്കണം. അതിലേക്ക്, സകലരേയും സ്വാഗതം ചെയ്യുന്ന ദൗത്യം നിറവേറ്റാൻ, സമാധാനം ഇഷ്ടപ്പെടുന്നവർ, സ്നേഹത്തോടെ സംഘടിച്ചു പ്രവർത്തിക്കട്ടെ!

# എ പെർഫെക്ട് ജെന്റിൽമാൻ



**ബിനോയ് തോമസ്**

2005, ജൂലൈ മാസം, പ്രസിഡന്റ് ജോർജ് ബുഷ്, ഇന്ത്യൻ പ്രധാനമന്ത്രി മൻമോഹൻ സിംഗിന്റെ ബഹുമാനാർത്ഥം നടത്തിയ സ്റ്റേറ്റ് ഡിന്നറിൽ മൻമോഹൻ സിംഗിനെക്കുറിച്ച് പറഞ്ഞ വാക്കുകള ആണ്: എ പെർഫെക്ട് ജെന്റിൽമാന്' ആ അഭിസംബോധന അക്ഷരാർത്ഥത്തിൽ ശരിയുമായിരുന്നു. ഡിസംബർ 26-ന് അന്തരിച്ച അദ്ദേഹത്തെകുറിച്ച് അങ്ങനെയല്ലാതെ, മറ്റൊന്നും ആർക്കും ചിന്തിക്കാനാവില്ലല്ലോ. ഞാൻ ആദ്യമായി മൻമോഹനെ കാണുന്നതും 2005-ലാണ്. അന്ന്, ഭാര്യ ഗുർഷറൻ കൗറുമായി മേരിലാന്റിലെ ആൻഡ്രൂസ് എയർഫോഴ്സ് ബേസിൽ എയർഇന്ത്യ വിമാനത്തിൽ, വന്നിറങ്ങിയ അദ്ദേഹത്തെ സ്വീകരിക്കാൻ പോകാൻ എനിക്കായി. വാഷിംഗ്ടൺ പോസ്റ്റ് വിവരിച്ചപോലെ- മൃതഭാക്ഷി, ചെറിമുഖത്ത്, പകുതിയും മറക്കുന്ന കണ്ണട, നീല തലക്കെട്ട്, ആകപ്പാടെ, ഒരു അദ്ധ്യാപകന്റെ രൂപം. വാഷിംഗ്ടൺ പോസ്റ്റ് പറഞ്ഞതും ശരിയായിരുന്നു. ഒരു അക്കാദമിക്ക് ലുക്ക് ആയിരുന്നു എന്നും അദ്ദേഹത്തിന്.അൽപം അതിശയോക്തിയോടു കൂടി-ഒരു രാജ്യത്തിന് കെട്ട്താലി ഉണ്ടെന്ന് സങ്കൽപിക്കുക. ആ കെട്ടുതാലി പോലും പണയം വെയ്ക്കേണ്ടി വന്ന രാജ്യമായിരുന്നു 80 കളിലെയും, 90-കളിലെയും ഇന്ത്യ. കടുത്ത സാമ്പത്തിക പ്രതിസന്ധിയും, പട്ടിണിയും, ദാരിദ്ര്യവും നിറഞ്ഞ ഇന്ത്യയിലെ 888 കോടി(1991ലെ ജനസംഖ്യ) ജനതയുടെ സമഗ്രവികസനത്തിന്, രാഷ്ട്രീയക്കാരനല്ലാത്ത, ഒരു ടെക്നോക്രാറ്റ് ധനകാര്യമന്ത്രിയായി വരണമെന്ന് 1991-ൽ പ്രധാനമന്ത്രിയായ പി.വി. നരസിംഗറാവു ആഗ്രഹിച്ചു.

മലയാളിയായ പ്രിൻസിപ്പൽ സെക്രട്ടറി, പി.സി. അലക്സാണ്ടറാണ് നരസിംഹ റാവുവിനോട്, മൻമോഹൻസിംഗിനെ നിർദ്ദേശിച്ചത്. കേംബ്രിഡ്ജിലും, ഓക്സ് ഫോർഡിലും പഠിച്ച, റിസർവ്വ് ബാങ്ക് ഗവർണ്ണറായിരുന്ന മൻമോഹൻ എന്ന സാമ്പത്തിക വിദഗ്ദൻ, ധനകാര്യമന്ത്രിയാകാൻ ശരിക്കും യോഗ്യനായിരുന്നു. പിന്നീട് ഇന്ത്യ കണ്ടതെല്ലാം ചരിത്രം.

പ്രശസ്ത ഫ്രഞ്ച് കവിയും, നോവ

**2001- ലെ ഭീകരാക്രമണത്തിനുശേഷം, അഫ്ഗാനിസ്ഥാനിലെയും, പാക്കിസ്ഥാനിലെയും തീവ്രവാദങ്ങൾക്ക് കടിഞ്ഞാണിടാൻ, അമേരിക്ക കച്ചകെട്ടി ഇറങ്ങിയപ്പോൾ സ്വാഭാവികമായും, രണ്ടു രാജ്യങ്ങളും സഹകരണ പങ്കാളികളായി. യു.എസ്. - ഇന്ത്യ ബന്ധത്തിലെ, ഏറ്റവും നിർണ്ണായകമായ, ചുവടുവെപ്പുകളാണ് പിന്നീട് ലോകം കണ്ടത്.**



ലിസ്റ്റും, പിന്നീട് രാഷ്ട്രീയക്കാരനും ആയ വിക്ടർ ഹ്യൂഗോയുടെ പ്രശസ്തമായ ഒരു വാചകം ഉണ്ട്. No Power on Earth can stop an idea whose time has come' ഇതിന്റെ മലയാള തർജ്ജമ: ശരിയായ സമയത്തുണ്ടാകുന്ന ഒരാശയത്തെ തടയാൻ ലോകത്തിലെ ഒരു ശക്തിക്കും കഴിയില്ല.'വിക്ടർ ഹ്യൂഗോയുടെ വാക്കുകൾ കടമെടുത്തുകൊണ്ട്, 1991-ൽ മൻമോഹൻ തന്റെ ആദ്യ ബജറ്റ് അവതരിപ്പിച്ചപ്പോൾ, അതുവരെ സോഷ്യലിസമാർഗത്തിൽ സഞ്ചരിച്ചിരുന്ന ഇന്ത്യക്ക് പുതുമയായിരുന്നു. സ്വകാര്യവൽക്രണം, ഉദാരവൽക്കരണം, ആഗോള വൽക്കരണം, ഇതെല്ലാം ഇന്ത്യക്കാർക്ക് പുതുമയുള്ള വാക്കുകളായി. പെർമിറ്റ് രാജും, ലൈസൻസ് രാജും, ദൂരെ എറിഞ്ഞ്, പാർലമെന്റിനെ സാക്ഷിയാക്കി അന്ന് മൻമോഹൻ ലോകത്തോട് ഉറക്കെ പറഞ്ഞു - ഒരു ആഗോളസാമ്പത്തിക ശക്തിയായി ഇന്ത്യ ഇനി കുതിച്ചു ഉയരുമെന്ന്- അത്തൊരമൊരു ആശയമായ എനിക്ക് തോന്നുന്നു. ലോകം മുഴുവനും ഇത് ഉച്ചത്തിലും, വ്യക്തമായും കേൾക്കട്ടെ.' കാലചക്രം തിരിഞ്ഞപ്പോൾ, മൻമോഹൻ അന്ന് പറഞ്ഞത് ശരിയായി. അദ്ദേഹത്തിന്റെ നയങ്ങൾ ഇന്ത്യയെ ഉയർത്തി. ഇന്ത്യ വിജയിച്ചു. ഇന്ത്യ സാമ്പത്തിക പ്രതിസന്ധിയെ അതിജീവിച്ചു. 2014-ൽ നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ ബി.ജെ.പി. അധികാരത്തിൽ വന്നപ്പോഴും, മൻമോഹൻ തുടങ്ങിവെച്ച നയങ്ങൾ അതേപടി തുടരുന്നുവെന്നതും, ഇവിടെ ശ്രദ്ധേയം.

സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിലെ, ഏറ്റവും നിറപ്പകിട്ടാർന്ന ഒരു കാലഘട്ടമാണ് 2004-ൽ, ഒരു ചരിത്രനിയോഗം പോലെ, ആക്സിഡന്റിൽ പ്രധാനമന്ത്രി(Accidental Prime Minister) ആയി ചുമതല ഏറ്റശേഷം അടുത്ത 10 വർഷങ്ങൾ. കാശ്മീർ പ്രശ്നത്തിന് ശാശ്വതമായ ഒരു പരിഹാരം, ഇന്ത്യയുടെ വളർച്ചക്ക് ആവശ്യമാണെന്ന് മൻമോഹൻ വിശ്വസിച്ചു. പാക്കിസ്ഥാൻ പ്രസിഡന്റ് പെർവേസ് മുഷറാഫുമായി, തർക്കങ്ങൾ പരിഹരിക്കാൻ ചർച്ചകൾ ചൂടുപിടിക്കുമ്പോഴാണ്. ഇന്ത്യയെ നടുക്കിയ 2008-ലെ മുംബൈ ആക്രമണം നടക്കുന്നത്. അന്ന് പാക്ക് ഭീകരൻ തട്ടിയെടുത്തത് 166 വിലപ്പെട്ട ഇന്ത്യൻ ജീവനുകളാണ്. ഇന്ത്യ, പാക്കിസ്ഥാനെ ആക്രമിച്ചേക്കും എന്ന് ലോകരാജ്യങ്ങൾ സംശയിച്ചിരുന്നുവെങ്കിലും, മൻമോഹൻ സംയമനം പാലിച്ചു.

2001-ലെ ഭീകരാക്രമണത്തിനുശേഷം, അഫ്ഗാനിസ്ഥാനിലെയും, പാക്കിസ്ഥാനിലെയും തീവ്രവാദങ്ങൾക്ക് കടിഞ്ഞാണിടാൻ, അമേരിക്ക കച്ചകെട്ടി ഇറങ്ങിയപ്പോൾ സ്വാഭാവികമായും, രണ്ടു രാജ്യങ്ങളും സഹകരണ പങ്കാളികളായി. യു.എസ്.- ഇന്ത്യ ബന്ധത്തിലെ, ഏറ്റവും നിർണ്ണായകമായ, ചുവടുവെപ്പുകളാണ് പിന്നീട് ലോകം കണ്ടത്. ഇരുരാജ്യങ്ങൾ തമ്മിലുള്ള സഹകരണത്തിന്റെ ആണിക്കല്ലായിരുന്നു. 2005-ൽ ആരംഭിച്ച യു.എസ്.-ഇന്ത്യ സിവിൽ ന്യൂക്ലിയർ കരാർ ചർച്ചകൾ. ഈ കരാർ, ഇന്ത്യയിലെ പ്രതിപക്ഷപാർട്ടികൾ, പ്രത്യേകിച്ച് ഇടതുപക്ഷ പാർട്ടികൾ ശക്തമായി എതിർത്തിട്ടും, അവർ കൊണ്ടുവന്ന അവിശ്വാസ പ്രമേയ വോട്ടിനെ അതിജീവിച്ചും, മൻമോഹൻ ഉറച്ചു നിന്നു. ദുർബലനെന്ന് എതിരാളികൾ ആക്ഷേപിച്ച മൻമോഹനിലെ, ശക്തനായ, രാഷ്ട്രനേതാവിനെയാണ് നാമിവിടെ കണ്ടത്. 2007-ൽ ഇന്ത്യയുടെ ജി.ഡി.പി. വളർച്ച നിരക്ക് 9% ആയി വർധിച്ചു. ചൈനക്ക് പിന്നിൽ വേഗത്തിൽ വളരുന്ന, രണ്ടാമത്തെ സാമ്പത്തിക ശക്തിയായി ഇന്ത്യ വളർന്നതും മൻമോഹന്റെ കാലത്താണ്. 2010-ലെ 'Right to education Act' അദ്ദേഹത്തിന്റെ മറ്റൊരു സംഭാവനയാണ്. ഇന്ന് ഞാൻ എന്താണോ, അത് എന്റെ വിദ്യാഭ്യാസം കൊണ്ടാണ് എന്ന് അന്ന് ഇന്ത്യൻ ജനതയെ അഭിസംബോധന ചെയ്ത് അദ്ദേഹം പറഞ്ഞു.

എല്ലാവർക്കും വിദ്യാഭ്യാസം എന്ന അദ്ദേഹത്തിന്റെ നയം, ഇന്നത്തെ ഇന്ത്യയുടെ സാമൂഹിക സാമ്പത്തിക ഉന്നതിക്ക് കളമൊരുക്കി. ഗ്രാമീണ തൊഴിലുറപ്പ്, ഭക്ഷ്യസുരക്ഷ നിയമനിർമ്മാണം എന്നിവയിലൂടെ, ഇന്ത്യയിലെ 26 കോടി ഗ്രാമീണ ജനതയുടെ പട്ടിണിയാണ് അദ്ദേഹം മാറ്റിയത്. യു.എസ്.-ഇന്ത്യ ബന്ധം ഏറ്റവും ഊഷ്മളമായത് ബുഷ്-മൻമോഹൻ കാലത്താണ്. 2009-ൽ മൻമോഹന്റെ നേതൃത്വത്തിൽ രണ്ടാം യു.പി.എ. സർക്കാർ വന്നപ്പോൾ, യു.എസിലും ഭരണമാറ്റം നടന്നിരുന്നു. 2009-ൽ അമേരിക്കൻ പ്രസിഡന്റ് സ്ഥാനത്തേക്ക് ബറാക്ക് ഒബാമ വന്നപ്പോഴും മൻമോഹന്റെ ഇന്ത്യ, അമേരിക്കയുമായി നല്ല ബന്ധം തുടരുകയും, അതൊരുപടി കൂടി ഉയരുകയും ചെയ്തു.

'21-ാം നൂറ്റാണ്ടിലെ ഏറ്റവും നിർണ്ണായകമായ ബന്ധം' എന്നായിരുന്നു അക്കാലത്ത് പ്രസിഡന്റ് ഒബാമ വിശേഷിപ്പിച്ചത്. ഇന്ത്യൻ പ്രധാനമന്ത്രി എന്ന നിലയിൽ മാത്രമല്ല, സാമ്പത്തിക ശാസ്ത്രജ്ഞൻ എന്ന നിലയിലും ലോകം ആദരിച്ചിരുന്ന മൻമോഹന്റെ ഉപദേശങ്ങൾ, ലോകസാമ്പത്തിക രംഗത്തെ അപകടകരമായ മാന്ദ്യതയിൽ നിന്ന് കരകയറാൻ താൻ തേടിയിരുന്നതായി, പ്രസിഡന്റ് ഒബാമ ഒരിക്കൽ പറയുകയുണ്ടായി. രണ്ടാം യു. പി.എ. സർക്കാരിന്റെ കാലത്തെ അഴിമതി ആരോപണങ്ങൾ മൻമോഹന്റെ സൽപേരിന് കളങ്കം ചാർത്തിയപ്പോഴും, ആരും അദ്ദേഹത്തിനെ അഴിമതിക്കാരൻ എന്ന് വിളിച്ചില്ല. എന്നാൽ അക്കാലത്ത് അദ്ദേഹം കാണിച്ച മൗനം ഒട്ടേറെ ആരോപണങ്ങൾക്ക് വിധേയമായി.



ഒരു മനുഷ്യൻ ജനിക്കും, മരിക്കും. ഈ ജനനത്തിനും, മരണത്തിനും ഇടയിൽ ചെയ്യുന്ന കാര്യങ്ങളിലാണ് കാലം ഒരു വ്യക്തിയെ സ്മരിക്കുക. പലപ്പോഴും ഒരു വ്യക്തി ചെയ്യുന്ന പ്രവർത്തികളുടെ ഗുണം ഉണ്ടാകുന്നത് കാലങ്ങൾക്ക് ശേഷമാണ്. പി.വി.നരസിംഹറാവുവിനെ ഇവിടെ നാം ഓർക്കണം. അദ്ദേഹം പ്രധാനമന്ത്രിയായിരുന്നപ്പോഴോ, മരണശേഷമോ അർഹിക്കുന്ന അംഗീകാരം ആരും കൊടുത്തില്ല. മരണശേഷം, അദ്ദേഹത്തിന്റെ മൃതശരീരം, തന്റെ പാർട്ടിയുടെ കേന്ദ്ര ഓഫീസിൽ പോലും വെയ്ക്കാൻ സമ്മതിച്ചില്ല അദ്ദേഹത്തിന്റെ രാഷ്ട്രീയ പാർട്ടി. ഇന്ദ്രപ്രസ്ഥത്ത്, അദ്ദേഹം അർഹിച്ച ഒരു ശവസംസ്ക്കാരം പോലും കൊടുക്കാൻ വിസ്മരിച്ച ഭരണകൂടം. പക്ഷേ, കാലചക്രം തിരിഞ്ഞപ്പോൾ, ഇന്ന് നമ്മൾ പറയുന്നു. 'നരസിംഹറാവു ആണ് ആധുനിക ഇന്ത്യയുടെ ശിൽപി' എന്ന്. നരസിംഹറാവു, മൻമോഹനും 1990-ന്റെ ആരംഭത്തിൽ തുടങ്ങിവെച്ച സാമ്പത്തിക പരിഷ്കാരങ്ങളാണ് 2014-ൽ അധികാരത്തിലെത്തിയ മോദി സർക്കാരും പിന്തുടരുന്നത്. ഇരുവരും തുടങ്ങിവെച്ച പരിഷ്കാരങ്ങളാണ്, ഇന്നത്തെ ഇന്ത്യയുടെ കുതിപ്പിന് അടിത്തറ പാകിയത്. ഇന്നത്തെ ഭരണകൂടം, താൻ ആരംഭിച്ച പരിഷ്കാരങ്ങളുടെ വിളവെടുപ്പും, പിതൃത്വവും ഏറ്റെടുത്തപ്പോഴും, എല്ലാം ചെയ്തിട്ടും, മൗനം കൊണ്ട് സ്നേഹം മാത്രം വിതച്ച മൻമോഹൻ മിണ്ടാതെ ഇരുന്നതെയുള്ളൂ. തന്റെ സ്വതസിദ്ധമായ മൗനത്തിലൂടെ.

വരും കാലം മൻമോഹനെ, എങ്ങനെയാണ് ഓർക്കുക എന്ന ചോദ്യവും ഇവിടെ പ്രസക്തമാണ്. 2006-ൽ പ്രശസ്ത അമേരിക്കൻ ജേർണലിസ്റ്റ്-ചാർളി റോസിന് മൻമോഹൻ നൽകിയ അഭിമുഖം ഇവിടെ പ്രസക്തമാണ്. ഇന്ത്യയിലെ കോടികണക്കിന് വരുന്ന ജനതയുടെ പട്ടിണിയും, രോഗദുരിതങ്ങളും മാറ്റി, അവരെ കൈപിടിച്ച് ഉയർത്താൻ ഞാനാഗ്രഹിക്കുന്നു. വർണ്ണം, വർഗ്ഗം, ജാതി, മതം, ഭാഷ എന്നീ വൈവിദ്ധ്യങ്ങൾകൊണ്ട് ഇത്രയും സങ്കീർണ്ണമായ മറ്റൊരു രാജ്യം ഈ ലോകത്തിൽ ഇല്ല. എന്നാൽ, ഈ വൈവിദ്ധ്യങ്ങളിലൂന്നി, അവയിൽ നിന്ന് ശക്തി സംരക്ഷിച്ച്, ഏതാണ്ട് ഒരു ബില്യൻ വരുന്ന ജനതയുടെ സാമൂഹികവും, സാമ്പത്തികവുമായ, ഉയർത്തെഴുന്നേൽപ്പ്, അതും, ജനാധിപത്യത്തിന്റെ മതിൽക്കെട്ടുകളിൽ നിന്നുകൊണ്ട് നേടാനാണ് ഞാൻ ആഗ്രഹിക്കുന്നത്.' 'തീർച്ചയായും, ഇന്ത്യയുടെ വളർച്ച, നേട്ടങ്ങൾ, 21-ാം നൂറ്റാണ്ടിലെ മനുഷ്യകുലത്തിന് ഒരു പാഠമാകും.' ഇന്നത്തെ ഇന്ത്യയുടെ കുതിപ്പ് കാണുമ്പോൾ 2006-ൽ മൻമോഹൻ പറഞ്ഞ കാര്യങ്ങൾ എത്ര സത്യമായി എന്നിവിടെ നാം ചിന്തിക്കണം.

കാലം തന്നെ എങ്ങനെ ഓർക്കും എന്ന ചോദ്യത്തിന് അദ്ദേഹം ഒരിക്കൽ നൽകിയ മറുപടി- 'വരും തലമുറ എന്നോട് കരുണ കാണിക്കും.' പ്രിയ മൻമോഹൻ-താങ്കൾ പറഞ്ഞത്-ശരിയാകും. തീർച്ചയായും. 26 കോടി ജനതയുടെ പട്ടിണ അകറ്റി, ആധുനിക ഇന്ത്യ എന്ന രാജീവ് ഗാന്ധിയുടെ സ്വപ്നം സാക്ഷാൽക്കരിച്ച, ധനകാര്യമന്ത്രി, പ്രധാനമന്ത്രി, അതിലുപരി, മനുഷ്യസ്നേഹി എന്നീ നിലകളിൽ വരും തലമുറകൾ താങ്കളെ ഓർക്കും. ഇന്ത്യ എന്നും താങ്കളോട് കടപ്പെട്ടിരിക്കും.

ബുദ്ധിമാനായ, ചിന്താശക്തിയുള്ള, ശ്രദ്ധാലുവും, സത്യസന്ധനുമായ, തികച്ചും അസാധാരണ മാന്യതയുള്ള, വ്യക്തി, എന്ന് 2008- ലെ സെപ്റ്റംബറിൽ, താങ്കളുടെ ബഹുമാനാർത്ഥം പ്രസിഡന്റ് ഒബാമ നൽകിയ അത്താഴ വിരുന്നിൽ താങ്കളെ കുറിച്ച് പറഞ്ഞ വാക്കുകൾ ഓർത്തുകൊണ്ട് പ്രിയപ്പെട്ട മൻമോഹൻ ജീ-നമോവാകും!





# Save $ 894.* Combine Home & Auto.

**Michael Tharian**
**Agent**
1855 Victory Blvd
Staten Island, NY 10314
**Toll Free: 888-644-7222**

Save money and time when you combine your home and auto insurance. Just another way I'm her to help life go right. **CALL ME TODAY**

**We Serve These States NY, NJ, PA, & CT.**

**We Provide Auto, Home & Life Insurance**

StateFarm®

*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company State Farm Indemnity Company, State Farm Fire and Casualty Company State Farm General Insurance Company
1601489 Bloomington, IL



# 2024നു വിട

**(രാജു മൈലപ്രാ)**

ഒരു വാക്കു കൊണ്ടോ, നോട്ടം കൊണ്ടോ, ഒരു ഫോൺ കോളു കൊണ്ടോ, ഒരു സന്ദർശനം കൊണ്ടോ പരിഹരിക്കപ്പെടാമായിരുന്ന എത്രയോ അവസരങ്ങൾ, ബന്ധങ്ങൾ നമ്മുടെ ഉദാസീനത മൂലം, ഇനിയൊരിക്കലും തിര്യെ പിടിക്കാനാവാത്ത വിധം നമ്മുടെ കൈയിൽ നിന്നും വഴുതി പോയിട്ടുണ്ട്.

ദുരന്തങ്ങൾ പെയ്തിറങ്ങിയ ഒരു വർഷമാണ് നമ്മുടെ കൺമുമ്പിൽ കൂടി കടന്നു പോയത്. 2024-ൽ എന്നെ വളരെയധികം വേദനിപ്പിച്ച ഒരു സംഭവമായിരുന്നു എന്റെ ബാല്യകാല സുഹൃത്തായിരുന്ന ജോസിന്റെ വേർപാട്.

അവസാനകാലത്ത് എന്നെ ഒരു നോക്കു നേരിൽ കാണുവാൻ അവൻ വളരെ ആഗ്രഹിച്ചിരുന്നു. ആശുപത്രിക്കിടക്കയിൽ നിന്നും, ആരുടെയോ സഹായത്തോടെ ഓക്സിജൻ മാസ്ക്ക് മാറ്റിയ ശേഷം അവൻ എന്നോടു സംസാരിച്ചു. 'എനിക്കു തീരെ വയ്യാടാ!' ജോസിന്റെ ശബ്ദം ഇടറിയിരുന്നു. കണ്ണുകളിൽ ആശങ്കയുടെ നനവ്. ഒന്നോ രണ്ടോ മിനിറ്റ് വളരെ ബദ്ധപ്പെട്ട് എന്നോടു സംസാരിച്ചു. എന്നെ കാണണമെന്നുള്ള ആഗ്രഹം പറയാതെ പറഞ്ഞു.

ജോസിന്റെ രോഗത്തിന്റെ ഗുരുതരാവസ്ഥയെപ്പറ്റി, അവന്റെ സഹോദരൻ, അനിയൻ എന്നെ നേരത്തെ തന്നെ അറിയിച്ചിരുന്നു.

ജോസിനെ ഉടനെ പോയി കാണണമെന്ന് എന്റെ ഭാര്യയും നിർദ്ദേശിച്ചു. എന്തോ ചില കാരണങ്ങളാൽ, യാത്ര രണ്ടു മൂന്നു ദിവസത്തേക്കു മാറ്റി വെച്ചു. വിധി നടപ്പാക്കുവാൻ കാലം ആർക്കും വേണ്ടിയും കാത്തു നിൽക്കാറില്ല.

മുള്ളുവേലികൾ കൊണ്ട് അതിരുകൾ തമ്മിൽ വേർതിരിവില്ലാതിരുന്ന ഒരു കാലത്ത്, തൊട്ടടുത്തുള്ള വീടുകളിൽ ഒരേ വർഷം, ഒരേ മാസം രണ്ടോ മൂന്നോ ദിവസങ്ങളുടെ വ്യത്യാസത്തിലായിരുന്നു ഞങ്ങളുടെ ജനനം. ഓർമ്മയിൽ ഇന്നും മങ്ങാതെ മായാതെ നിൽക്കുന്ന എത്രയോ രസകരമായ സംഭവങ്ങളാണ് ഞങ്ങൾ ഒരുമിച്ചു പങ്കിട്ടിരിക്കുന്നത്.

കുട്ടിക്കാലത്ത് കുസൃതികളുടെ രാജകുമാരനായിരുന്നു ജോസ്. ജോസിനെ മുന്നിൽ നിർത്തി ഞങ്ങൾ ഒരുമിച്ചു ചെയ്യുന്ന കുരുത്തക്കേടുകൾക്കെല്ലാം, ശിക്ഷ കിട്ടിയിരുന്നത് ജോസിനാണ്. പിതാവ് ഒരു അദ്ധ്യാപകനായിരുന്നതിനാൽ ശിക്ഷയുടെ കാര്യത്തിൽ ഇളവൊന്നുമുണ്ടായിരുന്നില്ല.

ജീവിതത്തിൽ ഒരിക്കൽ മാത്രമേ എന്റെ പിതാവ് എനിക്കൊരു തല്ലു തന്നിട്ടുള്ളൂ-അത് വെറുമൊരു തലോടലു പോലെ മാത്രമേ എനിക്കു തോന്നിയിട്ടുള്ളൂ-അത്ര തങ്കപ്പെട്ട സ്വഭാവമായിരുന്നു എന്റേത്.

സത്യത്തിൽ സ്വഭാവ മഹിമ കൊണ്ടു തങ്കപ്പൻ എന്നൊരു പേരായിരുന്നു എനിക്കു കൂടുതൽ യോജിച്ചത്.

ഞങ്ങളുടെ വീട്ടിലെ പോലീസ് ഡിപ്പാർട്ടുമെന്റ് കൈകാര്യം ചെയ്തിരുന്നതാണ്. അമ്മയുടെ കൈയിൽ നിന്നും തരക്കേടില്ലാത്ത മർദ്ദനമുറകൾ ഏൽക്കേണ്ടി വന്നിട്ടുണ്ട്.

സത്യൻ, അംബിക, അടൂർഭാസി തുടങ്ങിയവർ അഭിനയിച്ച 'കളഞ്ഞു കിട്ടിയ തങ്കം' പത്തനംതിട്ട വേണുഗോപാൽ ടാക്കീസിൽ നിറഞ്ഞ സദസ്സിൽ പ്രദർശനം തുടരുന്നു. ആ സിനിമായൊന്നു കാണുവാൻ അതിയായ മോഹം. മനസുണ്ടെങ്കിൽ മാർഗ്ഗവുമുണ്ട്. വീട്ടു മുറ്റത്ത് ഉണങ്ങാനിട്ടിരിക്കുന്ന റബർ ഷീറ്റുകളിൽ മൂന്നെണ്ണം എടുത്ത് ജോസ് മുണ്ടിനിടയിൽ തിരുകി. എന്നെയും കൂട്ടി മണ്ണാരക്കുളഞ്ഞി കളീക്കലെ ജോഷായുടെ റബ്ബർകടയിൽ പോയി മോഷണമുതൽ വിറ്റു കാശാക്കി. ഒന്നരയുടെ 'ചന്ദ്രിക' ബസിനു കയറി പത്തനംതിട്ടയിലെത്തി.

'കൈ നിറയെ വളയിട്ട പെണ്ണേ

കല്യാണ പ്രായമായ പെണ്ണേ...'

പത്തനംതിട്ട ടൗണിനെ പുളകമണിയിച്ചുകൊണ്ട് കളിയല്ല കല്യാണം എന്ന സിനിമയിലെ ഹിറ്റ്ഗാനം ഉച്ചഭാഷിണിയിൽക്കൂടി മുഴങ്ങുന്നു. തറടിക്കറ്റെടുക്കുന്നത് ഒരു തറപ്പരിപാടി ആയതു കൊണ്ട്, അന്തസിനു കോട്ടം തട്ടാതെ ചാരുബെഞ്ചിനാണു ടിക്കറ്റ് എടുത്തത്.

സിനിമാ കണ്ടു കഴിഞ്ഞപ്പോൾ, അക്കാലത്തു പത്തനംതിട്ടയിൽ പുതുതായി തുടങ്ങിയ 'എവർഗ്രീൻ' ഹോട്ടലിലേക്കു പോയി. അവിടുത്തെ 'പെറോട്ട-മട്ടൺ ചാപ്സ്' വളരെ പ്രശസ്തി നേടിയ ഒരു ഐറ്റമായിരുന്നു. രണ്ടു പേർക്കും കൂടി അഞ്ചുരൂപയിൽ താഴെ മാത്രമേ ബില്ലു വന്നുള്ളൂ. പത്തനംതിട്ടയിൽ ബില്ലെഴുതി കൊടുക്കുന്ന ആദ്യത്തെ ഹോട്ടലായിരുന്നു എവർ'ഗ്രീൻ'-

അതുവരെ 'മുന്നേ വരുന്ന കഷണ്ടി പറ്റ് ഒരു രൂപാ, പിറകേ വരുന്ന മീശ അൻപതു പൈസാ'-എന്ന രീതിയാണ് തുടർന്നു പോന്നത്. രുചികരമായ ഭക്ഷണം കഴിച്ചു കഴിയുമ്പോൾ അതിനു മേമ്പൊടിയായി ഒരു സിഗരറ്റുകൂടി വലിക്കണമല്ലോ. എവർഗ്രീനിൽ മാത്രം കിട്ടുന്ന ഓരോ 'പ്ലേയേഴ്സ്' സിഗരറ്റു കൂടി വാങ്ങി- നല്ല വിലയുള്ള ആ സിഗരറ്റിന്റെ പുകക്ക് നല്ല സുഗന്ധമാണ്- അതും നീട്ടി വലിച്ച്, വീട്ടിലെത്തിയാലുണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ചൊന്നും ആലോചിക്കാതെ, വെട്ടിപ്രം വഴി നടന്നു വീട്ടിലെത്തി.



പുളിക്കലെ ഉണ്ണിച്ചായന്റെ കടയുടെ ഇരുളിന്റെ മറവിൽ ഒളിച്ചിരുന്നു ബീഡി വലിച്ച് രസിച്ചതും ഞാനും ജോസും ഒരുമിച്ചാണ്. പിന്നീടാണ് പ്രായം ഒരു പടി കൂടി കടന്നപ്പോൾ, കൊച്ചുവീട്ടിലെ കുഞ്ഞുമോന്റെ മാടക്കടയിൽ തട്ടിനിടയിൽ ഒളിപ്പിച്ചു വെച്ചു കച്ചവടം നടത്തുന്ന ഓരോ പൊടികുപ്പി(ചാരായം)അകത്താക്കിയതും ഓർമ്മയിൽ തികട്ടി വരുന്നു.

'പിള്ളാരേ അച്ചായൻ അറിയരുതേ- വീട്ടിൽ കയറുന്നതിനു മുൻപേ കുറച്ചു മാവില വായിലിട്ടു ചവച്ചോണേ!' കുട്ടികളെ നേർവഴിക്കു നടത്തുന്ന നല്ലവനായ കുഞ്ഞുമോന്റെ ഉപദേശം.

കുഞ്ഞൂഞ്ഞു പണിക്കന്റെ നീല പെയിന്റടിച്ച ആശാൻ വണ്ടിയിലാണു ഞാനും ജോസും സൈക്കിൾ കയറ്റം അഭ്യസിച്ചത്.

വീട്ടുകാർ ഉറങ്ങിയതിനു ശേഷം, ജോസിന്റെ ധൈര്യത്തിൽ അമ്പലപ്പരിപാടികൾക്കു പോകുന്ന പരിപാടിയും വല്ലപ്പോഴും ഉണ്ടായിരുന്നു. സിനിമ, പന്തുകളി, സൈക്കിൾ കയറ്റം, കലാപരിപാടികൾ തുടങ്ങിയ ഒരു പരിപാടിക്കും നേരായ മാർഗ്ഗത്തിൽ കൂടി പോകുവാൻ അക്കാലത്ത് വീട്ടിൽ നിന്നും അനുവാദം കിട്ടുകയില്ല. ഇതിനൊക്കെ പെർമിഷൻ തരുന്നത് രക്ഷിതാക്കൾക്ക് ഒരു കുറച്ചിലായിരുന്നു.

'നിന്നോടില്ലിയോ പോകണ്ടാ എന്നു പറഞ്ഞത്'- എന്ന വാചകം എത്രയോ തവണ കേട്ടിരിക്കുന്നു.

പത്താം ക്ലാസു കഴിഞ്ഞപ്പോൾ ഞങ്ങൾ രണ്ടു വഴിക്കായി. പിന്നീട് ഒരുമിച്ച് അമേരിക്കയിലായിരുന്നെങ്കിലും, ഞാൻ ന്യൂയോർക്കിലും, ജോസ് ഹൂസ്റ്റണിലുമായിരുന്നതിനാൽ, മൂന്നോ നാലോ തവണ മാത്രമേ നേരിൽ കാണുവാനുള്ള അവസരം ലഭിച്ചിരുന്നുള്ളൂ.

എങ്കിലും വല്ലപ്പോഴുമൊക്കെ ഫോണിൽക്കൂടി ബാല്യകാല സ്മരണകൾ ഓർത്തെടുത്ത് ചിരിക്കുമായിരുന്നു. റിട്ടയർമെന്റ് കാലമായപ്പോഴേക്കും ജോസിനു പലവിധ രോഗങ്ങൾ പിടിപെട്ടു. എല്ലാം ഒരു 'ടേക്ക് ഇറ്റ് ഈസി' അപ്രോച്ചിൽ തരണം ചെയ്തു.

കുടുംബാംഗങ്ങളോടൊപ്പം വളരെ സന്തുഷ്ടമായ ഒരു ജീവിതമായിരുന്നു ജോസിന്റേത്.

എന്നാൽ അവസാനമായി ആശുപത്രിയിൽ അഡ്മിറ്റ് ആയപ്പോൾ, ഇനി ഒരു തിരിച്ചുവരവ് ഉണ്ടാവില്ല എന്നു ജോസിനു ഉറപ്പായിരുന്നു. ആ അവസരത്തിലാണു എന്നെ വിളിച്ചത്. ജോസിന്റെ എന്നോടുള്ള സ്നേഹം എത്രമാത്രം ആഴത്തിലുള്ളതായിരുന്നു എന്ന് അപ്പോഴാണ് എനിക്കു മനസ്സിലായത്. എന്റെ പ്രിയപ്പെട്ട കൂട്ടുകാരന്, അവസാനമായി എന്നെ ഒന്നു നേരിൽ കാണണമെന്നുള്ള ആഗ്രഹം സഫലീകരിച്ചു കൊടുക്കുവാൻ എനിക്കു കഴിയാതെ പോയതിലുള്ള കുറ്റബോധം എനിക്കുണ്ട്.

'പിന്നീടാവട്ടെ' എന്നു കരുതി മാറ്റിവെയ്ക്കുന്ന പല കാര്യങ്ങൾക്കും കരുപിന്നീട് ചിലപ്പോൾ ഉണ്ടായെന്നു വരില്ല. സെപ്റ്റംബർ 18-നു പുലർച്ചയോടെ ജോസ് യാത്രയായി. 2024-നെ എന്നും ഓർമ്മിക്കുവാൻ എനിക്കൊരു കാരണം കൂടി. നന്മ നിറഞ്ഞ ഒരു നവവത്സരം എല്ലാവർക്കും നേരുന്നു!




# ദിവ്യ ഉണ്ണിയുടെ നൃത്ത പരിപാടിയിൽ സുരക്ഷാ വീഴ്ചയ്ക്ക് പുറമെ സംഘാടകരുടെ വൻ സാമ്പത്തിക തട്ടിപ്പും

**എ.എസ് ശ്രീകുമാർ**

കൊച്ചി, കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ ഉമാ തോമസ് എം.എൽഎ അപകടത്തിൽപ്പെട്ട പരിപാടിയിൽ വൻ സാമ്പത്തിക തട്ടിപ്പ് നടന്നതായാണ് വിവരം. ചലചിത്ര നടി ദിവ്യ ഉണ്ണിയുടെ ഗിന്നസ് റെക്കോർഡ് നൃത്ത പരിപാടിയുടെ സംഘാടകരായ മൃദംഗവിഷൻ എന്ന ഇവന്റ് മാനേജ്മെന്റ് ഗ്രൂപ്പിന്റെ ഡയറക്ടർ ഉൾപ്പെടെ നാലുപേർക്കെതിരെ വിശ്വാസ വഞ്ചനാക്കുറ്റത്തിനും കലൂർ പോലീസ് കേസെടുത്തിരിക്കുന്നു. പരിപാടിയിലെ സാമ്പത്തിക തട്ടിപ്പുകളെക്കുറിച്ച് പോലീസ് അന്വേഷണം ആരംഭിച്ചു കഴിഞ്ഞു. നടി ദിവ്യ ഉണ്ണിയുടെയുംപരിപാടിയുടെ ബ്രാൻഡ് അംബാസഡർ സിജോയുടെയും മൊഴിയെടുക്കും.

സംഘാടനവുമായി ബന്ധപ്പെട്ട് ഇവരുടെ പങ്കാണ് പൊലീസ് അന്വേഷിക്കുന്നത്. കോടികളുടെ സാമ്പത്തിക തട്ടിപ്പ് നടന്നിരിക്കുന്നതിനാൽ പോലീസ് കടുത്ത നടപടികളിലേയ്ക്കാണ് നീങ്ങുന്നത്. ഉമാ തോമസിന് ഗുരുതരമായി പരിക്കേറ്റ സാഹചര്യത്തിൽ സംഘാടകരുടെ ഭാഗത്തുനിന്ന് ഗുരുതരമായ സുരക്ഷാ വീഴ്ചയുണ്ടായെന്നാണ് കണ്ടെത്തയിരിക്കുന്നത്. അതിനാൽ മരണം വരെ സംഭവിക്കാവുന്ന തരത്തിലുള്ള കുറ്റകൃത്യം ചെയ്തെന്ന ജാമ്യമില്ലാ വകുപ്പുകളാണ് പ്രതികൾക്കെതിരെ ചുമത്തിയിരിക്കുന്നത്. കലൂർ സ്വദേശിയായ ബിജി എന്ന വീട്ടമ്മയുടെ പരാതിയിലാണ് പോലീസ് കേസെടുത്തിരിക്കുന്നത്.




സ്റ്റേഡിയത്തിൽ 15 അടി ഉയരത്തിലുള്ള സ്റ്റേജ് നിർമ്മിച്ച മുളന്തുരത്തി സ്വദേശി ബെന്നി, മൃദംഗ വിഷൻ സി.ഇ.ഒ ഷെമീർ അബ്ദുൾ റഹീം, ഓസ്കാർ ഇവന്റ്സ് മാനേജർ കൃഷ്ണ കുമാർ എന്നിവരുടെ അറസ്റ്റാണ് രേഖപ്പെടുത്തിയയത്. മൃദംഗവിഷൻ ഡയറക്ടറായ നിഗോഷ്, ഭാര്യ, സി.ഇ.ഒ ഷമീർ, നടി ദിവ്യ ഉണ്ണിയുടെ സുഹൃത്ത് പൂർണിമ എന്നിവർക്കെതിരെ കേസെടുത്തിട്ടുണ്ട്. സാമ്പത്തിക ചൂഷണത്തിന്റെ പേരിൽ നൃത്താധ്യാപകരെയും പ്രതിചേർക്കും. ഇവർ വഴിയായിരുന്നു സംഘാടകർ വൻ തോതിൽ പണപ്പിരിവ് നടത്തിയിരുന്നത്. ഇടനിലക്കാർ എന്ന രീതിയിലാണ് ഈ അധ്യാപകർക്കെതിരെ നടപടിയെടുക്കുക.

പരിപാടിയുടെ നടത്തിപ്പിനായി നർത്തകരായ ഓരോ കുട്ടിയിൽ നിന്നും 2,000 രൂപയും, സാരി വാങ്ങുന്നതിനായി 1600 രൂപയുമാണ് നിന്നും പിരിച്ചിരിച്ചെടുത്തിരിക്കുന്നത്. എന്നാൽ ഇവരിൽനിന്ന് 5,000 രൂപ വീതം വാങ്ങിയെന്നാണ് മൃദംഗ വിഷൻ സംഘാടകർക്ക് എതിരെയുള്ള ആരോപണം. 12,000 പേരാണ് നൃത്തം അവതരിപ്പിച്ചത്. 150 രൂപയായിരുന്നു ടിക്കറ്റ് ചാർജ്. 25,000-ത്തോളം പേർ പരിപാടി കാണാൻ സേറ്റേഡിയത്തിലെത്തിയിരുന്നു. ഏകദേശകണക്കനുസരിച്ച് അഞ്




കോടിയിലധികം രൂപ സംഘാടകരടെ കൈകളിലെത്തിയെന്നാണ് സൂചന.

അതേസമയം നർത്തകർക്ക് കല്ല്യാൺ സിൽക്സ് നൽകിയ വസ്ത്രത്തിന്റെ പേരിലും സംഘാടകർ തട്ടിപ്പ് നടത്തി. സാരി ഒന്നിന് 390 രൂപ നിരക്കിലാണ് കല്ല്യാൺ സിൽക്സ് പ്രത്യേകമായി നെയ്ത് നൽകിയത്. എന്നാൽ സംഘാടകർ സാരി ഒന്നിന് 1600 രൂപ വീതം ഈടാക്കി എന്ന് പിന്നീടാണ് അറിഞ്ഞതെന്ന്, സംഭവം വിവാദമായപ്പോൾ കല്യാൺ സിൽക്സ് പുറത്തിറക്കിയ പത്രക്കുറിപ്പിലൂടെ അറിയിച്ചു. ഇതു സംബന്ധിച്ച് പരിപാടിയിൽ പങ്കെടുത്ത നർത്തകരുടെ രക്ഷിതാക്കളിൽ നിന്നും മൊഴിയെടുത്തിട്ടുണ്ട്.

''കല്യാൺ സിൽക്സ് കേരളത്തിലെ ഏറ്റവും വലിയ ഹോൾസെയിൽ ആൻഡ് റീട്ടെയിൽ വസ്ത്ര വ്യാപാര ശൃംഖല ആയതുകൊണ്ട് മൃദംഗനാദത്തിന്റെ സംഘാടകർ 12,500 സാരികൾ നിർമ്മിച്ചു നൽകുവാൻ ആയിട്ടാണ് ഞങ്ങളെ സമീപിക്കുന്നത്. ഈ പരിപാടിക്ക് മാത്രമായി ഡിസൈൻ ചെയ്ത സാരികൾ കുറഞ്ഞ സമയത്തിനുള്ളിൽ നിർമ്മിക്കുകയും സാരി ഒന്നിന് 390 രൂപയ്ക്ക് സംഘാടകർക്ക് യഥാസമയം കൈമാറുകയും ചെയ്തിരുന്നു. എന്നാൽ പരിപാടിയുടെ വേദിയിൽ ഉണ്ടായ ചില നിർഭാഗ്യകരമായ സംഭവങ്ങൾക്ക് ശേഷം ഞങ്ങൾക്ക് അറിയാൻ കഴിഞ്ഞത് സംഘാടകർ സാരി ഒന്നിന് 1600 രൂപ ഈടാക്കിയെന്നാണ്...'' കല്യാൺ സിൽക്സ് അറിയിച്ചു.




വിവാദ നൃത്ത പരിപാടിയിലെ സുരക്ഷാ വീഴ്ചകൾ ഒരോന്നായി പുറത്ത് വന്നുകൊണ്ടിരിക്കുകയാണ്. 25,000 പേരെ നിയന്ത്രിക്കാൻ സ്റ്റേഡിയത്തിൽ ഉണ്ടായിരുന്നത് കേവലം 25 പൊലീസുകാർ മാത്രമായിരുന്നു. പരിപാടിയുടെ സുരക്ഷാ മേൽനോട്ടത്തിനായി 25 പൊലീസുകാർ മതിയെന്ന് മൃദംഗ വിഷൻ പൊലീസ് ഉദ്യോഗസ്ഥരെ അറിയിക്കുകയായിരുന്നു. 25 പൊലീസുകാരെ വിട്ടുകിട്ടുന്നതിനുള്ള നിയമപ്രകാരമുള്ള തുകയും സംഘാടകർ സർക്കാറിലേക്ക് അടച്ചിട്ടുണ്ട്. പൊലീസുകാർക്ക് പുറമെ 150-ഓളം സ്വകാര്യ സെക്യൂരിറ്റി ജീവനക്കാർ പരിപാടി നിയന്ത്രിക്കാൻ ഉണ്ടാകുമെന്നും അതിനാലാണ് കൂടുതൽ പൊലീസുകാർ വേണ്ടാത്തത് എന്നുമാണ് സംഘാടകർ പൊലീസിനെ അറിയിച്ചത്. എന്നാൽ ആവശ്യത്തിന് സെക്യൂരിറ്റി ജീവനക്കാരേയും സംഘാടകർ എത്തിച്ചിരുന്നില്ല.

ഇതിനിടെ ഉമാ തോമസിനെ അഡ്മിറ്റ് ചെയ്തിരിക്കുന്ന കൊച്ചി റെനൈ മെഡിസിറ്റിയിൽ നിന്നും പുതുവർഷ ദിനത്തിൽ ശുഭ വാർത്തയാണ് കേട്ടത്. ഉമാ തോമസിന്റെ ആരോഗ്യനിലയിൽ പുരോഗതിയുണ്ടെന്ന് ഡോക്ടമാർ. ഉമാ തോമസ് മക്കളോട് ഹാപ്പി ന്യൂ ഇയർ എന്ന് പറഞ്ഞു. ആരോഗ്യനിലയിൽ ഇന്നലത്തേക്കാൾ നേരിയ പുരോഗതിയുണ്ട്. തലച്ചോറിന്റെ കാര്യത്തിൽ പുരോഗതിയുണ്ട്. ശ്വാസകോശത്തിന്റെ പരിക്കും മെച്ചപ്പെട്ടിട്ടുണ്ടെന്നും മെഡിക്കൽ ടീം അറിയിച്ചു.

വെന്റിലേറ്റർ പിന്തുണ ഒഴിവാക്കുന്നതു സംബന്ധിച്ചു നിരീക്ഷിച്ചു തീരുമാനമെടുക്കും. വേദനയുണ്ടെന്ന് ഉമാ തോമസ് അറിയിച്ചതായി ഡോക്ടർ പറഞ്ഞു. മരുന്നുകൊണ്ട് ഒരുപരിധിവരെ വേദന കുറയ്ക്കാനാകും. വേദനകാരണം ശ്വാസം പൂർണമായും എടുക്കാൻ ബുദ്ധിമുട്ടുണ്ടാകും. ഉമാ തോമസ് ശരീരം ചലിപ്പിച്ചതായി എം.എൽ.എയുടെ സോഷ്യൽ മീഡിയ ടീം അറിയിച്ചു.

ഡിസംബർ 29-ന് കലൂർ ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ നടന്ന 'മൃദംഗനാദം 2024' എന്ന നൃത്ത പരിപാടിക്കിടെയായിരുന്നു അപകടം. ഉറപ്പില്ലാത്ത റിബൺ ബാരിക്കേഡ് സ്ഥാപിച്ച വി.ഐ.പി ഗാലറിയിലൂടെ നടക്കുന്നതിനിടെ എം.എൽ.എ താഴേക്ക് പതിക്കുകയായിരുന്നു. വീഴ്ചയുടെ ആഘാതത്തിൽ എം.എൽ.എയുടെ തല കോൺക്രീറ്റ് സ്ലാബിൽ ഇടിച്ചതാണ് ഗുരുതര പരിക്കിന് ഇടയാക്കിയത്.




CELEBRATING 30 Service & Commitment

# Blue Ocean
Wealth Solutions

A member of the MassMutual Financial Group





**Philipose Samuel**

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals

## BUSINESS NEEDS

### Business Continuation Planning
Key Employee Insurance
Business Overhead Insurance
Disability Buyouts
Buy-Sell Arrangements

### Retirement Planning
401K Plans
403b Plans
Simplified Employee Pensions (SEPs)
Simple IRAs

### Employee Benefits Products
Health Insurance
Short-term and Long-term Disability Insurance
Health Insurance*

### Group Health insurance
Group Whole Life (Without Medicals)
Group Disability & Group Dental Plans Insurance

## PERSONAL NEEDS

### Wealth Communication
Managed Investment Accounts
Mutual Funds
Exchange Traded Funds
Fixed, Variable and Index Annuities
Traditional and Roth IRAs
Education Funding Strategies
Retirement Planning

### Family Protection
Long-Term Care Insurance
Whole Life Insurance
Term Life Insurance
Disability Income Insurance
Medicare Supplement & Advantage Plans*
Medicare Part D*
Charitable Planning Strategies
Home Owner's Insurance*
Auto Insurance*
Estate Conservation

MassMutual Leaders Conference: 2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998

**Philipose Samuel (Sam)**
*30 Years of Service*
**Financial Service Representative Financial Advisor**
**O: (516) 326-7028 | C: (516) 312-2902**
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number **516 774 4283**

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.

# ന്യൂയോർക്ക് പൊലീസിൽ ഇൻസ്പെക്ടർ സ്ഥാനം നേടിയ ഷിബു മധുവിന് ഫോമായുടെ ആശംസകൾ



**എ.എസ് ശ്രീകുമാർ**

ന്യൂയോർക്ക്: ന്യൂയോർക്ക് പൊലീസിൽ ഇൻസ്പെക്ടർ സ്ഥാനം ലഭിച്ച മലയാളി, ക്യാപ്റ്റൻ ഷിബു മധുവിന് ഫോമാ എക്സക്യൂട്ടീവ് കമ്മിറ്റി ആശംസകൾ നേർന്നു. 2007 മുതൽ ന്യൂയോർക്ക് പോലീസ് ഡിപ്പാർട്ട്മെന്റിൽ സേവനമുഷ്ടിക്കുന്ന ആലപ്പുഴക്കാരൻ ക്യാപ്റ്റൻ ഷിബു മധുവാണ് ഈ അപൂർവ നേട്ടത്തിനുടമ. ആലപ്പുഴ ജില്ലയിൽ ചെന്നിത്തല ചെറുകോൽ വെന്നിയിൽ കുടുംബത്തിലെ മധു, ലത ദമ്പതികളുടെ മൂത്ത മകനാണ് ഷിബു മധു.

'കി ്യലരീഴിശശേീ ീള ്യീൗ ൃലറശരമ ശേീ, ൌല്യൃശീ്യ മരവശല്ലാലിേ മിറ ീൗ ൈമിേറശിഴ ലെ്യൃശരല ീ വേല ചലം ഥീൃസ ഇശ്യേ ജീഹശരല ഉലുമൃോലിേ മിറ ീ വേല രശ്യേ ീള ചലം ഥീൃസ മ ംശലേലലൈറ യ്യ ്യീൗ ൃ്യീീശേീ ീ കിുെലരീ്യ...'' പോലീസ് കമ്മീഷണർ ഒപ്പുവച്ച പ്രൊമോഷൻ സർട്ടിഫിക്കറ്റിൽ ഇപ്രകാരം വിശേഷിപ്പിക്കുന്നു.

ഒരു യഥാർത്ഥ നിയമപാലകൻ മുഖം നോക്കാതെ കൃത്യനിർവഹണം നടത്തുന്ന വ്യക്തിയായിരിക്കും. നിതാന്ത ജാഗ്രത പുലർത്തുന്ന അവർ സ്വന്തം ജീവൻ പണയപ്പെടുത്തിയാണ് ക്രമസമാധാനം പാലിക്കുന്നത്. അത്തരത്തിൽ തനിക്ക് ചുറ്റുപാടുമുള്ളവരെ ഹൃദയത്തോട് ചേർത്ത് സംരക്ഷിക്കുന്ന ഒരു യഥാർത്ഥ പോലീസ് ഉദ്യോഗസ്ഥനാണ് ക്യാപ്റ്റൻ ഷിബു മധുവെന്ന് ഫോമ പ്രസിഡന്റ് ബേബി മണക്കുന്നേൽ, ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡന്റ് ഷാലൂ പുന്നൂസ്, ജോയിന്റ് സെക്രട്ടറി പോൾ ജോസ്, ജോയിന്റ് ട്രഷറർ അനുപമ കൃഷ്ണൻ എന്നിവർ അഭിപ്രായപ്പെട്ടു.

പതിമൂന്ന് വയസുള്ളപ്പോൾ 1999-ലാണ് ചെന്നൈയിൽ ടി നഗറിൽ താമസിച്ചിരുന്ന മധുവും കുടുംബവും അമേരിക്കയിൽ എത്തിയത്. വൈക്കം സത്യാഗ്രഹത്തിൽ ആദ്യം അറസ്റ്റിലായ വെന്നിയിൽ ഗോവിന്ദ പണിക്കരുടെ കൊച്ചു മകനാണ് ഷിബുവിന്റെ പിതാവ് മധു. ന്യൂയോർക്കിലെ ലോങ് ഐലന്റിലുള്ള വില്യം കല്ലെൻ ബ്രയന്ത് ഹൈ സ്കൂൾ, പെൻസിൽവേനിയ സ്റ്റേറ്റ് യൂണിവേഴ്സിറ്റി, ആസ്പെൻ യൂണിവേഴ്സിറ്റി എന്നിവിടങ്ങിൽ പഠനം നടത്തിയ ക്യാപ്റ്റൻ ഷിബു, ക്രിമിനൽ ജസ്റ്റീസിൽ ബാച്ചിലർ ഓഫ് സയൻസ് ഡിഗ്രി കരസ്ഥമാക്കിയിട്ടുണ്ട്.

ബ്രൂക്ക്ലിനിലെ 79 പ്രിസിങ്റ്റിൽ (ബെഡ്ഫോർഡ് സ്റ്റൈവെസന്റ്) ആണ് ഷിബു മധു തന്റെ ഔദ്യോഗിക ജീവിതത്തിന് തുടക്കം കുറിക്കുന്നത്. 2013 ഒക്ടോബർ വരെ മിഡ് നൈറ്റ് പട്രോൾ ഓഫീസറായി പ്രവർത്തിച്ച ഷിബുവിന് ക്വീൻസിലെ ജാക്സൺ ഹൈറ്റ്സിലുള്ള 115 പ്രിസിങ്റ്റിലെ 4 ഃ 12






സാർജന്റായി പ്രമോഷൻ ലഭിച്ചു. തുടർന്ന് സ്വമേധയാ നേടിയ ട്രാൻസ്ഫറിൽ ബ്രൂക്ലിൻ ഉൾപ്പെടുന്ന ഈസ്റ്റ് ന്യൂയോർക്കിലെ 75 പ്രിസിങ്റ്റിൽ ടാർജറ്റ് സാർജന്റായി 2015 മാർച്ച് മുതൽ 2016 ഓഗസ്റ്റ് വരെ ജോലി ചെയ്തു.

പിന്നീട് ലഫ്റ്റനന്റായി ബ്രൂക്ക്ലിനിലെ 81 പ്രിസിങ്റ്റിൽ (ബെഡ്ഫോർഡ് സ്റ്റൈവെസന്റ്) നിയമനം. 2018 ഓഗസ്റ്റ് വരെ അവിടെ സ്പെഷൽ ഓപ്പറേഷൻസ് ലഫ്റ്റനന്റായി തുടർന്നു. തുടർന്ന് ക്യാപ്റ്റനായി ജോലിക്കയറ്റം കിട്ടിയ ഷിബു മധു ഈ റാങ്ക് കരസ്ഥമാക്കുന്ന നാലാമത്തെ ഇന്ത്യക്കാരനായി. ഈസ്റ്റ് ന്യൂയോർക്ക്-ബ്രോൺസ്‌വിൽ പരിധിയിലുള്ള ബ്രൂക്ക്ലിനിലെ 73-75 ഡിറ്റെക്ടീവ് സ്ക്വാഡുകളിൽ കമാൻഡിങ് ഓഫീസർ ചുമതലയാണ് ഷിബു മധുവിന് ലഭിച്ചത്. അവിടെനിന്ന് 79-81 ഡിറ്റെക്ടീവ് സ്ക്വാഡുകളിലും നാർകോട്ടിക് മൊഡ്യൂളിലും കമാൻഡിങ് ഓഫീസറാറും പ്രവർത്തിച്ചു. ബെഡ്ഫോർഡ് സ്റ്റൈവെസന്റ്ഏരിയിലായിരുന്നു ഡ്യൂട്ടി.

2021-ൽ ഡപ്യൂട്ടി ഇൻസ്പെക്ടറായും പ്രവർത്തിച്ചു.ഒന്നരപ്പതിറ്റാണ്ടിലേറെയായുള്ള ന്യൂയോർക്ക് പോലീസ് ഡിപ്പാർട്ട്മെന്റിലെ വിവിധ തലങ്ങളിൽ തിളങ്ങിയ ക്യാപ്റ്റൻ ഷിബു മധു നിരവധി തവണ വിശിഷ്ട സേവനത്തിനുള്ള അംഗീകാരത്തിന് പാത്രീഭൂതനായിട്ടുണ്ട്. ഭാര്യ: കരോളിൻ. ആൻഡ്രു, നിക്കോൾ എന്നിവർ മക്കൾ. സഹോദരി ഷീബ മധു.

കുറ്റകൃത്യങ്ങൾക്കെതിരെയുള്ള പോലീസിന്റെ ഓരോ നീക്കങ്ങളും അവിടുത്തെ ജനങ്ങൾക്ക് വേണ്ടിയാണ്. ആ രാജ്യത്തിനു വേണ്ടിയാണ് പോലീസ് നിലകൊള്ളുന്നത് തന്നെ. സമൂഹത്തിന്റെ രക്ഷകരായി പ്രവർത്തിക്കുന്ന ആർപ്പണബോധമുള്ള പോലീസ് ഉദ്യോഗസ്ഥരെയാണ് രാജ്യത്തിന് ആവശ്യം. അക്കാര്യത്തിൽ ക്യാപ്റ്റൻ ഷിബു മധു ഒരു തികഞ്ഞ മാതൃക തന്നെയാണ്.




Muthoot Finance USA Inc.
You Only NEED
A GOLD LOAN
To Make Your Dreams
A REALITY!
Just avail a gold loan from Muthoot Finance and experience a host of incredible benefits.
Maximum Loan Value
Get the best loan value for your gold
Quick Loan Approval
Fast processing to get you your funds immediately
Easy Documentation
Hassle-free paperwork for a seamless loan experience
Trust the gold loan experts and secure your future today.
Visit our branches at:
New York Branch
1620, Hillside Ave,
New Hyde Park, New York - 11040
+1 (516) 352 7900
New Jersey Branch
1407, Oak Tree Road,
Iselin, New Jersey - 08830
+1 (732) 305 8200
Live Chat: +91 8078014111
Muthoot Family - 800 years of Business Legacy

# ഫോമാ കൺവൻഷൻ – 2026: മാത്യൂസ് മുണ്ടയ്ക്കൽ ചെയർമാൻ, സുബിൻ കുമാരൻ ജനറൽ കൺവീനർ






**എ.എസ് ശ്രീകുമാർ**

ഹൂസ്റ്റൺ: അമേരിക്കൻ മലയാളികളുടെ അനുഗ്രഹീത ഫെഡറേഷനായ ഫോമായുടെ 2026-ലെ ഒമ്പതാമത് ഇന്റർനാഷണൽ ഫാമിലി കൺവൻഷന്റെ ചെയർമാനായി മാത്യൂസ് മുണ്ടയ്ക്കലിനെയും ജനറൽ കൺവീനറായി സുബിൻ കുമാരനെയും പ്രസിഡന്റ് ബേബി മണക്കുന്നേലിന്റെ നേതൃത്വത്തിലുള്ള എക്സിക്യൂട്ടീവ് കമ്മിറ്റി നേമിനേറ്റ് ചെയ്തു. ഫോമായുടെ വിവിധ തലങ്ങളിലുള്ള പ്രതിനിധികളെ വിശ്വാസത്തിലെടുത്തുകൊണ്ടാണ് ഇവരെ തിരഞ്ഞെടുത്തിരിക്കുന്നത്.

ഫോമായുടെ സജീവ പ്രവർത്തകനായ മാത്യൂസ് മുണ്ടയ്ക്കൽ റീജിയണൽ വൈസ് പ്രസിഡന്റ്, നാഷണൽ കമ്മിറ്റി മെമ്പർ എന്നീ നിലകളിൽ തന്റെ നേതൃപാടവം തെളിയിച്ചിട്ടുള്ള സംഘാടകനാണ്. മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റൺ (മാഗ്) പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, സ്ഥാനങ്ങൾ വഹിച്ച ഇദ്ദേഹം നിലവിൽ മാഗ് ട്രസ്റ്റി ബോർഡ് മെമ്പറാണ്. ഹൂസ്റ്റൺ മലയാളി സമൂഹത്തിലെ നിറസാന്നിധ്യമായ മാത്യൂസ് മുണ്ടയ്ക്കൽ വേൾഡ് മലയാളി കൗൺസിൽ യൂത്ത് ഫോറം ചെയർമാനായിരുന്നു. നാട്ടിൽ ബാലജനസഖ്യത്തിലൂടെയാണ് പൊതുരംഗത്തെത്തുന്നത്. കലാലയ ജീവിതത്തിൽ നേതൃസ്ഥാനങ്ങളിൽ പ്രവർത്തിച്ച പാരമ്പര്യവുമുണ്ട് ഇദ്ദേഹത്തിന്.

യു.എസ്.എ, യു.കെ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന കിയാൻ ഇന്റർനാഷണൽ എൽ.എൽ.സിയുടെ മാനേജിങ് ഡയറക്ടറായ സുബിൻ കുമാരൻ ഫോമായുടെ ഊർജസ്വലനായ പ്രവർത്തകനാണ്. സതേൺ റീജിയന്റെ ബിസിനസ് ഫോറം ചെയർമാൻ സ്ഥാനം വഹിച്ചിട്ടുണ്ട്. ലോകകേരള സഭയുടെ അമേരിക്കയിൽ നിന്നുള്ള പ്രതിനിധിയായ സുബിൻ എറണാകുളം മഹാരാജാസ് കോളേജ് യൂണിയൻ ചെയർമാനായിരുന്നു. ബാലസംഘത്തിലൂടെയാണ് പൊതുപ്രവർത്തനത്തിന്റെ തുടക്കം. മാഗിന്റെ ജനറൽ സെക്രട്ടറിയായ സുബിൻ കുമാരന്റെ ജീവകാരുണ്യ പ്രവർത്തനങ്ങൾ മാതൃകാപരമാണ്. മൂന്നു വർഷമായി ഇടുക്കി ജില്ലയിലെ കുറത്തിക്കുടി, പെട്ടിമുടി ആദിവാസി മേഖലയിലെ 100-ലധികം വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകിവരുന്നു.

വിഖ്യാതമായ എൻ.ആർ.ജി സ്റ്റേഡിയത്തിന് തൊട്ട് എതിർവശത്തുള്ള 'വിൻഡം ഹൂസ്റ്റൺ' ഹോട്ടലിൽ 2026 ജൂലൈ 30, 31 ആഗസ്റ്റ് 1, 2 (വ്യാഴം, വെള്ളി, ശനി, ഞായർ) തീയതികളിലാണ് 2026-ലെ ഫോമാ കൺവൻഷൻ നടക്കുന്നത്. ഹോട്ടൽ അധികൃതരുമായി ഫോമാ ഭാരവാഹികൾ കഴിഞ്ഞ ആഴ്ച കോൺട്രാക്ടിൽ ഒപ്പുവച്ചിരുന്നു. കൺവൻഷന് 19 മാസം ശേഷിക്കെയാണ് വളരെ നേരത്തെ തന്നെ വേദി നിശ്ചയിച്ചതും മുറികളും മറ്റ് അനുബന്ധ സൗകര്യങ്ങളും മുൻകൂട്ടി ഉറപ്പാക്കിയിരിക്കുന്നതും. വർണാഭമായ കലാ-സാംസ്കാരിക പരിപാടികൾ കോർത്തിണക്കി ഫോമയുടെ ചരിത്രത്തിലെ തന്നെ ഏറ്റം വലിയ ഫാമിലി കൺവൻഷനാണ് ഹൂസ്റ്റണിൽ വിഭാവനം ചെയ്യുന്നതെന്ന് കൺവൻഷൻ ചെയർമാൻ മാത്യൂസ് മുണ്ടയ്ക്കലും ജനറൽ കൺവീനർ സുബിൻ കുമാരനും പറഞ്ഞു. കൺവൻഷന് ഏവരുടെയും അകമഴിഞ്ഞ സഹകരണമുണ്ടാവണമെന്ന് ഫോമ പ്രസിഡന്റ് ബേബി മണക്കുന്നേൽ, ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡന്റ് ഷാലു പുന്നൂസ്, ജോയിന്റ് സെക്രട്ടറി പോൾ പി ജോസ്, ജോയിന്റ് ട്രഷറർ അനുപമ കൃഷ്ണൻ എന്നിവർ അഭ്യർത്ഥിച്ചു.


MAYURA
INDIAN RESTAURANT
9321-23 Krewstown, Philadelphia
Restuarant : 215 420 4200
Cell Phone: 267 668 8399
LET US CATER
YOUR NEXT EVENT
BOOK THE ENTIRE PLACE TO HOLD
YOUR SPECIAL EVENT
Great Food | Award Winning Chef
Plenty of Free Parking | Customize your Event

# രമേശ് ചെന്നിത്തല മന്നം ജയന്തി ആഘോഷത്തിനെത്തി മണിച്ചേട്ടനെ കണ്ടു; 11 വർഷത്തെ മഞ്ഞ് ഉരുകി



എ.എസ് ശ്രീകുമാർ

''മതനിരപേക്ഷതയുടെ ബ്രാൻഡ് ആണ് എൻ.എസ്.എസ്. അത് ഉയർത്തിപ്പിടിക്കാൻ എൻ.എസ്.എസ് ജനറൽ സെക്രട്ടറി സുകുമാരൻ നായർക്ക് കഴിയുന്നുണ്ട്. എൻ.എസ്.എസുമായുള്ള ആത്മബന്ധം ആരുവിചാരിച്ചാലും മുറിച്ചു മാറ്റാനാവില്ല. മന്നത്തിന്റെ കയ്യിലുള്ള വടിയുടെ അദൃശ്യമായ ഒന്ന് സുകുമാരൻ നായരുടെ കൈയിലുണ്ട്.

എൻ.എസ്.എസിനെതിരെ വരുന്ന ഓരോ അടിയും തടുക്കാനുള്ളതാണ് ആ വടി. രാഷ്ട്രീയ രംഗത്ത് ഇടപെടേണ്ട സമയത്തെല്ലാം എൻ.എസ്.എസ് ഇടപെട്ടിട്ടുണ്ട്. അതിൽനിന്ന് എന്നെപ്പോലുള്ളവർക്ക് ഒരുപാട് പഠിക്കാനുണ്ട്...''

ചങ്ങനാശേരിയിൽ മന്നം ജയന്തി ആഘോഷം ഉദ്ഘാടനം ചെയ്ത് രമേശ് ചെന്നിത്തല ഇപ്രകാരം പറഞ്ഞപ്പോൾ, എൻ.എസ്.എസ് ജനറൽ സെക്രട്ടറി സുകുമാരൻ നായരുമായി (വാൽസല്യമുള്ളവർ മണിച്ചേട്ടൻ എന്ന് വിളിക്കും) 11 വർഷം നീണ്ട ഒരു രാഷ്ട്രീയ പിണക്കത്തിന്റെ മഞ്ഞ് ഉരുകുകയായിരുന്നു. മന്നം ജയന്തി ആഘോഷത്തിൽ മുഖ്യപ്രഭാഷണം നടത്താനാണ് എൻ.എസ്.എസ് ചെന്നിത്തലയെ ആദ്യം ക്ഷണിച്ചത്. പിന്നെ അദ്ദേഹത്തെ കാണുന്നത് ഉദ്ഘാടകന്റെ റോളിലാണ്. ചെന്നിത്തല കൊതിച്ചതും സുകുമാരൻനായർ വിധിച്ചതും അതുതന്നെ.

''മന്നം ജയന്തി ഉദ്ഘാടനം ചെയ്യുകയെന്നത് എന്റെ ജീവിത്തിലെ സൗഭാഗ്യമായ കാര്യമാണ്. രാജിവ്ഗാന്ധി മുതൽ കെ കരുണാകരൻ വരെയുള്ള ഉജ്ജ്വലങ്ങളായ നേതൃത്വം ഉദ്ഘാടനം ചെയ്ത വേദിയിൽ എനിക്ക് ഒരവസരം കിട്ടിയതിൽ എൻ.എസ്.എസിനോടും ജനറൽ സെക്രട്ടറിയോടും പൂർണമായ നന്ദിയും കടപ്പാടും അറിയിക്കുന്നു. എൻ.എസ്.എസ് എന്ന മഹാപ്രസ്ഥാനത്തെ കരുത്തോടെ നയിക്കുന്ന, നിലപാടുകളിൽ അചഞ്ചലമായി നിന്നുകൊണ്ട് പ്രവർത്തിക്കുന്ന ആളാണ്സുകുമാരൻ നായർ...'' എന്ന് ഉപകാര സ്മരണയോടെ രമേശ് ചെന്നിത്തല പറഞ്ഞു.

2013-ൽ ഉമ്മൻചാണ്ടി മന്ത്രിസഭയിൽ രമേശ് ചെന്നിത്തലയെ താക്കോൽ സ്ഥാനത്ത് കൊണ്ടുവരണമെന്നും അല്ലെങ്കിൽ ഭൂരിപക്ഷ ജനവിഭാഗം സർക്കാരിനെ തുടരാൻ അനുവദിക്കില്ലെന്നും സുകുമാരൻ നായർ പറഞ്ഞത് വലിയ വിവാദങ്ങൾക്ക് ഇടയാക്കിയിരുന്നു. സുകുമാരൻ നായരെ തള്ളി അന്നത്തെ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി രംഗത്തുവന്നിരുന്നു. പിന്നാലെ തന്റെ മതേതര മുഖത്തെ ചോദ്യം ചെയ്യുന്ന പരാമർശമാണിത് എന്ന് പറഞ്ഞ് രമേശ് ചെന്നിത്തലയും സുകുമാരൻ നായരെ തള്ളി പറഞ്ഞു. ഇതോടെയാണ് സുകുമാരൻ നായരും രമേശ് ചെന്നിത്തലയും തമ്മിൽ അകന്നത്.

പിന്നീട് പ്രതിപക്ഷ നേതൃസ്ഥാനവും കെ.പി.സി.സി പ്രസിഡന്റ്പദവുമൊക്കെ നഷ്ടപ്പെട്ട് കോൺഗ്രസിലെ വനവാസ കാലത്തുനിന്ന് മോക്ഷംതേടി 'താക്കോൽ സ്ഥാന'ത്തേയ്ക്കുള്ള യാത്രയ്ക്ക് ചെന്നിത്തല ഇന്ന് എൻ.എസ്.എസ് ആസ്ഥാനത്തുനിന്ന് ഔദ്യോഗികമായി തുടക്കംകുറിച്ചിരിക്കുകയാണെന്ന് പറയാം. കഴിഞ്ഞ ഡിസംബർ 28-ന് വൈക്കം ആശ്രമം ഹൈസ്കൂളിൽ നിന്ന് പുറപ്പെട്ട ശിവഗിരി തീർത്ഥാടന പദയാത്ര സമ്മേളനത്തിൽ രമേശ് ചെന്നിത്തല മുഖ്യ പ്രഭാഷണം നടത്തിയിരുന്നു. ഇങ്ങനെ കേരളത്തിലെ പ്രബല സമുദായിക സംഘടനകളായ എൻ.എസ്.എസിന്റെയും എസ്.എൻ.ഡി.പിയുടെയും ആശീർവാദത്തോടെയാണ് രമേശ് ചെന്നിത്തല കളത്തിലിറങ്ങിയിരിക്കുന്നത്.




ചങ്ങനാശേരിയിലെത്തിയ ചെന്നിത്തല മന്നം സമാധിയിൽ പുഷ്പാർച്ചന നടത്തി സുകുമാരൻനായരുമായി സംസാരിച്ച ശേഷമാണ് മന്നം ജയന്തി ആഘോഷം ഉദ്ഘാടനം ചെയ്തത്. വളരെ സന്തോഷവാനായിരുന്നു അദ്ദേഹം. തികഞ്ഞ ആത്മവിശ്വാസം പ്രകടിപ്പിക്കുന്ന ശരീരഭാഷയും വായിച്ചെടുക്കാനായി. ഏതാനും ആഴ്ചകൾക്ക് മുമ്പ് എൻ.എസ്.എസ് ജനറൽ സെക്രട്ടറി സുകുമാരൻ നായരും എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശനും ചെന്നിത്തലയെ പുകഴ്ത്തിപ്പറഞ്ഞപ്പോൾ, ആ വാക്കുകളിൽ അദ്ദേഹത്തെ കേരളത്തിന്റെ മുഖ്യമന്ത്രിക്കസേരയിൽ വാഴിക്കാനുള്ള രാഷ്ട്രീയ ലക്ഷ്യം പ്രകടമായിരുന്നു.

പ്രതിപക്ഷ നേതാവ് വി.ഡി സതീശനെ പ്രത്യക്ഷമായിത്തന്നെ തഴയുന്ന വാക്കുകളും കേൾക്കുകയുണ്ടായി. എന്നാൽ സാമുദായിക നേതാക്കൻമാർ പറയുന്നതുകേട്ട് വോട്ട് ചെയ്യുന്ന പാരമ്പര്യമോ രാഷ്ട്രീയ പാപ്പരത്തമോ അന്ധമായ വീരാരാധനയോ കേരളത്തിന്റെ പൊതു സമൂഹത്തിനില്ല എന്നത് മറ്റൊരു കാര്യം. എന്നാൽ രമേശ് ചെന്നിത്തലയ്ക്ക് സുകുമാരൻനായരുമായുള്ള ഒരു 'പൊളിറ്റിക്കൽ കാംപ്രമൈസ്' തന്റെ നിലനിൽപ്പിന് അനിവാര്യമായിരുന്നു. അതിന് കാരണവുമുണ്ട്.

രമേശ് ചെന്നിത്തലയെ പ്രതിപക്ഷ നേതൃ സ്ഥാനത്തുനിന്ന് നീക്കാനും കോൺഗ്രസ് വർക്കിങ് കമ്മിറ്റിയിൽ ഉൾപ്പെടുത്താതിരിക്കാനും കേരളത്തിൽ നിന്നുള്ള ചില നേതാക്കൾ കോൺഗ്രസ് ഹൈക്കമാൻഡിനെ അറിയിച്ചത് അദ്ദേഹത്തിന് സ്വന്തം സമുദായത്തിന്റെ പോലും പിന്തുണ ഇല്ലെന്ന് വാദിച്ചുകൊണ്ടാണ്. അവർക്കുള്ള മറുപടിയാണ് ഇന്ന് മന്നം ജയന്തി ആഘോഷത്തിന്റെ ഉദ്ഘാടന പ്രസംഗത്തിലൂടെ ചെന്നിത്തല നൽകിയിരിക്കുന്നത്.

പ്രസംഗത്തിലെ ശ്രദ്ധേയമായ ഒരു പരാമർശം ഇങ്ങനെയായിരുന്നു...''കോളജ് പഠനകാലം മുതലാണ് എൻ.എസ്.എസുമായി താൻ ബന്ധപ്പെടുന്നത്. എസ്.എസ്.എൽസിക്ക് എനിക്ക് ഫസ്റ്റ് ക്ലാസിന് അഞ്ച് മാർക്ക് കുറവായിരുന്നു. അന്ന് വീടിനടുത്തുള്ള കോളജിൽ ഉപരിപഠനത്തിന് അപേക്ഷ നൽകി. റാങ്ക് ലിസ്റ്റിൽ താൻ അഞ്ചാമനായിരുന്നു. ഈ സമയത്ത് ഞാൻ കെ.എസ്.യു പ്രവർത്തകനുമായിരുന്നു. ഈ കോളജിൽ ഞാൻ പഠിച്ചാൽ അവിടുത്തെ അന്തീരിക്ഷം തകർക്കുമെന്ന് ആരോ ഊമക്കത്ത് അയച്ചു. എനിക്ക് കോളജിൽ പ്രവേശനം നിഷേധിച്ചു. മറ്റൊരിടത്തും അപേക്ഷ കൊടുത്തിരുന്നില്ല. ഒടുവിൽ അച്ഛൻ എന്നെയും കൂട്ടി എൻ.എസ്.എസ് കോളജിലെത്തി. അവിടെ പ്രവേശനത്തിനുള്ള അപേക്ഷ നൽകാനുള്ള സമയം കഴിഞ്ഞിരുന്നു. എന്നിട്ടും അവർ അപേക്ഷ വാങ്ങി പ്രവേശനം തന്നു. എന്നെ സഹിയിച്ചതും എനിക്ക് അഭയം തന്നതും എൻ.എസ്.എസ് ആയിരുന്നു. അവിടെ നിന്നാണ് എന്റെ പൊതുജീവിതം ആരംഭിക്കുന്നത്...''

ഏതാണ്ട് ലീഡർ കെ കരുണാകരനും സുകുമാരൻ നായരുടെ മുൻഗാമിയായ പി.കെ നാരായണപ്പണിക്കരും തമ്മിലുള്ള ബന്ധം പോലെയാണ് രമേശ് ചെന്നിത്തലയും ജി സുകുമാരൻ നായരും തമ്മിലുള്ള സൗഹൃദം ഇപ്പോൾ പുഷ്കലമായത്. പഞ്ചായത്ത് തിരഞ്ഞെടുപ്പ് അടുത്തു വരുന്നു. 2026-ൽ നിയമസഭാ തിരഞ്ഞെടുപ്പും നടക്കും. ഈ സാഹചര്യത്തിൽ കോൺഗ്രസിൽ വിശ്വസിക്കാൻ കൊള്ളാവുന്ന വ്യക്തി രമേശ് ചെന്നിത്തലയാണ്, വി.ഡി സതീശൻ അല്ല എന്നാണ് പെരുന്നയിൽ നിന്നുള്ള സൂചന.

വി.ഡി സതീശനോടുള്ള എതിർപ്പാണ് ഭൂരിപക്ഷ സമുദായ സംഘടനകൾക്ക് രമേശ് ചെന്നിത്തലയോടുള്ള അടുപ്പത്തിന്റെ അടിസ്ഥാനം. രമേശിനൊപ്പമെന്ന് അവർ പരസ്യനിലപാടെടുക്കുന്നു. മന്നം ജയന്തി ആഘോഷത്തിൽ രമേശ് ചെന്നിത്തലയെ ക്ഷണിച്ചതിനെ വെള്ളാപ്പള്ളി നേരത്തെതന്നെ സ്വാഗതം ചെയ്തിരുന്നു. പല വിഷയങ്ങളിലും ഭിന്നിച്ചു നിൽക്കുന്ന എൻ.എസ്.എസും എസ്.എൻ.ഡി.പിയും വി.ഡി സതീശനെ എതിർക്കുന്നതിൽ ഒരുമിക്കുന്നുവെന്നതാണ് കൗതുകകരം. ഇരു സാമുദായിക സംഘടനകൾക്കും ''ഏത് നായരോടാണ് പ്രിയം...'' എന്ന് ഇപ്പോൾ വ്യക്തമായിക്കഴിഞ്ഞു.

ചെന്നിത്തല ഇന്ന് പെരുന്നയിൽ സംസാരിക്കുന്ന അതേ സമയത്തു തന്നെയാണ് വി.ഡി സതീശൻ തിരുവനന്തപുരത്ത് ഒരു ബോംബ് പൊട്ടിച്ചത്. മുങ്ങാൻ പോകുന്ന അനിൽ അംബാനിയുടെ കമ്പനിയിൽ കെ.എഫ്.സി 60 കോടിയുടെ നിക്ഷേപം നടത്തിയതിലൂടെ പലിശയടക്കം കിട്ടാനുള്ള കോടികൾ വെള്ളത്തിലായി എന്നാണ് സതീശൻ ആരോപിച്ചത്. 2018-ൽ ബോർഡിൽ പോലും ചർച്ച ചെയ്യാതെ ആയിരുന്നു പണം നിക്ഷേപിച്ചത്. 2019-ൽ കമ്പനി ലിക്വിഡേറ്റ് ചെയ്തു. പലിശ ഉൾപ്പെടെ കെ.എഫ്.സിക്ക് കിട്ടേണ്ടിയിരുന്നത് 101 കോടിയായിരുന്നുവെന്നും എന്നാൽ കിട്ടിയത് 7 കോടി മാത്രമാണെന്നും അദ്ദേഹം പറഞ്ഞു.

ഇങ്ങനെ അഴിമതിക്കഥകൾ പൊക്കിയെടുത്ത് ഇടതു സർക്കാരിനെതിരെ വിമർശിച്ചുകൊണ്ടും കാലികപ്രസക്തമായ വിഷയങ്ങളിൽ ഇടപെടലപകൾ നടത്തിയും വി.ഡി സതീശൻ കളം കൊഴുപ്പിക്കുന്നുണ്ടെങ്കിലും രാഷ്ട്രീയമായി അത് എത്രത്തോളം അദ്ദേഹത്തിന് ഗുണകരമായി ഭവിക്കുമെന്ന് കണ്ടറിയേണ്ടിയിരിക്കുന്നു. ''ഞാൻ മുഖ്യമന്ത്രിയാകാൻ തീരുമാനിച്ചിറങ്ങിയാൽ യു.ഡി.എഫ് തിരിച്ചു വരില്ല. അങ്ങനെ ആയാൽ അതിന്റെ പിറകെയെ ഞാൻ പോകു. അങ്ങനെ യുണ്ടാകില്ല. എനിക്ക് ഒരു ലക്ഷ്യമെയുള്ളു. യു.ഡി.എഫിനെ തിരിച്ചു കൊണ്ടുവരിക...'' എന്നാണ് കഴിഞ്ഞ ദിവസം അദ്ദേഹം പറഞ്ഞത്.

എസ്.എൻ.ഡി.പിയുടെയും എൻ.എസ്.എസിന്റെയും പരിപാടികളിൽ പ്രധാനിയായിത്തന്നെ പങ്കെടുത്ത് രമേശ് ചെന്നിത്തല സംസാരിച്ചുകഴിഞ്ഞിരിക്കെ, മാരാമൺ കൺവൻഷനോടനുബന്ധിച്ച് ഫെബ്രുവരി 15-ാം തീയതി നടക്കുന്ന യുവജന സമ്മേളനത്തിൽ വി.ഡി സതീശൻ സംസാരിക്കും. 130 വർഷം ചരിത്രമുള്ള മാരാമൺ കൺവെൻഷനിൽ രാഷ്ട്രീയക്കാർ പങ്കെടുക്കാറുണ്ടെങ്കിലും പ്രസംഗിക്കാൻ വളരെ ചുരുക്കം ആളുകൾക്കെ അവസരം ലഭിക്കാറുള്ളു. സുവിശേഷ യോഗങ്ങളായതിനാൽ ക്രൈസ്തവരല്ലാത്തവർ പ്രസംഗിച്ചിട്ടുള്ളതും അപൂർവംതന്നെ. സതീശനും ഭാവുകങ്ങൾ...

# വൈസ്മെൻ ക്ലബ്ബ് നോർത്ത് അറ്റ്ലാന്റിക് റീജിയൻ ക്രിസ്മസ് ആഘോഷിച്ചു




'ഞാൻ സഹോദരൻറ്റെ കാവൽക്കാരനോ?' എന്ന പ്രസിദ്ധമായ ബൈബിൾ ചോദ്യത്തിന് 'അതേ' എന്നു ഉത്തരം നൽകുന്ന സാമൂഹിക കൂട്ടായ്മ്മയായാണ് വൈസ്മെൻ ക്ലബ്ബിന്റെ പ്രവർത്തനങ്ങളെ ഞാൻ മനസ്സിലാക്കുന്നത് എന്ന് പ്രസിദ്ധ ഹിന്ദുസ്ഥാനി സംഗീതസ്ഥനും മ്യൂസെക്കോളജിസ്റ്റുമായ ഫാദർ ജോസഫ് പാലക്കൽ പ്രസ്താവിച്ചു. വൈസ്മെൻ ഇന്റർനാഷണൽ ക്ലബ്ബിന്റെ നോർത്ത് അറ്റ്ലാന്റിക് റീജിയണൽ ക്രിസ്തുമസ് പരിപാടികൾക്ക് മുഖ്യസന്ദേശം നൽകുകയായിരുന്നു അദ്ദേഹം.

'കുട്ടി മനുഷ്യന്റെ പിതാവാണ്' എന്ന വരി വില്യം വേർഡ്സ്വർത്തിന്റെ കവിതയിൽ നിന്നാണ് വരുന്നത്, അവിടെ ഒരു വ്യക്തിയുടെ ബാല്യകാല അനുഭവങ്ങളും കാഴ്ചപ്പാടുകളും അവർ മുതിർന്നവരായി മാറുന്നതിനെ രൂപപ്പെടുത്തുന്നുവെന്ന ആശയം പ്രകടിപ്പിക്കുന്നു. ചെറുപ്പത്തിൽ വികസിപ്പിച്ച ശീലങ്ങളുടെയും പെരുമാറ്റത്തിന്റെയും ഫലമാണ് മനുഷ്യൻ. ക്രിസ്തുമസിൽ ഉണ്ണിയേശുവിനെ ദർശിക്കുമ്പോൾ അതാണ് ഓർത്തെടുക്കേണ്ട തത്വമെന്നും അങ്ങനെ ക്രിസ്തുമസ് ഒരുമയുടെയും മാനവികതയുടെ പര്യായമായാണ് മനസ്സിലാക്കേണ്ടതെന്നും അദ്ദേഹം പ്രസ്താവിച്ചു.

ന്യൂയോർക്കിലെ ഫ്ലോറൽ പാർക്കിൽ ടൈസൺ സെന്ററിൽ വച്ചു നടത്തപ്പെട്ട സമ്മേളനത്തിനു നോർത്ത് അറ്റ്ലാന്റിക് റീജിയനിൽനിന്നുള്ള നിരവധി ക്ലബ്ബ്കൾ പങ്കെടുത്തു. റീജിണൽ ഡയറക്ടർ കോരസൺ വർഗീസിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മുൻ ഏരിയ പ്രസിഡന്റ് ഷാജു സാം, ഏരിയ പ്രസിഡന്റ് എലെക്ട് ജോസഫ് കാഞ്ഞമല, റീജിണൽ ഡയറക്ടർ എലെക്ട് ജോർജ്ജ് കെ. ജോൺ, ക്ലബ്ബ് പ്രെസിഡന്റ്മാരായ തോമസ് സാമുവേൽ, ചാർളി ജോൺ, ജോസഫ് മാത്യൂസ്, വർഗീസ് പോത്താനിക്കാട്, ഫിലിപ്പ് മഠത്തിൽ, ആൻ എബ്രഹാം, സൂസമ്മ ലൂക്കോസ് എന്നിവർ നേതൃത്വം നൽകി.

കാലത്തികവിങ്കൽ ദൈവപുത്രൻ ജനിച്ചു എന്ന് പറയപ്പെടുന്നു. എല്ലാ സംഭവങ്ങൾക്കും കാലത്തിൻറ്റേതായ ഒരു ഭാഷ്യമുണ്ടെന്നും, ഖലീൽ ജിബ്രാന്റെ ഭയം എന്ന കവിതയിൽ സമുദ്രത്തിലേക്ക് പതിച്ചു ഇല്ലാതാകുന്ന നദിയുടെ ഭയം, അത് സമുദ്രമായി മാറ്റപ്പെടുകയാണ് എന്ന തിരിച്ചറിവിലൂടെ ഇല്ലാതാകുന്ന തിരിച്ചറിവാണ് ഈ സംഘടനയിലൂടെ നേടുന്നതെന്നു അദ്ധ്യക്ഷൻ കോരസൺ പറഞ്ഞു.

റീജിണൽ സെക്രട്ടറി ജിം ജോർജ്ജ് മാസ്റ്റർ ഓഫ് സെറിമണി ആയിരുന്നു. റീജിണൽ ട്രെഷറർ ഷാജി സക്കറിയ കൃതജ്ഞത നേർന്നു. എഡിറ്റർ സിബി ഡേവിഡ് തയ്യാറക്കിയ സ്മരണിക പ്രകാശനം ചെയ്യപ്പെട്ടു. ജേക്കബ് വർഗീസ് , അലൻ അജിത്ത് എന്നിവർ നിയന്ത്രിച്ച വിവിധ കലാപരിപാടികൾ മിഴിവേകി. ഡയനാമിസ് എന്റെർറ്റൈമെന്റ് എന്ന യുവജന ബാൻഡ് സംഗീതം ആലപിച്ചു.




NORTH
ATLANTIC
REGION


NORTH ATLANTIC REGION







Y'S MEN INTERNATIONAL
NORTH ATLANTIC REGION


Y's Men International
NORTH ATLANTIC REGION

# മനോജ് ജോസഫ് ഫൊക്കാന കൺവൻഷൻ കോർഡിനേറ്റർ





**പി ഡി ജോർജ് നടവയൽ**

ന്യൂജെഴ്സി: ഫൊക്കാനാ നാഷണൽ കൺവെൻഷൻ'26, 'ഉദ്യാന നഗരമായ ന്യൂജെഴ്സിയിൽ', ഫൊക്കാനായുടെ ആധുനിക പ്രൗഢിക്കു ചേർന്ന ഗാംഭീര്യത്തോടെ ക്രമീകരിക്കുന്നതിനുള്ള നാഷണൽ ടീമിൽ, വാട്ടപ്പള്ളിൽ മനോജ് ജോസഫിനെ കൺവെൻഷൻ കോർഡിനേറ്റർ ചുമതലയിൽ നിയോഗിച്ചു എന്ന് ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി അറിയിക്കുന്നു.

ഇരുപതോളം ഓമനപ്പേരിൽ പ്രശസ്തമായ, ന്യൂജെഴ്സിയുടെ വൈവിദ്ധ്യ മാനങ്ങളെ , ഫൊക്കാനാ നാഷണൽ കൺവെൻഷണിൽ പതിപ്പിക്കുന്നതിന്, മനോജ് ജോസഫിന്റെ സംഘാടക പാടവം സഹായകമാകുമെന്ന് ഫൊക്കാനാ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ പറഞ്ഞു.

''ഉദ്യാന നഗരം'' എന്ന ചെല്ലപ്പേരിനു പുറമേ, ' ദ് പീപ്പിൾ സ്റ്റെയ്റ്റ്', ' ദ് ക്രോസ് റോഡ് ഓഫ് അമേരിക്കൻ റെവല്യൂഷൻ', 'മെഡിസിൻ ചെസ്റ്റ് ഓഫ് ദ് വേൾഡ്', 'സ്വിറ്റ്സർലന്റ് ഓഫ് അമേരിക്ക', ' ഡൈവേഴ്സിറ്റി സ്റ്റെയ്റ്റ്', ''ദ് സ്റ്റെയ്റ്റ് ഓഫ് ഇന്നവേഷൻ' എന്നിങ്ങനെയുള്ള അർത്ഥപൂർണ്ണ വിളിപ്പേരുകളുള്ള ന്യൂജേഴ്സിയിൽ, 2026 ലെ ഫൊക്കാനാ നാഷണൽ കൺവെൻഷൻ നടക്കുമ്പോൾ, അതിനു ചേർന്ന ആഘോഷ ഇനങ്ങൾ ക്രമീകരിക്കുന്നതിന്, മനോജിന്റെയും, ഒപ്പമുള്ള കോർഡിനേറ്റർമാരുടെയും, മികവ് സഹായകമാകും.

മനോജ് ജോസഫ് മലയാളി അസ്സോസിയേഷൻ ഓഫ് ന്യൂ ജേഴ്സിയുടെ മുൻ പ്രസിഡന്റ്, മുൻ ചാരിറ്റി കോഡിനേറ്റർ എന്നീ നിലകളിൽ, ഇരുപതു വർഷത്തെ അമേരിക്കൻ ജീവിതത്തിൽ സാമൂഹ്യ പ്രതിബദ്ധത നിറവേറ്റിയിരുന്നു. പൂഞ്ഞാർ പാതാമ്പുഴയാണ് ജന്മദേശം. കോട്ടയം നാട്ടകം പോളി ടെക്നിക്കിൽ പഠിച്ച്, പോളിമർ ടെക്നോളജിയിൽ, ഡിപ്ളോമ നേടി; ലാറ്റക്സ് റ്റടെക്നോളജിയിൽ, സ്പെഷ്യലൈസേഷൻ സമ്പാദിച്ചു. ഡല്ലിയിലും നോർത്ത് ഇൻഡ്യയിലും 1990 മുതൽ 200 വരെ സേവനം ചെയ്തു. തുടർന്ന് ന്യൂ ജെഴ്സിയിൽ പതിനേഴു വർഷമായി കോസ്റ്റ്കോയിൽ സൂപ്പർവൈസറാണ്.

സഹധർമിണി: പ്രിയ മനോജ് ( മാന്നാർ ലൂക്കാ ജോസഫ് ചെമ്പാലായുടെ മകൾ, നെവാർക് യൂണിവേഴ്സിറ്റി ഹോസ്പിറ്റലിൽ സീനിയർ അനലിസ്റ്റ്)). മനോജ് ജോസഫിനെ ഫൊക്കാനാ കൺവെൻഷൻ കോർഡിനേറ്റർ ആയി ചുമതലപ്പെടുത്തുന്ന, നിയമന വാർത്താ സന്ദേശത്തിൽ, ഫൊക്കാനാ പ്രസിഡന്റ് സജിമോൻ ആന്റണി, സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ഫൊക്കാനാ ട്രഷർ ജോയി ചാക്കപ്പൻ, എക്സി .വൈസ് പ്രസിഡന്റ് പ്രവീൺ തോമസ് , വൈസ് പ്രസിഡന്റ് വിപിൻ രാജു, ജോയിന്റ് സെക്രട്ടറി മനോജ് ഇടമന, ജോയിന്റ് ട്രഷർ ജോൺ കല്ലോലിക്കൽ, അഡീഷണൽ ജോയിന്റ് സെക്രട്ടറി അപ്പുകുട്ടൻ പിള്ള, അഡീഷണൽ ജോയിന്റ്ട്രഷർ മില്ലി ഫിലിപ്പ് , വിമൻസ് ഫോറം ചെയർപേഴ്സൺ രേവതി പിള്ള, കൺവെൻഷൻ ചെയർ ആൽബർട്ട് കണ്ണമ്പള്ളിൽ എന്നിവർ അഭിനന്ദനം കുറിച്ചു.



The First
'OTT' Platform
MediaAppUSA
Originates From North America
Developed by
Malayalees from NA
MediaAppUSA
amazon fireTV
Roku
tv
Google TV
Amazon fireTV
ROKU TV
Apple TV
GoogleTV
Samsung SMART TV
LG Life's Good
Panasonic
VIZIO
Samsung TV
LGTV
Panasonic
VIZIO TV
Any Android or iOS Streaming Device
Watch LIVE TV
LIVE Events
'VOD' Video On Demand
Movies
For more info: 1-917-990-2123 or visit www.mediaappusa.com

# നൈനാ പുതിയ സാരഥികളിലേക്ക്











**പോൾ ഡി. പനയ്ക്കൽ**

അമേരിക്കയിലെ ഇന്ത്യൻ വംശജരായ നഴ്സുമാരുടെ ദേശീയ സംഘടനയായ നാഷണൽ അസോസിയേഷൻ ഓഫ് ഇന്ത്യൻ നഴ്സസ് ഓഫ് അമേരിക്കയ്ക്ക് (നൈന) പുതിയ നേതൃ സമിതി. രണ്ടുവർഷത്തെ കാലാവധി പിന്നിട്ട പ്രസിഡന്റ് സുജ തോമസിന്റ നേതൃത്വത്തിലുള്ള ടീം പുതിയ സാരഥികൾക്ക് ഉത്തരവാദിത്വവും കൈമാറും.

ഉമാമഹേശ്വരി വേണുഗോപാൽ (പ്രസിഡന്റ് ), ലിഫി ചെറിയാൻ (എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ), താരാ ഷാജൻ (വൈസ് പ്രസിഡന്റ് ), ഡോ. മുനിറ വെൽസ് (സെക്രെട്ടറി), ഡോ. ഷീല സാജൻ (ട്രെഷറർ) എന്നിവർ എക്സിക്യൂട്ടീവ് ബോർഡിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. ബിനു ഷാജിമോൻ (എ പി ആർ എൻ), ഉഷാ ചെറിയാൻ (അഡ്വക്കസി ആൻഡ് പോളിസി), മായ ജോസെഫ് (അവാർഡ്സ് ആൻഡ് സ്കോളര്ഷിപ്സ്), സിബി വറുഗീസ് (ബൈലാസ്), രാജിത ബൊമ്മകാന്തി (കമ്മ്യൂണിക്കേഷൻസ്), നിഷ മാത്യൂസ് (എഡിറ്റോറിയൽ), എലിസബത്ത് സാം (എലെക്ഷൻസ്), സാറാമ്മ ഐപ് (ഫണ്ട് റെയ്സിങ്), ലൈസി അലക്സ് (മെമ്പർഷിപ്), വിന്സിയ പാണ്ട്യൻ (റിസേർച് ആൻഡ് ഗ്രാന്റ്സ്) എന്നിവർ കമ്മിറ്റി ചെയർ പേർസൺസ് ആയി പ്രവർത്തിക്കും. മുൻ പ്രെസിഡന്റുമാരായ സുജ തോമസ്, ഡോ. ലിഡിയ ആൽബുക്കര്ക്കി, ഡോ. ജാക്കി മൈക്കിൾ, സാറ ഗബ്രിയേൽ, ഡോ. സോളിമോൾ കുരുവിള, ഡോ. ഓമന സൈമൺ എന്നിവരാണ് അഡ്വൈസറി ബോർഡിൽ.

അമേരിക്കയിൽ നഴ്സിംഗ് പ്രാക്ടിസിലും ആരോഗ്യരംഗത്തും ഉള്ള ഇന്ത്യൻ വംശജരായ നഴ്സുമാരെയും നഴ്സിംഗ് വിദ്യാർഥികളെയും ഒരു സംഘടനയ്ക്കുള്ളിൽ കൊണ്ടുവന്ന് വിവിധ ശ്രമങ്ങളിലൂടെ മികവുറ്റ ഒരു നഴ്സിംഗ് സമൂഹവിഭാഗത്തെ പടുത്തുയർത്തുകയെന്ന അടിസ്ഥാന ദർശനത്തോടെ സ്ഥാപിതമായ നൈനയ്ക്ക് ദേശവ്യാപകമായി ഇരുപത്തിയൊന്ന് ചാപ്റ്ററുകളാണുള്ളത്.

ഉന്നത വിദ്യാഭ്യാസം, ഉയർന്ന നിലവാരം, പ്രൊഫെഷണലിസത്തിലെ മികവ്, അഡ്വക്കസി, എന്നിവയിലൂടെ നഴ്സിങ്ങിന്റെ സ്വാധീനം വർധിപ്പിച്ചു ആരോഗ്യത്തിന്റെ മേന്മയ്ക്കായി സംഭാവന ചെയ്യുക എന്ന ലക്ഷ്യം വയ്ക്കുന്ന നൈന വൈസ് പ്രസിഡന്റ് കമലാ ഹാരിസ്, സർജൻ ജനറൽ വിവേക് മൂർത്തി എന്നിവരുടെ അഭിനന്ദനങ്ങൾ നേടിയിട്ടുണ്ട്. അമേരിക്കൻ ആരോഗ്യരംഗത്തെ സ്വാധീന ശക്തിയായ അമേരിക്കൻ നഴ്സസ് അസോസിയേഷൻ, വിദേശത്തെ നഴ്സിംഗ് വിദ്യാഭ്യാസത്തെ വിലയിരുത്തുന്ന സി ജി എഫ് എൻ എസ് എന്നീ സംഘടനകളുമായി വളരെ സഹകരിച്ചു പ്രവർത്തിക്കുന്ന നൈന അമേരിക്കയിലെ ഇന്ത്യൻ നഴ്സുമാരുടെ പ്രതിനിധി സംഘടനയായി പൊതുവെ ഗണിക്കപ്പെടുന്നു.

നൈനയുടെ പുതിയ സാരഥികൾ ജനുവരി ഒന്നിന് ചുമതലയേൽക്കും.



# സംതൃപ്തിയോടെ പടിയിറങ്ങുന്നു: സിബി ഡേവിഡ്



ഒരു സാംസ്കാരിക സംഘടനയുടെ തലപ്പത്തിരിക്കുക, ഒരു വർഷത്തെ പ്രവർത്തനങ്ങളിൽ അതിനെ ന്യൂനതകളില്ലാതെ വിജയത്തിലെത്തിക്കുക എന്ന് പറഞ്ഞാൽ അമേരിക്കയിൽ, പ്രേത്യകിച്ചും മലയാളികൾക്കിടയിൽ അതൊരു വെല്ലുവിളി തന്നെയാണ്. സംഘടനയാവട്ടെ, അൻപത്തിരണ്ട് വർഷത്തെ പാരമ്പര്യം കൈമുതലായുള്ള കേരള സമാജം ഓഫ് ഗ്രെയ്റ്റർ ന്യൂ യോർക്ക്. ഏതാണ്ട് ആയിരത്തിലധികം അംഗങ്ങൾ.

സാംസ്കാരിക മണ്ഡലങ്ങളിൽ ദേശീയതലത്തിലും പ്രാദേശികതലത്തിലും ദശാബ്ദങ്ങളുടെ അനുഭവസമ്പത്തുള്ള നേതാക്കന്മാരുടെ തറവാട്. ഇങ്ങനെയൊരു പശ്ചാലത്തിലാണ് രണ്ടായിരത്തി ഇരുപത്തിനാല് ജനുവരിയിൽ സമാജത്തിന്റെ അൻപത്തിരണ്ടാമതു് പ്രസിഡന്റായി സിബി ഡേവിഡ് എതിരില്ലാതെ നിയോഗിക്കപ്പെട്ടത്. തന്നോടൊപ്പം തോളോട് തോൾ ചേർന്ന് പ്രവർത്തിച്ച എക്സിക്യൂട്ടീവ് കമ്മറ്റിയുടെ പൂർണ്ണ സഹകരണംകൊണ്ടു മാത്രമാണ് എല്ലാ പരിപാടികളിലും പൂർണ്ണവിജയം കൈവരിക്കാൻ സാധിച്ചതെന്ന് സിബി വിശ്വസിക്കുന്നു. അടുത്ത കാലം വരെ പൊതുജന സാംസ്കാരിക സംഘടനകളെക്കാൾ സ്വയം സ്ഥാപിച്ച ഏതാനും പ്രസ്ഥാനങ്ങളായിരുന്നു തട്ടകങ്ങൾ.

തൊള്ളായിരത്തി തൊണ്ണൂറിൽ ന്യൂയോർക്കിൽ സ്ഥാപിച്ച യുണൈറ്റഡ് ആർട്സ് നിരവധി ലൈവ് സംഗീത പരിപാടികൾ കൂടാതെ സംഗീത നൃത്ത മത്സരങ്ങൾ നടത്തി ട്രൈ സ്റ്റേറ്റ് ഏരിയയിലെ വളർന്നു വരുന്ന പുതുതലമുറയ്ക്ക് ഭാരതീയ കലാരൂപങ്ങളിൽ ഉള്ള അഭിരുചി പ്രോത്സാഹിപ്പിക്കാൻ അവസരങ്ങൾ നല്കി.

തൊള്ളായിരത്തി തൊണ്ണൂറ്റിയൊമ്പതിൽ ഗ്ലോബൽ ആർട്സ് സ്ഥാപിച്ച് അമേരിക്കൻ മലയാളികൾ മാത്രം ആദ്യമായി അഭിനയിച്ച പൂർണമായും അമേരിക്കൽ നിർമ്മിച്ച ടി വി സീരിയൽ (ലഘു ചിത്രങ്ങൾ) നിർമ്മിച്ചു. പ്രശസ്ത സംവിധായൻ ശ്രീ. രാജീവ് അഞ്ചൽ ആയിരുന്നു ആ ചിത്രങ്ങൾ സംവിധാനം ചെയ്തത്. ആ കാലഘട്ടങ്ങൾ വളരെ സാഹസികമായിരുന്നതായി സിബി ഓർക്കുന്നു. സിബി ഡേവിഡ് ആ ചിത്രങ്ങളിൽ മുഖ്യ കഥാപാത്രമായും അഭിനയിച്ച് തന്റെ കലാവൈഭവം തെളിയിച്ചു. അമേരിക്കൻ മലയാളി എഴുത്തുകാരിൽ പ്രമുഖനായ ശ്രീ സി. എം. സി. ചാക്കോയുടെ മൂന്ന് ചെറുകഥകൾ ആസ്പദമാക്കിയാണ് 'ഇല കൊഴിയും പോലെ', 'പേരക്കിടാങ്ങൾ', 'മടക്കയാത്ര' എന്ന പേരുകളിൽ ഈ ചിത്രങ്ങളുടെ തിരക്കഥയും സഭാഷണങ്ങളും രാജീവ് അഞ്ചൽ ചിട്ടപ്പെടുത്തിയത്. ഏഷ്യാനെറ്റ് കൈരളി ടി വി തുടങ്ങിയ ചാനലുകളിൽ ഈ ചിത്രങ്ങൾ പിന്നീട് പ്രദർശിപ്പിക്കുകയുണ്ടായി. തമ്പി ആന്റണി, ജേക്കബ് ടി. ചാക്കോ, ക്രിസ്റ്റി, മനോഹർ തോമസ്, സജിനി സക്കറിയ, കുഞ്ഞുമോൾ, വത്സ ജോൺ, നീതു മോഹൻ (മിസ് ഫൊക്കാന – തൊള്ളായിരത്തി തൊണ്ണൂറ്റിയെട്ട്), കുര്യൻ , കിഷോർ, അസൂൻ, മേരി ആൻ, ജെ മാത്യൂസ് തുടങ്ങിയവരായിരുന്നു മറ്റ് അഭിനേതാക്കൾ. ന്യൂ യോർക്കിലെ സാംസ്കാരിക പ്രവർത്തകനായ ശ്രീ. പോൾ ചുളിയിൽ നിർമ്മാണ പ്രവർത്തനങ്ങളുടെ ചുക്കാൻ പിടിച്ചു. ചില മലയാളസിനിമകളിലും ചെറിയ വേഷങ്ങളിൽ അഭിനയിച്ച്

സിബി കഴിവ് തെളിയിച്ചു. ഹോളിവുഡ് ചിത്രമായ 'ബീയോണ്ട് ദി സോളിന്റെ' ക്രീയേറ്റീവ് കോൺട്രിബ്യൂട്ടർ ആയും, തൊണ്ണൂറ്റിമൂന്നിൽ അമേരിക്കയിൽ ഡോളർ രാജു നിർമ്മിച്ച് സംവിധാനം ചെയ്ത 'ഡോളർ' എന്ന സിനിമയിൽ സംവിധാന സഹായിയായും പ്രവർത്തിച്ചു. അമേരിക്കയിൽ നിർമ്മിച്ച പല ലഘുചിത്രങ്ങളിലും നായകവേഷത്തിൽ സിബി അഭിനയിച്ചിട്ടുണ്ട്.

ഗ്ലോബൽ ആർട്സിന് ശേഷം രണ്ടായിരത്തിനാലിൽ കലാവേദി ഇന്റർനാഷണൽ എന്നൊരു പ്രസ്ഥാനത്തിന് സിബി അടിത്തറ പാകി. ന്യൂ യോർക്കിലും കേരളത്തിൽ പത്തനംതിട്ടയിലും ഈ സംഘടന രജിസ്റ്റർ ചെയ്തു. വേറിട്ട കലാപരിപാടികളോടൊപ്പം സാമൂഹ്യപ്രതിബദ്ധതയുള്ള പ്രവർത്തനങ്ങളും ചെയ്യുക എന്നതായിരുന്നു കലാവേദിയുടെ ലക്ഷ്യം. കലാവേദി ഓൺലൈൻ എന്ന പോർട്ടൽ ആരംഭിച്ച് അമേരിക്കൻ മലയാളികളുടെ സാംസ്കാരിക വിശേഷങ്ങളും അതുപോലെ കേരളത്തിലെ പ്രതിഭാശാലികളായ യുവ പ്രതിഭകളെ പരിചയപ്പെടുത്തുന്നതുൾപ്പടെ വൈവിധ്യമാർന്ന വിഭവങ്ങളോടെ ഡെയിലി അപ്ഡേറ്റ് ചെയ്യുന്ന വെബ്സൈറ്റ് വളരെ വിജയകരമായി പ്രവർത്തിപ്പിച്ചു. അക്കാലത്ത് അമേരിക്കയിൽ നിന്നും സമാനമായ വാർത്താ പോർട്ടലുകൾ വിരലിൽ എണ്ണാൻ പോലും ഉണ്ടായിരുന്നില്ല. തിരുവനന്തപുരത്ത് പൂർണ്ണമായും സജ്ജമായ ഓഫിസിൽ മുഴുവൻ സമയ പ്രവർത്തകർ ഉണ്ടായിരുന്നു. ചിക്കാഗോയിൽ നിന്നും ജോയിച്ചൻ പുതുക്കുളം ഉൾപ്പടെ നിരവധി ഭാഷാസ്നേഹികൾ കലാവേദി ഓൺ ലൈനിൽ പതിവായി വാർത്തകളും മറ്റു വിഭവങ്ങളും അയച്ചുതന്നിരുന്നു. 'പ്രേത്യക ശ്രദ്ധക്ക്', 'ഇവരെ അറിയാം', 'അറിയാനും പറയാനും' തുടങ്ങി ആകർഷകമായ നിരവധി വിഭവങ്ങൾ കലാവേദി ഓൺലൈനിന്റെ പ്രേത്യകതയായിരുന്നു. രണ്ടായിരത്തിയാറിൽ ഇന്ത്യ പ്രസ് ക്ലബ് രൂപീകരിച്ചപ്പോൾ ആദ്യത്തെ പി ആർ ഓ ആയി സിബിയെ നിയോഗിച്ചു.

രണ്ടായിരത്തിയഞ്ചിലും - ആറിലും തിരുവനന്തപുരത്തു വച്ച് അരങ്ങേറിയ കലാവേദി അവാർഡ് നൈറ്റുകൾ കലാസ്നേഹികളായ ലോക മലയാളികളുടെ ശ്രദ്ധ പിടിച്ചു പറ്റി. കേരളത്തിലെ മാധ്യമങ്ങൾ പരിപൂർണ്ണ സഹകരണവും സഹായങ്ങളും നൽകിയെന്നത് എടുത്തുപറയേണ്ടതാണ്. റോയ് ഫിലിപ്പ്, ശേഖരൻ നായർ (മാതൃഭൂമി) സുബൈർ (കൗമുദി) അജിത് (മംഗളം) തുടങ്ങി നിരവധി മാധ്യമപ്രവർത്തകർ തുറന്ന മനസ്സോടെ സഹായിച്ചു. കലാവേദി ഓൺ ലൈൻ ഗാലപ്പ് പോളിങ്ങിലൂടെ 'കാഴ്ച', 'തന്മാത്ര' എന്നീ ചിത്രങ്ങളുടെ സംവിധായകൻ ശ്രീ. ബ്ലെസ്സിയും, അഭിനയ രംഗത്തെ സംഭാവനകൾ പരിഗണിച്ച് നെടുമുടി വേണുവും കലാവേദി പ്രതിഭാ അവാർഡുകൾ നേടി. ബീയോണ്ട് ദി സോൾ എന്ന ഇംഗ്ലീഷ് ചിത്രത്തിന്റെ നിർമ്മാതാവ് തമ്പി ആന്റണി, സംഗീതജ്ഞൻ ശ്രീ. ബോംബെ എസ് കമാൽ, നർത്തകി റുബിയ അലവിക്കുട്ടി, പത്രപ്രവർത്തകൻ ശ്രീ. ശേഖരൻ നായർ തുടങ്ങിയവർക്കും അംഗീകാരങ്ങൾ നൽകി. കാർത്തിക തിരുന്നാൾ ഓഡിറ്റോറിയത്തിലും (2005) ടാഗോർ തീയേറ്ററിലും (2006) അരങ്ങേറിയ ചടങ്ങുകൾക്ക് നിറഞ്ഞ സദസ്സ് സാക്ഷ്യം വഹിച്ചു. കവി ഓ. എൻ. വി. കുറുപ്പ്, മന്ത്രിമാരായ മുനീർ, മാത്യു ടി. തോമസ്, ജോൺ ബ്രിട്ടാസ് (മാനേജിങ് ഡയറക്റ്റർ - കൈരളി), നടന്മാരായ മധു, മധുപാൽ, ശ്രീനിവാസൻ, സാഹിത്യകാരൻ ജോർജ് ഓണക്കൂർ, പന്തളം സുധാകരൻ തുടങ്ങിയവർ അതിഥികളായിരുന്നു.








രണ്ടായിരത്തിആറിൽ ആരംഭിച്ച ''ആർട് ഫോർ ലൈഫ്'' (കല ജീവന് വേണ്ടി) സാമൂഹ്യ സേവന പ്രൊജക്റ്റ് ഇടുക്കിയിൽ, കല്ലാർ പട്ടം കോളനി ഹയർ സെക്കണ്ടറി സ്കൂളിൽ നൂറുകണക്കിന് ഇളം പ്രായക്കാരായ വിദ്യാർത്ഥികൾക്ക് വഴികാട്ടിയായി. രണ്ടായിരത്തി പതിനൊന്ന് വരെ ഇടുക്കിയിലെ സേവനങ്ങൾ തുടർന്നു. അതിനോടകം നിരവധി ബോധവൽക്കരണ സെമിനാറുകൾ, പുസ്തക വിതരണം, സാമ്പത്തിക സഹായങ്ങൾ, തയ്യൽ ശാല തുടങ്ങി പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ ഉദ്ധാരണത്തിനായി വളരെയധികം കാര്യങ്ങൾ തന്റെ പ്രാപ്തിക്കുള്ളിൽ നിന്നുകൊണ്ട് ചെയ്യാൻ സാധിച്ചതിൽ സിബി ഡേവിഡിന് ചാരിതാർഥ്യം ഉണ്ട്. ന്യൂ യോർക്കിൽ അരങ്ങേറുന്ന കലാപരിപാടികളിൽ നിന്നുമായിരുന്നു ഇതിനുള്ള സാമ്പത്തിക സാദ്ധ്യതകൾ കണ്ടെത്തിയിരുന്നത്. കൂടാതെ സിബിയുടെ അമ്മയും ഭാര്യ ബിന്ദുവും നൽകിയ നിർലോഭമായ പിന്തുണയായിരുന്നു ഊർജസ്രോതസ്സ്. ഇടുക്കിയിൽ കലാവേദിയ്ക്കു വേണ്ടി സാമൂഹ്യ സേവന പദ്ധതികൾക്ക് നേതൃത്വം നൽകിയത് കുഞ്ഞുമോൻ ടി. ഓമല്ലൂർ എന്നറിയപ്പെടുന്ന പ്രശസ്ത മാധ്യമ പ്രവർത്തകൻ



with Sruthi Nair in Telefilm 'Sparsam', 2009



മാത്യു ഈശോ ആയിരുന്നു. എഴുപതുകളിൽ ദേശിയ മാധ്യമ രംഗത്ത് തന്റേതായ സംഭാവനകൾ നൽകിയ അദ്ദേഹം, ഉമ്മൻ ചാണ്ടി, വയലാർ രവി, അടൂർ ഗോപലകൃഷ്ണൻ തുടങ്ങി കേരളത്തിലെ രാഷ്ട്രീയ - കലാ - സാംസ്കാരിക രംഗങ്ങളിൽ ഉന്നതരുടെ വളരെ അടുത്ത സുഹൃത്തും കൂടിയാണ്. ഇപ്പോൾ വിശ്രമ ജീവിതം നയിക്കുന്നു. സ്കൂളിലെ പ്രിൻസിപ്പാൾ സാജു കെ. മത്തായി അച്ചന്റെ നേതൃത്വമാണ് സാമൂഹ്യ സേവന പദ്ധതികൾ വിജയകരമായി നടത്താൻ സഹായിച്ചത്.

രണ്ടായിരത്തിപതിനഞ്ചുമുതൽ തിരുവനന്തപുരത്തിനടുത്തുള്ള അരുവിക്കരയിലെ മിത്രനികേതൻ എന്ന സ്കൂളിന് സാമ്പത്തിക സഹായങ്ങൾ നൽകി വരുന്നു. ഏതാണ്ട് പന്ത്രണ്ടു ലക്ഷം രൂപ മുടക്കി ഒരു കമ്പ്യൂട്ടറൈസ്ഡ് ലൈബ്രറി നിർമ്മിച്ച് നൽകി. തുടർന്നും സഹായങ്ങൾ നൽകി വരുന്നു. മിത്രനികേതൻ ഇപ്പോൾ ഒരു കമ്മ്യൂണിറ്റി കോളേജും കൂടിയാണ്. പദ്മശ്രീ വിശ്വനാഥൻ ആണ് അതിന്റെ സ്ഥാപകൻ. ഇപ്പോൾ അദ്ദേഹത്തിൻറെ ഭാര്യ സേതു വിശ്വനാഥൻ ഈ സ്ഥാപനത്തെ നയിക്കുന്നു. സിബിയുടെ ന്യൂ യോർക്കിലെ സുഹൃത്ത് അരവിന്ദാക്ഷൻ പിള്ള എന്ന മനുഷ്യസ്നേഹിയാണ്, രണ്ടായിരത്തി പതിനാലിൽ കലാവേദിക്ക് മിത്രനികേതനെ പരിചയപ്പെടുത്തിയത്. പിന്നോക്കക്കാരായ കുട്ടികൾക്ക് സൗജന്യമായി താമസിച്ച് പഠിക്കാൻ സൗകര്യം നൽകുന്ന ഈ സ്ഥാപനം ശാന്തിനികേതൻ മാതൃകയിലാണ് പ്രവർത്തിക്കുന്നത്. ലാറി ബേക്കർ വിഭാവനം ചെയ്ത പരിസ്ഥിതി സൗഹൃദ നിർമ്മിതി രീതികളാണ് ഇവിടുത്തെ പ്രത്യേകത.

രണ്ടായിരത്തിപതിമ്മൂന്നിൽ ന്യൂ യോർക്കിലും ന്യൂ ജേഴ്സിയിലും ഉള്ള മറ്റു സമാന ഹൃദയരായ ഇരുപതോളം മലയാളി സുഹൃത്തുക്കൾക്ക് (കുടുംബങ്ങൾക്ക്) അംഗത്വം നൽകിക്കൊണ്ട് കലാവേദി ഒരു നോൺ പ്രോഫിറ്റ് ഓർഗനൈസഷൻ ആയി രൂപാന്തരം കൊണ്ടു. പതിവായുള്ള കുടുംബ സമ്മേളനങ്ങൾ, ചാരിറ്റി പ്രവർത്തനങ്ങൾ, കലാ പ്രവർത്തനങ്ങൾ തുടങ്ങി കർമ്മനിരതമായ പിന്നീടുള്ള പ്രവർത്തന രീതി ഇപ്പോഴും തുടരുന്നു. നിരവധി പ്രതിഭാശാലികളായ കുട്ടികൾക്കും മുതിർന്നവർക്കും അനേകം വേദികളൊരുക്കുന്നതിൽ കലാസ്നേഹികളുടെ മനസ്സിൽ ചിരപ്രതിഷ്ഠ നേടാൻ ഈ സംഘടനയ്ക്ക് കഴിഞ്ഞു. 'ബീയോണ്ട് ബാരിയേഴ്സ്' എന്ന ആപ്തവാക്യം മുൻനിർത്തി പ്രവർത്തിക്കുന്ന കലാവേദി എല്ലാ വിഭാഗീയതകൾക്കതീതമായും മാനവികത മുൻനിർത്തി പ്രവർത്തിക്കുന്ന സംഘടനയാണ്. രണ്ടായിരത്തി ഇരുപത്തിമൂന്നിൽ പതിനായിരം ഡോളർ അമേരിക്കയിലും ഇന്ത്യയിലുമായി കലാവേദി സംഭാവന നൽകിയെന്നത് അഭിനന്ദനാർഹമാണ്. പഠനത്തിൽ പിന്നോക്കം നിൽക്കുന്നതും, പിന്തള്ളപ്പെട്ടതുമായ കുട്ടികൾക്ക് ആവശ്യമായ പരിരക്ഷണം നൽകുക എന്നതാണ് കലാവേദിയുടെ



'ആർട്സ് ഫോർ ലൈഫ്' എന്ന പദ്ധതി കൊണ്ട് ലക്ഷ്യമാക്കിയിരിക്കുന്നത്.

ഇതിനോടകം കലാവേദി ഓൺ ലൈൻ കലാവേദി ടി വി ആയി രൂപാന്തരം ചെയ്തു കഴിഞ്ഞു. മാറിവരുന്ന സാങ്കേതിക മേഖലകളിലെ മാറ്റം. ജനങ്ങളുടെ അഭിരുചിയിലെ മാറ്റം ഇതൊക്കെ പരിഗണിച്ച് രണ്ടായിരത്തി പതിനെട്ടിൽ കലാവേദി ഓൺ ലൈനിൽ നിന്നും കലാവേദി ടി വി ഡോട്ട് കോം എന്നപേരിൽ പോർട്ടൽ വികസിപ്പിച്ചു. വിശിഷ്ട വ്യക്തികളുമായുള്ള അഭിമുഖങ്ങൾ ഉൾപ്പടെ വീഡിയോ നിർമ്മാണത്തിലേക്ക് ശ്രദ്ധിച്ചു. കൂടാതെ കേരളത്തിൽ റിപ്പോർട്ടർ ടി വിക്ക് പ്രക്ഷേപണത്തിന് ഈ വിഭവങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു. കോരസൺ വർഗീസ് അവതാരകനായി വാൽക്കണ്ണാടി എന്ന സെഗ്മെന്റിലൂടെ പ്രശസ്തരായ മലയാളികളുമായുള്ള നിരവധി കൂടിക്കാഴ്ചകൾ നിർമ്മിച്ചു. കലാവേദി സ്പെഷ്യൽ എന്ന സെഗ്മെന്റിലൂടെ വ്യത്യസ്തങ്ങളായ അമേരിക്കൻ അറിവുകളും കാഴ്ചകളും അവതരിപ്പിച്ചു. ബിന്ദു ഡേവിഡ്, മഞ്ജു സുരേഷ്, വത്സ തോപ്പിൽ തുടങ്ങിയവർ അവതാരകരായി. കലാകാരന്മാരെ ആവോളം പ്രോത്സാഹിപ്പിക്കുന്ന സിബി അഭിനേതാവെന്ന നിലയിൽ മാത്രമല്ല കൂടാതെ, നല്ലൊരു ഗായകൻ കൂടിയാണ്. സുഹൃദ് സദസ്സുകളിൽ ആസ്വദിച്ചു പാടാറുണ്ട്.


ഇതിന് പിന്നാലെയാണ് കേരള സമാജത്തിന്റെ ചുക്കാൻ പിടിക്കാൻ സിബി ഡേവിഡ് നിയോഗിക്കപ്പെട്ടത്. ദേശിയപ്രസ്ഥാനങ്ങളിൽ ചിരപരിചിതരായ നേതാക്കൾക്കൊപ്പം തോളോട് തോൾ ചേർന്ന് പ്രവർത്തിക്കാൻ സാധിച്ചതിനാൽ ഒരു വർഷക്കാലം നീണ്ടുനിന്ന പ്രവർത്തനങ്ങളിൽ മാതൃകാപരമായ, ഉജ്ജ്വലമായ പ്രവർത്തനം കാഴ്ച വയ്ക്കാൻ സാധിച്ചതിന്റെ ചാരിതാർഥ്യത്തോടെ എതിരില്ലാതെ സമാജത്തിന്റെ ബോർഡ് ഓഫ് ട്രസ്റ്റീയിലേക്ക് ഇപ്പോൾ അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. സജി ഏബ്രഹാമും വിനോദ് കെയർക്കെയും അടങ്ങുന്ന സമാജം എക്സിക്യൂട്ടീവ് ടീം, ചെയർമാൻ സണ്ണി പണിക്കരുടെ നേതൃത്വത്തിൽ ബോർഡ് ഓഫ് ട്രസ്റ്റീ മെംബേർസ്, ലീല മാരേട്ട് എന്നിവർ നൽകിയ നിർലോഭമായ സഹകരണസഹായങ്ങൾക്ക് സിബി ഡേവിഡ് കടപ്പെട്ടിരിക്കുന്നു.


with actor Madhu on the occasion of Kalavedi awardnite in Trivandrum in 2006

പൂർണ്ണപിന്തുണയോടെ ഭാര്യ ബിന്ദു ഡേവിഡും, മക്കളായ എമിലും (യു എസ് ആർമി) വിമലും സിബിയുടെ കൂടെയുണ്ട്. ഏതാണ്ട് നാലു പതിറ്റാണ്ട് കാലത്തിനടുത്ത് മനുഷ്യ സേവനങ്ങൾക്കായി തന്റെ കഴിവും സമയവും മാറ്റി വയ്ക്കാൻ സാധിച്ചത് മഹാഭാഗ്യമായി സിബി കരുതുന്നു. സഹൃദയരായ അമേരിക്കൻ മലയാളികൾ നൽകിവരുന്ന നിസീമമായ സഹകരണത്തിനും സഹായങ്ങൾക്കും തന്റെ ഹൃദയം നിറഞ്ഞ നന്ദി അറിയിക്കാനും സിബി ഡേവിഡ് ഈ സന്ദർഭം ഉപയോഗിക്കുന്നു.

കലാസ്നേഹികളായ അമേരിക്കൻ മലയാളികൾക്ക് ഒരു സർപ്രൈസ് നല്കാൻ ഇപ്പോൾ സിബി ഡേവിഡും സുഹൃത്തുക്കളും ഒരുങ്ങുകയാണ്. ഇരുപത്തിയഞ്ചിൽ അതിന്റെ വെളിപ്പെടുത്തൽ ഉണ്ടാകുമെന്നാണ് കരുതുന്നത്. അമേരിക്കയിൽ അങ്ങോളമിങ്ങോളമുള്ള തന്റെ സുഹൃദ്വലയം തനിക്കു നൽകുന്ന കരുത്ത് പൂർണ്ണമായും ഉപയോഗിച്ചുകൊണ്ട് എല്ലാ മലയാളികൾക്കും ഉണ്ടാകാൻ പോകുന്ന സന്തോഷമായിട്ടാണ് സിബി അതിനെ വർണ്ണിക്കുന്നത്. കാത്തിരിക്കാം.




LIVE
Television Channels
Streaming of Events
'VOD' Video On Demand
Movies | Shows | Photos
Event Tickets
MediaAppUSA
One App for All Media Outlets
amazon fireTV
Amazon fireTV
ROKU
ROKU TV
tv
Apple TV
Google TV
GoogleTV
Samsung
SMART TV
Samsung TV
LG
Life's Good
LGTV
Panasonic
Panasonic
VIZIO
VIZIO TV
iPhone
Android
Download on the App Store
ANDROID APP ON Google play
Available in App Store or Google Store
Scan the QR Code for instant download
Download
'MediaAppUSA'

# സെന്റ് മറിയം ത്രേസ്യാ സീറോ മലബാർ കത്തോലിക്കാ മിഷന്റെ പ്രഥമ കുടുംബ ദിനവും കാരോളും അവിസ്മരണീയമായി



ഡാളസ്: ഷിക്കാഗോ രൂപതയുടെ കീഴിൽ ടെക്സാസിലെ നോർത്ത് ഡാളസിൽ വിവിധ സിററികളിൽ താമസിക്കുന്ന കത്തോലിക്കരുടെ കൂട്ടായ്മയിൽ 2024 ൽ പുതുതായി സ്ഥാപിതമായ സെന്റ് മറിയം ത്രേസ്യാ മിഷൻ സീറോ മലബാർ കത്തോലിക്കാ പള്ളിയിലെ വിശ്വാസികൾ അവരുടെ ആദ്യത്തെ കരോൾ ഡിസംബൾ 21ാം തീയതി ശനിയാഴ്ച മനോഹരമാക്കി. പിന്നീട് ഡിസംബർ 29ാം തീയതി ഞായറാഴ്ച കൊപ്പേൽ സെന്റ് അൽഫോൻസാ സീറോ മലബാർ കത്തോലിക്കാ പള്ളിയുടെ ഓഡിറേറാറിയത്തിൽ 4 മണിയുടെ വിശുദ്ധ കുർബാനക്കു ശേഷം സെന്റ് മറിയം ത്രേസ്യാ മിഷന്റെ പ്രഥമ ഫാമിലി ഡേ കൾച്ചറൽ പ്രോഗ്രാം അരങ്ങേറി.

വേദിയിൽ ഭദ്ര ദീപം കൊളുത്തി കൾച്ചറൽ പരിപാടിക്ക് തുടക്കം കുറിച്ചു. ഫാദർ ജിമ്മി ഇടകുളത്തൂരിന്റെ ആശംസ പ്രസംഗത്തിനു ശേഷം കലാപരിപാടികൾക്ക് ആരംഭം കുറിച്ചു

വേദിയിൽ അരങ്ങേറിയ ഓരോ കലാപരിപാടികളും ഒന്നിനൊന്നു മികവുററതായിരുന്നു. കാണികളുടെ മനം കവർന്ന ഒരു കലാവിരുന്ന് ആയിരുന്നു എന്നു പറഞ്ഞാൽ അതിൽ ഒട്ടും അതിശയോക്തി ഇല്ല. ജോർജ് അമ്പാട്ട് സംവിധാനം നിർവ്വഹിച്ച 'കരാട്ടെ സെന്റർ' എന്ന സ്കിററ് വളരെ പുതുമയും നല്ല രീതിയിൽ നർമ്മവും കലർന്നതായിരുന്നു. മനു മാത്യു വിന്റെ നേതൃത്വത്തിൽ നടത്തിയ മെൻസ് ഡാൻസ് സദസിനെ ഇളക്കി മറിച്ചു. ഏററവും പ്രായം കുറഞ്ഞ കുഞ്ഞുങ്ങളുടെ 'സ്നോഫേ്ളക്ക് സൂപ്പർ സ്ററാർ' പേരു പോലെ തന്നെ സൂപ്പർ ആയിരുന്നു. 'ഡാൻസിംഗ് ഏഞ്ജൽസ്' എന്ന് പേരിൽ അരങ്ങേറിയ ചെറിയ കുട്ടികളായ ഈബൻ ജയിംസും ഐറിൻ ജയിംസും അരങ്ങ് തകർത്തു.

കുട്ടികളുടെ ഡാൻസിംഗ് മിസ്ററ്, ടിങ്കിൾ ടോസ്, ജിങ്കിൾ സ്ക്വാഡ്, സാന്താസ്







സ്ക്വാഡ്, സാന്താസ് ലിററിൽ ഹെൽപ്പേഴ്സ് അതുപോലെ ക്രിസ്മസ് പെററൽസ്, ക്രിസ്മസ് ഏഞ്ചൽസ് ഉണ്ണി ഈശോയുടെ വരവിനെ ഓർമ്മപ്പെടുത്തുന്ന ദൃശ്യ വിരുന്നായിരുന്നു.

വിമൻസിന്റെ ഭാഗത്തു നിന്ന് അരങ്ങേറിയ ഹോളിഡേ സ്റ്റാഴ്സ്, ക്യൂൻസ് ഓഫ് പ്ലേനോ, ക്യൂൻസ് ഓഫ് മക്കിനി, ക്യൂൻസ് ഓഫ് പ്രോസ്പർ എല്ലാംവരും ഒരു പ്രൊഫഷണൽ ടച്ച് ഓടു കൂടി തന്നെ സ്റ്റേജിൽ അവതരിപ്പിച്ചു എന്ന് നിസംശയം പറയാം.



ആദ്യത്തെ സെന്റ് മറിയം ത്രേസ്യ മിഷ്യൻ പള്ളിയുടെ പ്രഥമ ഫാമിലി ഡേ കൾച്ചറൽ പ്രോഗ്രാം അവരുടെ കൂട്ടായ്മയുടേയും വിശ്വാസത്തിന്റേയും തെളിവായി എന്നുള്ളതിന് ഒരു സംശയവും ഇല്ല. 2024 ൽ പിറന്ന ശിശുക്കളേയും അതുപോലെ 50 വർഷം ദാമ്പത്യം പൂർത്തിയാക്കിയ ടോം വർക്കി ആനി ദമ്പതികളേയും കുടുംബ ദിന കൂട്ടായ്മയുടെ വേദിയിൽ വച്ച് സമ്മാനം നൽകി ആദരിച്ചു

കുടുംബ ദിനത്തിൽ പങ്കു ചേരാൻ വന്നിരുന്ന എല്ലാംവർക്കും ഭക്ഷണം ഒരുക്കിയിരുന്നു. ക്രിസ്മസ് കരോളിൽ സാന്താക്ലോസ് ആയി സോഹൻ ജോയി വേഷമിട്ടു. മിനു പോൾ, അഞ്ജു പോൾ എന്നിവർ കലാപരിപാടികളുടെ ചുമതല നിർവ്വഹിച്ചു. ജോവാനായും ജോർഡനും വേദിയിൽ എം.സിമാരുടെ റോൾ കൈകാര്യം ചെയ്തു. ബോസ് ഫിലിപ്പ്, റെനോ അലക്സ്, വിനു ആലപ്പാട്ട്, റോയ് വർഗീസ് ഈ കുടുംബ കൂട്ടായ്മക്ക് നേതൃത്വം വഹിച്ചു.



വാർത്ത: ലാലി ജോസഫ്

# ഫൊക്കാന കൺവൻഷൻ കൊഡിനേറ്റർ ആയി മാത്യു ചെറിയാൻനെ നിയമിച്ചു



സന്തോഷ് എബ്രഹാം
(ഫൊക്കാന മീഡിയ ടീം)



ഫിലഡൽഫിയ: ഫൊക്കാനയുടെ 2026 ലെ കൺവെൻഷൻ കൊഡിനേറ്റർ ആയി പെൻസിൽവാനിയ മലയാളി അസോസിയേഷനിലെ മാത്യു ചെറിയാനെ (മോൻസി ) നിയമിച്ചതായി ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി അറിയിച്ചു.

മികച്ച സാമൂഹ്യ സാംസ്കാരിക പ്രവർത്തകൻ ,സംഘടനാ പ്രവർത്തകൻ തുടങ്ങി നിരവധി മേഖലകളിൽ തനതായ വ്യക്തി മുദ്ര പതിപ്പിച്ച ബഹുമുഖപ്രതിഭയാണ് പെൻസിൽവേനിയാ മലയാളികളുടെ അഭിമാനമായ മാത്യു ചെറിയാൻ . കഴിഞ്ഞ ഫൊക്കാന കൺവെൻഷനിലും നിറ സാനിധ്യമായിരുന്നു മാത്യു ചെറിയാൻ 2023 ൽ ഫിലഡൽഫിയയിൽ നടന്ന ഫൊക്കാന റീജണൽ കൺവെൻഷന് നേതൃത്വം നൽകിയവരിൽ ഒരാൾ കൂടിയാണ്.


ഫൊക്കാനയുടെ നിരവധി പരിപാടികളിൽ സജീവസാന്നിധ്യംആയി കഴിവ് തെളിയിച്ച അദ്ദേഹം ഫൊക്കാനയുടെ പെൻസിൽവേനിയ റീജിയന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനും കൂടുതൽ സംഘടനകളെ ഫൊക്കാനയിയുടെ ഭാഗമാകുന്നതിലും നിർണ്ണയാക പങ്ക് വഹിക്കുന്ന വ്യക്തി കൂടിയാണ് .

ഫിലാഡൽഫിയായിലെ വിവിധ മലയാളീ അസ്സോസിയേഷനുകളുമായും സഹകരിച്ചു പ്രവർത്തിക്കുന്ന മാത്യു ചെറിയാൻ , പെൻസിൽവേനിയ മലയാളി അസോസിയേഷൻ (പി എം എ ) രൂപീകരണത്തിൽ മുഖ്യപങ്കുവഹിച്ച വ്യക്തിയാണ്. . പി എം എ യെ ഇന്ന് ഈ റീജിയണിലെ അറിയപ്പെടുന്ന ഒരു സംഘടനയായി മാറ്റി എടുക്കുവാനും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞു.

1985 ൽ അമേരിക്കയിലേക്ക് കുടിയേറിയ മാത്യു ചെറിയാൻ സ്കൂൾ കോളേജ് വിദ്യാഭ്യാസം ഫിലഡൽഫിയയിൽ നിന്നും പൂർത്തീകരിച്ചു. ഹെൽത്ത് സയൻസിൽ ബിരുദം നേടിയതിനുശേഷം ബിസിനസ് രംഗത്തേക്ക് തിരിഞ്ഞ് തൻറെതായ വ്യക്തിമുദ്ര പതിപ്പിച്ചു. Infrastructure Utilities and telecommunications nationwide എന്ന സ്ഥാപനം നടത്തി ബിസിനസ്സ് രംഗത്തും തിളങ്ങി നിൽക്കുന്നു. ഇപ്പോൾ കുടുംബമായി കിങ്ങോ പ്രഷിയാഇയിൽ താമസിക്കുന്നു

അമേരിക്കൻ പ്രവാസി സമൂഹത്തിന് എന്നും ആവേശം പകരുന്ന യുവ തലമുറയുടെ പ്രതിനിധിയാണ് മാത്യു ചെറിയാൻ , അദ്ദേഹത്തിന്റെ സംഘടനാ മികവും, നേതൃ പാടവവും ഫൊക്കാനയുടെ കൺവെൻഷന് ഒരു മുതൽ കുട്ടാകും എന്ന കാര്യത്തിൽ യാതൊരു സംശയവും ഇല്ല എന്ന് സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ അഭിപ്രായപ്പെട്ടു. അമേരിക്കൻ കാനഡ .മലയാളികൾക്കിടയിൽ വ്യത്യസ്തമായ കാഴ്ചപ്പാടും പുരോഗമന ചിന്താഗതികളുമുള്ള യുവാക്കളുടെ പ്രതിനിധികളിൽപ്പെട്ട മാത്യു ചെറിയാൻ ഏറെ സൗമ്യനും മൃദുഭാഷണിയും ഏറ്റെടുക്കുന്ന പദവികൾ പ്രവർത്തനത്തിലൂടെ അത് ഏറ്റവും കുറ്റമറ്റതാക്കുക എന്നത് അദ്ദേഹത്തിന്റെ പ്രേത്യേകതയാണ് എന്ന് ട്രഷർ ജോയി ചാക്കപ്പൻ അഭിപ്രായപ്പെട്ടു.

കൺവെൻഷൻ കൊഡിനേറ്റർ ആയി മാത്യു ചെറിയാനെ (മോൻസി ) നിയമിച്ചതിൽ അദ്ദേഹത്തിന് എല്ലാവിധ ആശംസകൾ നേരുന്നതായി എക്സി .വൈസ് പ്രസിഡന്റ് പ്രവീൺ തോമസ് , വൈസ് പ്രസിഡന്റ് വിപിൻ രാജു, ജോയിന്റ് സെക്രട്ടറി മനോജ് ഇടമന, ജോയിന്റ് ട്രഷർ ജോൺ കല്ലോലിക്കൽ, അഡിഷണൽ ജോയിന്റ് സെക്രട്ടറി അപ്പുകുട്ടൻ പിള്ള, അഡിഷണൽ ജോയിന്റ് ട്രഷർ മില്ലി ഫിലിപ്പ് , വിമൻസ് ഫോറം ചെയർപേഴ്സൺ രേവതി പിള്ള, കൺവെൻഷൻ ചെയർ ആൽബർട്ട് കണ്ണമ്പള്ളിൽ എന്നിവർ അറിയിച്ചു.


In Loving Memory of
Mrs. Mariamma Thomas & Mr. A. K. Thomas
Mrs. Marykutty Thomas
(Leelamma)
Mr. Shinu George Simon
Mr. P. T. Mathew
(Mathukutty)
Best Wishes
P.T. Thomas
Tax and Accounting Services
14 Liberty Square Mall, Stony Point, NY 10980
Email: pt@ptthomas.net Phone: 845.352.9680

# നവവത്സരത്തെ നിറഞ്ഞ മനസ്സോടെ നമുക്കു വരവേൽക്കാം.






**ശ്രീകുമാർ ഉണ്ണിത്താൻ**

പ്രതീക്ഷകൾ നിറഞ്ഞ പുതുവർഷത്തെ വരവേൽക്കാൻ ലോകം ഒരുങ്ങിക്കഴിഞ്ഞു. 2024 നോട് യാത്ര പറഞ്ഞ് ആഘോഷങ്ങളോടെ 2025 നെ സ്വീകരിക്കാൻ ലോകം മുഴുവൻഒരുങ്ങി കഴിഞ്ഞു. ജീവിതത്തിൽ നിന്ന് ഒരു വർഷം കൂടി കൊഴിഞ്ഞു പോകുന്നു , ആയുസ്സിൽ നിന്നിതാ ഒരു വർഷം കൂടി കുറഞ്ഞിരിക്കുന്നു. കഴിഞ്ഞുപോയ കാര്യങ്ങളോട് വിട പറഞ്ഞ് പുതിയ പ്രതീക്ഷകൾ മനസിൽ നിറച്ചാണ് പുതുവർഷം എത്തുന്നത്.പുത്തൻ പ്രതീക്ഷകളും പ്രതിജ്ഞകളുമാണ് ഓരോ പുതുവർഷത്തെയും മനോഹരമാക്കുന്നത്. സമാധാനത്തിന്റെയും സ്നേഹത്തിന്റെയും ഐശ്വര്യത്തിന്റെ ഈ പുതു പുത്തൻ പ്രഭാതത്തെ പ്രാർത്ഥനയോടെ, നിറഞ്ഞ മനസ്സോടെ നമുക്കു വരവേൽക്കാം.

ജീവിതത്തിൽ ഒത്തിരി മാറ്റങ്ങൾ വരുത്തിയ ഒരു വർഷമാണ് 2024 . ഇതുവരെയുണ്ടായിരുന്ന കഷ്ടതകളെല്ലാം മാറി നല്ലകാലം പിറക്കുമെന്ന് പ്രതീക്ഷയോടെ പുതുവർഷത്തെ വരവേൽക്കാം പോയ വർഷത്തെ നല്ല അനുഭവങ്ങളെ മനസിൽ നിലനിർത്തി മോശമായവയെ തുടച്ചുനീക്കി മുന്നോട്ട് പോകാം. ഒരു വർഷം നഷ്ടപ്പെട്ടു എന്നല്ല, അത്രയും കൂടി ഞാൻ ജീവിച്ചല്ലോ എന്നോർത്തു സന്തോഷിക്കുകയും കാലത്തിനുംപ്രകൃതിയ്ക്കും ഈശ്വരനും നന്ദി പറയുകയും ചെയ്യാം .

.സന്തോഷവും ദുഖവും, ഉയർച്ചയും താഴ്ച്ചയും, പ്രണയവും , വിരഹവും, ചിരിയും കരച്ചിലും, ആത്മസംതൃപ്തിയും എല്ലാം പകർന്നു തന്ന 12 മാസങ്ങൾ. ഓർമ്മിക്കാനും ഓമനിക്കാനും എത്രയോ നല്ല നിമിഷങ്ങൾ വർണ്ണശഭളമായ എത്ര എത്ര ആഘോഷങ്ങൾ., നമ്മിൽ എത്ര പേർക്ക് ഈ കഴിഞ്ഞ വർഷം മറക്കാൻ കഴിയും, നമ്മുടെ ജീവിതത്തിലേക്ക് നടന്നു കയറിയവർ വേർപിരിഞ്ഞു പോയവർ എണ്ണിയാൽ ഒടുങ്ങാത്ത സമ്മിശ്ര വികാരങ്ങൾകൊണ്ട് നിറഞ്ഞതാണ് കഴിഞ്ഞ വർഷം. ഇന്നലെയുടെ തെറ്റുകളിൽ നിന്നും പാഠം ഉൾക്കൊണ്ടുകൊണ്ട് ശുഭ പ്രതീക്ഷയോടെ പുതിയൊരു വർഷത്തിലേക്ക് കടക്കാം . തെറ്റുകൾ തിരുത്താനും പൊറുക്കാനും മറക്കാനും സ്നേഹം വഴിയൊരുക്കുന്നു എങ്കിൽ അതുതന്നെ ആയിരിക്കട്ടെ നമ്മുടെ ലക്ഷ്യം.

ഓരോ വർഷത്തിന്റെയും ആരംഭത്തിൽ നമ്മുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നതിലേക്ക് നാം ഒരു ചുവടുവെപ്പ് നടത്തുന്നു. ഈ പുതിയ വർഷം ഒരു വഴിത്തിരിവായിരിക്കുമെന്നും, നമ്മുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാകുമെന്നും നമ്മൾ പ്രതീക്ഷിക്കുന്നു. പുതിയ ഒരുജീവിതത്തിന്റെ പ്രതീക്ഷയും, നിറവുമാണ് ഓരോ പുതു വത്സരവും നമുക്ക് സമ്മാനിക്കുന്നത്.

പോകുന്ന വർഷം നിങ്ങൾക്ക് സന്തോഷിക്കാനും അഭിമാനിക്കാനും എന്തെങ്കിലും നൽകിയിട്ടില്ലെങ്കിൽ, വിഷമിക്കേണ്ട. ഡിസംബർ 31 എന്നത് ഒരു വർഷത്തിന്റെ അവസാനത്തെ അർത്ഥമാക്കുന്നുവെങ്കിൽ, ജനുവരി 1 എന്നാൽ ആരംഭമാണ്. നിങ്ങൾക്ക് ജീവിതമുണ്ട്, നിങ്ങൾക്ക് പ്രതീക്ഷയുണ്ട്, നിങ്ങൾ ആഗ്രഹിക്കുന്നതെല്ലാം നേടുവാൻ ഒരു



പുതു വർഷം കടന്ന് വരുകയാണ്. നമുക്ക് നേടാൻ സാധിക്കാതാത്തെക്കെ ഈ പുതു വർഷത്തിൽ നേടും എന്ന് വിശ്വസിക്കാം.

ഞാൻ എന്റെ കണ്ണുകളുടെ കൂടെ മനസിനേയും പിന്നിലേക്ക് ഒന്ന് ഓടിച്ച് നോക്കി... എത്ര പെട്ടെന്നാണു ഒരു വർഷം പിന്നിലേക്ക് തള്ളപ്പെട്ടത്... കലണ്ടറിൽ ഡിസംബറിന്റെ അവസാന താളും മറിയുമ്പോൾ , ജീവിതത്തിലെ ഏറ്റവും വലിയ നഷ്ടമാണ് നമുക്ക് സംഭവിക്കുന്നത് ,ആയുസ്സ് മരണ സമയത്തിലേക്ക് അടുത്ത് കൊണ്ടിരിക്കുന്നു . ഇന്നോ നാളെയോ അസ്തമിച്ചേക്കാവുന്ന വളരെ ലളിതമായ ഈജീവിതത്തിൽ ഇത്തരം ഇലകൾ കൊഴിയുന്നത് അനിവാര്യമാണെകിലും അത് നമ്മെ ഓർമ്മിപ്പിക്കുന്നത് നഷ്ടപെടലിന്റെ ഒരു വലിയ കഥയാണ്. നാം എന്തക്കെ നേടിയാലും പലപ്പോഴും നമുക്ക് നഷ്ടപ്പെട്ടതിനു അതിനേക്കാൾ വിലയുണ്ടായിരിക്കും. കാരണം, ഓർമ്മകൾ ഒത്തിരി മധുരിക്കും. കൊഴിഞ്ഞുവീഴുന്ന ഓരോ ഇതളുകൾക്കും ഒരു കഥ പറയാനുണ്ടായിരിക്കും .. . ഓരോ ഓർമ്മകൾക്കും ഓരോ കഥകൾ ഉണ്ടായിരിക്കും. ..

വിട പറഞ്ഞ കഴിഞ്ഞ വർഷങ്ങൾ സ്നേഹത്തിനും വൽസല്യങ്ങൽക്കും അപ്പുറം എവിടെയോ മറന്നു വച്ച സംരക്ഷണവും പകർന്നു നൽകിയ പലരുടേയു നഷടപെടിലുകളുടെ തീരാ നഷ്ടങ്ങൾ ആയി തീർന്ന കഥ നമുക്ക് തരുന്ന ഒരു ജീവിത അനുഭവമാണ്.

കഴിഞ്ഞ വർഷത്തെ പല കാഴ്ചകളും കാണാമറയത്തേക്കു മായുമ്പോൾ അതിന്റെ മധുരം ഇരട്ടിയാകും. ഒരിക്കൽ കൂടി കാണാനും കേൾക്കാനും ആസ്വദിക്കാനും ഒക്കെ കൊതിപ്പിക്കുന്ന ചില കാഴ്ചകൾ നമ്മുടെ മനസ്സിൽ കൂടെ കടന്നു പോകും . ആ കാഴ്ചകൾ ഒന്നുകൂടെ കാണുവാൻ നമ്മുടെ മനസ്സ് അറിയാതെ ആഗ്രഹിക്കും . പെയ്തു ഒഴിയാത് എത്രയോ മഴമേഹങ്ങൾ നമുക്കുടിയിൽ ഉള്ളപ്പോൾ ആഗ്രഹങ്ങൾക്ക് ഒരു കുറവും ഉണ്ടാവില്ല .

മഴ പെയ്യാൻ വിതുമ്പി നില്ക്കുന്ന മഴമേഘം പോലെ ആണ് നമ്മുടെയൊക്ക മനസ്സ് . ഒരു തുള്ളി പോലും തുളുംബാതെ വീർപ്പു മുട്ടുന്ന മഴ മേഘത്തിന്റെ വേദന നമ്മുടെ വേദനയെക്കാൾ കൂടുതൽ ആയിരിക്കില്ല എന്നറിയാം . സ്വയം ഉരുകി തീരുംബോളും ചുറ്റുപാടും പ്രകാശം ചൊരിയുന്ന മെഴുകു തിരിയുടെ കഥ ഒരു പക്ഷേ നമുക്ക് ഒരു പ്രചോദനം ആയിരിക്കാം . . നല്ല നാളെകൾ തന്നെയാകട്ടെ നമ്മുടെ പ്രതീക്ഷകൽ. ഇല പൊഴിയുന്ന ശിശിരത്തിന് അപ്പുറം വസന്തം ഒരു വർണ്ണ പൂത്താലവുമായി നില്ക്കുന്നുണ്ടാവും . ഓരോ ഉദയവും അസ്തമയത്തിൽ അവസാനിക്കുന്നു എന്നാ ചിന്തക്ക് പകരം ഓരോ അസ്തമനവും പുതിയ ഉദയത്തിന്റെ തുടക്കം എന്ന് ചിന്തിക്കാം.

മോഹഭംഗങ്ങളില്ലാത്ത ജീവിതങ്ങൾ കാണില്ലായിരിയ്ക്കാം, പല സ്വപ്നങ്ങളും യാഥാർത്ഥ്യമാകാറില്ലായിരിയ്ക്കാം.. എന്നാലും പുതു വർഷം പുത്തൻ സ്വപ്നങ്ങൾ കാണുവാൻ നമ്മെ പ്രേരിപ്പിക്കും . കാലം മാറുമ്പോൾ, പ്രായമേറുമ്പോൾ സ്വപ്നങ്ങളുടേയും രൂപഭാവത്തിലും വെത്യസങ്ങൾ കാണാം , അല്ലെങ്കിൽ തന്നെ കാലത്തിന്റെ സൂചികൾ പിന്നോട്ട് തിരിച്ച് വെക്കാനുള്ള മാന്ത്രിക ശക്തി നമ്മുടെ കരങ്ങൾക്കില്ലല്ലോ, മുന്നോട്ടു ചിന്തിക്കാൻ മാത്രമല്ലേ നമുക്ക് കഴിയൂ.

ഈ പുതു വർഷ പുലരിയിൽ മനസ്സിന്റെ ജാലകങ്ങൾ തുറക്കുമ്പോൾ സൗഹൃദങ്ങൾ പനിനീർ മുകുളങ്ങൾ ആയി നമുക്കു ചുറ്റും വിടരട്ടെ . സ്നേഹത്തിന്റെ മഞ്ഞു തുള്ളികൾ അവയെ കുളിരണിയിക്കട്ടെ . അങ്ങനെ ഒരിക്കലും വാടാത്ത പനിനീർ മലരുകലായി നമ്മുടെ സൗഹൃദങ്ങൾ സ്നേഹത്തിന്റെ പരിമളം പരത്തട്ടെ.

പിന്നിട്ടു പോകുന്ന വർഷത്തെപറ്റിയുള്ള വിശകലനങ്ങളും, തിരിഞ്ഞുനോട്ടവും, ഗുണദോഷങ്ങൾ വിലയിരുത്തലും നടത്തേണ്ടുന്നത് ഒരു സമൂഹത്തിന് ആവശ്യമാണ്. വീഴ്ചകൾ പാഠമാകാൻ, തെറ്റുകൾ തിരുത്താൻ, മികവുകൾ വളർത്താൻ തുടർ ജീവിതത്തിലേക്ക് ആസൂത്രണം ചെയ്യാൻ അങ്ങനെ വർഷാവസാനത്തിന്റെ ഒരു കണക്കെടുപ്പ് ജീവിതത്തിലും ആവശ്യമാണ്. പോയ വർഷം ഏറെ കഷ്ടതകൾ ഓരോരുത്തർക്കും സമ്മാനിച്ചുവെങ്കിലും വരും വർഷം ആ കഷ്ടതകളൊക്കെ മായ്ക്കുന്ന, നമ്മുടെ ആഗ്രഹങ്ങൾക്ക് അനുസരിച്ചുള്ള ഒരു വർഷമാക്കാനും നമുക്ക് ശ്രമിക്കാം.

വിലയിരുത്തൽ ഇല്ലാത്ത ഒരു പ്രവർത്തനവും വിജയത്തിലെത്തിച്ചേരില്ല എന്നാണ് അനുഭവം നമ്മളെ പഠിപ്പിച്ചിരിക്കുന്നത്. ഇങ്ങനെ വിലയിരുത്തലിന്നായി വർഷത്തിലെ ഏത് സമയവും നമുക്ക് തെരഞ്ഞെടുക്കാം. ആ അർഥത്തിൽ കലണ്ടർ വർഷത്തിലെ അവസാനദിനം വീണ്ടുവിചാരത്തിനു വേണ്ടി വിനിയോഗിക്കുന്നുവെങ്കിൽ അത് ശ്ലാഘനീയമാണെന്നു പറയാം.

സന്തോഷത്തിന്റെയും ,സമാധാനത്തിന്റെയും , പ്രത്യാശയുടെയും ,ഐശ്വര്യത്തിന്റെയും , പ്രതീക്ഷയുടെയും ഒരു നവവത്സരം ഏവർക്കും ആശംസിക്കുന്നു...

2025 നിങ്ങളുടെ ജീവിതത്തിലെ ഏറ്റവും മികച്ച വർഷമായിരിക്കട്ടെ എന്ന് ആശംസിക്കുന്നു. ഏവർക്കും എന്റെ ഹൃദയം നിറഞ്ഞ പുതുവത്സര ആശംസകൾ


Now baking 4 exciting flavors
HOTCAKEUSA
Premium Plum Fruit & Nut Cake
Plum Cakes Freshly Made in USA
Handmade with Finest Organic & Natural Ingredients
'Available at all leading stores in USA'
Seeking Part-time Sales and Marketing Professionals from all 50 states
NOW ACCEPTING BULK PRE-ORDERS!
Nationwide Retailers Welcome!
www.hotcakeusa.com or Call 1-201-479-2727

# 2026ൽ ഫോമാ കൺവൻഷൻ വേദിയാവുന്ന വിൻഡം ഹോട്ടൽ അധികൃതരുമായി കോൺട്രാക്ടിൽ ഒപ്പുവച്ചു



എ.എസ് ശ്രീകുമാർ

ഹൂസ്റ്റൺ: അമേരിക്കൻ മലയാളികളുടെ അനുഗ്രഹീത ഫെഡറേഷനായ ഫോമായുടെ 2026-ലെ ഒമ്പതാമത് ഇന്റർനാഷണൽ ഫാമിലി കൺവൻഷൻ അരങ്ങേറുന്ന 'വിൻഡം ഹൂസ്റ്റൺ' ഹോട്ടൽ അധികൃതരുമായി ഫോമാ ഭാരവാഹികൾ കോൺട്രാക്ടിൽ ഒപ്പുവച്ചു. ഡിസംബർ 24-ാം തീയതി രാവിലെ 11 മണിക്ക് ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേലിന്റെ നേതൃത്വത്തിലുള്ള സംഘമാണ് വിൻഡം ഹോട്ടൽ സെയിൽസ് റെപ്രസെന്റേറ്റീവ് ഓബെർളിയുമായുള്ള കൂടിക്കാഴ്ചയ്ക്ക് ശേഷം കരാറൊപ്പിട്ടത്.

2026 ജൂലൈ 30, 31 ആഗസ്റ്റ് 1, 2 (വ്യാഴം, വെള്ളി, ശനി, ഞായർ) തീയതികളിൽ നടക്കുന്ന കൺവൻഷൻ അവിസ്മരണീയമാക്കുന്നതിനുള്ള എല്ലാവിധ ആത്യാധുനിക സൗകര്യങ്ങളുമുള്ളതാണ് വിഖ്യാതമായ എൻ.ആർ.ജി സ്റ്റേഡത്തിന് തൊട്ട് എതിർവശത്തുള്ള ഈ ആഡംബര ഹോട്ടൽ സമുച്ചയം. കൺവൻഷനിൽ പങ്കെടുക്കുന്ന കുടുംബാംഗങ്ങൾക്കായി 700 മുറികൾ ബ്ലോക്ക് ചെയ്തിട്ടുണ്ടെന്ന് ബേബി മണക്കുന്നേൽ അറിയിച്ചു.

2500 പേർക്ക് ഇരിക്കാവുന്ന തീയേറ്റർ സൗകര്യമുള്ള ഹാൾ, യുവജനങ്ങൾക്കായി 700 പേരുടെ സീറ്റിങ് കപ്പാസിറ്റിയുള്ള ഹാൾ എന്നിവയ്ക്ക് പുറമെ വിവിധ മീറ്റിങ്ങുകൾക്കായി 12-ഓളം ഹാളുകളും 1000 പേർക്ക് ഒരേസമയം ഭക്ഷണം കഴിക്കാവുന്ന ബങ്കറ്റ് ഹാളും 1250 വാഹനങ്ങൾക്കുള്ള പാർക്കിങ് ലോട്ടും ബുക്ക് ചെയ്തുകഴിഞ്ഞു. കൺവൻഷന് 19 മാസം ശേഷിക്കെയാണ് വളരെ നേരത്തെ തന്നെ വേദി നിശ്ചയിച്ചതും മുറികളും മറ്റ് അനുബന്ധ സൗകര്യങ്ങളും മുൻകൂട്ടി ഉറപ്പാക്കിയിരിക്കുന്നതുമെന്ന് ഫോമാ പി.ആർ.ഒ ഷോളി കുമ്പിളുവേലി പറഞ്ഞു.

ഹൂസ്റ്റണിലുള്ള ഫോമാ നേതാക്കളുടെ സാന്നിധ്യത്തിലാണ് ഹോട്ടൽ അധികൃതരുമായി കരാറൊപ്പിട്ടത്. കൺവൻഷൻ ചെയർമാൻ മാത്യൂസ് മുണ്ടയ്ക്കൽ, കൺവൻഷൻ ജനറൽ കൺവീനർ സുബിൻ കുമാരൻ, മാഗ് പ്രസിഡന്റ് ജോസ് കെ ജോൺ, നാഷണൽ കമ്മിറ്റി മെമ്പർ ജിജു കുളങ്ങര, ഫോമാ മുൻ ട്രഷറർ എം.ജി മാത്യു, സതേൺ റീജിയൺ പ്രസിഡന്റ് രാജേഷ് മാത്യു, സതേൺ റീജിയൺ ട്രഷറർ ജോയി എൻ സാമുവേൽ, മാഗ് ട്രസ്റ്റിബോർഡ് മെമ്പർ എസ്.കെ ചെറിയാൻ, സതേൺ റീജിയൺ വിമൻസ് ഫോറം സെക്രട്ടറി ആൻസി സാമുവേൽ, ശശി പിള്ള, പൊടിയമ്മ പിള്ള, സണ്ണികാരിക്കൽ, അഡ്വ. മാത്യു വൈരമൺ, ബിനീഷ്, ജിനു, ബാബു മുല്ലശ്ശേരിൽ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

വർണാഭമായ കലാ-സാംസ്കാരിക പരിപാടികൾ കോർത്തിണക്കിയാണ് വിപുലമായ രീതിയിൽ ഫോമായുടെ അന്തർദേശീയ കൺവൻഷൻ ഹൂസ്റ്റണിൽ നടത്തുന്നതെന്ന് ഫോമ പ്രസിഡന്റ് ബേബി മണക്കുന്നേൽ, ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡന്റ് ഷാലൂ പുന്നൂസ്, ജോയിന്റ് സെക്രട്ടറി പോൾ ജോസ്, ജോയിന്റ് ട്രഷറർ അനുപമ കൃഷ്ണൻ എന്നിവർ അറിയിച്ചു.




GRANEX KITCHEN
We are your one-stop shop for Granite, Marble
OUR PRODUCTS
COUNTERTOPS
VANITIES
SINKS
FAUCETS
BACKSPLASH
TILES
QUARTZ SLABS
Hundreds of colors in stock
Fabrication shop on premises
Custom kitchen designers are available to render your dream kitchen.
FINANCING AVAILABLE
ONE YEAR FINANCING for qualified clients
ADDITIONAL SERVICES
BATHROOM & KITCHEN REMODELING
615 Medford Ave, Patchogue, New York 1-631-438-1470 | sales@granexkitchen.com


Discover
a New You at
TOTAL MEDICAL 360 LLC.
TOTAL MEDICAL 360
Uncover a
new version of
yourself at
TOTAL MEDICAL 360.
Our integrated approach to health and beauty blends
advanced medical practices to
reveal your innate, radiant vitality.
Comprehensive medical management for all chronic care conditions.
Hair loss therapy & Weight loss therapy with medications and alternative therapies.
Comprehensive Ayurvedic assessment treatment.
Certified Diabetes & Wound care management
Neck/ Lower back, Musculoskeletal evaluation for Arthritis and other Orthopedic conditions.
Expert Advice for a Healthier Lifestyle!
info@ttm360.com
www.ttm360.com
1-516-930-0280
Total Medical 360, LLC., 188 Post Avenue, Westbury, NY 11590

# കേരളത്തിലേക്ക് നേരിട്ട് ഫ്ലൈറ്റും OCI കാർഡിന്റെ റിന്യൂവലിലെ കാലതാമസവും: ഫൊക്കാനയുടെ ആവശ്യം പരിഗണിക്കാമെന്ന് കേന്ദ്ര സർക്കാർ

**ശ്രീകുമാർ ഉണ്ണിത്താൻ**

ന്യൂ യോർക്ക്: പ്രധാനമന്ത്രി നരേന്ദ്രമോദിജീ ദില്ലിയിൽ സിബിസിഐ ആസ്ഥാനത്ത് നടന്ന ക്രിസ്മസ് ആഘോഷത്തിൽ ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണിയും ക്ഷണിക്കപ്പെട്ട അഥിതിയായി പങ്കെടുതിരുന്നു. അവിടെ വെച്ച് പ്രധാനമന്ത്രിയുടെ ഓഫിസുമായും , കേന്ദ്ര മന്ത്രി ജോർജ് കുര്യന്റെ ഓഫീസുമായും , ബി .ജെ . പി വ്യക്തവ് ഡോ . ബിസോയി സോങ്കർ ശാസ്ത്രി തുടങ്ങി നിരവധി ഒഫീഷ്യൽസുമായി അമേരിക്കൻ മലയാളികളുടെ പ്രശ്നങ്ങൾ ശ്രദ്ധയിൽ പെടുത്തുവാനും, കേരളത്തിലേക്ക് ന്യൂ ജേഴ്‌സിയിൽ നിന്നും ന്യൂ യോർക്കിൽ നിന്നും നേരിട്ടുള്ള ഫ്‌ലയിറ്റുകൾ വേണമെന്ന ആവിശ്യവും, ഛഇക കാർഡിന്റെ റിന്യൂവൽ അനവിശ്യമായ കാലതാമസം ഉണ്ടാകുന്നത് ഒഴിവാക്കണമെന്നും ഉള്ള ആവിശ്യം കേന്ദ്ര ഗവൺമെൻറ് അനുഭാവപൂർവം പരിഗണിക്കാമെന്ന് ഉറപ്പു നൽകി.

ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി പ്രധാനമന്ത്രിയുടെ ഓഫിസിനു കൊടുത്ത ലെറ്റെറിലെ പ്രധാന ആവിശ്യങ്ങളിൽ ഒന്നായ ഇരട്ട പൗരത്വം ഒരു കരണവശാലം അനുവദിക്കാൻ കഴില്ലെന്നും അറിയിച്ചു. രാജ്യ സുരക്ഷയെ സംബന്ധിക്കുന്ന കാര്യമായതിനാലും,ഭരണഘടനാ ഭേദഗതി ആവശ്യമുള്ള കാര്യമായതിനാലും മറ്റ് പല കാരണങ്ങളാലും ഡ്യൂവൽ സിറ്റിസൺ ഷിപ്പ് നടപ്പാക്കാൻ വിഷമതകൾ ഉണ്ടെന്നും അറിയിച്ചു.



കുടുംബമായി അമേരിക്കയിൽ തുടരുന്ന പലർക്കും ജൻമനാട്ടിലേക്ക് പോകുവാൻ സമയത്തായിരിക്കും ഒ സി ഐ കാർഡ് പുതുക്കേണ്ട കാര്യം അറിയുന്നത് , ഈ പുതുക്കേണ്ട സമയത്തു സമയക്കൂടുതൽ മൂലം പലരും വിസ എടുത്തു നാട്ടിൽ പോകേണ്ടി വരുന്നു , ഈ കാലതാമസം ഒഴിവാക്കുക എന്നതാണ് ഫൊക്കാനയുടെ ആവിശ്യം. ഈ ബുദ്ധിമുട്ടുകൾ പലരും ഫൊക്കാനയുടെ ശ്രദ്ധയിൽ പെടുത്തിയിരുന്നു.



കേരളത്തിലേക്ക് നേരിട്ടുള്ള ഫ്‌ലയിറ്റുകൾ വേണമെന്ന ആവിശ്യം വളരെ കാലമായി മലയാളികൾ ആവിശ്യപെടുന്ന കാര്യമാണ്. ഇതിനും പരിഹാരം എയർലൈൻസുമായി ബന്ധപെട്ടു വേണ്ട കാര്യങ്ങൾ ചെയ്യാമെന്നും ഉറപ്പു നൽകി .

കേരളത്തിൽ നിന്നുള്ള എം പി ജോൺ ബ്രിട്ടാസും ഫൊക്കാനയുടെ ആവിശ്യപ്രകാരം ഇതേ ആവിശ്യം ഉന്നയിക്കുകയും ചെയ്തിരുന്നു. താൻ കേന്ദ്ര ഗവൺമെൻറ്മായി നടത്തിയ ചർച്ചയിൽ പ്രവാസികളുടെ കാര്യങ്ങൾ അനുഭാവ പൂർവ്വം പരിഗണിക്കാമെന്ന് പറഞ്ഞതിൽ അതിയായ സന്തോഷമുണ്ടെന്നും സജിമോൻ ആന്റണി അറിയിച്ചു.

# ഫോമാ സതേൺ റീജിയന്റെ നേതൃത്വത്തിൽ ഹൂസ്റ്റണിൽ ഫുഡ് ഡ്രൈവ്







ഹൂസ്റ്റൺ: ഫോമാ സതേൺ റീജിയന്റെ നേതൃത്വത്തിൽ ഹൂസ്റ്റൺ ഡൗൺ ടൗണിലെ ഭവനരഹിതരായവർക്ക് ഫുഡ് ഡ്രൈവ് നടത്തി. ഷെൽട്ടറുകളിൽ താമസിക്കുന്ന 200-ലേറെ പേർക്കാണ് ഈ ക്രിസ്മസ് കാലത്ത് ഭക്ഷണമെത്തിച്ചുകൊടുത്ത് ഫോമാ സതേൺ റീജിയൺ സാമൂഹിക പ്രതിബദ്ധത പ്രകടമാക്കിയത്.

വിശക്കുന്നവർക്ക് ആഹാരം നൽകുകയെന്നത് ഏറ്റവും മഹത്തരമായ പുണ്യപ്രവർത്തിയാണെന്നും ഫോമാ സതേൺ റീജിയന്റെ ഇത്തരത്തിലുള്ള വിവിധങ്ങളായ സാമൂഹിക സേവന പ്രവർത്തികൾ മാതൃകാപരമാണെന്നും ഫോമാ നാഷണൽ പ്രസിഡന്റ് ബേബി മണക്കുന്നേൽ പറഞ്ഞു. സതേൺ റീജിയന്റെ ഈ സംരംഭത്തിന് നിരവധി പ്രമുഖ വ്യക്തിത്വങ്ങളുടെ സ്പോൺസർഷിപ്പും കൈത്താങ്ങായി.




ഡിസംബർ 22-ാം തീയതി രാവിലെ 11 മണിക്ക് തുടങ്ങിയ പരിപാടികൾക്ക് ബേബി മണക്കുന്നേൽ, 2026-ലെ ഫോമാ ഫാമിലി കൺവൻഷൻ ജനറൽ കൺവീനർ സുബിൻ കുമാരൻ, ഫോമാ സതേൺ റീജിയൺ ചെയർമാൻ രാജേഷ് മാത്യു, സതേൺ റീജിയൺ ട്രഷറർ ജോയി എൻ സാമുവേൽ, സണ്ണി കാരിക്കൽ, ശശി പിള്ള, പൊടിയമ്മ പിള്ള, സഞ്ജു, സുനിൽ, സന്തോഷ് തുടങ്ങിയവർ നേതൃത്വം നൽകി.

hanover bank

# SBA & USDA Solutions for Financing












## *Need Money for your Business?*

- ✓ Property and Business Acquisition
- ✓ Lease Hold Improvements/ Renovations
- ✓ LTC up to 90%*
- ✓ Up to 30 Year Amortization**
- ✓ Limited Pre-payment Penalties*
- ✓ Financing also for Working Capital, Equipment and Partner Buyout

**LENDING ALL ACROSS USA**

### Contact us

**Elijiah Gray**
First SVP Managing Director SBA & USDA Banking
p: 212.277.4358
e: sbaloans@hanoverbank.com

**OR**

### Visit our location

**Long Island**
Garden City Park
2131 Jericho Turnpike
Garden City Park, NY 11040
516.248.4868

Hauppauge
410 Motor Parkway, 3rd Floor
Hauppauge, New York 11788
631.967.5147

Mineola
80 East Jericho Turnpike
Mineola, NY 11501
516.548.8600

**Manhattan**
Chinatown
109 Bowery
New York, NY 10002
212.334.9191

Rockefeller Center
600 Fifth Avenue, 17th Floor
New York, NY 10020
646.775.4000

**New Jersey**
Freehold
4400 Route 9, Suite 2800
Freehold, NJ 07728
732.243.8300

**Queens**
Flushing Commons
138-29 39th Avenue
Flushing, NY 11354
646.828.8650

Forest Hills
71-15 Austin Street
Forest Hills, NY 11375
646.569.3600

**Brooklyn**
Sunset Park
5512 8th Avenue
Brooklyn, NY 11220
718.633.4528

For more information visit us at hanoverbank.com

**This is not an offer of credit.**

All applications are subject to the Bank's underwriting and credit approval process. Terms and conditions apply.

Member FDIC

EQUAL OPPORTUNITY LENDER

*SBA 7a Loan Program **USDA B&I Loan Program

© 2024 Hanover Community Bank. All rights reserved.

04/24

# Got into an accident?

# NEVER TO WORRY



CALL

GLOBAL COLLISION
& BODY WORKS LLC

1-845-727-4022

We will pick up the vehicle
and repair it fully to your satisfaction!

# 2024 – ലേക്ക് ഒരു തിരിഞ്ഞ് നോട്ടം

(ജോർജ്ജ് ഓലിക്കൽ)

മാനവചരിത്രത്തിൽ നിന്ന് ഒരു വർഷത്തെ കൂടി പിന്നിലാക്കി കൊണ്ട് ലോകം പുതിയൊരു വർഷത്തിന്റെ പടിവാതിൽക്കൽ എത്തി നിൽക്കുമ്പോൾ 2024 ലേക്ക് ഒരു തിരനോട്ടം നടത്തുകയാണ്.

ഇന്റർനെറ്റും, ടിക്ടോക്കും, സോഷ്യൽ മീഡിയകളും, എ.ഐയും മറ്റ് സാങ്കേതിക വിദ്യകളും അരങ്ങു വാഴുന്ന ഈ കാലഘട്ടത്തിൽ വ്യക്തിയുടെയും സമൂഹത്തിന്റെയും ചിന്താധാരയിൽ സമൂലമായ പരിവർത്തനം സംഭവിച്ചു കൊണ്ടിരിക്കുന്നു. ശാസ്ത്ര സാങ്കേതിക രംഗത്തുണ്ടാകുന്ന വിജ്ഞാന വിസ്പ്പോടനങ്ങൾ മനുഷ്യജീവിതങ്ങളെ ആയാസകരമാക്കുന്നതിലുപരി അശ്ശാന്തിയും അസ്സമാധാനവും ഉണ്ടാക്കിയ വർഷമായിരുന്നു 2024, ഒന്ന് തിരിഞ്ഞ് നോക്കുമ്പോൾ ലോകമന:സ്സാഷിയെ പിടിച്ചു കുലുക്കിയ നിരവധി സംഭവവികാസങ്ങൾക്ക് 2024 സാക്ഷിയാകേണ്ടി വന്നിട്ടുണ്ട്.

മതങ്ങൾ മനുഷ്യരെ സന്മാർഗ്ഗത്തിലേക്കും, സമാധാനത്തിലേക്കും നയിക്കാനായി രുപം കൊണ്ടതാണ് എന്നാൽ ലോകത്തിലെ പ്രബല മതങ്ങളുടെ ഉൽഭവ സ്ഥാനങ്ങൾ

ഇന്ന് അസമാധാനങ്ങളുടെ പ്രഭവ കേന്ദ്രമായി തീർന്നിരിക്കുകയാണ്. മതത്തിന്റെയും ദൈവങ്ങളുടെയും പേരിലാണ് ലോകത്തിന്ന് ഏറ്റവും കൂടുതൽ അതിക്രമങ്ങളും കൊലപാതകങ്ങളും യുദ്ധങ്ങളും നടക്കുന്നുന്നത്. ഇത് തികച്ചും വിരോധഭാസമായി തോന്നുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അശ്ശാന്തിക്ക് ഹേതുവായ നിരവധി സംഭവങ്ങൾ അരങ്ങേറിയ വർഷമായിരുന്നു 2024. പല യുദ്ധങ്ങൾ ഒരേ സമയം നടന്നു കൊണ്ടിരിക്കുന്നു. മൂന്നാം വർഷത്തിലേക്ക് കടക്കുന്ന റഷ്യൻ അധിനിവേശത്തെ ചെറുക്കുന്നതിനായി യുദ്ധം ചെയ്യേണ്ടി വരുന്ന യുക്രയിൻകാരുടെ നിലനിന്നിനായുള്ള യുദ്ധം. ഒരു വർഷം പിന്നിടുന്ന ഇസ്രയേൽ ഹമാസ് പോരാട്ടം, ഈ യുദ്ധത്തിനിടയിൽ മദ്ധ്യപൂർവ്വേഷ്യയിലെ വിവിധ രാജ്യങ്ങളിൽ ആഭ്യന്തര യുദ്ധം കത്തിക്കാളുന്നു. ഹമാസിനെ ഉന്മൂലനം ചെയ്യാനും തങ്ങളുടെ സുരക്ഷ ഉറപ്പുവരുത്താനും ശ്രമിക്കുന്ന ഇസ്രയേൽ, സ്വാതന്ത്ര്യ സമരമെന്ന് വിശേഷിപ്പിച്ച് ഭീകരപ്രവർത്തനങ്ങളിലൂടെ മത തീവ്രത വളർത്താൻ ശ്രമിക്കുന്ന ഹമാസ്, അതിന് ഹിസ്സ്ബുള്ള എന്ന തീവ്രസ്വഭാവമുള്ള സംഘടനക്ക് ഒത്താശ ചെയ്ത് ആ മേഖലകളിൽ തങ്ങളുടെ ഷിയാ മതവിഭാഗത്തിന്റെ സ്വാധീനം നിലനിറുത്താൻ ശ്രമിക്കുന്ന ഇറാൻ, ഹൂത്തി എന്ന വിഭാഗം ഭൂരിപക്ഷ സുന്നി വിഭാഗത്തിനെതിരായി യമനിൽ തമ്മിലടിക്കുന്നു. ഇവരോടെല്ലാം പോരടിച്ച് നിലനിൽക്കാൻ യുദ്ധം ചെയ്യുന്ന ഇസ്രായേൽ, ഇസ്രായേലിന് ഒരു യുദ്ധവും തോൽക്കാനാവില്ല, തോറ്റാൽ ഇസ്രായേൽ ഇല്ല എന്ന യാഥാർത്ഥ്യം അറിയാവുന്ന അവർ തങ്ങൾക്ക് ചുറ്റുമുള്ള ശത്രുക്കളെ നിർവ്വീര്യമാക്കാനും കൊന്നൊടുക്കാനും തക്കം പാർത്തിരിക്കുന്നു.





പന്ത്രണ്ടു വർഷം കിരാതഭരണം നടത്തി ഇറാന്റെയും റഷ്യയുടെയും തണലിൽ കഴിഞ്ഞിരുന്ന സിറിയൻ എകാധിപതി അസദിന്റെ പതനം മദ്ധ്യപുർവ്വേഷ്യയുടെ സമവാക്യങ്ങളിൽ മാറ്റം വരുത്തിയിരിക്കുന്നു. തീവ്രസ്വഭാവമുള്ള അൽക്വയ്ത സുന്നി വിഭാഗം സിറിയായുടെ നല്ലൊരു ഭാഗവും കൈവശമാക്കി ഭരിക്കാൻ ഒരുങ്ങുന്നു. വറച്ചട്ടിയിൽ നിന്ന് എരിതീയിലേക്ക് സിറിയ എന്ന പുണ്യപുരാതന ദേശം നീങ്ങുന്ന എന്ന വാർത്ത 2024-ന്റെ അവസാനത്തിൽ ഭീതിയോടെ മാത്രമെ ശ്രവിക്കാൻ സാധിക്കുന്നുള്ളു.

തിരഞ്ഞെടുപ്പിലൂടെ ജനങ്ങൾ അധികാരത്തിലേറ്റിയ ദക്ഷിണ കൊറിയൻ പ്രസിഡന്റ് യൂൻ സുക് യോൽ തന്റെ താത്പര്യങ്ങൾ സംരക്ഷിക്കാൻ പട്ടാള ഭരണം കൊണ്ടുവരികയെന്നത് സാധാരണഗതിയിൽ ചിന്തിക്കാൻ പോലും സാധിക്കാത്ത കാര്യമാണ്, ഇത് 2024-ലെ വേറിട്ട സംഭവമായിരുന്നു. ഇനി രാജ്യത്തിന്റെ ഭാവി എന്തെന്ന് കോടതി ീരുമാനിക്കും.

2024-ൽ യുറോപ്പിലും, ഇന്ത്യയിലും,അ



മേരിക്കയിലും ഇലക്ഷനും, നേതൃമാറ്റവും ഉണ്ടായത് ശ്രദ്ധേയമാണ്.

ഇംഗ്ലണ്ടിൽ ഇന്ത്യൻ വംശജൻ ഋഷി സുനിക് പ്രധാമന്ത്രിയായിരുന്ന യാഥാസ്ഥിതിക പാർട്ടിയെ വലിയ മാർജ്ജിനിൽ തോൽപ്പിച്ചുകൊണ്ട് കീർ സ്റ്റാർമർ നേതൃത്വം നൽകിയ ലേബർ പാർട്ടി അധികാരത്തിൽ വന്നത് സാമ്പത്തിക മാന്ദ്യത്തിൽ കഴിയുന്ന ഇംഗ്ലണ്ടിന് ആശ്വാസമാകുമെന്ന് കരുതാം.

സാമ്പത്തിക മാന്ദ്യത്തിലൂടെ കടന്നു പോകുന്ന അമേരിക്കയിൽ തീവ്ര സോഷ്യലിസ്റ്റ് ചിന്താഗതിയും, അഭയാർത്ഥികളെ യാതൊരു രേഖകളുമില്ലാതെ സ്വീകരിക്കണമെന്ന അയഞ്ഞ സമീപനവും, വോട്ടുബാങ്കുകൾ ശക്തമാക്കാൻ തീവ്രവാദികളായ ഹമാസിനോട് മൃദു സമീപനം സ്വീകരിച്ചതും, അമേരിക്കയിലെ യൂണിവേഴ്സിറ്റി കാമ്പസ്സുകളിലും നഗരങ്ങളിലും അരങ്ങേറിയ അക്രമാസക്ത പ്രകടനങ്ങളെ ന്യായീകരിച്ച തന്റെയെല്ലാം പ്രതിഫലനമാണ് ഭരണ പാർട്ടിയായ ഡെമോക്രാറ്റിന് ലഭിച്ച വൻ തിരിച്ചടി. 2024-ലെ ഏറ്റവും വലിയ സംഭവമായി രേഖപ്പെടുത്തേണ്ടത്

ചരിത്രം സൃഷ്ടിച്ച്കൊണ്ട് ട്രമ്പെന്ന ഒറ്റയാൾ പട്ടാളത്തിന്റെ നേതൃത്വത്തിലുള്ള റിപ്പബ്ളിക്കൻ പാർട്ടിയുടെ വൻ തിരിച്ചു വരവാണ്. ഇത് ആഗോളതലത്തിൽ മാറ്റങ്ങൾക്ക് വഴിതെളിക്കും.

ഇന്ത്യയിലെ സർവ്വാധിപനായിരുന്ന മോഡി നയിച്ചിരുന്ന ബി.ജെ.പി സർക്കാർ ഭൂരിപക്ഷ ഭീകരതയിലൂടെ തിരിച്ചുവരുമെന്ന് കരുതിയവരെ അമ്പരിപ്പിച്ചു കൊണ്ട് കോൺഗ്രസ് നേതൃത്വം നൽകിയ മഹാസഖ്യം ശക്തമായ പ്രതിപക്ഷമായി മാറി മോഡിസ്സത്തിന് കൂച്ചുവിലങ്ങിടാൻ കഴിഞ്ഞു എന്നത് എകാധിപത്യ പ്രവണതയിലേക്ക് പോകാമായിരുന്ന ഇന്ത്യൻ ജനതക്കൊരശ്വാസമായി.

ഇലക്ഷനിൽ ജയിക്കാനും അധികാരം ഉറപ്പിക്കാനും യാതൊരു തത്വദീക്ഷയുമില്ലാതെ വർഗ്ഗീയ ധ്രുവികരണം നടത്തുന്ന രാഷ്ട്രീയ പാർട്ടികളുള്ള നാടായിരിക്കുന്നു ഇന്ത്യ. ലോകത്തിലെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ജനാധിപത്യ രാജ്യമാണല്ലോ ഇന്ത്യ, ജനാധിപത്യം തത്വത്തിൽ സുന്ദരമായ ഒരു ഭരണ സംവിധാനമാണ് എന്നാൽ ഏറ്റവും മികച്ചത് എന്ന അഭിപ്രായമില്ല. ഒരു പാർട്ടിക്ക് മൃഗീയ ഭൂരിപക്ഷം

ലഭിക്കുമ്പോൾ അത് ഭൂരിപക്ഷ ഭീകരതയിലേക്ക് പോകുവാൻ സാദ്ധ്യതയുണ്ട് ഇത്

എകാധിപത്യത്തേക്കാൾ ഭീകരമാകും കാരണം എകാധിപതി തന്റെയും തന്റെ അടുത്ത കൂട്ടാളികളുടെ കാര്യം മാത്രം നോക്കുമ്പോൾ, വൻഭൂരിപക്ഷത്തോടെ ജയിക്കുന്ന പാർട്ടിയിലുള്ളവർ അധികാര ദുർവിനിയോഗവും അഴിമതിയും നടത്തുന്നു, അത് പൊതുസമൂഹത്തിന് കൂടുതൽ ദോഷമായിത്തീരുന്നു. എപ്പോഴും കൂട്ടുകക്ഷി ഭരണമാണ് ഉത്തമമെന്ന അഭിപ്രായമാണുള്ളത്.

ലോകത്ത് പല രാജ്യങ്ങളിലും പരീക്ഷിച്ചു പരാജയപ്പെട്ട സോഷ്യലിസവും, കമ്മ}ണിസ്സവും നിലനിറുത്താൻ പാടുപെടുന്ന നമ്മുടെ നാടായ കേരളത്തിലെ ഭരണകൂടം അഴിമതിയുടെയും സ്വജന പക്ഷപാതത്തിന്റെയും, ഗുണ്ടായിസത്തിന്റെയും കൂത്തരങ്ങായി മാറിയിരിക്കുന്നു. സർവ്വാധികാര പ്രവണതയുള്ള മുഖ്യമന്ത്രിയും പരിവാരങ്ങളും സംസ്ഥാനത്തെ കടക്കണിയിലാക്കിയ വർഷം കൂടിയായിരുന്നു 2024. വയനാടിലുണ്ടായ ഉരുൾപെപ്പാട്ടലിന്റെ മറവിൽ പണം പിരിക്കാനുള്ള ഗൂഡോദ്ദേശം നടക്കാത്തതിൽ ഭരണസമിതി കുണ്ഠിതരായിരിക്കയാണ്. 2019-ലെ പ്രളയത്തിൽ വിദേശ മലയാളികളും, കേരളത്തിലുള്ളവരും നൽകിയ സഹായം അർഹതപ്പെട്ടവരിൽ എത്താത്തതിന്റെ പ്രതിഷേധം അറിയിക്കുന്നത് അർഹതപ്പെട്ടവരെ കണ്ടടത്തി സഹായം നേരിട്ട് എത്തിക്കുന്നതിലൂടെയാണ്. ഇത് ഭരണവർഗ്ഗത്തിമ്മേലുള്ള വിശ്വാസ്യത നഷ്ടപ്പെട്ടതിന് തെളിവാണ്.

ശാസ്ത്ര സാങ്കേതിക രംഗത്ത് എ.ഐയുടെ വരവും, നാസയുടെ ഗോളാന്തര പരീക്ഷണങ്ങളിലൂടെ അന്യഗ്രഹങ്ങളെ മനുഷ്യവാസയോഗ്യമാക്കാനുള്ള ശ്രമങ്ങളും, ഇലോൺ മസ്കിന്റെ സ്പെയിസ് എക്സ് പ്രോഗ്രാംമുകളിലൂടെ നാസയുടെ ശ്രമങ്ങൾക്ക് വേഗത നൽകുവാനും അതിലൂടെ അതിവിദൂരല്ലാത്ത നാളിൽ അന്യഗ്രഹങ്ങളിൽ എത്തിച്ചേരുവാനും അവിടെ വാസമുറപ്പിക്കുവാനുമുള്ള ശ്രമങ്ങൾ കൊണ്ട് ശ്രദ്ധേയമായ വർഷം കൂടിയായിരുന്നു 2024. ഗൂഗിൾ രുപകൽപ്പന ചെയ്യുന്ന ക്വാണ്ടം ചിപ്പുകളിലൂടെ അതിസങ്കീർണ്ണമായ കണക്കുകൾ ചുരുങ്ങിയ സമയത്തിനുള്ളിൽ നിർവ്വഹിക്കാൻ പറ്റും, ഇത് ശാസ്ത്ര സാങ്കേതിക രംഗത്ത് വലിയൊരു കുതിച്ചുച്ചാട്ടത്തിന് വഴിതെളിക്കും. ഇതിന്നിടയിൽ ഗവേഷണ പരീക്ഷണങ്ങൾക്കായി ബഹിരാകാശ നിലയത്തിലെത്തിയ സുനിത വില്യംസ് സാങ്കേതിക കാരണങ്ങളാൽ തിരിച്ചുവരാൻ വൈകുന്നത് ആശങ്കയുളവാക്കുന്നു.

മാനവരാശി 22ാം നൂറ്റാണ്ടിലേക്ക് കുതിക്കുമ്പോൾ മതവും, മത സാഹിത്യവും പ്രാകൃത കാലത്ത് രുപം കൊണ്ട തത്വസംഹിതയിലേക്ക് തിരിച്ചു നടക്കാൻ പ്രേരിപ്പിക്കുന്നത് വിരോധാഭാസമായി തോന്നുന്നു. ഇതിൽ നിന്ന് മുക്തിനേടിയാൽ മാത്രമെ ലോകത്ത് ശാന്തിയും സമാധാനവും കൈവരുകയുള്ളു.

2024-ലെ എടുത്തു പറയത്തക്ക സംഭവമായി തോന്നിയത് ആഗോളതലത്തിൽ കാലവസ്ഥയിൽ ഉണ്ടാകുന്ന മാറ്റങ്ങളെപ്പറ്റി പഠിക്കുവാനും കാലവസ്ഥ വ്യതിയാനത്തിന് കാണമാകുന്നു എന്നു കരുതപ്പെടുന്ന കാർബൺ പുറത്ത് വിടുന്നത് നിയന്ത്രിക്കുവാനുള്ള മുൻകരുതലുകൾക്ക് ലോക രാഷ്ട്രങ്ങൾ തയ്യാറാകുന്നത് ആശ്വാസത്തിന് വക നൽകുന്ന കാര്യമാണ്.

യുഗപുരുഷനായി മാറിക്കൊണ്ടിരിക്കുന്ന ഫ്രാൻസിസ് പാപ്പായുടെ തുറന്ന സമീപനവും കാഴ്ചപ്പാടുകളും കത്തോലിക്ക സഭയിൽ മാത്രമല്ല ലോക സമാധാനത്തിനും മുതൽക്കുട്ടായിരിക്കും.

യുദ്ധവും സമാധാനവും സമ്പത്തും ദാരിദ്ര്യവും ആരോഗ്യവും അനാരോഗ്യവും നടമാടിയ 2024-നെ പിന്നിൽ ഉപേക്ഷിച്ചു കൊണ്ട് ലോകം 2025-ന്റെ പടിവാതിക്കൽ എത്തി നിൽക്കുകയാണല്ലോ,2025 ഏവർക്കും പ്രത്യാശനിർഭരമായ ഒരു വർഷമാകട്ടെ. പുതുവത്സരാശംസകൾ ഹൃദയപൂർവ്വം നേരുന്നു.

# PARK FUNERAL CHAPELS

## Generations of Dignified Personal Service




### Services

We offer a wide choice of service options, all with the dignity and personal attention you have come to know and trust from Morton Funeral Home/Ridgewood Chapels.

- Filing for Social Security Benefits
- Military & Veterans Arrangements Including Applicable Benefits
- At Need Financing through Family Assistance
- Arrangements for Deaths Occurring Abroad or Shipping Remains out of Town.
- Assistance in Claiming Life Insurance Benefits.
- Human Resources Administration Filing for Death Benefits if Applicable.
- Cost of Cemetery or Crematory, Death Certificates, Clergy & Etc. Additional)



**Park Funeral Chapels, Garden City Park, NY**
**Tel: (516) 747-4300**
**www.parkfuneralchapels.com**


MUKKUT
MONUMENTS INC.
PHONE (C) 972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
ST. GREGORIOS OF PARUMALA
MEMORIAL MONUMENT
Edith
Espinoza
Edith Espinoza
12-02-1970
04-17-2016
Joaquin Espinoza
11-16-1962
KURIAN
FAMILY
THEKKEDATH
We Specialize in Custom Creation and Installation of
Cemetery Granites, Bronze Memorials Sculptures,
Large Stone Cross for Churches. We Serve in USA, Canada and India

# നിര്യാതരായി



**ബാബു വർഗീസ്**

ന്യൂയോർക്ക്: ന്യൂയോർക്ക് സിറ്റി ട്രാൻസിറ്റ് അതോറിറ്റി മുൻ ഉദ്യോഗസ്ഥൻ പുനലൂർ ഇളമ്പർ പൊയ്കയിൽ കുടുംബാംഗം ബാബു വർഗീസ് (70) ന്യൂയോർക്കിലെ സ്റ്റാറ്റൻഐലന്റിൽ ജനുവരി 1-ന് അന്തരിച്ചു. ദീർഘകാലമായി സ്റ്റാറ്റൻഐലന്റിൽ സ്ഥിരതാമസമായിരുന്നു. മാർത്തോമാ ചർച്ച് ഇടവകാംഗമാണ്. ആനി വർഗീസ് സഹധർമ്മിണിയും, ഡോ. പ്രിൻസ് വർഗീസ്, ഡോ. പ്രിൻസി ജോൺ എന്നിവർ മക്കളുമാണ്. ഡോ, ഷായിസ്മി പ്രിൻസ്, ബിനോ ജോൺ എന്നിവർ ജാമാതാക്കളും, പെനിലോപ്പ് ആൻവർഗീസ്, അബീഗയിൽ ഫെയിത്ത് ജോൺ, റിബേക്ക ആൻ മേരി എന്നിവർ കൊച്ചുമക്കളുമാണ്. ദീർഘകാലം ന്യൂയോർക്ക് ട്രാൻസിറ്റ് അതോറിറ്റിയിൽ സേവനം അനുഷ്ഠിച്ചു.



**ഫാ. ഡോ. ജോർജ് കോശി**

ന്യൂയോർക്ക്: 40 വർഷമായി പോർട്ട് ചെസ്റ്റർ സെൻറ് ജോർജ് ഓർത്തഡോക്സ് ചർച്ച് വികാരി ആയിരുന്ന ഫാ. ഡോ. ജോർജ് കോശി അന്തരിച്ചു. ചെങ്ങന്നൂർ മംഗലം തേലയ്ക്കാട്ടുപീടികയിൽ (ഇളയിടത്തു) ചെറിയാൻ ജോർജും അന്നമ്മയുടെയും പുത്രനായി 1946 സെപ്റ്റംബർ 8-ന് ജനിച്ചു. കോട്ടയം ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, ബാംഗ്ലൂർ എക്യുമെനിക്കൽ ക്രിസ്ത്യൻ സെൻറർ, ന്യൂയോർക്ക് സെൻറ് വ്ളാഡിമേഴ്സ് ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി എന്നീ സ്ഥാപനങ്ങളിൽ വേദശാസ്ത്രാഭ്യസനം നടത്തി. ഭാര്യ: റെയ്ച്ചൽ ജോർജ് കോശി. മക്കൾ: ഫാ. ഗീവറുഗീസ് കോശി, ജിബു ജോർജ് കോശി. 1981 സെപ്റ്റംബർ 9-ന് വൈദികനായി.



**കുഞ്ഞുമോൾ യോഹന്നാൻ**

ഫീനിക്സ് : പത്തനംതിട്ട ചന്ദനപ്പള്ളി പാലവിളയിൽ കുഞ്ഞുമോൾ യോഹന്നാൻ (81 വയസ്സ്) ഫീനിക്സ് അരിസോണയിൽ അന്തരിച്ചു. മക്കൾ മേഴ്സി മാത്യൂ, അനിത ജോൺസൻ , മരുമക്കൾ റെജി മാത്യു , കെ. എം .ജോൺസൻ. കൊച്ചുമക്കൾ മഞ്ജു, നിൻജു,ടീന, ടിന്റു ,സോബിൻ, സാം(എല്ലാവരും അരിസോണ യുഎസ്സ്എ).

**ഏലിയാമ്മ**

വള്ളിച്ചിറ:മരുതനാടിയിൽ പരേതനായ ഓനൻകുട്ടിയുടെ ഭാര്യ ഏലിയാമ്മ (80) അന്തരിച്ചു. ഉഴവൂർ മുളയ്ക്കൽ കുടുംബാംഗമാണ്. മക്കൾ: ഷൈനി, ടൈറ്റസ്, സാബു, മിനി, സിനി. മരുമക്കൾ: ടോമി വട്ടുകുളങ്ങര (പുന്നത്തുറ), സീന (വെളിയന്നൂർ), ബെന്നി കുടുന്തയിൽ (പുന്നത്തുറ), ജയ്സൺ പെരുമാപാടത്ത്.



**ജിജി ജോർജ്**

ഡാളസ് : കല്ലൂപ്പാറ ഇലഞ്ഞിക്കൽ പണ്ടകശാലയിൽ പരേതനായ ജോർജ് വർഗീസിന്റെ മകൻ ജിജി ജോർജ് (64) ഡാളസിൽ അന്തരിച്ചു. ഡാളസിലെ താരാസ് ഇന്റർനാഷണൽ ഗ്രോസറി ഷോറും ഉടമയും, സാമൂഹിക സാംസ്കാരിക രംഗത്ത് നിറസാന്നിധ്യവും, ഡാളസ് സെന്റ് മേരീസ് മലങ്കര ഓർത്തഡോക്സ് വലിയപള്ളി ഇടവകാംഗവുമായിരുന്നു. കൊട്ടാരക്കര പൂയപ്പള്ളി പ്ലാവിള പുത്തൻ വീട്ടിൽ കുടുംബാംഗമായ സൂസൻ ജിജിയാണ് ഭാര്യ. മക്കൾ: അജീഷ്, ആർജി (ഇരുവരും ഡാളസ്) മരുമക്കൾ : സൗമ്യ, റിയ കൊച്ചുമക്കൾ:എഡ്രിയേൽ.

**ബിജോയ് മുരിക്കൻ**

കോട്ടയം:റിലയൻസ് ഡ്രഗ് ഹൗസ് ഉടമ മുട്ടുചിറ ബിജോയ് മുരിക്കൻ അന്തരിച്ചു. ഭാര്യ: അന്നമ്മ.



**അമ്മിണി ഡേവിഡ്**

ഡാളസ്: കൊല്ലം ബേർശേബയിൽ അമ്മിണി ഡേവിഡ് (85)ഡാളസിൽ അന്തരിച്ചു. കൊല്ലം ക്രേവൻ ഹൈസ്കൂളിൽ ഗണിത ശാസ്ത്ര അധ്യാപികയായിരുന്നു. ഡാളസ് സയോൺ എ.ജി. സഭാംഗമായിരുന്നു പരേത. അസംബ്ലീസ് ഓഫ് ഗോഡ് സീനിയർ ശുശ്രൂഷകനും, റിട്ടയേർഡ് ഫിനാൻസ് ഓഫീസറും ആയിരുന്ന പരേതനായ പാസ്റ്റർ സോളമൻ ഡേവിഡിന്റെ സഹധർമ്മിണിയാണ്. മക്കൾ: ഡേവിഡ് ജോൺസൺ - ശാലിനി (ന്യൂയോർക്ക്),ജോജി ജോസഫ് - സേവ്യർ (മെൽബൺ, ആസ്ട്രേലിയ), ഡോ. ജിജി വർഗ്ഗീസ് - ജീമോൻ ( ഡാളസ്), സാമുവേൽ ഡേവിഡ് - ആഷ ( മെൽബൺ, ആസ്ട്രേലിയ). വിരമിച്ച ശേഷം മക്കളോടൊപ്പം ദീർഘകാലമായി അമേരിക്കയിൽ ആയിരുന്നു.




**ദീപു കുര്യൻ**

എഡ്മന്റൺ: കോലഞ്ചേരി പെരിങ്ങോൾ കരയിൽ മാരെക്കാട്ട് പരേതരായ ജേക്കബ് കുര്യന്റെയും അന്നമ്മ കുര്യന്റെയും മകൻ ദീപു കുര്യൻ (48) ഡിസംബർ 24 ന് കാനഡയിലെ എഡ്മന്റണിൽ അന്തരിച്ചു.ഫിസിക്കൽ തെറാപ്പിസ്റ്റായി ജോലി ചെയ്യുകയായിരുന്നു ദീപു കുര്യൻ. മൂവാറ്റുപുഴ കാരക്കുന്നം പടിഞ്ഞാറേക്കരയിൽ സിജി ദീപുവാണ് ഭാര്യ (നേഴ്സ്). മക്കൾ അന്ന ദീപു, ആബേൽ ദീപു. കോലഞ്ചേരി കാരമോളയിൽ അജി മത്തായിയുടെ ഭാര്യ ദീപ കുര്യൻ (എം.ഓ.എസ്.സി. നേഴ്സിംഗ് കോളേജ് കോലഞ്ചേരി) എക സഹോദരിയാണ്.

**മേരിക്കുട്ടി**

തിരുവഞ്ചൂർ:വാളാട്ട് മേരിക്കുട്ടി (58) അന്തരിച്ചു. ഭർത്താവ്: ഫി ലിപ്പോസ്. മക്കൾ: ജയ്മോൾ, നിഷമോൾ, ജോമോൻ.



**ഇ.കെ തോമസ്**

ചിക്കാഗോ: ഇറപ്പുറത്ത് ഇ.കെ തോമസ് (83) അന്തരിച്ചു. ഭാര്യ: മേരി കരിങ്കുന്നം വെളിമറ്റം കുടുംബാംഗമാണ്. മക്കൾ: ബെന്നി ഇറപുറം (ഹൂസ്റ്റൺ), സജി ഇറപുറം (ചിക്കാഗോ, ബെൻസൻവിൽ സേക്രഡ് ഹാർട്ട് ക്നാനായ ഫൊറോനാപള്ളി മെൻ മിനിസ്ട്രി കോ-ഓർഡിനേറ്റർ), പരേതനായ ബിജു ഇറപുറം. മരുമക്കൾ: മോൻസി ഇടയാടിയിൽ (ഹൂസ്റ്റൺ), പുഷ്പ അരീച്ചിറയിൽ (ചിക്കാഗോ), ഡെയ്സി അത്തിമറ്റത്തിൽ (ഹൂസ്റ്റൺ).

**ത്രേസ്യാമ്മ ചാണ്ടി**

മണിമല: പരേതനായ കുഞ്ഞാണ്ടി ചാണ്ടിയുടെ ഭാര്യ ത്രേസ്യാമ്മ ചാണ്ടി (103) അന്തരിച്ചു. മോതിരക്കുന്നേൽ കുടുംബാംഗമാണ്. മക്കൾ: ചിന്നമ്മ, ജോസ്, അച്ചാമ്മ, കത്രീനാമ്മ, റോസമ്മ, അലക്സ്, ചാക്കോച്ചൻ, ഫാ. തോമസ് പാണ്ടി



**ജോൺസൺ വി. ജോൺ**

നോർത്ത് കരോലിന: ഇലഞ്ഞി ആലപുരം കൈപ്പെട്ടിയിൽ പരേതനായ ഡോ.വി.യു. ജോണിന്റെയും സെന്റ് പീറ്റേഴ്സ് സ്കൂൾ റിട്ട. അധ്യാപിക ത്രേസ്യാമ്മ ജോസഫിന്റെയും മകൻ ജോൺസൺ വി. ജോൺ (51) നോർത്ത് കരോലിനയിൽ അന്തരിച്ചു. യുഎൻസി റെക്സ് ആശുപത്രിയിൽ ഇൻഫോ മാറ്റിക്സ് വിഭാഗം ഉദ്യോഗസ്ഥനാണ്. ഭാര്യ: രാമപുരം പള്ളിവാതുക്കൽ ഡോ.ഡെറ്റി ജോൺസൺ (അനസ്തീഷ്യസ്റ്റ യുഎൻസി റെക്സ് ആശുപത്രി). മക്കൾ: കേറ്റ്ലിൻ, ആൽബെൻ.

**രാജൻ**

തലയോലപ്പറമ്പ്:പുല്ലൻ രാജൻ (61) അന്തരിച്ചു. ഭാര്യ: ബീന മനോജ് ഭവൻ പഴം പള്ളി തിരുവനന്തപുരം. മക്കൾ: ഡോ. റോഷൻ രാജൻ (ഓസ്ട്രേലിയ), പ്രിയ എലിസബത്ത്. മരുമകൾ: ജോസ്മി റോഷൻ.



**മേരിക്കുട്ടി സ്റ്റീഫൻ**

കോട്ടയം: ചെറുകര പാറയിൽ മേരിക്കുട്ടി സ്റ്റീഫൻ (76) അന്തരിച്ചു.

**തങ്കമ്മ കുര്യൻ**

പാറമ്പുഴ:ഐമനംകുഴിയിൽ പരേതനായ കുരുവിള കുര്യന്റെ ഭാര്യ തങ്കമ്മ കുര്യൻ (95) അന്തരിച്ചു. മക്കൾ: ഡെയ്സി, പരേതനായ ബാബു കുര്യൻ, ലൈസാമ്മ, അഡ്വ. ബെന്നി കുര്യൻ, റെജി കുര്യൻ, ഷാജി കുര്യൻ. മരുമക്കൾ: പരേതനായ മർക്കോസ് മൂലപേരൂർ കൊല്ലാട്, ഷൈല കോയിത്തറ പള്ളം, യോഹന്നാൻ കണ്ണങ്കരമാലി പെരുമ്പാവൂർ, സോഫി വാഴക്കാലായിൽ വാകത്താനം, മോനാക്കുട്ടി മുണ്ടാക്കൽതുരുത്തേൽ കൊല്ലാട്, സജിനി പാരാറ്റ് കുറിച്ചി.

**എം.ടി.സാബുജി**

താഴത്തങ്ങാടി:മഠത്തിൽപറമ്പിൽ എം.ടി.സാബുജി (മണിക്കുട്ടൻ57) അന്തരിച്ചു. സംസ്കാരം നടത്തി.



**കാർട്ടൂണിസ്റ്റ് ജോർജ് കുമ്പനാട്**

കോട്ടയം: കാർട്ടൂണിസ്റ്റ് ജോർജ് കുമ്പനാട് (എ.വി ജോർജ്) അന്തരിച്ചു. 94 വയസ്സായിരുന്നു. മലയാളി വായനക്കാർക്കിടയിലെ ജനപ്രിയ കാർട്ടൂൺ കഥാപാത്രമാണ് ഉപ്പായി മാപ്ല. പല രൂപത്തിലും ഭാവത്തിലും ഉപ്പായി മാപ്ലയെ പലരും അവതരിപ്പിച്ചിട്ടുണ്ടെങ്കിലും കഥാപാത്രത്തിന്റെ സൃഷ്ടാവിനെ പറ്റി അധികമാർക്കും അറിയില്ല. മലയാളികളുടെ മനസ്സിൽ ചിരപ്രതിഷ്ഠ നേടിയ ഉപ്പായി മാപ്ല എന്ന കാർട്ടൂൺ കഥാപാത്രത്തെ സൃഷ്ടിച്ചത് ജോർജ് കുമ്പനാടാണ്. തലയിൽ നാല് മുടി നീട്ടി വളർത്തിയ നർമ്മം ചാലിച്ച് വായനക്കാരന്റെ മനസിൽ കടന്നുകൂടിയ ഉപ്പായി മാ പ്ല. കേരള ധ്വനിയിൽ ജോർജ് വരച്ച ഈ കാർട്ടൂൺ കഥാപാത്ര ത്തെ പ്രശസ്തനാക്കിയത് കാർട്ടൂൺ അക്കാദമി വിശിഷ്ടാംഗമായിരുന്നു


pravasi CHANNEL HD
THE ONE AND ONLY
DAILY NEWS BULLETIN
For North American Malayalees!
ഡെയിലി
ന്യൂസ്
ബുള്ളറ്റിൻ
പ്രവാസി മലയാളികളുടെ
സ്വന്തം ചാനലിൽ മാത്രം!
Watch Pravasi Channel LIVE 24 Hrs
www.pravasichannel.com
Or Watch Anytime via 'VOD' Video on Demand
by Downloading
MediaAppUSA App FREE!
Download on the App Store
ANDROID APP ON Google play
Scan the QR Code for instant download
Available in App Store or Google Store
MediaAppUSA
Call 1-917-900-2123 for Advertisements & News